| | | | |
|---|---|---|---|
| 25 | ,, | മൂന്നാം മണി | 67 |
| 26. | ,, | മദ്ധ്യാഹ്നം | 68 |
| 27. | ,, | ഒമ്പതാം മണി | 71 |
| 28. ചൊവ്വാഴ്ച സന്ധ്യ | | | 72 |
| 29. | ,, | സൂത്താറാ | 75 |
| 30. | ,, | രാത്രി | 77 |
| 31 | ,, | പ്രഭാതം | 85 |
| 32. | ,, | മൂന്നാം മണി | 91 |
| 33. | ,, | മദ്ധ്യാഹ്നം | 92 |
| 34. | ,, | ഒമ്പതാം മണി | 94 |
| 35. ബുധനാഴ്ച സന്ധ്യ | | | 95 |
| 36. | ,, | സൂത്താറാ | 99 |
| 37. | ,, | രാത്രി | 101 |
| 38. | ,, | പ്രഭാതം | 109 |
| 39. | ,, | മൂന്നാം മണി | 115 |
| 40. | ,, | മദ്ധ്യാഹ്നം | 116 |
| 41. | ,, | ഒമ്പതാം മണി | 118 |
| 42. വ്യാഴാഴ്ച സന്ധ്യ | | | 119 |
| 43. | ,, | സൂത്താറാ | 123 |
| 44. | ,, | രാത്രി | 124 |
| 45. | ,, | പ്രഭാതം | 131 |
| 46. | ,, | മൂന്നാം മണി | 138 |
| 47. | ,, | മദ്ധ്യാഹ്നം | 139 |
| 48. | ,, | ഒമ്പതാം മണി | 140 |
| 49. വെള്ളിയാഴ്ച സന്ധ്യ | | | 142 |
| 50. | ,, | സൂത്താറാ | 145 |
| 51. | ,, | രാത്രി | 147 |
| 52. | ,, | പ്രഭാതം | 155 |
| 53. | ,, | മൂന്നാം മണി | 162 |
| 54. | ,, | മദ്ധ്യാഹ്നം | 163 |
| 55. | ,, | ഒമ്പതാം മണി | 165 |




# മൂന്നു (നിനുവാ) നോമ്പിലെ പ്രാർത്ഥന

## തിങ്കളാഴ്ച സന്ധ്യ

### (പ്രാരംഭം)

+ പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ തനിക്കു സ്തുതി.

ആദിമുതൽ എന്നെന്നേക്കും തന്നെ. ആമ്മീൻ.

ആകാശവും ഭൂമിയും തന്റെ മഹത്ത്വം കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. + ഉയരങ്ങളിൽ ഊശാന.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി. +

### (കൗമാ)

ദൈവമേ! നീ പരിശുദ്ധനാകുന്നു.
ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ! +
ഞങ്ങളോട് കരുണ ചെയ്യേണമേ.(കുമ്പിടണം)

(മൂന്നു പ്രാവശ്യം)

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷകളും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യേണമേ.

ദൈവമേ! നിനക്കു സ്തുതി. സ്രഷ്ടാവേ! നിനക്കു സ്തുതി. പാപികളായ നിന്റെ അടിയാരോടു കരുണ ചെയ്യുന്ന മശിഹാരാജാവേ! നിനക്കു സ്തുതി. ബാറെക്മോർ.+

## (കർത്തൃപ്രാർത്ഥന)

(കൈകൾ മലർത്തി കണ്ണുകൾ ഉയർത്തിക്കൊണ്ട്)

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ നാമം പരിശുദ്ധമാകപ്പെടേണമേ. നിന്റെ രാജ്യം വരണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം, ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ. +

കൃപ നിറഞ്ഞ മറിയമേ! നിനക്കു സമാധാനം. ഞങ്ങളുടെ കർത്താവ് നിന്നോടു കൂടെ. സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവായ യേശുമശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധകന്യക മർത്തമറിയമേ! പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവംതമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.



**പട്ടക്കാരൻ:- ശുബഹോ ...**

**ജനം:-** ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടുലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

## (സ്ലൂസൊ)

### (140, 141,118, 116-ാം മസുമൂറാകൾ)

കർത്താവേ! ഞാൻ നിന്നെ വിളിച്ചു; എന്നോട് നീ ഉത്തരമരുളിച്ചെയ്ത് എന്റെ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമേ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും എന്റെ കൈകളിലെ കാഴ്ച വൈകുന്നേരത്തെ കാഴ്ചപോലെയും കൈക്കൊള്ളണമേ. എന്റെ ഹൃദയം ദുഷ്കാര്യത്തിനു ചായുകയും, ഞാൻ അന്യായക്രിയകൾ പ്രവർത്തിക്കുകയും ചെയ്യാതിരിപ്പാൻ, എന്റെ വായ്ക്ക് കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പുകാരനെയും നിയമിക്കണമേ.

ദുഷ്ടമനുഷ്യരോടുകൂടി ഞാൻ അപ്പം ഭക്ഷിക്കുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പിക്കരുതേ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷം നിമിത്തമാകുന്നു. അവരുടെ ന്യായാധിപതിമാർ പാറയാൽ തടയപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴു പിളർന്നു ചിതറിക്കുന്നതുപോലെ പാതാളവാതിൽക്കൽ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവേ! എന്റെ കണ്ണുകൾ നിങ്കലേക്ക് ഞാൻ ഉയർത്തി; നിന്നിൽ ശരണപ്പെട്ടു,എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികൾ മറച്ചു വച്ചിട്ടുള്ള പ്രശംസക്കാരുടെ കൈയിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നുപോകുമ്പോൾ അന്യായക്കാർ ഒരുമിച്ച് തങ്ങളുടെ വലയിൽ വീഴുമാറാകണമേ.

എന്റെ ശബ്ദത്തിൽ കർത്താവിനെ ഞാൻ വിളിച്ചു, എന്റെ ശബ്ദത്തിൽ കർത്താവിനോട് ഞാൻ അപേക്ഷിച്ചു; തിരുസന്നിധിയിൽ എന്റെ സങ്കടം ഞാൻ ഉയർത്തുകയും, തിരുമുമ്പിൽ എന്റെ ഞെരുക്കം അറിയിക്കുകയും ചെയ്തു. എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടിരിക്കുമ്പോൾ എന്റെ ഊടുവഴികൾ നീ അറിയുന്നു.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചു വച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്ന് കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി. എനിക്കുവേണ്ടി അപേക്ഷിക്കുന്നവനുമില്ല. കർത്താവേ! ഞാൻ നിന്നോടു നിലവിളിച്ചു. നീ എന്റെ ആശ്രയവും ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയുമാകുന്നുവെന്ന് ഞാൻ പറഞ്ഞു.

എന്റെ അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമേ. എന്തെന്നാൽ ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പിക്കുന്നവരിൽ നിന്ന് എന്നെ വിടുവിക്കണമേ. എന്തെന്നാൽ അവർ എന്നെക്കാൾ ബലമുള്ളവരായിത്തീർന്നു. ഞാൻ നിന്റെ നാമത്തെ സ്തുതിക്കേണ്ടതിന് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് വിടുവിക്കണമേ. നീ എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിന്റെ നീതിയുള്ള വിധികൾ പ്രമാണിക്കുന്നതിനായി ഞാൻ ആണയിട്ട് നിശ്ചയിച്ചു. ഞാൻ ഏറ്റം ക്ഷീണിച്ചിരിക്കുന്നു. കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ! എന്റെ



വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിന്റെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമേ.

എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ ന്യായപ്രമാണം ഞാൻ മറന്നില്ല. ദുഷ്ടന്മാർ എനിക്കായി കെണികൾ വച്ചു. എന്നാലും ഞാൻ നിന്റെ കല്പനകളിൽ നിന്ന് തെറ്റിപ്പോയില്ല. ഞാൻ നിന്റെ സാക്ഷി എന്നേക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു. നിന്റെ കല്പനകൾ എന്നേക്കും സത്യത്തോടെ ചെയ്‌വാനായിട്ട് ഞാൻ എന്റെ ഹൃദയം തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ടും എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

**എനിയോനൊ**

(നുഹറൊദ്മെൻ നുഹറൊ)

വാതിലിൽ മുട്ടുന്നു-ശ്രീ നിറയും നിധിനിലയത്തീ-
ന്നൻപും കൃപയുമിരക്കുന്നു
പാപം മോചിച്ചീടണമേ
സ്തോത്രത്തൊടു ഞങ്ങൾ-നിന്നെ വന്ദിക്കും.

ശിക്ഷകളൊന്നാകെ-മായിച്ചീടണമെന്നേവം
മാലൊടു നിനുവാക്കാരെപ്പോൽ
പ്രാർത്ഥിക്കാം കർത്താവോടായ്
ജാതികളേ വരുവിൻ-അവനെ വന്ദിക്കാം.

ആ രാജകുമാരൻ-അനുതാപികളാം വിമലർക്കായ്
നിത്യവിരുന്നും റൂഹാ തൻ
കാസായുമൊരുക്കീടുന്നു
ജാതികളെ വരുവിൻ-അവനെ വന്ദിക്കാം.

നിനുവക്കാരെപ്പോൽ-നിന്നെ വിളിക്കും പാപികളാം
ഞങ്ങളിലാർദ്രത തോന്നണമേ.
ശുശ്രൂഷകൾ കൈക്കൊള്ളണമേ.
ഇന്നു നമുക്കവനെ-കൂപ്പി കീർത്തിക്കാം.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

അൻപേറും നാഥാ! പാപം പോക്കി താപത്തിൻ
പ്രതിദാനം ശരണാർത്ഥികളാം
പാതകികൾക്കേകീടണമേ
നിന്നെ കീർത്തിക്കും-വന്ദിക്കും ഞങ്ങൾ.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**

**കോലോ**

(മ്ശീഹൊനൊത്താറേഹ്)

നാഥാ! കൃപയെഴുമുത്തമനേ!-സർവ്വാധീശാ! സ്തോത്രം തേ!
നരലോകത്തിൻ രക്ഷയെ നീ-കരുതുന്നെല്ലാ സരണിയിലും
സത്യം വിട്ടഥ പാപത്തിനു-കീഴ്പ്പെട്ടോളാം നിനുവാ നഗരത്തെ
മർത്യസ്നേഹീ! സാത്താൻ കൈയേറാൻ-നീ കൈവിട്ടില്ല
വൻ ഭീ-കരവിധിയാൽ-അപഥത്തീന്നും നീ വീണ്ടു
തിരുനാമത്തിന്നർഹതയാർന്ന-നുതാപത്താൽ
അവളൗ-ന്നത്യം പ്രാപിച്ചു.

ബാറെക്മോർ. ശുബഹൊ ...



മായാമാർഗ്ഗം പിൻപറ്റി സത്യ-ത്തിൻ വഴി വിട്ടോളാം
നിനുവയെ വീരമഹാപുരിയെ പാപ-ത്തിന്നോഹരിയാവാൻ
സ്നേഹത്താൽ നീ വിട്ടില്ല താവകമാകും മനുജസ്നേഹത്താൽ
നാശത്തിന്നവളെ വീണ്ടു കൊണ്ടാൾ-ശരണം നിൻ കൃപയിൽ
നേടി ദൈവികമാം-നിൻ കൃപയാലെ രക്ഷയവൾ
മക്കളിലാർദ്രത തോന്നണമെന്നെൻ കർത്താവേ!
സഭ നിൻ-മുമ്പിൽ കേഴുന്നു.

മെന്ഓലം ...

സംസാരിച്ചാനുപമകളാൽ-ജഗതീ രക്ഷകനാം നാഥൻ
കാന്തൻ തന്നെ കാന്തയൊട-ങ്ങെതിരേൽപ്പാൻ ദീപം പേറി
നിർഗ്ഗതരായൊരു കന്യകളോടൊപ്പം പാർത്താൽ സ്വർഗ്ഗമഹാരാജ്യം
മുങ്ങി നിദ്രയിലെല്ലാരും പൊങ്ങി-അപ്പോഴാരവം
വന്നൂ മണവാളൻ-അറിവുള്ളോരറയിൽ കയറി
അറിവറ്റോരാ വാതിൽക്കൽ-തേങ്ങി തേങ്ങി
പ്രലപി-ച്ചയ്യയ്യോ നിന്നു.

മൊറിയോ...

**എത്രൊ**

**കോലോ**

(ലോക്കുമൊറി യൊമ്കർബ്ബീനാൻ)

പശ്ചാത്താപം കാട്ടുകയാൽ-നിനുവാനഗരി
സ്വർഗ്ഗകവാടം ഹന്ത തുറന്നു-ൾ കൃപ നേടി
അരചൻ നോ-മ്പോടഴൽ മൂലം ചാക്കും ചാർത്തി
പൗരജനം രട്ടൊടു തലയിൽ വെണ്ണീർ തൂകി
താപം കണ്ടപ്പോൾ-കനിവാൽ ധാർമ്മികമാം കോപത്തെ നീക്കി
സവിധം പൂകും പാപികളെ സന്തോഷത്തോ-ടാഹ്വാനം
ചെയ്യും ദൈവം-വാഴ്വുടയോൻ തന്നെ.

ബാറെക്മോർ. ശുബഹൊ ...

യോനാ നിബി നിജമരണത്തിൽ-നിശ്ചയമാർന്നാൻ
നാൽപ്പതു നോമ്പിനു നിനുവാപുരി-നിശ്ചയമാർന്നു
നോക്കിപ്പാർത്താൻ നഗരം-താപം പൂണ്ടീടാൻ
കർതൃകൃപയ്ക്കായ് നിനുവാപുരി നോക്കിപ്പാർത്തു
അപ്പോഴൻപുടയോൻ-കണ്ണീർ കണ്ടാറേ-കാരുണ്യം തോന്നി
അവർതൻ യാചന കൈക്കൊണ്ടു-സർവ്വേശാനിൻ
ഭക്തർക്കും കൃപയാലുത്തര-മരുളണമേ നാഥാ!
മെന്ഓലം...

നാഥാ! ഞങ്ങൾ സുരഭിലമാം-ധൂപത്തോടെ
നിൻ നിധിനിലയത്തീന്നും കനി-വർത്ഥിക്കുന്നു
താപികളിൽ-പ്രീതിയെഴും-നീ കാരുണ്യാബ്ധി
പ്രത്യാശയുമെന്നാശ്രയവും നീ താനല്ലോ
ദേവാധീശ്വരനേ! ഏറിയ താപത്താൽ-വിശ്വാസത്തോടും
സ്നേഹത്തൊടുമർത്ഥിക്കുന്നേൻ-ഉത്തമനേ! ശുശ്രൂഷകളേ-
റ്റെന്മേലാർദ്രത-തോന്നണമേ നാഥാ!

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപ ചെയ്യേണം.

ദൈവത്തീന്നും യോനായ്ക്കരുളപ്പാടുണ്ടായി
നീ ചെന്നിപ്പോൾ നിനുവജനത്തെ ശാസിക്കേണം.

സർവ്വം ദോഷം നഗരിയിൽ നിന്നും ദൂരത്താക്കി
മാനവരെല്ലാം തേറാനേവം ഘോഷിക്കേണം.

നിനുവേ! ഹാ! നിൻ ദുഷ്ടത കഷ്ടം കൂടീടുന്നു
നാൾ നാൽപ്പതിനകമയ്യയ്യോ നീ മൺകൂമ്പാരം.



മങ്ങിപ്പോകും നാൽപ്പതിനകമായ് നിൻ സൗന്ദര്യം
നാൽപ്പതിനുള്ളിൽ പാഴിരുളാകും തേജസ്സെല്ലാം.

യോനാ ഘോഷിച്ചതിലണുപോലും തർക്കിക്കാതെ
കേട്ടുടയോനെ സംപ്രാപിച്ചിട്ടഭ്യർത്ഥിച്ചാർ.

പിൻവാങ്ങീടാൻ നിനുവയെ യോനാ ശാസിച്ചപ്പോൾ
രാജാവും നേതാക്കന്മാരും കമ്പം പൂണ്ടു.

യോനാ ഘോഷിച്ചപ്പോൾ ജനമുൾക്ഷോഭത്താലെ
ഭ്രാന്തി പിടിച്ചെബ്രായനു ചുറ്റും കൂട്ടം കൂടി.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപ ചെയ്യേണം.

**ഏവൻഗേലിയോൻ**

മോറാൻ യേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നുവെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ പക്കൽ നിന്നെ ഇറക്കി. ഞങ്ങളോടു കരുണയുണ്ടാകണമേ.

(കൗമാ)

## സൂത്താറാ

### കൗമാ

ഉളവാക-സ്തുതി ദൈവത്തിനു വാനിൽ
ധരണിയതിൽ ശാന്തി
നല്ലൊരു ശരണം നരലോകർക്കും. +
(മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിടണം.)

**തെശുബുഹത്തൊ ലാലോഹൊ ബമറൗമ്മെ,**
**അൽഅറഒ ശ്ലോമ്മോ സബറോ തേബൊ**
**ലബ്നൈനോശോ-**

**(അല്ലെങ്കിൽ)**

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്ക് നല്ല ശരണവും ഉണ്ടായിരിക്കട്ടെ. + (മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിടണം.)

### (4-ാം സങ്കീർത്തനം)

**ബാറെക്മോർ,** എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷകനുമായുള്ളോവേ! ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എന്നോട് ഉത്തരമരുളിച്ചെയ്തു.

എന്റെ ഞെരുക്കങ്ങളിൽ എന്നെ നീ ആശ്വസിപ്പിച്ച് എന്നോടു കരുണ ചെയ്ത് എന്റെ പ്രാർത്ഥന കേൾക്കണമേ.

മനുഷ്യപുത്രന്മാരേ! നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മറയ്ക്കുകയും വ്യർത്ഥത്തെ സ്നേഹിക്കുകയും വ്യാജത്തെ അന്വേഷിക്കുകയും ചെയ്യുന്നു.



കർത്താവ് അത്ഭുതത്താൽ തിരഞ്ഞെടുക്കപ്പെട്ടവനെ തനിക്കായി വേർതിരിച്ചു എന്നറിഞ്ഞുകൊൾവിൻ. ഞാൻ കർത്താവിനെ വിളിക്കുമ്പോൾ അവൻ കേൾക്കും.

കോപിപ്പിൻ, നിങ്ങൾ പാപം ചെയ്യരുത്. നിങ്ങളുടെ ഹൃദയങ്ങളിൽ ധ്യാനിക്കുകയും നിങ്ങളുടെ കിടക്കകളിന്മേൽ വിചാരിക്കുകയും ചെയ്വിൻ.

നിങ്ങൾ നീതിയുടെ ബലികൾ കഴിച്ച് കർത്താവിൽ ആശ്രയിപ്പിൻ.

നല്ലവനെ നമുക്ക് ആരു കാണിച്ചുതരുമെന്നും അവന്റെ മുഖപ്രകാശത്തെ നമ്മുടെമേൽ വിരിക്കട്ടെയെന്നും പറയുന്നവർ പലരുണ്ട്.

കർത്താവേ! അവരുടെ ഗോതമ്പും വീഞ്ഞും എണ്ണയും ഒരുമിച്ച് സമാധാനത്തോടെ വർദ്ധിച്ച കാലത്തെക്കാൾ എന്റെ ഹൃദയത്തിൽ നിന്റെ സന്തോഷം നീ തന്നു.

ഞാൻ കിടന്നുറങ്ങും. എന്തെന്നാൽ കർത്താവേ! നീ മാത്രം എന്നെ അടക്കത്തോടെ വസിക്കുമാറാക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

**(അല്ലെങ്കിൽ)**

(കാദ് ക്രീസോക്ക്)

എൻ നീതിയതിൻ രക്ഷകനാം ദേവാ!
നിന്നെ വിളിച്ചേൻ നീ ഉത്തരമരുളി.

എൻ പീഡയാലാശ്വാസം നീ നൽകി
കേൾക്കുക കനിവോടെൻ പ്രാർത്ഥനയെ.

എപ്പോൾ വരെ മർത്യന്മാരേ!
എൻ മാനത്തെ മറയ്ക്കും നിങ്ങൾ.

ശൂന്യതയെ സ്നേഹിപ്പൂ നിങ്ങൾ
എന്നെന്നേയ്ക്കും പൊളിയാരായുന്നു.
സ്വീകൃതനെ നാഥൻ കൈക്കൊണ്ടു
ഞാൻ വിളികൂട്ടുമ്പോൾ കേൾക്കും നാഥൻ.
കോപിപ്പിൻ, ചെയ്യായ്‌വിൻ പാപം
ഉള്ളിൽ പറവിൻ, ചിന്തിപ്പിൻ ശയ്യകളിൽ.
നീതിപരം ബലിയർപ്പിപ്പിൻ
കർത്താവിൽ പ്രത്യാശിപ്പിൻ.
കാണിച്ചുതരും നല്ലോനെയാർ
എന്നോതാനാളുകളുണ്ടേറ്റം.
നമ്മുടെമേൽ വീശട്ടെ തൻ മുഖകാന്തി
എന്നകതാരിൽ സന്തോഷം നീയരുളി.
ധാന്യത്തൊടു തൈലമതും വീഞ്ഞും
ഏറിയ കാലത്തെക്കാൾ കൂടുതലായ് പാരം.
ഞാൻ ചാഞ്ഞു മയങ്ങട്ടെൻ കർത്താവേ!
ശാന്തിയൊടെന്നെ ഉറക്കുന്നോൻ നീ മാത്രം നാഥാ! സ്തോത്രം.

ബാറെക്മോർ. ശുബഹോ ... മെൻവോലം ...

**എക്ബൊ**

(കുംപൗലോസ്)

എൻ പേർക്കായ് നാഥാ! നിൻ കാരുണ്യത്താൽ
വാതിൽ തുറക്കേണം-പാപിനിയാൾക്കെന്നോണം
ഞാനർപ്പിച്ചീടും കണ്ണീർ കൈക്കൊണ്ടി-
ട്ടെന്റെ കടങ്ങൾക്കായ്-നൽകണമേ പരിഹാരം.



ആ ധനവാൻ തന്റെ ഉപമയിലെന്നോണം
അബ്രാഹത്തോടായ് വിരലിൻ തുമ്പിൽ തങ്ങീടും
ജലമർത്ഥിക്കായ്‌വാൻ- ഞാൻ വഴിയിൽ നീയാം
ജീവജലം പേറി- യാത്രയിലെൻ കൂട്ടാകാൻ.

സ്തൗമൻകാലോസ് കുറിയേലായിസ്സോൻ

**കോലോ**

(ലത ഹൂമൊദേ ഹൈമോനൂസൊ)

ഹാ! ബലഹീനൻ ഞാൻ നിന്നെ
പാപത്താൽ കോപിപ്പിച്ചേൻ
അഭയമെനിക്കിന്നാരയ്യോ നൽകും
വൈദ്യസഹായം ഞാൻ തേടി
ഔഷധമേറ്റമെനിക്കേകി
ഘോരവ്യാധി-ക്കില്ലേതും ശാന്തി.
ഔഷധസമ്പത്തുള്ളോനാം
ഉത്തമ വൈദ്യാ! സൗഖ്യം നീ
വന്നണയുന്നോ-ർക്കേകുവതായ് കേട്ടേൻ.
നിൻ പിതൃ വാത്സല്യം, മാതാ
മറിയാം തൻ പ്രാർത്ഥനയിവയാൽ
ഹാലേലൂയ്യാ- എൻ പിഴ മായിക്ക.

ബാറെകമോർ. ശുബഹോ ...

ഞാനെൻ പാപത്തിൽ ചാവാൻ
നാഥാ! സംഗതിയാക്കരുതേ
അർപ്പിക്കുന്നേൻ-ഹിതകരമാം ബാഷ്പം.
ആടോ മാടോ ചെങ്ങാലി
പ്രാവോ പ്രാവിൻകുഞ്ഞോ ഞാ-
നർപ്പിക്കുന്നി-ല്ലയ്യോ തിരുമുമ്പിൽ.
ശിമോനുടെ ഭവനം പൂണ്ട

പാപിനി പോൽ ഞാനർപ്പിക്കും
ബാഷ്പകണം ക-ണ്ടെന്നൊടു കൃപ ചെയ്ക.
തവ ജനകസ്നേഹം മാതാ
മറിയാമ്മിൻ പ്രാർത്ഥനയിവയാൽ
ഹാലേലൂയ്യാ- നീക്കണമെൻ പിഴകൾ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ ചെയ് കാരുണ്യം.

നാഥാ ദേവാ ഈറയനാഥാ മാലാഖേശാ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ ചെയ് കാരുണ്യം.

എന്നുള്ളത്തെ ത്രിത്വാത്മകനേ ശോഭിപ്പിക്ക
വിശ്വാസത്താൽ മുട്ടുന്നേൻ ഞാൻ ഉത്തരമരുൾക.

സത്യം കാണ്മാൻ എൻ കണ്ണുകളെ തെളിയിക്കേണം
ഞാൻ ശിശുവല്ലോ താങ്ങെന്നും നിൻ കാരുണ്യം താൻ.

യാചിക്കുന്നേൻ നിർമ്മലഹൃദയം തന്നരുളേണം
പൂർണ്ണതയിൽ നിന്നേകീടണമേ ജീവജ്ഞാനം.

ദുഷ്ടനൊടേൽപ്പാൻ ആത്മായുധമാർജ്ജിക്കേണം ഞാൻ
നിൻ നാമത്താൽ മുദ്രയടിച്ചെന്നെ കാക്കേണം.

നിൻ സൗഭാഗ്യം നേടാൻ നിന്നെ പിൻപറ്റും ഞാൻ
നാണിക്കരുതേ വാഴണമെന്മേൽ നിന്റെ വലം കൈ.

ഞാൻ നിന്റേതായ് തീരണമെന്നാണെൻ ഹിതമേകം
വന്ദിക്കുന്നേൻ ദീനദയാലോ നാഥാ! താതാ!

പ്രാപിച്ചേൻ നിൻ കാരുണ്യം ഞാൻ ലജ്ജിക്കല്ലേ
നേടണമേ ഞാൻ വാണിജനെപ്പോൽ നിൻ നിക്ഷേപം.



ശീലിപ്പാൻ നിൻ സദ്ഗ്രന്ഥത്തെ നൽകീടണമേ
ഞാൻ നിൻ ദാസൻ ദാസീപുത്രൻ ജീവൻ നൽക.

നിൻ മെയ്യേറ്റോൻ ഞാൻ നേടണമേ നാഥാ! ജീവൻ
കോട്ടയ്ക്കൊപ്പം കാക്കണമേ നിൻ സ്ലീബാ എന്നെ.

പ്രാർത്ഥിച്ചേൻ ഞാൻ തൃക്കരമെന്മേൽ വച്ചീടേണം
നല്ലിടയാ നീ ചേർക്കണമെന്നെ നിൻ കുഞ്ഞാടായ്.

ലോകപിതാവേ! ജീവേശാ! നിൻ നാമം സ്തുത്യം
കൈക്കൊള്ളേണം കാഴ്ച കണക്കേ എന്റെ അപേക്ഷ.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപ ചെയ്യേണം.

**(അല്ലെങ്കിൽ)**

കർത്തൃകർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നിപ്പോൾ
നീ എഴുന്നള്ളി പ്രാർത്ഥന കേട്ട് കൃപ ചെയ്യണമേ,
ഈറേ മാലാഖമാരുടെയും ഉടയവനായ
കർത്തൃകർത്താവേ! ആത്മാക്കൾ മേൽ കൃപ ചെയ്യണമേ.

ബാവാ പുത്രാ ശുദ്ധറൂഹായേ, വിശ്വാസത്താൽ
ഞങ്ങൾ മുട്ടി നിൻ കൃപകൊണ്ട് ഉത്തരമരുൾക
നിൻ മനോഗുണത്തെ ഞങ്ങൾ കണ്ട് നിൻ തിരുനാമം
സ്തോത്രം ചെയ്‌വാൻ ഞങ്ങടെ കൺകൾ വെളിവാക്കണമേ.

നിന്റെ ദയയിൻ സങ്കേതത്തെ ഞങ്ങൾ പിടിച്ചു
നിന്നനുഗ്രഹത്താൽ ഞങ്ങളെ നീ ജീവിപ്പിക്കണമേ.
ഞങ്ങളുടെ ദൈവമേ! നിന്നിൽനിന്ന് പ്രാർത്ഥിച്ചതിനാൽ
ഞങ്ങൾക്കായി ശുദ്ധഹൃദയം നൽകീടണമേ.

റൂഹായുധത്തെ ബീശോൻ പക്കൽ പ്രയോഗിക്ക
ഞങ്ങളുടെ മുറിവെ സൗഖ്യപ്പെടുത്തി രക്ഷിക്കണമേ.
നിന്റെ പിന്നിൽ വന്നവരെ നാണിപ്പിക്കല്ലേ
എന്റെ കർത്താവേ! നിൻ വലംകൈയാൽ രക്ഷിക്കണമേ.

എന്റെ ഇഷ്ടം നിന്റേതാവാനാശിക്കുന്നു.
സകലേശ്വരനാം സർവ്വപിതാവേ! വന്ദിക്കുന്നു.
സകല ഗുണവും നിന്നിൽനിന്ന് ഞങ്ങൾ വാങ്ങി,
വ്യാപാരിയെപ്പോൽ ഞങ്ങളുടെ ദ്രവ്യം നീ വാങ്ങണമേ.

പഠിപ്പാൻ നിന്റെ സൽപുസ്തകത്തെ നൽകീടണമേ
ദാസ ദാസി സുതരെ നീ ജീവിപ്പിക്കണമേ.
എന്റെ കർത്താവേ, നിന്റെ ദേഹ രക്തങ്ങളെയും
തിന്നു കുടിച്ച ഞങ്ങളെ നീ ജീവിപ്പിക്കണമേ.

നിന്റെ സ്ലീബാ ഞങ്ങളുടെ ദേഹോപദ്രവത്തിന്
കോട്ടയതായി ഞങ്ങൾക്കതിനെ നൽകീടണമേ.
ഇടയാ നിന്റെ ഇടവകയുടെ കുഞ്ഞാടാക്ക
നിന്റെ വലംകൈ ഞങ്ങളുടെമേൽ ആവസിപ്പിക്ക

ലോകപിതാവാം രാജരാജാവേ! നിനക്ക് സ്തോത്രം
ഞങ്ങടെ അപേക്ഷ കാഴ്ചയെപ്പോലെ കൈക്കൊള്ളണമേ
നിഖിലം ശ്രവിക്കും നമസ്കാരം കൈക്കൊള്ളുന്നവനേ
പ്രാർത്ഥന കേട്ട് ആത്മാക്കളെ നീ രക്ഷിക്കണമേ.

കരുണയുള്ള ദൈവമേ നിന്റെ വാതിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരുടെ ആവശ്യങ്ങളെ വിരോധിക്കരുതെ. ദൈവമേ ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിനു വിളിക്കുന്നു. നല്ലവനെ ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ട് നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നൽകുമാറകണമേ. ആമ്മീൻ



**ബോവൂസോ**
(മാർ അപ്രേം)

കർത്താവേ! കൃപ ചെയ്യണമേ
പ്രാർത്ഥന നീ കൈക്കൊള്ളണമേ
നിൻ ദയവും നിൻ മോചനവും
നിന്നറയിൽ നിന്നേകണമേ.

എന്നുടയോനേ സന്നിധിയിൽ
നിദ്ര തെളിഞ്ഞിന്നീയടിയാർ
വന്നുണർവ്വോടെ നിൽപ്പതിനായ്
ഉന്നതനേ! നീ കൃപ ചെയ്ക.

പിന്നെയുമീ നിൻ അടിയാൻ ഞാൻ
നിദ്രയിലായെന്നാകിലുമേ
എന്റെ ഉറക്കം സന്നിധിയിൽ
ദോഷം കൂടാതാകണമേ.

തിന്മകൾ ഞാനുണർവ്വിൽ ചെയ്താൽ
നന്മയൊടൊക്കെ പോക്കുക നീ
നിദ്രയിൽ ഞാൻ പിഴ ചെയ്തെങ്കിൽ
നിൻ ദയ മോചിച്ചീടണമേ.

താഴ്മയെഴും നിൻ കുരിശാലെ
നല്ലയുറക്കം നൽകണമേ
മായകൾ ദുഃസ്വപ്നാദികൾ നിൻ
ദാസനു കാണാറാകരുതേ.

ഇന്ന് സമാധാനം നിറയും
നിദ്രയൊടെന്നെ കാക്കുക നീ
എന്നിലസത്തും ദുർന്നിനവും
വന്നധികാരം ചെയ്യരുതേ.

നിന്നടിയാൻ ഞാനെന്നതിനാൽ
എന്നുടലിന്നും കാവലിനായ്
നിൻ വെളിവിന്റെ ദൂതനെ നീ
എന്നരികത്താക്കീടണമേ.

യേശുവേ! ജീവനിരിക്കും നിൻ
ദിവ്യശരീരം തിന്നതിനാൽ
നാശമുദിക്കുന്നാഗ്രഹമെൻ
ചിത്തമതിൽ തോന്നീടരുതേ.

രാവിലുറങ്ങുമ്പോഴരികിൽ
കാവലെനിക്കാ തിരുരക്തം
നിന്നുടെ രൂപത്തിന്നു സദാ
നീ വിടുതൽ തന്നീടണമേ.

നിൻ കൈ മനഞ്ഞോരെന്നുടലിൽ
നിന്റെ വലംകൈയാകണമേ
നിൻ കൃപ ചുറ്റും കോട്ടയുമായ്
കാവലതായും തീരണമേ.

അംഗമടങ്ങും നിദ്രയതിൽ
നിൻ ബലമെന്നെ കാക്കണമേ
എന്റെ ഉറക്കം നിന്നരികിൽ
ധൂപം പോലെയുമാകണമേ.

അൻപൊടു നിന്നെ പ്രസവിച്ചോ-
രമ്മയുടെ നൽ പ്രാർത്ഥനയാൽ
എൻ ശയനത്തിന്മേൽ രാവിൽ
ദുഷ്ടനടുക്കാറാകരുതേ.

എൻ ദുരിതത്തിൻ പരിഹാരം
നൽകിയ നിന്റെ ബലിയാലെ
എന്നെ ഞെരുക്കീടാതെ മഹാ-
ദുഷ്ടനെ നീ മാറ്റീടണമേ.

നിന്നുടെ വാഗ്ദാനം കൃപയാൽ
എങ്കലഹോ! നീ നിറവേറ്റി
നിൻ കുരിശാലെൻ ജീവനെ നീ
മംഗലമോടും കാക്കണമേ.



ഏറിയൊരെന്റെ ഹീനതയിൽ
പ്രീതിയെ നീ കാണിച്ചതിനാൽ
ഞാനുണരുമ്പോൾ നിൻ കൃപയെ
ഓർത്തു പുകഴ്ത്താറാകണമേ.

നിൻ തിരുവിഷ്ടം നിന്നടിയാൻ
അൻപിലറിഞ്ഞായതുപോലെ
തന്നെ നടപ്പാൻ നിൻ കൃപയാൽ
എന്നിൽ നിത്യം കൃപ ചെയ്ക.

ശാന്തി നിറഞ്ഞോരന്തിയെയും
നന്മ വിളങ്ങും രാവിനെയും
എന്നുടയോനാം മശിഹായേ!
നിൻ അടിയങ്ങൾക്കേകണമേ.

സത്യവെളിച്ചം നീ പരനേ
നിന്റെ മഹത്ത്വം വെളിവിൽ താൻ
നൽ വെളിവിൻ സുതരായവരും
നിൻ മഹിമയ്ക്കായ് സ്തുതി പാടും.

മാനവ രക്ഷകനേ! സ്തുതി നിൻ
ദാസരിലെന്നും നിൻ കൃപയെ
ഈയുലകിൽ നീയെന്നതു പോൽ
ആ ലോകത്തിലുമേകണമേ.

എന്നുടയോനേ! സ്തുതി നൽകീ-
ടുന്നു നിനക്കെൻ രക്ഷകനേ!
ആയിരമോടൊത്തായിരമായ്
യേശുവേ! നിന്നെ സ്തുതി പാടും.

ദിവ്യജനത്തിന്നുടയോനേ!
ദിവ്യജനം വാഴ്ത്തുന്നവനേ!
കീർത്തനമോതീടുന്നവരിൻ
പ്രാർത്ഥനയെ കൈക്കൊള്ളണമേ.

യാവനൊരുത്തൻ മൂവരുമായ്
മൂവരതൊന്നായും മരുവും
താതസുതാശ്വാസപ്രദനാം
സത്യപരന്നായ് സ്തുതി നിത്യം.

ഹീനരുടെ ഈ പ്രാർത്ഥനയും
താപികൾ തൻ കണ്ണീരുകളും
ആദ്യഫലത്തിൻ കാഴ്ചകൾ പോൽ
ഏൽക്കുമവന്നായ് സ്തുതിയെന്നും.

വാനവരെന്നും സ്തുതിയാലെ
നിന്നു പുകഴ്ത്തീടുന്നവനേ
പൂഴികളായീടുന്നവരും
നിൻ മഹിമയ്ക്കായ് സ്തുതി പാടും.

താതസുതാശ്വാസപ്രദനാം
ഏകപരൻ തൻ തിരുമുമ്പിൽ
ദോഷമകന്നോരറിവോടെ
പാടുക നാം സങ്കീർത്തനവും.

കൊല്ലുന്നൊരു നഞ്ചായവയാം
വെള്ളികൾ പൊന്നും നേടരുതേ
നല്ലനു നിന്നിൽ പ്രീതി വരാൻ
നല്ലുപദേശം നേടുക നീ.

നാൽപ്പതു നോമ്പാടഗതിക്കാർ-
ക്കപ്പവുമേകി പോറ്റുക നീ
മന്നവനീശായ് സുതനെപ്പോൽ
ഏഴു കുറി പ്രാർത്ഥിച്ചിടുക.

മോശയുമേലിയായുമവർ
നോറ്റുപവാസം നാൽപ്പതു നാൾ
യേശുവുമീ നോമ്പേറ്റതിനാൽ
നാശകനെ തോൽപ്പിച്ചുടനേ.



വൻകടലിൽ നിന്നേറിയ നൽ
യോനാ നിബിയാ പ്രാർത്ഥനയാൽ
ഈ അടിയാർക്കും നിൻ കൃപയിൻ
വാതിൽ തുറക്കാറാകണമേ.

സിംഹഗണത്തിൻ കുഴിയിൽ നി-
ന്നേറിയ ദാനീയേലിനുടെ
പ്രാർത്ഥനയാലെ നിൻ കൃപയിൻ
വാതിൽ തുറക്കാറാകണമേ.

തീക്കുഴിതന്നിൽ നിന്നരികെ
വന്ന ശിശുപ്രാർത്ഥനയാലെ
ഈ അടിയാർക്കും നിൻ കൃപയിൻ
വാതിൽ തുറക്കാറാകണമേ.

പ്രാർത്ഥനയെ കേൾക്കുന്നവനേ!
യാചനയെ നൽകുന്നവനേ!
പ്രാർത്ഥന കേട്ടീ ദാസരുടെ
യാചനയെ നൽകീടണമേ.

**(അല്ലെങ്കിൽ)**

കർത്താവേ! കൃപ ചെയ്യണമേ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതി അയച്ചരുളണമേ നിൻ
അറയീന്നലിവുമനുഗ്രഹവും.

നിദ്ര വെടിഞ്ഞിട്ടുണർവ്വൊടു ഞാൻ
നിൻ മുൻ നിൽക്കാറാകണമേ.
വീണ്ടുമുറങ്ങിലതിൽ പാപം
തീണ്ടുകയും ചെയ്യരുതേ ഞാൻ.

അക്രമമുണർവ്വിൽ ചെയ്കിൽ ഞാൻ
പോക്കണമേ നാഥാ! കൃപയാൽ
നിദ്രയിൽ ഞാൻ പിഴ ചെയ്തെങ്കിൽ
നിൻ കൃപ മോചനമരുളണമേ.

എളിമയെഴും നിൻ കുരിശിനെയോർ-
ത്തേകണമടിയന് സുഖനിദ്ര
മായാരൂപക്കാഴ്ചകളിൽ
പായാതെന്നെ രക്ഷിക്ക.

സ്വച്ഛന്ദമുറങ്ങുന്നേരം
ദുശ്ചിന്തകൾ ദുഷ്ടന്മാരും
എന്നെ വന്ന് ഭരിക്കായ്‌വാൻ
ഈ രാവിൽ കാക്കണമെന്നെ.

എൻ ദേഹമശേഷം കാപ്പാൻ
ഏകുക വെളിവിൻ ദൂതനെ നീ.
നിൻ മെയ് ഞാൻ ഭക്ഷിച്ചതിനാൽ
ദുർമ്മോഹേ വീഴരുതേ ഞാൻ.

ആശ്വാസത്തൊടുറങ്ങുമെനി-
ക്കാവുക നിൻ രക്തം കാവൽ
ഈ നിൻ സദൃശമതാം സൃഷ്ടി-
ക്കേകണമേ നിൻ സ്വാതന്ത്ര്യം.

നിൻ കൈവേലയതാം മെയ്മേൽ
നിന്റെ വലംകൈ മേവണമേ
പരിചയ്ക്കൊപ്പം കാക്കുക നിൻ
കരുണക്കോട്ട വളഞ്ഞെന്നെ.

മെയ്യിതുറങ്ങുമ്പോൾ കാവൽ
ചെയ്യണമേ നിന്നുടെ ശക്തി
ഏൽക്കണമേ നൽ ധൂപം പോൽ
എന്റെയുറക്കം തിരുമുമ്പിൽ.



നിൻ മാതൃപ്രാർത്ഥനയാലെൻ
ശയ്യയ്ക്കണയരുതേ ദുഷ്ടൻ
സാത്താൻ ഹിംസിക്കാതെന്നെ
നിൻ ബലിയവനെ വിലക്കണമേ.

നിൻ വാക്കെന്നിൽ നിവർത്തിക്ക
നിൻ കുരിശെന്നുയിർ കാത്തിടുക
എന്നെ താങ്ങിയ നിന്നൻപാൽ
നിന്നെ ഉണർവ്വിൽ സ്തുതി ചെയ്‌വാൻ.

നിന്നിഷ്ടം കേട്ടതിനെ ഞാൻ
അനുവർത്തിപ്പാൻ കർത്താവേ!
നീതിയെഴുന്നൊരു രാവുമെനി-
ക്കേകണമേ നൽ സന്ധ്യയതും.

വെളിവാം മശിഹാ രക്ഷകാ നിൻ
വെളിവിൽത്തന്നെ നിൻ വാസം
വെളിവിൻ പുത്രന്മാർ നിന്നെ-
ത്തന്നെ വന്ദിച്ചീടുന്നു.

വെളിവിൽ വസിക്കുന്നുലകത്തിൻ
രക്ഷകനാമീശോ സ്തോത്രം.
ഇഹപരലോകങ്ങളിൽ നിന്റെ
കൃപ ഞങ്ങളിലുണ്ടാകണമേ.

സ്തോത്രം സ്തോത്രം കർത്താവേ!
സ്തോത്രമതായിരമായിരമായ്
അനവധിയായ് സ്തോത്രം നാഥാ!
കൃപ വേണം ഞങ്ങളിലെന്നും.

സ്തോത്രം! മാലാഖകൾ ശുശ്രൂ-
ഷിച്ചീറയർ വന്ദിപ്പവനേ!
പ്രാർത്ഥന കേൾക്കീറയരുടെയും
മാലാഖകളുടെയും നാഥാ!

ത്രിത്വൈകത്വവുമേകത്വ-
ത്രിത്വവുമായി സ്ഥിതി ചെയ്യും
പിതൃസുത പരിശുദ്ധാത്മാവാം
സത്യേകപരനായ് സ്തോത്രം.

ബലഹീന ജനപ്രാർത്ഥനയെ
കേൾപ്പോനും കാഴ്ചകൾ പോലെ
അനുതാപം പൂണ്ടോർകണ്ണീർ
കൈക്കൊള്ളുന്നവനും സ്തോത്രം.

ഈറയർ ശുശ്രൂഷിപ്പോനേ!
മാലാഖകൾ വാഴ്ത്തുന്നോനേ!
വൃക്ഷദലത്തിൻ സംഖ്യയിൽ മൺ-
മയർ നിന്നെ സ്തുതി ചെയ്യുന്നു.

പിതൃസുതപരിശുദ്ധാത്മകനാം
സത്യേകപരനായ് സ്തോത്രം
ചെയ്തീടേണം നാം സത്യ-
ജ്ഞാനവിവേകത്തൊടു കൂടി.

മൃതികര വിഷമാം പൊൻ വെള്ളി
ധനമയ്യോ നേടരുതേ നീ
തേടുക സുഖകരമുപദേശം
നിന്നെ നാഥൻ സ്നേഹിപ്പാൻ.

നാല്പതു നോമ്പതു നോക്കുക നീ
തീറ്റുക തീനില്ലാത്തവരെ
ഈശായിസുതനൊപ്പം നീ
പ്രാർത്ഥിക്കുക ദിനമേഴൂഴം.

നാല്പതു നാളിന്നുപവാസം
മൂശ കഴിച്ചേലീയായും,
നാഥൻ ശത്രുവിനെ വെന്നു
നാല്പതു നാളുപവാസത്താൽ.



കടൽ കുഴി അഗ്നിച്ചൂളകളിൽ
നിന്ന് കരേറിയ പ്രാർത്ഥനകൾ
അടിയാരുടെ പ്രാർത്ഥനകൾക്കും
കൃപയാൽ വാതിൽ തുറക്കണമേ.

പ്രാർത്ഥന കേട്ടീടുന്നവനേ!
യാചന നൽകീടുന്നവനേ!
പ്രാർത്ഥന കേട്ട് നിരപ്പായി
കൃപയാൽ യാചന നൽകണമേ.

**(അല്ലെങ്കിൽ)**

ഞങ്ങൾക്കുള്ള കർത്താവേ!
ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്
ഉണർവ്വോടെ നിൻ തിരുമുമ്പിൽ
നിൽപ്പാനെനിക്ക് നീ നൽകണമേ.

വീണ്ടും ഞാനുറങ്ങുന്നാകിൽ
എനിക്കുള്ള എന്റെ ഉറക്കം
കർത്താവേ! നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകണമേ.

എന്നുണർച്ചയിൽ ഞാൻ ചതി പെടുകിൽ
നിൻ നന്മയിൽ ഞാൻ പൊറുക്കപ്പെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമേ.

തവ ക്ഷീണത്തിൻ സ്കീപ്പായാൽ
നല്ലയുറക്കമെനിക്കു നീ താ
ആകാ സ്വപ്നമശുദ്ധിയിൽ നി-
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമേ.

നിരപ്പു നിറഞ്ഞ ഉറക്കത്തിൽ
രാവൊക്കെ എന്നെ നീ ഭരിക്കാ
തണ്യവരും വേണ്ടാനിനവും
എന്നിൽ മുഷ്കരമാക്കല്ലേ.

നിന്റെ അടിയാൻ ഞാനതിനാൽ
എന്റെ സന്ധുക്കൾ കാപ്പാനായ്,
വെളിവിനുടെ മാലാഖായെ
എനിക്ക് നീ തരണം കർത്താവേ!

ദ്വേഷതപ്പെട്ടയപേക്ഷയിൽ നി-
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമേ.
ഉയിർപെട്ട നിൻ ദേഹത്തെ
ഞാനനുഭവിച്ചെന്നതിനാലെ.

ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ
നിന്റെ ചോരയെനിക്ക് കാവൽ
നിൻ മനച്ചിലിനു സ്വതകർമ്മം
നിൻ കൃപയോടെ നൽകണമേ.

നിൻ കൈ മനഞ്ഞ ശരീരത്തിൽ
നിന്റെ വലത്തേതാക്കണമേ,
നിന്റെ കരുണകൾ കോട്ടയതായ്
എനിക്ക് നീ ചുറ്റിച്ചുകൊള്ളണമേ.

ശരീരമടങ്ങിയുറങ്ങുമ്പോൾ
കാവലതായത് നിൻ ശക്തി
സൗരഭ്യമായ ധൂപം പോൽ
എന്റെ ഉറക്കം തിരുമുമ്പിൽ.

നിന്നെപ്പെറ്റെന്നമ്മയുടെ
നിന്നോടുള്ള അപേക്ഷയാലെ
എനിക്കുള്ള ശയനത്തിന്മേൽ
തിന്മപ്പെട്ടവനണയരുതേ

എനിക്കുവേണ്ടീട്ടുണ്ടായെന്ന
നിനക്കുള്ള പൂജയാലെ
എന്നെ വ്യസനത്തിലാക്കായ്‌വാൻ
സാത്താനെ നീ മുടക്കണമേ.



കർത്താവേ! നിൻ പറഞ്ഞൊപ്പ്
എന്റെ പക്കൽ തികയ്ക്കണമേ
നിനക്കുള്ള സ്ലീബായാലെ
എന്റെ ആയുസ്സ് കാക്കണമേ.

ഞാനുണരപ്പെട്ടെന്നപ്പോൾ
നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ തളർച്ചയുടെ പക്കൽ
നിന്റെ ഉപവി നീ കാട്ടണമേ.

നിൻ തിരുമനസ്സിനെ ഞാനറിഞ്ഞ്
ഞാനതിനെ ചെയ്‌വാനായി
നിൻ തിരു മനോഗുണമതിനാലെ
എനിക്ക് നീ മനോഗുണം ചെയ്യണമേ.

നിരപ്പു നിറഞ്ഞോരന്തിയും
പുണ്യത്വത്തിനുടെ രാവും
ഞങ്ങളുടെ രക്ഷകാരൻ മിശിഹാ
കർത്താവേ! അടിയാർക്ക് നീ തരിക.

വെളിവിൽ താൻ പ്രകാശിച്ചു
വെളിവിൽ തന്നെ പാർക്കുന്നു
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ വന്ദിക്കുന്നു.

നിനക്ക് സ്തുതി നിന്നനുഗ്രഹങ്ങൾ
ഞങ്ങളുടെ മേലുമതാകണമേ
ഇഹലോകത്തിലുമതുപോലെ
പരലോകത്തിലുമാകണമേ.

എന്റെ കർത്താവേ! നിനക്ക് സ്തുതി
നിനക്ക് സ്തുതി, സ്തുതി, നിനക്ക് സ്തുതി
ആയിരങ്ങളുടെ ആയിരവും
അളവു കൂടാതെ നിനക്ക് സ്തുതി.

സ്വർഗ്ഗദൂതർക്കുടയവനേ,
അവരാൽ മഹത്ത്വപ്പെടുന്നവനേ,
വന്ദനവോടെ നിനക്ക് സ്തുതി
പ്രാർത്ഥനകൾ കൈക്കൊള്ളണമേ.

ത്രീയേകമേകത്രീയാം
ഏകദൈവവുമായുള്ള
പിതൃസുതപരിശുദ്ധാത്മാവാം
സത്യപരനേ നിനക്ക് സ്തുതി.

ബലഹീനരുടെ അപേക്ഷകളും
അനുതാപികളുടെ കണ്ണുനീരും
മുൻഫലമായ കാഴ്ചകൾപോൽ
കൈക്കൊൾവവനേ നിനക്ക് സ്തുതി.

സ്വർഗ്ഗദൂതന്മാർ തന്നെ
സ്തുതിയാൽ ഘോഷിക്കുന്നവനേ,
പുഴികളായവരിൽ നിന്ന്
അളവില്ലാതെ നിനക്ക് സ്തുതി.

പിതൃസുതപരിശുദ്ധാത്മാവാം
ഏകദൈവത്തിൻ പക്കൽ
നിർമ്മലമായ ബോധത്താൽ
സ്തോത്രം നാം ചെയ്തീടേണം.

കൊല്ലും നഞ്ചവയായുള്ള
പൊന്നും വെള്ളിയും നേടേണ്ടാ,
നിത്യജീവൻ പ്രാപിപ്പാൻ
സത്യോപദേശം കേൾക്ക.

നാൽപ്പതുനാൾ ഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക
ഈശൈസുതനെപ്പോൽ ദിനം
ഏഴുവട്ടം പ്രാർത്ഥിക്ക.



മോശെയുമേലിയായും
നാല്പതു ദിനം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു
ആകൽക്കറുസായെ ജയിച്ചു.

കടൽ കൂപ മഗ്നികളിൽ
രക്ഷിച്ചെന്നാ പ്രാർത്ഥനകൾ
ഞങ്ങളുടെ നമസ്കാരങ്ങൾക്ക്
കൃപയുടെ വാതിൽ തുറക്കണമേ.

നമസ്കാരം കേൾക്കുന്നവനേ,
യാചനകൾ നൽകുന്നവനേ,
ഞങ്ങളുടെ നമസ്കാരം കേട്ട്
യാചനകൾ നൽകീടണമേ.

കുറിയേ ... കുറിയേ ... കുറിയേ ...

**(91-ാം മസുമൂർ പദ്യം)**

(യോസെബുസേത്തോറേ ദമറൈമൊ-ഹാലേലൂയ്യാ)

1. ബാറെക്മോർ, അത്യുന്നതനുടെ-മറവിങ്കൽ-ഹാ-
ദേവേശൻ തൻ നിഴലിലിരിപ്പോൻ-സംസ്തുത്യൻ.
ജീവാത്മകതരുവേ-ഞാൻ നിൻ തണലാർന്നേൻ
നേടി നിൻകനിവാൽ-ഞാൻ ശാശ്വതജീവൻ
2. ബാറെക്മോർ, കർത്താവോടുര ചെയ്തീടുമവൻ-ഹാ-
'ശരണവുമെൻ ഗതിയാം-പരനും നീ'.
ഞങ്ങൾക്കുന്നതമാം-അഭയസ്ഥാനം നീ
ബലവും പ്രത്യാശയുമാകും-ദൈവം നീ.
3. പ്രതികൂലതയിൻ കെണിയിൽ നിന്നും-ഹാ-
പാഴ്വചനത്തിൽ നിന്നും-കാക്കുമവൻ.

ദ്രോഹിപ്പാൻ മേന്മേൽ-ദാഹിക്കുന്നോനാം
ദുഷ്ടൻതൻ കെണികളിൽ നിന്നും-കാക്കണമേ.

4. തൂവലുകൊണ്ടവനം ചെയ്തു മറയ്ക്കും ചിറകുകളാൽ-ഹാ-
ആയുധമായ് ചുറ്റും നിന്നെ-തിരുസത്യം.
നാഥാ! ഞങ്ങളെ നിൻ സ്ലീബാ-തൻ ചിറകിൻ
മറവിൽ ചേർക്കണമേ-രാവും പകലും നീ.

5. രാവിൻ ഭീഷണിയാൽ ഭയമാർന്നീടാ-ഹാ-
പകലിൽ പാറിടുമസ്ത്ര-ത്തിൽ നിന്നും.
രാവും സാത്താൻതൻ തീയമ്പും ഞങ്ങൾ
പേടിക്കായ്‌വാൻ നിൻ-കൃപ നൽകീടണമേ.

6. രാത്രിഞ്ചരമാം വചനത്തിൽ നിന്നും-ഹാ-
ഉച്ചയിലൂതും കാ-റ്റിൽ നിന്നും.
ദുഷ്ടൻതന്നിരുളാം വചനത്തിൽ നിന്നും
ഉച്ചക്കാറ്റീന്നും-നാഥാ! കാക്കണമേ.

7. നിൻ പാർശ്വത്തായിരമായിരമായ് നിപതിക്കും -ഹാ-
പതിനായിരമായ് നിൻ വലമാം ഭാഗത്തും.
ഒരായിരവും വൻ-പതിനായിരവുമതാം
സാത്താൻപടയെ സ്ലീബായാൽ-പായിക്ക.

8. നിന്നരികത്തണയാനെളുതല്ലവരാൽ-ഹാ-
ദർശിക്കും നീ നിൻ ദൃഷ്ടികളാൽ.
ഉൾക്കണ്ണുകളെ നീ-ശോഭിപ്പിക്കണമേ
ഈ ഞങ്ങളെ അഹിതൻ-തെല്ലും തീണ്ടരുതേ.

9. കാണുമധർമ്മം ചെയ്യുന്നവരുടെ പ്രതിപകരം നീ-ഹാ-
എൻ ശരണം കർത്താ-വായതിനാൽ.
ദുഷ്ടപ്പടയൊടു നീ പകരം വീട്ടണമേ
ഞങ്ങൾ നേർക്കരുതേ-തീയും ദണ്ഡനവും

10. നിൻ പാർപ്പിടമുയരങ്ങളിലാക്കുകയാൽ- ഹാ-
നിന്നെ അധർമ്മം തീ-ണ്ടുകയില്ല.



നരരെ ദർശിപ്പാൻ-ധരയിൽ വന്നോനേ!
നിൻ ദാസരെ ദുഷ്ടൻ തെല്ലും തീണ്ടരുതേ.

11. നിൻ കൂടാരത്തൊടു ദണ്ഡനമാർന്നീടാ- ഹാ-
നിന്നെ പ്രതി മാലാഖകളോടവനാ-ജ്ഞാപിക്കും.
അഭയാർത്ഥികളാമീ-നിൻ ദാസന്മാർക്കായി
നിൻ മാലാഖാമാർ കാവൽ നിൽക്കണമേ.

12. മാർഗ്ഗങ്ങളിലഖിലം നിന്നെ പരിരക്ഷിപ്പാൻ-ഹാ-
നിന്നെ ഭുജങ്ങളിലവരേ-റ്റിടുവാനായ്.
കാട്ടിത്തന്നീടുക-നാഥാ! നിൻ വഴികൾ
ദുഷ്ടാത്മാവിനെ നിൻ കൈയാൽ മായിക്ക.

13. നിൻ പാദത്തിനിടർച്ച ഭവിക്കായ്‌വാൻ- ഹാ-
സർപ്പം വിരിയൻ പാമ്പിവയെ നീ മർദ്ദിക്കും.
മ്ശിഹാ! കരുണാബ്ധേ-യാചിപ്പൂ ഞങ്ങൾ
പാദങ്ങളെ നിൻ-വീര്യത്താൽ താങ്ങണമേ.

14. കേസരി നക്രങ്ങളെ നീ തട്ടിമെതിക്കും- ഹാ-
പരിരക്ഷിച്ച് ബലം നൽകും ഞാനവനെന്നെ-തേടുകയാൽ.
ദുഷ്ടാത്മാവിന്റെ തലയിൽ-കാൽ വയ്പ്പാൻ
സ്ലീബായാൽ വീര്യം-ഭക്തർക്കേകേണം.

15. എൻനാമമറിഞ്ഞെന്നെ വിളിച്ചതിനാൽ ഞാനുത്തരമരുളും ഹാ-
പീഡയിലവനൊടു ചേ-ർന്നമരും ഞാൻ.
മശിഹാ രക്ഷകനേ! അറിയാം തിരുനാമം
നീ ഉത്തരമരുളി-കൃപ ചെയ്തീടണമേ.

16. ബലവാനാക്കി ബഹുമാനിച്ചിടുമവനെ ഞാൻ-ഹാ-
നെടുനാളേക്കവനു കൊടുക്കും ഞാൻ-സംതൃപ്തി.
തന്ത്രത്താൽ വിമതൻ-നിൻ ദാസന്മാരെ
പരിശോധിച്ചിടുവാൻ-ഇടയാക്കീടരുതേ.

**(120-ാം മസുമൂർ)**

17. എൻ പരിരക്ഷയെ ഞാനവനെ ദർശിപ്പിക്കും- ഹാ-
ഗിരിയതിലേക്കെൻ നയനങ്ങളെ ഞാ- നേറ്റീടും.
ഉൾക്കണ്ണുകളേറ്റീടുന്നു-നിൻ പക്കൽ
മശിഹാ രക്ഷകനേ! കനിവാലരുളണമേ.

18. ആഗതനായിടുമെവിടുന്നെന്നാശ്രയമായോൻ- ഹാ-
എൻ തുണ കർത്താവിൻ തിരുമു-മ്പിൽ നിന്നും.
സ്ലീബായുടെ ശക്ത്യാ-ദാസന്മാരീന്നും
സാത്താൻതൻ വീര്യം-മായിച്ചീടണമേ.

19. വാനിടവും പാരും നിർമ്മിച്ചോൻ- ഹാ-
നിൻ പാദം വഴുതിടുവാനവനിടയാ-ക്കുകയില്ല.
ഭൂസ്വർഗ്ഗാധിപതേ!-നിന്നാരാധകർ തൻ
കാലങ്ങിടറീടാ-നിടയാകരുതേ.

20. നിദ്രാവശനാകാ നിന്നുടെ കാവൽക്കാരൻ- ഹാ-
യിസ്രായേലിൻ കാ-വൽക്കാരൻ.
കാവൽക്കാരാ! രക്ഷകനാകും മശിഹാ!
അഭയം നീ കൃപയാലരുളിച്ചെയ്യണമേ.

21. നിദ്രാവേശവുമില്ലവനിഹ നിദ്രാഭാരമതും- ഹാ-
കർത്താവല്ലോ നിന്നുടെ കാ-വൽക്കാരൻ.
ഇസ്രായേല്യരെ-അമ്മരുവിൽ കാത്തോനേ!
സ്ലീബായാൽ രക്ഷിതരെ നീ-കാക്കണമേ.

22. വീശും നിഴൽ നിന്നുപരിതലേ കർത്തൻ വലതുകരത്താൽ ഹാ-
പകലോൻ പകലിൽ നിനക്കപകാ-രം ചെയ്യാ.
അഹിതൻ സാത്താനീ-ന്നാരാധകരെ നീ
വലമാം തൃക്കൈയാൽ നാഥാ! കാക്കണമേ.

23. രാത്രീശ്വരനും രാവിങ്കൽ-ഹാ-ഹാ-
കർത്തൻ ദോഷങ്ങളിൽ നിന്നഖിലം-കാത്തീടും.
നാഥാ! രാപകൽ നിൻ കൃപയെ കീർത്തിപ്പാൻ
ദോഷങ്ങളെ നീക്കി-കാക്കണമടിയാരെ.



24. കാത്തീടും നിന്നാത്മാവിനെ നാഥൻ-ഹാ-ഹാ-
നിൻ ഗതിവിഗതികളെ പാ-ലിക്കുമവൻ.
മശിഹാ രക്ഷകനേ!-ഞങ്ങൾക്കഭയം നീ
ആത്മാക്കളെ അൻപാൽ-നാഥാ! കാക്കണമേ.

25. മേന്മേലെന്നെന്നേക്കും-ഹാ-
സ്തുതി അങ്ങേക്കുചിതം ദേവേശാ.
നിൻ ശ്രേഷ്ഠതയാൽ നീ-സൃഷ്ടിച്ചവയീന്നും
കർത്താവേ! സ്തുതി തേ-നിത്യം യോഗ്യം താൻ.
ബാറെക്മോർ. ശുബഹൊ ... മെനഓലം ...

മുട്ടിൻ വാതിൽ തുറ-ന്നേറ്റാം വിളി കേൾക്കാം
നൽകാമെന്നരുളിയ-നാഥാ!-നീ സ്തുത്യൻ.

**(അല്ലെങ്കിൽ)**

**(91-ാം മസുമൂർ)**

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും, ദൈവത്തിന്റെ നിഴലിൽ മഹത്ത്വപ്പെടുന്നവനുമേ!

"ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും എന്റെ സങ്കേതസ്ഥലവും" എന്ന് കർത്താവിനെക്കുറിച്ച് നീ പറയുക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർത്ഥസംസാരത്തിൽ നിന്നും നിന്നെ വീണ്ടു കൊള്ളും.

അവൻ അവന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും; അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്ത് ആയിരങ്ങളും, നിന്റെ വലതുഭാഗത്ത് പതിനായിരങ്ങളും വീഴും.

അവ നിങ്കലേക്ക് അടുക്കയില്ല; എന്നാലോ നിന്റെ കണ്ണുകൾകൊണ്ട് നീ കാണുകമാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും.

എന്തെന്നാൽ സ്വന്തവാസസ്ഥലം ഉയരങ്ങളിൽ ആക്കിയിരിക്കുന്നു എന്ന എന്റെ ശരണമായ കർത്താവ് നീ ആകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല; ശിക്ഷ നിന്റെ വാസസ്ഥലത്തിനു സമീപിക്കയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് അവന്റെ മാലാഖമാരോട് കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ച ഭവിക്കാതിരിപ്പാൻ അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെ വഹിക്കും.

സർപ്പത്തെയും അണലിയെയും നീ ചവിട്ടും; സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും; എന്റെ നാമം അറിഞ്ഞതുകൊണ്ട് അവൻ എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും; ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും; എന്റെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.



### (120-ാം മസുമൂർ)

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും; എന്റെ സഹായക്കാരൻ എവിടെ നിന്ന് വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്ന് ആകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല; ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു; കർത്താവ് തന്റെ വലതുകൈ കൊണ്ട് നിനക്കു നിഴലിടും.

പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും; കർത്താവ് നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ ...ഹാലേ ... ഉ ഹാ ... ഉ ഹാ ... മെന്ഓലം ...

**അപേക്ഷ**

മഹോന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവേ! നിന്റെ അനുഗ്രഹത്തിന്റെ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ.

സകലവും കേൾക്കുന്നവനേ! നിന്റെ അനുഗ്രഹത്താൽ നിന്റെ അടിയാരുടെ അപേക്ഷ കേൾക്കണമേ.

മഹത്ത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മശിഹാ! നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹ പരമായ രണ്ടു ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമേ.

കർത്താവേ! നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമേ; നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകൾ ഒക്കെയും നിന്റെ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ. നിന്റെ നിരപ്പ് ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും ഉണ്ടാക്കണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും, നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ! ഞങ്ങളുടെ കടങ്ങൾക്കു പരിഹാരമുണ്ടാക്കി, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.



(ക്രോബേന്മാരുടെ സ്തുതിപ്പ്)

+ കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. + കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. + കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നെന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ. വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ. വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു. നീ എന്നെന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ! നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

**(വിശ്വാസപ്രമാണം, കുക്കിലിയോൻ, ഹൂത്തോമോ)**

# തിങ്കളാഴ്ച രാത്രി

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**പ്രാരംഭപ്രാർത്ഥന**

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ! നിന്റെ ഉണർവ്വിനെ സ്തോത്രം ചെയ്യുവാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായി മരണവും നാശവുമാകുന്ന ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമേ! സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയമാലാഖമാരുടെ മഹത്ത്വമുള്ള വൃന്ദങ്ങളോടൊരുമിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എപ്പോഴും എന്നേക്കും നിന്നെ സ്തുതിച്ചു വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

**(മസുമൂറാകൾ-133, 118, 116)**

ബാറെക്മോർ. രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

ബാറെക്മോർ. ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ.



ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും.

കർത്താവേ! എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കുകയും, നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കുകയും ചെയ്യണമേ. എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കുകയും, നിന്റെ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമേ.

എന്റെ നാവ് നിന്റെ വചനം ഉച്ചരിക്കും. എന്തെന്നാൽ നിന്റെ കൽപ്പനകളെല്ലാം നീതിയോടുകൂടിയവയാകുന്നു.

നിന്റെ കൽപ്പനകൾ എന്നെ നീ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിന്റെ സ്തുതികൾ ഉച്ചരിക്കും. നിന്റെ കൽപ്പനകളിൽ ഞാൻ ഇഷ്ടപ്പെടുന്നതിനാൽ നിന്റെ കൈ എന്നെ സഹായിക്കണമേ.

എന്റെ ആത്മാവ് നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു. നിന്റെ വേദപ്രമാണം ഞാൻ ധ്യാനിച്ചു. എന്റെ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യണമേ.

കാണാതെപോയ ആട് പോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമേ. എന്തെന്നാൽ നിന്റെ കൽപ്പനകളൊന്നും ഞാൻ മറന്നില്ല.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ; എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

## എനിയോനൊ

(ബ് ലിലിയോശാത്തീകീൻ)

നാൽപ്പതുനാൾ ചെന്നാൻ-നിനുവ നശിച്ചീടും
ഏവം നിബിനാദം-നിനുവാപുരി കേട്ടു.
നിനുവ നശിച്ചിടുമെ-ന്നവനുദ്ഘോഷിക്കേ
ആ ശബ്ദം വലുതാം-കോട്ടയിലല തല്ലി
അനുതാപത്തോടെ-നഗരം പ്രാർത്ഥിച്ചു
താണെത്തി കരുണ-സ്തോത്രം പാടി ജനം
കുഞ്ഞുങ്ങൾക്കെല്ലാം-സ്തന്യം രോധിച്ചു
പാണിഗ്രഹണക്കാർ ഭൂഷകൾ വേറാക്കി
നൃപനും പ്രജകൾക്കും-നേതാക്കന്മാർക്കും
ചാരം പരിമളമായ്-രട്ടുടുതുണിയായി.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

കാരുണ്യം നിറയും-താതന്നും സുതനും
പുണ്യം നൽകീടും-റൂഹായ്ക്കും സ്തോത്രം.

കുറിയേലായിസ്സോൻ. കുറിയേ ... കുറിയേ ...

## എക്ബോ

(അയ്നവുദ്നാഗീറെ)

നിസ്തുലമാകും കൃപയാൽ
വൻ കോപത്തിൽനിന്നും
നിനുവയെ സംരക്ഷിച്ച
നിൻ കൃപ സംസ്തുത്യം.

കുറിയേലായിസ്സോൻ. കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ...



## കോലോ

(സൊഹദൗ ആത്തൂൻ)

നിനുവാർപ്പിതമാം-യാചനയോർത്താൽ
അതിവേദനയാൽ-സങ്കടസമ്പൂർണ്ണം
അരചരനൊടൊപ്പം-ജനമൊന്നാകെ
ചാക്കു ധരിച്ചു-പൂഴി പൊഴിച്ചേവം
മുറവിളി കൂട്ടി-കർത്താവേ! ശിക്ഷിക്കരുതേ
ശാസി-ക്കരുതേ കോപത്താൽ.

ബാറെക്മോർ. ശുബഹൊ ...

നിനുവയൊടീശൻ-കോപിച്ചെന്നാ
യോനാ ചൊല്ലി-കേട്ടു വൻ നഗരം
ശിൽപ്പാൽ ഭൂഷിത-പുരിയും ജനവും
മാഞ്ഞീടുമെന്നോർ-ത്തേവം വിലപിച്ചാർ.
കർത്താവേ! നി-ന്നവകാശത്തിൽ കനിവോടീ
അജവൃ-ന്ദത്തെ കാക്കണമേ.

മൊറിയോ...

## മദറോശൊ

(അയ്നവുദ്നാഗീറെ-ദാവീദിൻ മകൾ കന്നി)

*ഊനീസൊ:* നിസ്തുലമാകും കൃപയാൽ
വൻ കോപത്തിൽനിന്നും
നിനുവയെ സംരക്ഷിച്ച
നിൻ കൃപ സംസ്തുത്യം.

കരുണയെഴും താതൻ-കരുണാ സമ്പന്നൻ
കാരുണ്യം കാട്ടും-മുക്ത്യാ ശിക്ഷിക്കും
താങ്ങാൻ-വന്നെത്തും-ചെയ്യും കാരുണ്യം.

നീതിയിൽ മുൻകണ്ടു-നീയനുതാപത്തെ
കൃപയാൽ കോപത്തീ-ന്നവരെ രക്ഷിച്ചു
ഇവ രണ്ടാൽ നരരിൽ-നീ ദയ കാണിച്ചു.

യോനയിൽ വിശ്വാസം പൂണ്ടനുതാപത്താൽ
പ്രീണിപ്പിച്ചു നിൻ-നീതിയെ നിനുവാക്കാർ
അവരെ നിൻ ചിറകിൻ മറവിൽ രക്ഷിച്ചു.

വിശ്രുതയാം നിനുവ-കോപത്തെ നേർക്കാൻ
താപക്കണ്ണീരാം-തോൽക്കാത്തായുധവും
ഏന്തി പ്രലപിച്ചു മുക്തിക്കായ് കെഞ്ചി.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

ദൈവത്തിൻ വൻ വിസ്മയചരിതം കീർത്തിച്ചീടാൻ
മന്നൻ ദാവീദന്നടുരാവിൽ ചേലൊടുണർന്നാൻ.
ദാവീദിൻ സങ്കീർത്തനമാത്മപ്രേരിതനായി
ബോധജ്ഞാനീ ഇന്നടുരാവിൽ പാടുക നീയും.

നീ പകൽ നാഥാ! ഞാനതിനാലെ ശോഭിക്കേണം
നിൻ കൃപ കാണാനെന്നുടെ മിഴികൾക്കേകുക ദീപ്തി.
ലൗകികമാർഗ്ഗം കഷ്ടപ്പാടാൽ സങ്കടപൂർണ്ണം
നീ പകലല്ലോ, നിന്നിൽ നടപ്പോനിടറുകയില്ല.

ദേവാ ദേവാ! ഉത്തരമരുളി കാരുണ്യം ചെയ്-
തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.



**രണ്ടാം കൗമാ**

+ കർത്താവിന്റെ ബഹുമാനം ...

**എക്ക്ബൊ**

(മൗദ്യോനെ)

തിന്മകളിൽനിന്നും നിനുവക്കാരെ
നന്മയിലാക്കിയവൻ ധന്യൻ താൻ.
കുറിയേലായിസ്സോൻ .കുറിയേ ... കുറിയേ ...
ഞങ്ങളുടെ കർത്താവേ ...

**കോലോ**

(ലോക്ക് മൊറിയോ കോറേനാൻ)

പ്രാർത്ഥനയും നോമ്പും കൈക്കൊണ്ടു-ടയോൻ നാഥൻ
ന്യായത്തീർപ്പും കോപവുമൊഴിവാക്കീ-ടുന്നതിനായ്
ആ നിനുവ മഹാനഗരത്തിലെ-ആളുകളൊന്നി-
ച്ചേകധ്വനിയൊടു നീതിസമക്ഷം ഹാ-വിലപിച്ചു.
നിനുവയുടെ-പ്രാർത്ഥന കേട്ടോനേ!
നിൻ ദാസർ-ക്കുത്തരമരുളണമേ.
ഞങ്ങടെ നോമ്പും പ്രാർത്ഥനയും കൈക്കൊ-ണ്ടലിയണമേ.

ബാറെക്മോർ. ശുബഹൊ ...

വിശ്വാസത്യാഗികളാമാ-നിനുവായക്കാർ
യൗനാൻതൻ വചനത്താൽ പശ്ചാത്താപം പൂണ്ടു
രാവും പകലും ഗ്രന്ഥങ്ങളുണ-ർത്തിച്ചീടും
ഞങ്ങടെ ഡംഭും കാഠിന്യവു-മേറ്റം പെരുകുന്നു.
ഹൃദയത്തിൽ-പരിവർത്തനമില്ല
നീതിയതിൽ-ഭീതിയുമില്ലേതും
ഞങ്ങടെ ദുഷ്കർമ്മങ്ങൾ വഹി-ക്കുന്നോൻ വാഴ്വുടയോൻ.

മൊറിയോ...

**മദറോശൊ**
(മൗദ്യോനെ)

***ഊനീസൊ:*** **തിന്മകളിൽനിന്നും നിനുവക്കാരെ**
**നന്മയിലാക്കിയവൻ ധന്യൻ താൻ.**

ഇക്കോപത്തിനു മൂലം-മൂഢതയാ-
ണെന്നോർത്തിട്ടാ നിനുവാ-ഭൂപൻ
നോമ്പിൽ തന്നെ ശരണം കണ്ടെത്തി
ദുഷ്ടത നിർമ്മൂലം-മായിച്ചു
താപം മൂലം തൻ-കോപം നീങ്ങി
കർത്താവാശ്വാസം-പ്രാപിച്ചു.

കാരുണ്യത്താൽ ശിക്ഷ-യൊഴിച്ചോനെ
നിനുവാ പൗരന്മാർ-കൊണ്ടാടി
എന്നും മേന്മേൽ ക്ഷോഭി-ച്ചൊരു ദുർഗ്ഗം
കർത്താവിനെ ഒന്നായ്-കീർത്തിച്ചു.
അൻപോടഭ്യർത്ഥന കൈ-ക്കൊണ്ടോനാം
ദൈവത്തെ പുരി പാരം വാഴ്ത്തി.

ഒന്നായ് യുവജനവും വൃദ്ധന്മാരും
നോമ്പേറ്റത്യന്തം-മാലോടും
വേദനയോടും തേങ്ങി-കേഴുന്നു
കൈവിട്ടീടാത്തോനാം-ദൈവം
യാചനകൾക്കെല്ലാമുത്തരമരുളി
തൻ കോപത്തെ ദൂ-രത്താക്കി.

മൊറിയോ...



**ബോവൂസോ**
(മാർ അപ്രേം)

ആർദ്രത തോന്നണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളുമേ
മോചനവും കൃപയും വാഴ്വും
നിന്നറയീന്നേകണമേ.

പ്രാർത്ഥിപ്പാൻ നീ നിൽക്കുമ്പോൾ
സന്താപത്തോടേകാഗ്രം
ചിന്തകളെ കടിഞ്ഞാണിട്ട്
ചിത്തത്തിൽ നിർത്തീടേണം.

നിൻവായ് ധൂപത്തിൻ കലശം
നിന്നധരം ധൂപം ഹൃദ്യം
ദൈവത്തെ പ്രീണിപ്പിക്കും
നാവോ ശുശ്രൂഷക്കാരൻ.

പ്രാർത്ഥന കേട്ടീടുന്നോനേ!
യാചന നൽകീടുന്നോനേ!
പ്രാർത്ഥന കേട്ടു നിരന്നൻപാൽ
യാചനയെ നൽകീടേണമേ.

**മൂന്നാം കൗമാ**

\+ കർത്താവിന്റെ ബഹുമാനം ...

**എക്ക്ബൊ**
(ആബൊക്സബ് വൊ)

എന്നെയുണർത്തി ദുർലോകം തൽക്കാര്യം ഭയമോടോതാൻ
മലിനതയും പാരം-ഹീനതയും പാർത്തേൻ
ലോകസ്നേഹത്തിൽ മുങ്ങി വഴി വിട്ടോർക്കയ്യോ നാശം.
കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...
ഞങ്ങളുടെ കർത്താവേ ...

**കോലോ**

(കൂക്കോയൊ)

ആരും കാണാതുടയോനേ!-ഞാൻ പാപം ചെയ്വൂ
അന്യന്മാർ കണ്ടെന്നാകിൽ-ലജ്ജിച്ചീടും ഞാൻ.
എൻ പാപങ്ങൾ-നേരേ കാണ്മോനാം
നിന്നെ അയ്യോ-പേടിക്കുന്നില്ല.
വിധനാഥന്മാർക്കെല്ലാർക്കും-വിധിനാഥൻ ദേവാ!
മൃത്യുവിലും ജീവനിലും ഞാൻ-തൃക്കൈയിൽത്തന്നെ.
ഹാലേലൂയ്യാ കനിവാൽ കൃപ ചെയ്ക.
ബാറെക്മോർ. ശുബഹൊ ...

സ്വർഗ്ഗപിതാവേ! നിൻ മക്കൾക്കുത്തരമരുളേണം
തുണ ചെയ്വാൻ പോരുന്നോനായ്-താതൻ മറ്റില്ല
തിരുവുള്ളത്താൽ-ഞങ്ങളെ നിർമ്മിച്ചു
മായിക്കരുതേ-തിരുവുള്ളക്കേടാൽ
പാലിച്ചങ്ങനെ സത്ക്രിയയാൽ-തിരുഹിതമാർജ്ജിപ്പാൻ
നിൻ കല്പനകളെ എൻ നാഥാ! ശീലിപ്പിക്കേണം.
ഹാലേലൂയ്യാ കൃപ ചെയ്യുക നാഥാ!
മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ-നിൻ വിധിദിവസത്തിൽ.

ആർത്തന്മാർ വാതിൽ-മുട്ടുന്നു കൃപാലോ!
കനിവോടർത്ഥനകൾ-ക്കുത്തരമരുളണമേ.

വാനവനാം താതാ! യാചിക്കുന്നടിയാർ
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നേണം.

വാനവർ തന്നീശാ! മാനവർ തൻ ഗതിയേ!
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നേണം.



ഹാലേലൂയ്യാ ഉ ഹാലേ ... ഉ ഹാലേ ... ദൈവമേ! നിനക്കു സ്തുതി.

(മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരയ്ക്കണം)

കരുണയുള്ള ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമേ. മൊറിയോ...

**(148, 149, 150 മസുമൂറാകൾ)**

**ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ.**

ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവന്റെ സകല ദൂതന്മാരുമേ! അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ! അവനെ സ്തുതിപ്പിൻ.

ആദിത്യചന്ദ്രന്മാരേ! അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ! അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതേയുള്ള വെള്ളങ്ങളുമേ! അവനെ സ്തുതിപ്പിൻ; അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു; അവ ഉണ്ടായി. അവൻ കല്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, നിയമം നിശ്ചയിച്ചു; അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ചവെള്ളവും, ഹിമവും, അവന്റെ വചനപ്രവൃത്തിയായ കാറ്റുകളും, കൊടുംകാറ്റുകളുമേ! കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളുമേ! കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും, സകല ന്യായാധിപന്മാരും, ശിശുക്കളും, കന്യകമാരും, വൃദ്ധന്മാരും, യൗവ്വനക്കാരും കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവന്റെ നാമം മാത്രം വലിയതാകുന്നു. അവന്റെ മഹത്ത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തന്റെ ജനത്തിന്റെ കൊമ്പും, തന്റെ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽമക്കൾക്കും മഹത്ത്വവും ഉയർത്തുന്നു.

കർത്താവിന് പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവന്റെ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവനു പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും; അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്ക് പ്രതിക്രിയയും, ജനത്തിന് ശാസനയും



കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾകൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾകൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവന്റെ സകല നീതിമാന്മാർക്കും മഹത്ത്വമുണ്ടാക്കുവാനും അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും, വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ ... മെന്ഓലം ...

**ത്രിത്വത്തിന് സ്തുതി. ത്രിത്വത്തിന് സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.**

**കോലോ**

(സൊഹദെആപ്പീസുനോയ്)

ദുരിതം നിറയും കുഴിയീന്നും
നാശത്തിൻ മലിനതയീന്നും
പുറമേ തിങ്ങിടുമിരുളീന്നും-നാഥാ! രക്ഷിക്ക
വിധിദിവസത്തിൽ സഹദേന്മാർ
ജയമകുടം നേടീടുമ്പോൾ
സ്തുതി പാടണമവരോടൊന്നി-ച്ചടിയാർ മണവറയിൽ.

ബാറെക്മോർ. ശുബഹൊ ...

സുകൃതികളെപ്രതിയല്ലോർത്താൽ
പാപികളനുതാപികളാകാൻ
ഞാനാഗതനായെന്നേവം-കർത്താവുര ചെയ്താൻ
നാഥൻ വാതിൽ തുറന്നേറ്റും
പാപികളേ! ശരണം തേടിൻ
പാപിക്കയ്യോ മൃതി വരുവാനുടയോനില്ലിഷ്ടം.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

നാഥാ വേർപെട്ടകലത്തായ് ഞാൻ പോയീടല്ലേ
കാരുണ്യത്താലേറ്റീടണമേ എന്നെയുള്ളിൽ.
എന്നെ പാപം മറവിൽ ക്രൂരം മുറിവേൽപ്പിച്ചു
വേദന മാറ്റാനെന്നെ ജ്ഞാനീ! ശുശ്രൂഷിക്ക.



അയ്യയ്യോ ദുഷ്ടാത്മാവെന്നെ വലയിൽ വീഴ്ത്തി
നാഥാ! എന്നെ അക്കെണി നീക്കി കാത്തീടേണം.
നേരാം മാർഗ്ഗം വിട്ടോരാടിനെ നല്ലിടയാ നീ
ഘാതകനാകും ദുഷ്ടനിൽ നിന്നും പാലിക്കേണം.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

**മാലാഖമാരുടെ സ്തുതിപ്പ്**

(അകമോ ദമുശബഹീൻ മാലാഖേ)

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ സ്തുതിക്കുന്നതുപോലെ, ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ചു പറയുന്നു.

കാലമൊക്കെയിലും, നേരമൊക്കെയിലും, ഉയരങ്ങളിൽ ദൈവത്തിന് സ്തുതിയും, ഭൂമിയിൽ സമാധാനവും നിരപ്പും, മനുഷ്യമക്കൾക്ക് നല്ല ശരണവും (ഉണ്ടായിരിക്കട്ടെ).

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയരാജാവും സ്രഷ്ടാവുമാകുന്ന ദൈവമായ കർത്താവും, യേശുമശിഹായാകുന്ന ഏകപുത്രനായ ദൈവമായ കർത്താവും, പരിശുദ്ധറൂഹായുമാകുന്ന നിന്നെ നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും, വചനവും, ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

പിതാവിന്റെ വലതുഭാഗത്ത് മഹത്ത്വത്തോടിരിക്കുന്നവനേ! ദയ തോന്നി ഞങ്ങളോട് കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവാം ദൈവത്തിന്റെ മഹത്ത്വത്തിന് വിശുദ്ധറൂഹായോടു കൂടെ യേശൂമശിഹാ! നീ മാത്രം കർത്താവാകുന്നു.

എല്ലാ കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ ഞങ്ങൾ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതും എന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്ത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും, സത്യത്തിന്റെ പിതാവുമായവനേ! നിനക്കും, ഏകപുത്രനും, ജീവനുള്ള വിശുദ്ധറൂഹായ്ക്കും, ഇപ്പോഴും, എല്ലാ സമയത്തും എന്നേക്കും പുകഴ്ച ചേർച്ചയാകുന്നു. ആമ്മീൻ.

മോറാൻ യേശൂമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നുവെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ പക്കൽ നിന്നെ ഇറക്കി. ഞങ്ങളോടു കരുണയുണ്ടാകണമേ.

**കൗമാ**



# തിങ്കളാഴ്ച പ്രഭാതം

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

## സ്ലൂസൊ

**(51-ാം മസുമൂർ)**

ദൈവമേ! നിന്റെ കൃപ പോലെ എന്നോടു കരുണ ചെയ്യണമേ; നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി, എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ; എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു; എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരെയുമിരിക്കുന്നു.

നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു; പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാ കൊണ്ട് എന്റെ മേൽ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമേ; ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് നിന്റെ തിരുമുഖം തിരിച്ച്, എന്റെ അതിക്രമങ്ങൾ ഒക്കെയും മായിക്കണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. നിന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ; നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്ത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല; ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ. അപ്പോൾ നീതിബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ (ബലിയായി) കരേറും.

ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...



കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ.

മൊറിയോ...

### 63-ാം മസുമൂർ

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു; ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ചു വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമി പോലെ, എന്റെ ആത്മാവ് നിന്നെക്കുറിച്ചു ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും നിന്റെ ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനെക്കാൾ നല്ലതാകുന്നു; എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സുംകൊണ്ടെന്നപോലെ പുഷ്ടിയാകും; എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ മഹത്ത്വപ്പെടുത്തുകയും ചെയ്യും.

എന്റെ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു; രാത്രി കാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് നിന്നെ പിന്തുടർന്നു; നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിക്കുന്നവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും.

അവർ വാളിന് ഏല്പിക്കപ്പെടുകയും, കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും; രാജാവ് ദൈവത്തിൽ സന്തോഷിക്കും.

അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും; എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

**എനിയോനൊ**

(ഹൌദ്ഉഹാദോനൊ)

നോമ്പാൽ പ്രാർത്ഥനയാൽ-ചുടുകണ്ണീരാൽ
നിനുവാക്കാരെ കനിവോടെ
രക്ഷിച്ചോനാമുടയോനേ!
നിൻ മുൻ വന്നേൻ കൃപ ചെയ്കെന്മേൽ.

ദേവേശാ! മശിഹാ! സങ്കടപൂർവ്വം
കെഞ്ചിയ നിനുവാ വാസികൾതൻ
വിധിയെ മുറ്റുമഴിച്ചോനേ!
നിൻ മുൻ വന്നേൻ കൃപ ചെയ്കെന്മേൽ.

കട പാപങ്ങൾതൻ-തിരമാലകളിൽ
മുങ്ങിപ്പോയോൻ നിനുവക്കാ-
രെന്നോണം താപത്തോടെ
പിഴകൾക്കായ് പ്രാർത്ഥിക്കട്ടെ.

ജാതികളേ! വരുവിൻ-നിനുവക്കാരെ
പോലെ മോചനമാർജ്ജിപ്പാൻ
നാഥനെ നമ്മൾക്കും വാഴ്ത്താം.
നിൻ മുൻ വന്നേൻ കൃപ ചെയ്കെന്മേൽ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...



പാതകിയപഥം വി-ട്ടനുതാപത്താൽ
രക്ഷയെ നേടാനല്ലാതെ
തൻ മൃതി ഇച്ഛിക്കാത്തവനേ!
നിൻ മുൻ വന്നേൻ കൃപ ചെയ്കെന്മേൽ.

കുറിയേലായിസ്സോൻ.

**(19-ാം മസുമൂർ)**

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു; പകൽ പകലിന് വാക്കിനെ ഉച്ചരിക്കുന്നു, രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല; വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യന്റെ മേൽ അവന്റെ കൂടാരം അടിച്ചു; അത് തന്റെ മണവറയിൽനിന്ന് പുറപ്പെടുന്ന മണവാളൻ എന്നപോലെ ആകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ അറ്റങ്ങളിൽനിന്ന് അതിന്റെ പുറപ്പാടും, ആകാശത്തിന്റെ അറുതികളിന്മേൽ അതിന്റെ താങ്ങലും ആകുന്നു. അതിന്റെ ആവിയിൽ നിന്ന് മറവായിരിക്കുന്നത് (ഒന്നും) ഇല്ല.

കർത്താവിന്റെ വേദപ്രമാണം കറ ഇല്ലാത്തതും, ആത്മാവിനെ തിരിക്കുന്നതും ആകുന്നു. കർത്താവിന്റെ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ളവരാക്കുന്നതും ആകുന്നു. കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും, ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും, കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും, എന്നേക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിന്റെ ന്യായവിധികൾ സത്യമായിട്ടുള്ളവയും, സകലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തെക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കത്തക്കവയും, തേനിനെക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയും ആകുന്നു.

അത്രയുമല്ല തന്റെ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായങ്ങളിൽനിന്ന് നിന്റെ ദാസനെ തടയണമേ. എന്റെ സഹായക്കാരനും എന്റെ രക്ഷിതാവുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ നിന്റെ ഇഷ്ടപ്രകാരവും, എന്റെ ഹൃദയത്തിലെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കണമേ. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ ... മെന്ഓലം ...



**എനിയോനോ**

(സോവോയൗസേപ്പ് - അഖിലാണ്ഡത്തെ)

സഹജമതായ് കൃപയുള്ളോനേ
പരിമിതിയില്ലാതത്യധികം
നേരും കരുണയുമുള്ളോനേ!
സകലാധിപനാമുടയോനേ!
സ്ലീബായാൽ സംരക്ഷിതരാം
അജവൃന്ദത്തിൽ കനിയണമേ
സ്തുതിയോടവർ തിരുമുമ്പാകെ
നന്ദി സമർപ്പിച്ചീടുന്നു.

നിനുവപുരത്തിന്നനുതാപം
സൃഷ്ടിഗണങ്ങൾക്കാദർശം
പ്രീതിയടഞ്ഞോനാം ദൈവം
വിധിയെ മുറ്റും മായിച്ചു.
അതിനെ കരളലിവാൽ താങ്ങി
സുതരിൽ ശാന്തത നിവസിച്ചു.
മുട്ടുന്നോർക്കായ് വാതിൽ തുറ-
ന്നീടും നല്ലോൻ സംസ്തുത്യൻ.

മായാസരണിയിലൂടാടി
സത്യപഥത്തെ വിട്ടോളാം
വീരന്മാരുടെ പത്തനമാം
നിനുവയെ മനുജസ്നേഹി നീ
പാപത്തിന്നോഹരിയാവാൻ
നൽകിക്കൊണ്ടില്ലനുവാദം
നിന്നെ നമ്പുകയാൽ കൃപയാൽ
നാശത്തീന്നതിനെ വീണ്ടാൻ.

മീനിന്നുള്ളിലിരുന്നോനാം
യോനാതൻ പ്രാർത്ഥന കേട്ടു
നിനുവാപുരിയെ കോപത്തിൽ
നിന്നും സംരക്ഷിച്ചതുപോൽ
തിരുരക്തത്താൽ വാങ്ങപ്പെ-
ട്ടോർതൻ പ്രാർത്ഥന കൈക്കൊൾക
നോമ്പിൽ പ്രീതിയടഞ്ഞലിവാൽ
അവരുടെ പിഴകൾ മായിക്ക.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

ദർശകനോതിയ നാശത്തിൽ
സംശയലേശം കൂടാതെ
രാജാവും പ്രമുഖന്മാരും
കോട്ടയിലുള്ളോരേവരുമേ
പശ്ചാത്താപത്താൽ കണ്ണീ-
രത്യന്തം പ്രവഹിപ്പിച്ചു.
അൻപുടയോനാം നാഥനിൽ നി-
ന്നൻപും ക്ഷമയും പ്രാപിച്ചാർ.

കുറിയേലായിസോൻ.

**(ഏശായാ 42:10-13; 45:8)**

കർത്താവിന് ഒരു പുതിയ പാട്ടും, അവന്റെ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽനിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും, ദ്വീപുകളും, അവയിൽ കുടിയിരിക്കുന്നവരുമേ! (കർത്താവിന് പാടുവിൻ).

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ, കാദോർ മേച്ചിൽസ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽ നിന്ന്



ആർത്തുകൊള്ളട്ടെ. കർത്താവിന് മഹത്ത്വം കൊടുക്കുകയും, അവന്റെ സ്തുതികളെ ദ്വീപുകളിൽ അറിയിക്കുകയും ചെയ്യട്ടെ.

കർത്താവ് പരാക്രമി എന്നപോലെ പുറപ്പെടും. അവൻ യോദ്ധാവ് എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്ത് പ്രബലപ്പെട്ട് തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളേ! മേലിൽനിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ച് മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ ... മെന്ഓലം ...

**എനിയോനൊ**

(ലഹൗദത്ത്ഈനൊ-യൂദന്മാർ കുരിശിൻ തൂക്കി)

കോപം വാതിൽക്കൽ നിൽക്കു-
ന്നെന്നേവം ഘോഷിച്ചീടാൻ
വിട്ടാൻ നിനുവപുരത്തിന്നായ്
നാഥൻ യൌനാൻ ദർശകനെ
ഹാലേ ... ഉ ഹാലേലുയ്യാ.

സർവ്വേശൻതൻ മൊഴിയിലവി-
ശ്വാസം പൂണ്ടോനാം യോനാ
വീരൻതൻ സന്നിധിയിൽ നി-
ന്നലയാഴിയിലേക്കോടിപ്പോയ്.
ഹാലേ ... ഉ ഹാലേലുയ്യാ.

യോനാ കപ്പലിലേറി കീഴ്-
ത്തട്ടിൽ സുഖനിദ്രയിലാണ്ടാൻ.
ഉടയോൻ വിട്ട കൊടുങ്കാറ്റിൽ
കടലൊന്നാകെ ക്ഷോഭിച്ചു.
ഹാലേ ... ഉ ഹാലേലുയ്യാ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

കപ്പൽക്കാരഥ കുറിയിട്ടു
യോനാ ബഹുമാനിച്ചോനാം
അഖിലാധീശൻ തൻ കൈയാൽ
മത്തായ്പുത്രനു കുറി വീണു
ഹാലേ ... ഉ ഹാലേലുയ്യാ.

ആമ്മീൻ.

**(മസുമൂർ 113: 1–9)**

പ്രകാശത്തിന്റെ സ്രഷ്ടാവിന് സ്തുതി; കർത്താവിന്റെ ഭൃത്യന്മാരേ! സ്തുതി പാടുവിൻ; നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമയം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേൽ ഉന്നതനും തന്റെ മഹത്ത്വം ആകാശങ്ങൾക്കു മീതേയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും, ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോട് സദൃശൻ, ആകാശത്തിലും ഭൂമിയിലും ആരുള്ളൂ?



അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽനിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു ബാറെക്മോർ.

ശുബഹോ ... മെന്ഓലം ...

**എക്ക്ബൊ**

(ലകോലൊദ് ശുബഹൊ-ബ്തറവോക് മോറാൻ)

നാഥാ! ദൂതസ്തുതിനാദത്താൽ നിൻ സ്തുതി പാടാൻ
പുലരിയലെന്നെ ഉണർത്തേണം
നിന്നെ വാഴ്ത്താനെന്നധരങ്ങളെയങ്ങുതുറന്നേൻ
ചെയ്യുക കൃപ നാഥാ!-ദേവാ!

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

**പ്രുമിയോൻ, സെദറാ**

**കോലോ**

(സൊഹദെ ആപ്പീസുനോയ് – അബ്രാഹം ബലി ..)

ഇഷ്ടികയെന്യേ വാരിധിയിൽ
കെട്ടിയ പാർപ്പിടമൊന്നിലഹോ
മത്തായ് പുത്രൻ നീതിപരൻ യോനാ കുടികൊണ്ടു
എന്നൊടു കൃപ ചെയ്തഖിലേശാ!
പിഴകൾ പൊറുക്കണമെന്നേവം
പാടി-തേനിൻ മധുരിമയെ-വെല്ലും സ്വരമൊടവൻ.

ബാറെക്മോർ. ശുബഹൊ ...

യോനാനിബിയെ വിളിച്ചുടയോൻ
വരുവാനുള്ളൊരു കോപത്തെ
നിനുവാ-നഗരനിവാസികളെ-അറിയിപ്പാൻ വിട്ടു

വചനം കേട്ടൊരു നിനുവക്കാർ
പശ്ചാത്താപം പ്രാപിച്ചു
ശരണം-പൂണ്ട ജനത്തിന്മേൽ-ദൈവം കൃപ ചെയ്തു.

മെന്ഓലം ...

നശ്വരമാം ലോകത്തെക്കാൾ
അസ്ഥിരസമ്പാദ്യത്തെക്കാൾ
ദൈവ-ത്തെ തൻ സ്നേഹിതനായ് നേടുന്നോൻ ധന്യൻ
വാഴ്‌വിൽ കൂടെ വസിക്കുന്നോൻ
മരണത്തിൽ കൈവെടിയാത്തോൻ
ദൈവം-വിധിയിൻ ദിവസത്തിൽ-കനിവും കാട്ടീടും.

മൊറിയോ...

**എത്രൊ**

**കോലോ**

(കൂക്കോയൊ)

യോനാ കുടിലിലിരുന്നുംകൊ-ണ്ടപ്പുരിയെ നോക്കി
നിനുവാപുരി കൃപ ചെയ്തീടാൻ-ദൈവത്തെ നോക്കി
നാളുകളെല്ലാം-തീരാറായപ്പോൾ
ജനമന്യോന്യം-നൽകി സമാധാനം
പുരുഷന്മാരും നാരികളും-ബാലകരും കേണു
ആ മുറവിളി സ്വർഗ്ഗം പൂകി-പ്രീതനതായ് ദൈവം.
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

ബാറെക്മോർ. ശുബഹൊ ...

കുടിലിലിരിക്കും നിബി യോനാ-ചാവാനിച്ഛിച്ചു
നാൽപ്പതു ദിവസം നോമ്പേൽപ്പാൻ-നിനുവക്കാർ നേർന്നു
പുരിയുടെ നാശം-കാണ്മാൻ യോനായും
ദൈവകൃപയ്ക്കാ-യപ്പുരിയും നോക്കി



അക്കണ്ണീർ കയറിച്ചെന്ന്-കാരുണ്യമിറക്കി
ഉത്തരമരുളിയൊരുടയോനേ! സദയം കൃപ ചെയ്ക.
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

മെന്ഓലം ...

സ്വർഗ്ഗപിതാവേ! നിൻമക്കൾ-ക്കുത്തരമരുളേണം
തുണചെയ്‌വാൻ പോരുന്നോനായ്-താതൻ മറ്റില്ല
തിരുവുള്ളത്താൽ-ഞങ്ങളെ നിർമ്മിച്ചു
മായിക്കരുതേ-തിരുവുള്ളക്കേടാൽ
പാലിച്ചങ്ങനെ സൽക്രിയയാൽ-തിരുഹിതമാർജ്ജിപ്പാൻ
നിൻ കൽപ്പനകളെ എൻനാഥാ!-ശീലിപ്പിക്കേണം
ഹാലേലൂയ്യാ കൃപചെയ്യുക നാഥാ!

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

കർത്താവേ! നിന്നാർദ്രത നിറയും വാതിൽ തുറന്നീ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.
മേലുള്ളോർതൻ കോപം നിനുവേ! വന്നിങ്ങെത്തി
കോട്ട നശിക്കും കൊത്തളവും നിർമ്മൂലം വീഴും.
എന്നിൽ പാപമതാവി കണക്കേ പൊങ്ങീടുന്നു
ഏറുന്നു ദൈവത്തിൻ കോപം നിൻ പാപത്താൽ.
നിന്നവസാനം വന്നെത്തും പുകൾ പൊങ്ങും നിനുവേ!
വീഴും നിന്നിൽ വാഴുന്നോർ, നീ ശാപം പൂണ്ടോൾ
ഉത്തമനാഥാ! നിനുവയോടാർദ്രത കാണിച്ചോനേ
യാചിച്ചിടുമിടവകയോടാർദ്രത കാണിക്കേണം.
നീക്കീടേണം ശിക്ഷകളെല്ലാം കോപത്തിന്റെ
മേന്മേൽ ശാന്തത മക്കളിൽ വർദ്ധിപ്പിച്ചീടേണം

അഹിതന്മാർ തൻ തർക്കത്തീന്നും കാത്തീടേണം
കീർത്തിക്കട്ടെ എപ്പോഴുമതു നിൻ ദൈവത്വത്തെ.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം

**(പഴയനിയമം,ശ്ലീഹാവായനകൾ ഏവൻഗേലിയോൻ)**

**(പ്രഭാതസ്തുതിപ്പ്)**

അഖിലേശാ! യോഗ്യത നൽകണമേ നിൻ വരദാനത്താൽ
പാപം കൂടാതിന്നീയടിയാർ നീതിയിൽ നിവസിച്ചീടാനായ്
വാഴ്വുടയോനേ! താതന്മാർ തൻ നാഥാ!
ദേവേശാ! തിരുനാമം സ്തോത്രാർഹം.
കീർത്തന യോഗ്യം താനെപ്പൊഴുമാമ്മീൻ.

നീ മാത്രം ശരണം നാഥാ!
ഞങ്ങളൊടാർദ്രതയും കനിവും തോന്നേണം
വാഴ്വുടയോനേ! കാട്ടിത്തന്നീടണമേ
ഞങ്ങൾക്കായ് കൽപ്പന തൻ മാർഗ്ഗം.
വാഴ്വുടയോനേ! കാരുണ്യത്താൽ നിൻ
നിയമത്തിൻ വഴി കാണിക്കേണം.
വാഴ്വുടയോനേ! പരിശുദ്ധാ! നേടീടേണം
നിൻ പ്രഭയാൽ പ്രഭ ഞങ്ങൾ.
നിൻ വരമെന്നേക്കും നിലനിൽക്കേണം.
നിൻ കൈപ്പണിയെ കർത്താവേ! കൈവിട്ടീടല്ലേ.

സ്തോത്രം തേ യോഗ്യം
യോഗ്യം മഹിമാവും
കീർത്തനവും യോഗ്യം



ജനകാത്മജ വിമലാത്മാവേ!
സതതം ശാശ്വതമായാമ്മീൻ.

(തോബ്-ലമൗദോയു)

സ്തോത്രം നാഥനു ചെയ്യുവതും
ഉന്നതമാം തിരുനാമത്തിനു പാടുവതും
പുലരും നേരത്തെ കൃപയും-നിശ തന്നിൽ
വിശ്വാസവുമറിയിക്കുവതും യോഗ്യം. + (മൂന്നു പ്രാവശ്യം)

കേൾക്കും നീ പുലരിയിലെൻ നാദം
സന്നദ്ധതയെഴുമെന്നെ പുലരിയിൽ നീ കാണും.

ശുദ്ധൻ നീ ആലോഹോ
ശുദ്ധൻ നീ ബലവാനേ
ശുദ്ധൻ നീ മൃതിഹീനാ

ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപചെയ്യേണം. + (മൂന്നു പ്രാവശ്യം)

നിൻ ജനതയിലലിയുക നാഥാ!
മോചിക്കുക കർത്താവേ! നീ ഞങ്ങടെ പാപം
ചേർക്കുക ഞങ്ങടെ മേൽ നിർമ്മലനേ! നിന്റെ വലംകൈ.

നൽകുക കന്മഷരോഗത്തിന്
തിരുനാമത്താൽ ശാന്തി.

സ്തോത്രം തേ ദേവേശാ!
സ്തോത്രം തേ ദേവേശാ!
സ്തോത്രം ശാശ്വതമാം ശരണവുമേ.

ബാറെക്മോർ.

**(അല്ലെങ്കിൽ)**

സകലത്തിന്റെയും ഉടയവനായ കർത്താവേ! ഇന്നേ ദിവസം പാപം കൂടാതെയിരിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. നീതിയിൽ ഞങ്ങൾ പാലിക്കപ്പെടണമേ.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം എന്നേക്കും പുകഴ്ത്തപ്പെട്ടതും സ്തുതിക്കപ്പെട്ടതും ആകുന്നു. കർത്താവേ ഞങ്ങളുടെ ശരണം നിന്റെ മേൽ ഇരിക്കുന്നപ്രകാരം, നിന്റെ കൃപയും കരുണയും ഞങ്ങളുടെ മേൽ ഉണ്ടായിരിക്കണമേ.

നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കൽപ്പനകളുടെ വഴി ഞങ്ങളെ പഠിപ്പിക്കണമേ.

നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കൃപ കൊണ്ട് നിന്റെ ന്യായപ്രമാണത്തിന്റെ വഴി ഞങ്ങളെ പഠിപ്പിക്കണമേ.

നീ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധനായ കർത്താവേ! നിന്റെ സകല പ്രകാശങ്ങളാലും ഞങ്ങളെ പ്രകാശിപ്പിക്കണമേ.

എന്നേക്കും നിന്റെ കരുണ ഞങ്ങളുടെ മേൽ ഉണ്ടായിരിക്കണമേ. കർത്താവേ! നിന്റെ കൈവേലയെ നീ ഉപേക്ഷിച്ചുകളയരുതേ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ! എന്നേക്കും സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്ത്വം നിനക്കു യുക്തമാകുന്നു. പുകഴ്ച നിനക്കു ന്യായമാകുന്നു. അത് ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും തന്നെ. ആമ്മീൻ.



**(സാധാരണ പ്രഭാതസ്തുതിപ്പ്)**

കർത്താവിനെ സ്തോത്രം ചെയ്യുന്നതും അത്യുന്നതമായ തന്റെ നാമത്തിനു പാടുന്നതും പ്രഭാതകാലത്ത് തന്റെ കൃപയും രാത്രികാലങ്ങളിൽ തന്റെ വിശ്വാസവും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. +

(ഇത് മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരച്ച് കുമ്പിടണം)

കർത്താവേ! പ്രഭാതത്തിൽ എന്റെ ശബ്ദം കേൾക്കണമേ. പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടുമാറാകണമേ.

കർത്താവേ! നിന്റെ ജനത്തോടു കരുണ ചെയ്യണമേ. കർത്താവേ! ഞങ്ങളെല്ലാവരുടെയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമേ. പരിശുദ്ധനായുള്ളോവേ! നിന്റെ വലതുതൃക്കൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗത്തെ സൗഖ്യമാക്കണമേ.

ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങളുടെ ശരണവുമേ! നിനക്ക് സ്തുതി. ബാറെക്മോർ.

## തിങ്കൾ മൂന്നാംമണി

**കൗമാ**

**കോലോ**

(ബ്കോലെദമ് ലേൻ)

സങ്കടകരമാം-യാചനയർപ്പിക്കുന്നു ഞങ്ങൾ
കനിവും പാപവിമോചനവും-നിധിനിലയത്തീ-
ന്നർത്ഥിക്കുന്നു-നിനുവയിലെപ്പോലുത്തമനേ!
യാചനയേറ്റീ-ട്ടരിശത്തെ പിന്മാറ്റണമേ.
ഞങ്ങൾ വിളിക്കുന്നു-കാരുണ്യക്കടലേ!
പരമോത്തമനേ-കൃപ ചെയ്യേണം.

ബാറെക്മോർ. ശുബഹൊ ...

നാമെല്ലാരും-യാചനയർപ്പിച്ചി-ട്ടലിവിയലും
നാഥനൊടർത്ഥിച്ചീടേണം-മുട്ടുന്നോർക്കായ്
ദൈവകവാടം-ഹന്ത തുറക്കപ്പെടുമതിനാൽ
മടികാട്ടരുതേ-നിലവിളികൂട്ടിയ നിനുവയർതൻ
യാചനയേറ്റോനാം-മശിഹാ! ദേവേശാ!
ഈ ഞങ്ങളിലും കൃപ ചെയ്യേണം.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

പാലൂട്ടീടുന്നോൻ ശിശുഗണവും പശിയേൽക്കുന്നു
നോക്കിൻ കന്യാഗണവും കാന്തന്മാരും നിൽപ്പൂ
ഭൂഷാജാലം കൂട്ടരിലെങ്ങും കാണ്മാനില്ല
കാന്താവൃന്ദം കാന്തരൊടൊപ്പം കേണീടുന്നു.



ചാരം വാരി തരുണികളെല്ലാം തലയിൽ തൂകി
വീഴ്ത്തി യുവാക്കൾ വദനത്തിൽ കണ്ണീരും മണ്ണും.

നിനുവാക്കാരെ പാലിച്ചോനാം താതൻ സ്തുത്യൻ.
താപത്താലങ്ങവരെ ഏറ്റോൻ പുത്രൻ വന്ദ്യൻ.
താപം പൂണ്ടോരിൽ പ്രീതിയെഴും റൂഹാ സ്തുത്യൻ.
മൂന്നായീടും പരമരഹസ്യപ്രഭവം സ്തുത്യം.
വായും നാവും സർവ്വം തന്നെ എന്നെന്നേയ്ക്കും.
വാഴ്ത്തി കുമ്പിട്ടെന്നേരത്തും കീർത്തിക്കട്ടെ.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

**കൗമാ**

## തിങ്കൾ ആറാംമണി

**കൗമാ**

**കോലോ**

(ലമറിയം യൊൽദാസാലോഹൊ-ദൈവത്തിൻ മാതാ മറിയാ ... )

മാലാൽ നിനുവപുരി കണ്ണീ-രോടർപ്പിച്ചോ-
രനുതാപത്താൽ കൃപ ദൈവം-കാണിച്ചെങ്കിൽ
കുരിശാരോഹണരക്തത്താൽ-താൻ രക്ഷിച്ച
ഇടവകയോടിന്നൻപേറ്റം-കാട്ടും നൂനം.

ബാറെക്മോർ. ശുബഹൊ ...

ഭീകരനിനുവാവിധി നീക്കി-താൻ നല്ലോനാം
ദൈവം തന്നെ എന്നേവം-കാണിച്ചോനേ!
നിരുപമ കാരുണ്യത്താൽ നിൻ-ദാസന്മാരെ
കോപം ദുഷ്ടത ഇവ നീക്കി-കാത്തീടേണം.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

ആർദ്രത തോന്നണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമേ
മോചനവും കൃപയും വാഴ്വും
നിന്നറയീന്നേകീടണമേ.

നിനുവമഹാനഗരത്തീന്നും
നീതിയതാം വിധിയെന്നോണം
വാദം ഭിന്നതയെന്നിവയെ
നിൻ സഭയീന്നും മായിക്ക.

താതസുതാമലറൂഹായാം
സത്യൈകൻ സർവ്വാധീശാ!
നിന്നാടുകളോടൻപുണ്ടായ്
യാചനകൾ നൽകീടണമേ.

പ്രാർത്ഥന കേട്ടീടുന്നോനേ!
യാചന നൽകീടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ.

**മാർ സേവേറിയോസിന്റെ മാനീസ**

(നിന്നെ പ്രസവിച്ച മാതാവിന്റെയും നിന്റെ പരിശുദ്ധന്മാരെല്ലാവരുടെയും പ്രാർത്ഥനയാൽ സ്വഭാവപ്രകാരം മരണമില്ലാത്തവനും തന്റെ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കുംവേണ്ടി വന്ന് വിശുദ്ധിയും മഹത്ത്വവും വെടിപ്പുമുള്ള ദൈവമാതാവായ കന്യകമറിയാമിൽനിന്ന് പകർച്ച കൂടാതെ മനുഷ്യനായിത്തീരുകയും ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായ സ്വർഗ്ഗീയപിതാവിന്റെ ഏകപുത്രനും വചനവുമായിരിക്കുന്ന രാജാവായ എന്റെ കർത്താവേ, നിന്നെ ഞാൻ പുകഴ്ത്തും. തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടി കൊന്നവനായ വിശുദ്ധ ത്രിത്വത്തിൽ ഒരുവനും തന്റെ പിതാവിനോടും ജീവനും വിശുദ്ധിയുമുള്ള റൂഹായോടുംകൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങളെല്ലാവരുടേയും മേൽ കരുണ ചെയ്യണമേ.)



(കൗമാ, വിശ്വാസപ്രമാണം നാൽപ്പതു കുമ്പീടിൽ)

## തിങ്കൾ ഒമ്പതാംമണി

**കൗമാ**

**കോലോ**

(ബ്സപ്പറൊന്കാദെം-അബ്രാഹം ബലി )

നോമ്പേറ്റതിസന്താപത്താൽ
രട്ടുമുടുത്താ നിനുവാക്കാർ
അഴലാ-ർന്നപ്പോഴഖിലേശൻ
സംപ്രീതിപ്പെട്ടാൻ
വരുവിൻ താപിജനങ്ങൾക്കായ്
തെളിവൊടു വാതിൽ തുറന്നരുളും
കൃപയു-ള്ളോനാം നാഥങ്കൽ കൃപ യാചിച്ചീടാം.

ബാറെക്മോർ. ശുബഹൊ ...

നിനുവാക്കാരെന്നോണം നിൻ
ഇടവക നിന്നെ വിളിക്കുന്നു
ആ യാചന കൈക്കൊള്ളണമേ
നാഥാ! കരുണാബ്ധേ
അവൾതൻ വീഴ്ചയ്ക്കായ് കാക്കും
സാത്താൻ സന്തോഷിക്കായ്‌വാൻ
നീതി-ക്കനുസൃതമാം വിധിയെ മായിച്ചീടണമേ.

മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ-നിൻ വിധി ദിവസത്തിൽ.

പൈതങ്ങൾക്കു വിലക്കീ-പുരിയിൽ സ്തന്യം
നോറ്റു തിര്യക്കുകളും-താപത്തോടെ.

രാജാവും ജനവും-നേതാക്കന്മാരും
ചാക്കിൻവസ്ത്രം ചുറ്റി-ചാരം ചാർത്തി.

അൻപുള്ളോൻ താതൻ-കനിവുള്ളോൻ പുത്രൻ
മോചകനാം റൂഹാ എ-ന്നീ ത്രിത്വത്തിൻ

മർമ്മം സ്തുത്യം ത്രിത്വാ-ത്മകനാമേകൻ
ലോകം രണ്ടിലുമൊരുപോൽ-സ്തോത്രാർഹൻ താൻ.

വാനവർ തന്നീശാ-മാനവർതൻ ഗതിയേ!
ഈ ശുശ്രൂഷയെ ഏറ്റാർ-ദ്രത തോന്നേണം.

**കൗമാ**



# ചൊവ്വാഴ്ച സന്ധ്യ

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

**ജനം:-** ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടുലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

(സ്ലൂസൊ)

**(കർത്താവേ ഞാൻ നിന്നെ വിളിച്ചു... പേജ്..)**

**എനിയോനൊ**

(സ്ലീമൊറിയോ)

കടലീന്നേറിയ യൗനാനാൽ
ഇളകിമറിഞ്ഞു നിനുവപുരം
നീതിപരൻ തൻ വചനത്താൽ
ആ നഗരം ഖേദം പൂണ്ടു.

ഉദ്ബോധകനാമെബ്രായൻ
പുരിയെ കിടിലം കൊള്ളിച്ചു.
കേൾവിക്കാർക്കായ് വായ് നിറയെ
കഷ്ടതയും മൃതിയും നേർന്നാൻ.

അരചന്മാരിതു കേട്ടുഴറി
മുടികൾ വെടിഞ്ഞു തല താഴ്ത്തി
പ്രജകളുടൻ ഭയപരവശരായ്
ചാക്കിൻതുണി ഉടലിൽ ചാർത്തി.

മാന്യന്മാരാം വൃദ്ധന്മാർ
തലയിലുടൻ ചാരം തൂകി
ധനവാന്മാർ നിജ നിക്ഷേപം
പാവങ്ങൾക്കായ് കൈമാറി.

കൃപയുടെ കടലിൽ ഞങ്ങളുടെ
വർഗ്ഗത്തെ മുഴുകിച്ചോനേ!
ഇടവകയുടെ കടമോർക്കരുതേ
നിന്റെ വിലാവിൻ രക്തത്താൽ.

നിനുവയരെപ്പോൽ വകതിരിവാൽ
മാലിന്യങ്ങളെ മായിക്കാം
നന്മകൾ തന്നായുധമേന്തി
നൃപപതിയെ പ്രീണിപ്പിക്കാം.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

മാനവ രക്ഷാതൽപ്പരനേ!
വായകളിൽ നിന്നെല്ലാം സ്തുതി തേ
നാവുകളീന്നെല്ലാം സ്തുതി തേ
ഉത്തമനേ! കൃപ തോന്നണമേ.

സ്തൗമെൻകാലോസ് .കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**

**കോലോ**

(സൊഹദൌ ആത്തൂൻ)

ഭീതിപ്രദമാം-ദൗത്യവുമായി
യോന നടന്നാൻ-നിനുവാ വീഥികളിൽ
രാജാവതു കേ-ട്ടുൾഭ്രാന്തിയൊടെ
സങ്കടമാർന്നി-ട്ടേവം രോദിച്ചാൻ
അൻപുടയോനേ-അനുതാപം പൂണ്ടോരാമീ
ദാസരിലാർദ്രത തോന്നണമേ.

ബാറെക്മോർ. ശുബഹൊ...



ജാഗരണം ക-ണ്ണീരുപവാസം
രോദനമിവയാൽ-ചേലോ-ടുളവാക്കി
ദൈവസമക്ഷം-നിനുവയണച്ചൊരപേക്ഷ
പേക്ഷ നിനച്ചാൽ-പാരം യോഗ്യം താൻ
അതു കണ്ടപ്പോൾ-പ്രീതിപ്പെട്ടോനാം നല്ലോൻ
ശിക്ഷകളെല്ലാമൊഴിവാക്കി.

മെന്ഓലം...

നിന്നൊടു പാപം-ചെയ്തുടയോനേ!
കോപിപ്പിച്ചു-മലിനതയാൽ ഞങ്ങൾ
നീതിയഹോ-വാളൂരുന്നാകിൽ
ഞങ്ങൾക്കായ് നിൻ-കൃപ നിലകൊള്ളട്ടെ
കാലം തീരാ-റായെങ്കിൽ ഞങ്ങടെയന്ത്യം
നിന്നാർദ്രതയിലാകേണമേ.

മൊറിയോ...

**എത്രൊ**

**കോലോ**

(തൂബൈക്ക് ഈത്തൊ)

ഭൂപൻ കേട്ടു-പുരിയതിനും പൌരന്മാർക്കും
നാശം പ്രഖ്യാപിച്ചീടും
യോനാ നിബിതന്നുദ്ഘോഷം
കോപം കോട്ട തകർത്തിടുമെ-
ന്നുള്ളോരുഗ്രമതാം വാക്യം
രാജാവും സേനയുമോടി
കർത്താവിൻ വാതിലിലെത്തി
കണ്ണീരളവെന്യേ വീഴ്ത്തി
കാരുണ്യം സംപ്രാപിച്ചാൻ.

ബാറെക്മോർ. ശുബഹൊ...

വീരന്മാർതൻ-പുരിയാം നിനുവയതിൽ കേട്ടു
എബ്രയ യോനാ തൻ നാദം
സുസ്ഥിരദുർഗ്ഗം വിറ കൊണ്ടു
ഭീകരനാദം കേട്ടപ്പോൾ
സംഭ്രമമാർന്നു പൗരന്മാർ
ഭീഷണവൃത്താന്തം കേൾപ്പി-
ച്ചുഗ്രനവർക്കുൾ ഭ്രമമേറ്റി
നാഥാ! കൃപ ചെയ്തീടണമെ-
ന്നതിഭയമോടുദ്ഘോഷിച്ചാർ.

മെന്ഓലം...

ദൈവത്തോടായ്-പാപീ! മോചനമർത്ഥിക്ക
ഈശോതൻ പ്രാർത്ഥന ശീലി-
ച്ചെപ്പഴുമേവം ചൊല്ലേണം
നാഥാ! വരണം നിൻ രാജ്യം
തിരുഹിതമെങ്ങനെ സ്വർഗ്ഗത്തിൽ
ധരയിലുമങ്ങനെയാകേണം
പോക്കേണം കട പാപങ്ങൾ
ഘോരപരീക്ഷയിലേറ്റാതെ
ദുഷ്ടനിൽ നിന്നും കാക്കേണം.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

അനുതാപാർത്ഥം മുഴുനഗരിക്കാഹ്വാനം നൽകി
ഭീകരകൽപ്പന നിർഗ്ഗതമായ് കൊട്ടാരത്തീന്നും.



തെരുവുകൾ തോറും ഒന്നൊന്നായവരന്വേഷിച്ചു
യോനാ തൻ നാദത്തെ അവർതൻ നാദം മൂടി.

കൈവിട്ടു മണവാട്ടികളവരുടെ ശോഭിതവസ്ത്രം
ബാഷ്പം തൂകി ചാക്കിൻവസ്ത്രം മെയ്യിൽ ചാർത്തി.
ചാർത്തി പൂഞ്ചേലയ്ക്കിഹ പകരം പങ്കിലവസ്ത്രം
സൗരഭ്യത്തിൻ പകരം തലയിൽ ചാരം പൂശി.

താപം രോദനമെന്നിവ നിറയും കത്തൊന്നാശു
ബാഷ്പജലത്താലെഴുതിയയച്ചാൾ ദൈവത്തിന്നായ്.
ഈശൻപേർക്കായ് വിട്ടൊരു കത്തോടൊപ്പംതന്നെ
സ്നേഹം നിറയും യാചന നിനുവാപുരിയർപ്പിച്ചു.

പശ്ചാത്താപം പൂണ്ടോരെ രക്ഷിച്ചോൻ മ്ശീഹാ
ഈ യാചനയാൽ നീക്കീടണമേ ശല്യം സർവ്വം.
കൃപയാൽ നാഥാ നല്ലിടയാ ഞങ്ങൾ നിന്നെയും
ഗൂഢം താതനിൽ വാഴും റൂഹായെയും വാഴ്ത്തും.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

**ഏവൻഗേലിയോൻ**

**(മോറാൻ യേശുമിശിഹാ! പേജ്...)**

**കൗമാ**

# ചൊവ്വാഴ്ച സൂത്താറാ

## കൗമാ

### കോലോ

(ക്ത്തിലൊ ദക്കത്താൽ)

ആദത്തെയഹോ-കൊന്നൊരു ദുഷ്ടൻ മൃതിയിവരെ
തൻകൊലയാലെ-കൊന്നോൻ നാഥാ!
എന്നെയമർത്തിയ പാപത്തെ-കൊന്നീടണമേ
നല്ലോരിടയാ! വഴി തെറ്റിപ്പോയോ-
രാടിനെയാരാ-ഞ്ഞുഴറിച്ചെന്നോനേ!
എൻ നാശത്തെ-സ്ത്രീയുടെ തങ്കക്കാശതുപോൽ
ആരായണമേ-നീ ഗതരെക്കണ്ടെത്തുന്നോൻ
ദാസന്മാരെ-തിരികെ വരുത്തുന്നോൻ സ്തുത്യൻ
ഹാലേലുയ്യാ-എന്നാർക്കും ഞാൻ.

ബാറെക്മോർ. ശുബഹൊ... മെനഓലം ...

നാഥൻതൻ ഹിത-മെന്തെന്നറിയുന്നോൻ ദാസ-
ന്നുണർവ്വില്ലെങ്കിൽ-നീതി കഠോരം
ദണ്ഡിപ്പിച്ചിടുമെന്നേവം-രക്ഷകനരുളി
അറിവില്ലാത്തോൻ-ലഘുദണ്ഡനമേൽക്കും
ഉണ്ടറിവെന്നാ-ലൊന്നും ചെയ്യാത്ത
ഞങ്ങളെ അയ്യോ ലൗകികരാം മന്നവരെക്കാൾ
രൂക്ഷതയോടട-ങ്ങേൽപ്പിച്ചു നീ നീതിക്കായ്.
ദാവീദിനെയാ-ശൗലീന്നെന്നോണം കനിവാൽ
ഹാലേലുയ്യാ-സംരക്ഷിക്ക.

മൊറിയോ...



### ബോവൂസോ

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

ബാഷ്പം മൂലം മുഖമത്യന്തം പങ്കിലമാക്കി
വിങ്ങിക്കേഴും പാതകി പാർത്താൽ ഹാ! കമനീയൻ.
മൂല്യംകൂടും രത്നത്തെക്കാൾ പാരം കാമ്യം
താപത്താലെ പാതകി തൂകും കണ്ണീർത്തുള്ളി.

നീ അനുതാപം ചിത്രമതാക്കാൻ നോക്കുന്നെങ്കിൽ
വർണ്ണച്ചായം കൈക്കൊള്ളേണ്ടാ കണ്ണീരേൽക്കൂ.
താപത്തിൻ വൻപെരുന്നാളല്ലോ കണ്ണീർവർഷം
കണ്ണീരാലേ മോചനമാർജ്ജിച്ചാനന്ദിക്കൂ.

ദേവാ ദേവാ! ഉത്തരമരുളി കാരുണ്യം ചെയ്-
തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

(പേജ് 18 മുതലുള്ള മാർ അപ്രേമിന്റെ ബോവൂസോ, മസുമൂറാകൾ, കൗമാ, വിശ്വാസപ്രമാണം, കുക്കിലിയോനുകൾ, ഹൂത്തോമോ.)

# ചൊവ്വാഴ്ച രാത്രി

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ പേജ്..)**

**(രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ ..... പേജ്)**

**എനിയോനൊ**

(ബ് ലിലിയൊദ്ശാത്തീക്കിൻ)

പാവനമാം നോമ്പിൽ-ചാരത്താൽ ചാക്കാൽ
നിനുവാക്കാർ നേടി-ദൈവത്തിൻ പ്രീതി.
നിനുവാക്കാർതൻ പ്രാ-ർത്ഥന കേട്ടൊരു നാഥാ!
ശുശ്രൂഷകളേറ്റാ-നോമ്പിൽ തെളിയണമേ.
നാഥാ! ഭീകരമാം-അലയാഴിക്കുള്ളിൽ
യോനാ പ്രാർത്ഥിച്ചു-ഉത്തരമരുളി നീ.
നിനുവാക്കാരെപ്പോ-ലാകാം നമ്മൾക്കും
അവരെപ്പോലേറ്റം-കാരുണ്യം നേടാം
ചൊല്ലേറും പുരിയാം-നിനുവാ രക്ഷിതയായ്
ദിക്കുകളെ അനുതാ-പം ശീലിപ്പിച്ചു.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

ആർത്തൊരു യോനായെ-നിനുവക്കാർ നമ്പി
തിന്മകൾ കൈവിട്ടു-നീതിയെ മാനിച്ചു.

കുറിയേലായിസ്സോൻ. ... കുറിയേ ... കുറിയേ ...



**എക്ക്ബൊ**

(കുംപൗലോസ്)

നിനുവമഹാനഗരം പശ്ചാത്താപത്തൊടുണർന്നീടാൻ
യോനായാം നിബിയെ-പ്രേഷിപ്പിച്ചോനതി ധന്യൻ.

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ...

**കോലോ**

(സൊഹദെഹവവുപിർമെ-മൽക്കോമ് നഹമോനോ)

സൃഷ്ടിയിലാസ്ഥയെഴും സർവ്വേശാ! യോനായെപ്പോൽ
നിന്നെ-ഞങ്ങൾ വിളിക്കുന്നു
അലയാഴിയിലവനെ-എന്നതുപോലീ ഞങ്ങളെയും
രക്ഷി-ക്കണമേ രക്ഷകനേ!
ഹാലേലുയ്യാ നിൻകൃപയുടെ ബാഹുല്യത്താൽ
ദുഷ്ടനിൽ നിന്നും കാക്കേണം.

ബാറെക്മോർ. ശുബഹൊ ...

ഉത്തമപുത്രാ! നി-ന്നിടവകയിൽ പ്രീതിപ്പെടണേ
പെരുകു-ന്നു കട പാപങ്ങൾ
നിൻകോപത്തിന്റെ-വിധിയെ കനിവാൽ നീക്കണമേ
നിനുവ-പുരത്തീന്നെന്നോണം
ഹാലേലുയ്യാ നശ്വരലോകഖേദത്തീ-
ന്നെങ്ങളെ-നീ വീണ്ടീടേണമേ.

**മദറോശൊ**

(കുംപൗലോസ്)

***ഊനീസൊ:***

**നിനുവമഹാനഗരം പശ്ചാത്താപത്തൊടുണർന്നീടാൻ**
**യോനായാം നിബിയെ-പ്രേഷിപ്പിച്ചോനതി ധന്യൻ.**

മത്തായ്തൻ സുതനാം-യോനായേ! വിശ്രുതപത്തനമാം
നിനുവയിൽ നീയെത്തീ-ട്ടതിനോട-ങ്ങറിയിക്കേണം
വലിയ വിനാശത്തിൽ-നിപതിക്കും-മുമ്പേറായ് തന്നെ
ദുർന്നടപടിയെല്ലാം-കൈവിടുവാ-നുപദേശിക്ക
അവൾ പാപത്തിന്റെ-നിദ്രയിൽ മോദിച്ചു
വൻ പിഴയാലെന്നെ-പാരം കോപിപ്പിച്ചു
നീയിന്നേരം ചെ-ന്നുദ്ബോധിപ്പി-ച്ചാലൊരുവേള
അവൾ കൈവിട്ടേക്കാം-തന്റേതാം-ദുർമ്മാർഗ്ഗങ്ങൾ.

നിനുവമഹാനഗരി-പാപത്തിൻ-നിദ്രയിൽ മുഴുകിപ്പോയ്
നിദ്ര വളർന്നിപ്പോ-ളാ നഗരി-മൃത്യുവിലെത്തി
നിനുവ മഹാനഗരി-പാപത്തിൽ-നിര്യാണം പൂണ്ടു
അതിനുയിരേകീടാ-നിന്നിപ്പോ-ളൊരുവൻ വേണം
അവിടെ ചെന്നേവം-നീയുദ്ഘോഷിക്ക
പിന്തിരിയേണം നീ-വാഴും നിന്നുടെ കോട്ട.
നീ മരണത്തിന്റെ-നിദ്രയിൽ നി-ന്നുണരും നിശ്ചയമായ്
വീണ്ടുമെഴുന്നേൽക്കും പ്രാപിക്കും-ത്വരിതം ബോധം.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

നേരിട്ടോരാം തീ പൂണ്ടൊരെ കൂസീടാതെ
നിനുവാ നഗരം വാനോർ മദ്ധ്യേ തള്ളിക്കേറി.
കൈകൾ കെട്ടി ദൈവസമക്ഷം മാലൊടുകേണാൾ
അർത്ഥിക്കുമ്പോളവളുടെ ശബ്ദം ഗദ്ഗദമാർന്നു.



നിനുവക്കാർക്കായ് വീര്യം നൽകിയ താതൻ സ്തുത്യൻ
സൂചനയായ് യൗനാനെ വിട്ടോൻ പുത്രൻ വന്ദ്യൻ
കണ്ണീർ മൂലം ശിക്ഷകൾ നീക്കും റൂഹാ സ്തുത്യൻ
എന്നെന്നേയ്ക്കും കൃപ നമ്മുടെ മേലുണ്ടാകട്ടെ.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

**രണ്ടാം കൗമാ**

+ കർത്താവിന്റെ ബഹുമാനം ...

**എക്ബൊ**

(പർദൈസൊ)

നിനുവാ നഗരിയിലെ നിൻകൃപ സംസ്തുത്യം
അവരെ ഏറ്റൊരു നിൻ കാരുണ്യം ശ്രേഷ്ഠം.
കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ...

**കോലോ**

(കൂക്കോയോ)

നിനുവയരെപ്പോൽ സോദരരേ! കരുണയ്ക്കർത്ഥിക്കാം.
കണ്ണീരിൽ നാഥൻ പ്രീതി-പ്പെടുമെന്നവർ കാട്ടി
നാൽപ്പതു നാൾ നോ-മ്പപ്പുരിയാളേറ്റു
അവൾ നാൽപ്പതു നാൾ-ചാക്കിൻതുണി ചാർത്തി
പ്രീതിപ്പെട്ടേനെന്നുള്ളൊരു-നാദം കേൾപ്പോളം
നാൽപ്പതു നാളവർ വൈദ്യൻതൻ-വാതിൽക്കൽ മുട്ടി
ഹാലേലൂയ്യാ താൻ കൃപ വർഷിച്ചാൻ.

ബാറെക്മോർ. ശുബഹൊ ...

യേരുശലേമിൻ രാജാവേ! നിനുവാരാജാവേ!
ഏതൊരു വീര്യത്താൽ നിങ്ങൾ-കോപത്തെ വെന്നു
നാഥൻ പ്രീതി-പ്പെട്ടെന്നറിവോളം
ഏവരുമൊരുപോൽ-ചാക്കിൻതുണി ചാർത്തി
കുഞ്ഞുങ്ങൾക്കു മുലപ്പാലും-തങ്ങൾ രോധിച്ചു
മാനവരും തിര്യക്കുകളും-ഭക്ഷ്യമുപേക്ഷിച്ചു
ഹാലേലൂയ്യാ ഉത്തരമരുളണമേ.

**മദറോശൊ**

(പർദൈസൊ)

*ഊനീസൊ:* **നിനുവാ നഗരിയിലെ നിൻകൃപ സംസ്തുത്യം**
**അവരെ ഏറ്റൊരു നിൻ കാരുണ്യം ശ്രേഷ്ഠം.**

നിനുവാപുരി വലുതാ-മനുതാപം കാട്ടി
കോപിച്ചൊരു ദൈവ-ത്തെ പ്രീണിപ്പിച്ചു.
നഗരനിവാസികളെ ഒന്നായ് കൂട്ടിക്കൊ-
ണ്ടാശു വിലാപത്തിൻ പെരുന്നാൾ കൊണ്ടാടി
സ്നേഹത്തൊടു ദൈവം-കാരുണ്യം തൂകി
വൻ കൃപയാലവർ തൻ-അപരാധം പോക്കി.

മണ്ണിലിരുന്നൂ ചാ-ക്കുടയാക്കിയ വൃദ്ധർ
ചാരം പൂശി യുവാ-ക്കന്മാർ രോദിച്ചു
കുഞ്ഞുങ്ങൾക്കെല്ലാം-സ്തന്യം രോധിച്ചു
നീക്കി മണവാളന്മാർ ഭൂഷണമെല്ലാം
മണവാട്ടികൾ ഭൂഷാ-വസനങ്ങൾ മാറ്റി
നെടുവീർപ്പൊടു കേണു-ബാഷ്പം വർഷിച്ചു.

മൊറിയോ...



**ബോവൂസോ**

(മാർ അപ്രേം)

ആർദ്രത തോന്നണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമേ
മോചനവും കൃപയും വാഴ്വും
നിന്നറയീന്നേകീടണമേ.

മേലുള്ളോരൊന്നിച്ചിരവിൽ
കീഴുള്ളോർ സ്തുതി പാടട്ടെ.
നിദ്രാഹീനതയോടുണർവ്വു-
ള്ളോനെ കീർത്തിക്കട്ടെ.

നിദ്രയിലെന്നോണം പ്രിയരേ!
പാപത്തിൽ മുങ്ങീടൊല്ലാ
കാന്തനുമായ് മണവറയേറാൻ
നോക്കിപ്പാർക്കിൻ വാതിൽക്കൽ.

പ്രാർത്ഥന കേട്ടീടുന്നോനേ
യാചന നൽകീടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ.

**മൂന്നാം കൗമാ**

+ കർത്താവിന്റെ ബഹുമാനം ...

**എക്ക്ബൊ**

(ഹൊനാവുയറഹൊ)

വാഴ്വിന്നാഴീ നാഥാ! നിന്നെ-നമ്പുന്നോർക്കായ്
ശാന്തിയതിന്റെ ലക്ഷ്യം നീയാം
ശീമോനെ എ-ന്നതുപോലെന്നെ
പാപക്കടലീന്നൻപാലീശാ!-വീണ്ടീടേണം.

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

**കോലോ**

(ലോക്ക് മൊറിയൊ കോറേനാൻ)

ആഹ്വാനം ചെയ്യുന്നതവി-ക്കെത്തുക നാഥാ!
കലഹിപ്പിക്കുന്നുലകത്തെ ദുഷ്ടൻ-വഞ്ചനയാൽ
ഭിന്നത നൃപ വിധികർത്താക്കളി-ലവനുളവാക്കി
ധാർമ്മികരെയും വീഴിപ്പാൻ വഴി നോ-ക്കീടുന്നു
കർത്താവേ! നിൻ കരുണയിലെന്യേ
സങ്കേതം ഞങ്ങൾക്കാരുള്ളൂ?
ദുഷ്ടനെ ഞങ്ങളിൽ നിന്നോടിക്കുക നിൻ സ്ലീബായാൽ.

ബാറെക്മോർ. ശുബഹൊ ...

നാഥാ! മുഖപക്ഷം നിൻ-ന്യായത്തീർപ്പിൽ
കാണാത്തതിനാൽ കുറ്റക്കാരൻ-ഞാൻ കേഴുന്നു
ഭീകരമാമേടു വിടർത്തി-ട്ടെന്നപരാധം
നിൻ നീതിയഹോ പരിശോധിക്കുമ്പോൾ-കർത്താവേ!
നിൻകൃപ നിൻ-നീതിയോടർത്ഥിച്ചെൻ
അപരാധം-പരിഹൃതമാക്കണമേ.
കുറ്റമതേറ്റിഹ പറയുന്നേൻ നാഥാ! കൃപ ചെയ്ക.

മൊറിയോ...

**ബോവൂസൊ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ-നിൻവിധി ദിവസത്തിൽ.

നാൽപ്പതു നാൾ നിനുവാ-പുരിയഭ്യർത്ഥിച്ചു
നാൽപ്പതു നാളർപ്പി-ച്ചു പ-ശ്ചാത്താപം.
നാൽപ്പതു നാൾ കൊണ്ടാ-ർന്നാൾ നീതിപ്രീതി.



നമ്മൾക്കും നിനുവാ-ക്കാരെപ്പോൽ ചെയ്യാം.
നമ്മൾക്കും പ്രാപി-ച്ചീടാം കാരുണ്യം.
നമ്മൾക്കും യാചിച്ചാലംബം നേടാം.

വാനവർ തന്നീശാ!-മാനവർ തൻഗതിയേ!
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നേണം.

+ ഹാലേ ... ഉ ഹാലേ ... ഉ ഹാലേ ... ദൈവമേ! നിനക്കു സ്തുതി. (മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരയ്ക്കണം)

കരുണയുള്ള ദൈവമേ നിന്റെ കരുണയാൽ.... മൊറിയോ

**(ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ് പേജ്....)**

**(ത്രിത്വത്തിന് സ്തുതി. ത്രിത്വത്തിന് സ്തുതി. പേജ്..)**

**കോലോ**

(ദഹത്തൊലാനെഹത്തെ)

പാപം ചെയ്യായ്‌വാൻ-വാതിൽക്കൽ നീതി
പേരേടും പേറി-കാവൽ നിൽക്കുന്നു
തൻ കൈപ്പേനായാൽ-ചേർക്കും ഗ്രന്ഥത്തിൽ
മർത്യന്മാർ കൃത്യം-ഹാ നിർദ്ദാക്ഷിണ്യം.
ഹാലേ ... ഹാലേ ...
സർവ്വാന്തവേദീ! കാരുണ്യം ചെയ്ക.

ബാറെക്മോർ. ശുബഹൊ ...

കർത്താവേ! ഞങ്ങൾ-വാതിൽ മുട്ടുന്നു
നീയല്ലോ നൽകുന്നെല്ലാമെല്ലാർക്കും
ചോദിച്ചാൽ കിട്ടും-തേടുമ്പോൾ കാണും
മുട്ടുമ്പോൾ വാതിൽ ബന്ധം നീങ്ങുന്നു.
ഹാലേ ... ഹാലേ ...
വാതിൽ കേഴുന്നോർ-ക്കേകുന്നോൻ ധന്യൻ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

ബാഷ്പം മൂലം മുഖമത്യന്തം പങ്കിലമാക്കി
വിങ്ങിക്കേഴും പാതകി പാർത്താൽ ഹാ! കമനീയൻ.

മൂല്യം കൂടും രത്നത്തെക്കാൾ പാരം കാമ്യം
താപത്താലെ പാതകി തൂകും കണ്ണീർത്തുള്ളി.

നീ അനുതാപം ചിത്രമതാക്കാൻ നോക്കുന്നെങ്കിൽ
വർണ്ണച്ഛായം കൈക്കൊള്ളേണ്ടാ കണ്ണീരേൽക്കൂ.

താപത്തിൻ വൻപെരുന്നാളല്ലോ കണ്ണീർ വർഷം
കണ്ണീരാലേ മോചനമാർജ്ജിച്ചാനന്ദിക്കൂ.

ദേവാ ദേവാ! ഉത്തരമരുളി കാരുണ്യം ചെയ്-
തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

**(അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ പേജ്...)**

**(മോറാൻ യേശൂമിശിഹാ!... പേജ്...)**

**കൗമാ**



# ചൊവ്വാഴ്ച പ്രഭാതം

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**സ്ലൂസൊ**

**(ദൈവമേ! നിന്റെ കൃപ പോലെ പേജ്..)**

**(എന്റെ ദൈവമേ! നീ എന്റെ പേജ്..)**

**എനിയോനൊ**

(ലൊ തേവൂൽ ലാദിനോ-ധാർമ്മികർ സഹദേരും)

നിനുവയോടെന്നോണം-കനിവുള്ളോനേ! നിൻ
വാതിൽ തുറന്നേകി-തൃക്കൈ നീട്ടണമേ.

നിനുവയരെപ്പോൽ നിൻ-വാതിലിൽ മുട്ടുന്നു.
യാചനകൾക്കെല്ലാം ഉത്തരമേകണമേ.

നിനുവാവാസികൾ തൻ-യാചനയെന്നോണം
ഞങ്ങടെ യാചനയും-കൃപയാൽ കൈക്കൊൾക.

മദ്ധ്യേ നിലകൊള്ളും-തെറ്റുകളാം ദുർഗ്ഗം
നിന്നാലെ വീഴ്ത്തി-പൂകണമേ ലക്ഷ്യം.

നിനുവയിലെന്നോണം-ഞങ്ങളിലലിയണമേ
കനിയുക പാതകികൾ-നാശം പൂകായ്വാൻ.

ധന്യൻ നീ വിണ്ണിൽ-സംസ്തുത്യൻ മണ്ണിൽ
സർവ്വർക്കും വന്ദ്യൻ-സർവ്വസ്രഷ്ടാവാം.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

നാഥാ! കരുണാബ്ധേ! നിൻ വാതിലിൽ മുട്ടും
പാപികളേവർക്കും-മോചനമേകണമേ.

കുറിയേലായിസ്സോൻ...

**(ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ പേജ്...)**

**എനിയോനൊ**

(യാമ്മൊദെസ് പാലഗ് / മാലാഖൊദ്നുഹറോ)

ദൈവാത്മജനാം പൊൻപുലരി-പാരിലുദിച്ചു
ലോകത്തീന്നും വഞ്ചനയാം-കൂരിരുൾ നീക്കി.
വിശ്വാസികളാമാത്മാക്കൾ-ക്കാത്മീയം ജീവൻ നൽകി.
രക്ഷകനേ! നിൻ വരവിങ്കൽ-ത്രിത്വത്തിന്റെ
സാക്ഷികളാകും ഞങ്ങൾക്കായ്-മുഖതേജസ്സേകീടേണം.

രാവിലെ വീരമഹാപുരിയാം-നിനുവയ്ക്കുള്ളിൽ
എബ്രായൻ യൗനാനാർത്തു-കോട്ടകൾ ഞെട്ടി
പുരവാസികളുൾഭ്രമമോടെ-ഭയപരവശരായ് വിറ പൂണ്ടു.
ശ്രോതാക്കളെ ഉഗ്രൻ യോന-ക്ഷോഭിപ്പിച്ചു.
കർത്താവേ! കൃപ ചെയ്യണമെ-ന്നുൾഭ്രമമോടുദ്ഘോഷിച്ചാർ.

യോനാ നിനുവയിലുളവാക്കി-ദീനാരാവം.
അധനി പൗരന്മാരിൽ തീ പോൽ വ്യാപിച്ചു.
ദൈവത്താൽ പ്രേഷിതനെന്നാരും സന്ദേഹിച്ചില്ല.
കർത്താവിന്റെ കവാടത്തിൽ-പാഞ്ഞവരെത്തി.
പ്രീതി പ്രദമാമനുതാപം-അർപ്പിച്ചാർദ്രതയാർജ്ജിച്ചാർ.

നിനുവായ്ക്കുണ്ടായതുപോലൊരു-പശ്ചാത്താപം
പണ്ടു മുതൽ സൃഷ്ടിയിലെങ്ങും-കേട്ടിട്ടില്ല
പതിവില്ലാത്ത വിധം നരരും-മൃഗജീവികളും നോമ്പേറ്റു
ക്ഷമയും വിശ്വാസമതും ക-ണ്ടഖിലാധീശൻ
ശിക്ഷാവിധിയെല്ലാം നീക്കി-കാരുണ്യം ദാനം ചെയ്താൻ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...



നൃപതി സസൈന്യം-ചെന്നുകിട-ന്നു വെണ്ണീറിൽ
മുഖ്യന്മാരുടെ വദനങ്ങൾ-ബാഷ്പാകുലമായ്
മാലാൽ നെടുവീർപ്പൊടു കേണാർ-അക്കണ്ണീർ സ്വർഗ്ഗം പൂകി
കോപത്തെ രോധിച്ചപ്പോൾ-കൃപ നിർഗ്ഗതമായ്
സർവ്വരിലും കനിവുള്ളോനേ! സ്തുതിയെന്നവരുദ്ഘോഷിച്ചു.

കുറിയേലായിസോൻ.

**(കർത്താവിന് ഒരു പുതിയ പാട്ടും......പേജ്)**

**എനിയോനൊ**

(അവ്ദെയ്ലേ ഈഔത്തൊ-നാഥാ നിൻരാജ്യത്തിൻ മഹിമാ)

ദുർമ്മാർഗ്ഗത്തീന്നും-നമ്മെ രക്ഷിച്ച
സുതനെ സ്തുതി പാടി-സ്തോത്രം ചെയ്തിടു-വാൻ
സഭയേ വന്നാലും.

നോമ്പാൽ പ്രാർത്ഥനയാൽ-നിനുവാ രക്ഷിതയായ്
അങ്ങനെ നമ്മൾക്കും-നേടാം വത്സലരേ!
ദൈവത്തിൻ പ്രീതി.

കൃപ നിനുവക്കാരിൽ-കാട്ടിയ കരുണാബ്ധേ!
നിന്നെ വിളിച്ചീടും-ദാസരിലലിയണമേ
ഉത്തരമരുളണമേ.

നിനുവയിലെന്നോണം-ശുശ്രൂഷകളേറ്റ്
തിന്മകളാൽ വന്ന-കോപത്തെ നാഥാ!
മായിച്ചീടേണമേ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

മാലാൽ വിശ്വാസം-പൂണ്ടു വിളിച്ചീടും
പാപികൾ തൻ മുമ്പിൽ-വാതിൽ തുറന്നിടുമൻ-
പുടയോൻ സംസ്തുത്യൻ. ആമ്മീൻ.

**(പ്രകാശത്തിന്റെ സ്രഷ്ടാവിന് സ്തുതി...പേജ്)**

**എക്ക്ബൊ**

(ബ്ഹൗനുഹറൊ)

ശുഭതേജസ്സിൽ മാലാഖമാർ നിന്നെ ശുശ്രൂഷിപ്പൂ
പുലരിയുദിക്കേ സ്രഷ്ടികളെല്ലാം ആദ്യം നിന്നെ വന്ദിപ്പൂ.
സ്തൗമെൻകാലോസ് ...

**പ്രുമിയോൻ, സെദറാ**

**(കോലോ)**

(പ്തഹലീതറഏദഹനോനോക്ക്)

നോമ്പേറ്റോരാം നിനുവാക്കാർ കോപത്തീന്നും രക്ഷിതരായി
കണ്ണീരോടവരർത്ഥിച്ചു-പ്രാർത്ഥനയാലും നോമ്പാലും
കൃപയുള്ളോനുൾകൃപ കാട്ടി-യാചനകൾക്കുത്തരമേകി.
പ്രത്യുത്തരമുടയോൻ-നൽകാൻ യത്നിക്കേണം നാം.
ബാറെക്മോർ. ശുബഹൊ ...

നിനുവാനഗരത്തിൻനോമ്പിൽ-കർത്താവിനു കനിവുണ്ടാകാനായ്
പാൽ കരയും കുഞ്ഞുങ്ങൾക്കായ്-നൽകിയതില്ല മാതാക്കൾ
വൃദ്ധരുമുണ്ണികളും കേണു-കർത്താവഭ്യർത്ഥന കേട്ടു
ഉത്തരമരുളണമേ-പാപികളാമീ ദാസർക്കും.
മെന്ഓലം ...

കരുണാവാതിൽ തുറക്കണമേ-ഞാൻ നിന്നോടും സ്വർഗ്ഗത്തോടും
പിഴ ചെയ്തേൻ നിൻ സുതനെന്ന-പേരിനെനിക്കർഹതയില്ല.
അൻപുടയോനേ! ഞാനിനിയും-ദാസൻ മാപ്പേകീടണമേ.
താപം പൂണ്ട സുതൻ-താതനൊടേവം യാചിച്ചു.
മൊറിയോ...

**എത്രൊ**



**കോലോ**

(ബ്തറഉക്ക് മോറാൻ നോകെശ്നൊ)

ദൈവം നോമ്പിൽ പ്രിയമുള്ളോൻ
എന്നുദ്ഘോഷിച്ചാൻ നിബിയാം യോന
അനുതാപം പൂണ്ടീടായ്കിൽ-നാൽപ്പതു നാളി-
ന്നന്ത്യത്തിൽ സംപൂർണ്ണമതാം
നാശം നഗരി-ക്കുളവാകും നൂനം.
ബാറെക്മോർ. ശുബഹൊ ...

നോമ്പാൽ നിനുവയർ-ദൈവത്തിൻ
കോപത്തീന്നും പ്രാപിച്ചു രക്ഷ
അനുതാപത്തൊടു തൂകിയതാം-കണ്ണീരാലെ
കർത്താവിന്നവരൊടു കരളിൽ
കനിവുണ്ടായി-ദണ്ഡനമൊഴിവാക്കി.
മെന്ഓലം ...

നാഥാ! വാതിലിൽ-മുട്ടുന്നേൻ
നിധിനിലത്തീന്നൻപർത്ഥിക്കുന്നേൻ.
നെടുനാളായ് ഞാൻ നിൻവഴി കൈ-വിട്ടൊരു പാപി
പാപമുപേക്ഷിച്ചങ്ങത്തെ
കൃപയിൽ വാഴാൻ-കൃപ ചെയ്തീടണമേ.
മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

കർത്താവേ! നിന്നാർദ്രത നിറയും വാതിൽ തുറന്നീ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.
മ്ലാനം മേഘം നിനുവയിൽനിന്നും വാനിൽ പൊങ്ങി
ശോകം മുറവിളി രോദനമിവയാൽ തിങ്ങും മേഘം.

മുകിലൊടുകൂടെ പ്രലപനമാമിടിനാദം കേട്ടു.
മേഘം കണ്ണീർവർഷത്തെ വർഷിച്ചു മന്നിൽ.

ചാക്കിൻകീറും വെണ്ണീറും സങ്കടവും വീർപ്പും
വേദനയേറ്റീടും പ്രാർത്ഥനയും സമ്മേളിച്ചു.
പിഞ്ചുകിടാവിന്നേതും സ്തന്യം സിദ്ധിച്ചില്ല.
നോക്കിക്കുഞ്ഞു കരഞ്ഞപ്പോൾ മാതാവും കേണു.

ഉണ്ണികളോടൊത്താ മാതാക്കൾ രോദിച്ചപ്പോൾ
ആ പ്രാർത്ഥനയിൽ സങ്കടശബ്ദം സമ്മേളിച്ചു.

പിഞ്ചുകിടാങ്ങൾതൻ നിലവിളി മാതാക്കൾ കാൺകേ
നേത്രജലം ഹാ! വർഷിച്ചു സ്തന്യത്തോടൊപ്പം.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

**(പഴയനിയമം, ശ്ലീഹാവായനകൾ ഏവൻഗേലിയോൻ)**

**അഖിലേശാ യോഗ്യത നൽകണമേ ... (പേജ് 63)**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



# ചൊവ്വാഴ്ച മൂന്നാംമണി

**കൗമാ**

**കോലോ**

(മ്ശാലെം നുഹറൊദീമോമൊ)

വീരന്മാരുടെ പുരി നിനുവാ
ശ്രേഷ്ഠമതാമനുതാപത്താൽ
കോപം നീക്കീടാൻ നോമ്പും
പ്രാർത്ഥനയും ശീലിപ്പിച്ചു.
നാഥാ! കൃപയാൽ നീക്കുക നിൻ
ഇടവകയീന്നും കോപവുമാപത്തും.

ബാറെക്മോർ. ശുബഹൊ ...മെന്ഓലം **...**

നോമ്പനുതാപം രോദനമെ-
ന്നിവ വിജ്ഞാനികൾ പാതകികൾ
പശ്ചാത്താപികളെന്നിവരെ
നിനുവാനഗരി പഠിപ്പിച്ചു.
മോക്ഷം കുറ്റക്കാർക്കും നേരു-
ള്ളോർക്കൻപിൻ വാതിലതും കാട്ടി.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

പ്രിയമേറീടും നിനുവാചരിതം ചൊന്നീടുന്നേൻ
ഞാൻ ചൊന്നീടും സദ്ഗുണശോഭനമാം തൽക്കാര്യം.

താപം ജാഗ്രതയിവയിൽ തീക്ഷ്ണത കാണിച്ചോളാം
നിനുവാപുരിയുടെ ചരിതം പാരിൽ ശ്രേഷ്ഠം ഖ്യാതം.

പുകഴാർന്നോൾതാൻ പുറജാതികൾതൻ സുതയാം നിനുവാ
ഞാനതിനാൽ സംസ്തുതിയാലവളെ മാനിച്ചീടും.

നല്ലെരിവാർന്നോൾ പ്രാർത്ഥിച്ചീടാനത്യുത്സാഹം
കാണിച്ചെന്നേവം ചരിതത്തിൽ ഞാൻ ചേർത്തീടും.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

**കൗമാ**

## ചൊവ്വാഴ്ച ആറാംമണി

**കൗമാ**

**കോലോ**

(കുക്കോയൊ)

നിനുവക്കാരനുതാപത്താൽ-പ്രാപിച്ചു രക്ഷ
നാഥൻ സംപ്രീതിപ്പെട്ടാ-നവരുടെ ദുഃഖത്തിൽ
ഉപവാസത്താൽ-ചാക്കരചൻ ചാർത്തി
അടിയാന്മാരും-അവ്വണ്ണം ചെയ്തു.
ബാലക യുവ വൃദ്ധന്മാരും-ചാക്കിൻതുണി ചാർത്തി
കർത്താവിനു കനിവുണ്ടായി-കണ്ണീർ കണ്ടപ്പോൾ.
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

ബാറെക്മോർ. ശുബഹൊ ...മെന്ഓലം ...

ദൈവഭയത്തെ സ്നേഹിപ്പോൻ-ധന്യൻ താനെന്നും
നിനുവയെരെ പോൽ കോപത്തീ-ന്നവരെ രക്ഷിക്കും
അതിനാൽ ജീവ-സ്ഥാനത്തവനെത്തി
സ്വർഗ്ഗത്തിന്റെ-വഴിയിൽ ചെന്നെത്തും
അതിനാലവനാപൽസ്ഥാനം-പിന്നിട്ടെത്തീടും
നീതിപരന്മാർ നിവസിക്കും-നിലയത്തിൽ നൂനം.
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

മൊറിയോ...



**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം

നാൽപ്പതു നാൾ സന്താപം നിറയും ശബ്ദം കേട്ടു
ദേവേശങ്കൽ നിനുവ നടത്തിയ യാചിപ്പിന്റെ.
നാൽപ്പതു നാൾ നീതിയ്ക്കരുകിൽ നിന്നാൾ കൈ കൂപ്പി
ദോഷത്താൽ കോപിപ്പിച്ചോനെ പ്രീണിപ്പിക്കാൻ.

നാൽപ്പതു നാൾ മിഴിനീരാലീശന്നോടർത്ഥിച്ചാൻ
പ്രീതിപ്പെട്ടിട്ടതികോപത്തെ രോധിച്ചീടാൻ.
നാൽപ്പതു നാൾ താപത്തിൻ പെരുന്നാളാഘോഷിച്ചാൾ
ബാഷ്പത്താൽ വാങ്ങിയ കാരുണ്യം ദൈവത്തീന്നും.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

**(നിൻ മാതാവ് വിശുദ്ധന്മാർ ... പേജ് 69)**

**(കൗമാ, വിശ്വാസപ്രമാണം, നാൽപ്പതു കുമ്പിടീൽ)**

## ചൊവ്വാഴ്ച ഒമ്പതാംമണി

**കൗമാ**

**കോലോ**

(ത്രൈഹൂൻ ഒൽമ്മേ)

നോമ്പാൽ രക്ഷിതയായ് നിനുവ
ശിക്ഷാവിധി നീങ്ങിപ്പോയി
കോപം പൂണ്ടൊരു ദൈവത്തെ
നോമ്പാൽ പ്രീണിപ്പിച്ചീടാം.

ബാറെക്മോർ. ശുബഹൊ ...

നിനുവക്കാരഴലാൽ കെഞ്ചി
നീയുത്തരമൻപോടേകി
പ്രാർത്ഥിച്ചിടുമിപ്പുൽമാലി-
ക്കുത്തരമരുളണമേ വേഗം.

മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ
അൻപുണ്ടാകണമേ-നിൻ വിധിദിവസത്തിൽ.

ഉല്ലാസത്തിലമർന്നൊരു നിനുവാനഗരി
സന്താപത്താൽ തേങ്ങി തേങ്ങി കേണു.
പ്രാർത്ഥിച്ചീടാനാഘോഷത്തോടെത്തി
നോമ്പോടുപവേശിച്ചാൾ വെണ്ണീറിന്മേൽ
യാചിച്ചാൾ മോചനമൻപുടയോൻ പക്കൽ
പ്രീതിപ്പെട്ടോൻ ദണ്ഡനമെല്ലാം മാറ്റി.

വാനവർതന്നീശാ മാനവർതൻ ഗതിയേ!
ഈ ശുശ്രൂഷയെ ഏറ്റാർദ്രത തോന്നേണം.

**കൗമാ**



## ബുധനാഴ്ച സന്ധ്യ

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

**ജനം:-** ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടുലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(സ്ലൂസൊ)**

**(കർത്താവേ! ഞാൻ നിന്നെ വിളിച്ചു; പേജ്.. )**

**എനിയോനൊ**

(സ്ലീമൊറിയോ)

അത്ഭുതനിനുവാ വൃത്താന്തം
കേട്ടാൽ ഹൃദയസ്പർശകമാം
നിൻ ദീർഘക്ഷമ കർത്താവേ!
വിസ്മയമേറ്റുന്നെന്നുള്ളിൽ.

മത്തായ്തൻ പുത്രൻ യോനാ
നിൻകൽപ്പന കൈക്കൊള്ളാതെ
നിന്നിൽനിന്നും രക്ഷപെടാൻ
കടലോരം വഴിയോടിപ്പോയ്.

ഉത്തമനാഴിയിൽ മത്സ്യത്തി-
ന്നുദരത്തിൽ നിന്നർത്ഥിച്ചാൻ
മുങ്ങിമരിക്കാതവനെ നീ
പ്രാർത്ഥനയാൽ പരിരക്ഷിച്ചാൻ.

മത്സ്യത്തൊടു നീ കൽപിച്ചു
യോനായേ അതു രക്ഷിച്ചു
അദ്രിസമുദ്രാധീശൻ നീ
ഉത്തമനെന്നേവം കാട്ടി.

നാളുകൾ നാൽപ്പതു കഴിയുമ്പോൾ
നിനുവ നശിച്ചിടുമെന്നേവം
ഉദ്ഘോഷിപ്പാൻ യോനായെ
സർവ്വേശൻ പ്രേഷിപ്പിച്ചാൻ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

സത്യത്തിൻ കൽപ്പന പോലെ
വൃദ്ധന്മാർ തരുണന്മാരും
കുട്ടികളും നോമ്പേൽക്കണമെ-
ന്നത്തെരുവുകളിൽ ഘോഷിച്ചാൻ.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**

**കോലോ**

(മ്ശീഹോ നാത്താറേഹ് ലഈത്തോ)

നിനുവപുരത്തിന്നനുതാപം മാതൃ-
കയായ് സൃഷ്ടിക്കെല്ലാം
ദൈവത്തിൽ പ്രീതിപ്പെട്ടു ശിക്ഷാ-
വിധിയെ മായിച്ചു.
തൻ കാരുണ്യത്താൽ താങ്ങി
മക്കളിലെല്ലാം-ശാന്തി വസിപ്പിച്ചു.
ദണ്ഡനമൊഴിവായ് കണ്ടപ്പോൾ ഇണ്ടൽ
പൂണ്ടാൻ നിബി യോന.
താപം പൂണ്ടോർക്കായ്-വാതിൽ
തുറക്കുന്നോൻ-സ്തുത്യൻ
വാതിലിൽ മുട്ടുന്നോൻ നൂനം
കട പാപങ്ങൾക്കെല്ലാം-മോചനമാർജ്ജിപ്പു.

ബാറെക്മോർ. ശുബഹൊ ...



മീനിന്നുള്ളിലെ യോനായാം നിബി തൻ
പ്രാർത്ഥന കേട്ടോനേ
കോപത്തിൽ നിന്നും കൃപയാൽ നിനുവയെ
രക്ഷിച്ചതുപോലെ
തിരുരക്തത്താൽ വാങ്ങിയ നിൻ
ദാസന്മാർതൻ-പ്രാർത്ഥന കൈക്കൊൾക
തൽ പ്രാർത്ഥനയും നോമ്പും നിൻ പ്രീതി-
ക്കായ് തീർന്നീടണമേ.
പോരായ്മകൾ നീക്കി-തെറ്റിനു
മാപ്പേകീടണമേ
നാഥാ! കൃപയാൽ മഹിമാവോ-
ടവർ നിലകൊള്ളാൻ യോഗ്യത നൽകണമേ.

മെന്ഓലം ...

അതിഥികളെ പൂജിച്ച നരന്നൊപ്പം സ്വർഗ്ഗമഹാരാജ്യം
സ്വന്തക്കാരെ വിളിച്ചാറെ സന്തോ-ഷിപ്പാൻ വന്നില്ല
ദാസരെ വിട്ടു വിളിപ്പിച്ചാ-
നാമോദിപ്പാൻ-നാനാജാതികളെ
എത്തിച്ചേർന്ന ജനക്കൂട്ടം ഭോജനശാല നിറഞ്ഞപ്പോൾ
കണ്ടാൻ കൂട്ടത്തിൽ-അവിടെ
വിരുന്നിനയോഗ്യമതാം
പങ്കിലവസ്ത്രമുടുത്തോനെ-പുറമേയിരുളിൽ
തള്ളാൻ കൽപ്പിച്ചാൻ.

മൊറിയോ...

**എത്രോ**

**കോലോ**

(ലത്ഹൂമൊദ്ഹൈമോനൂസോ)

വൻശിക്ഷാവിധി-നീക്കീടാൻ
ദൈവത്തോടർത്ഥിച്ചോരാം
നിനുവാക്കാർതൻ-നാദം ഖേദകരം
കർത്താവേ! മത്തായ്പുത്രൻ
യോനാ നിബിയുദ്ഘോഷിച്ചൊരു
ശിക്ഷയെ ദയവായ് നീക്കിക്കളയേണമേ
പിഞ്ചുകിടാങ്ങൾ കുഞ്ഞുങ്ങൾ
സ്ത്രീകൾ യുവാക്കൾ വൃദ്ധന്മാർ-ഇവരോടെല്ലാം
കൃപ തോന്നീടണമേ
മൃഗജാലങ്ങളെയും-നിനുവാ
നഗരിയെയും രക്ഷിക്കണമേ.
ഹാലേലുയ്യാ അവർ നിന്നെ വാഴ്ത്തും.

ബാറെക്മോർ. ശുബഹൊ ...

നിനുവാക്കാരുടെ ക-ണ്ണീർപോ-
ലീ ഞങ്ങൾ തൻ പ്രാർത്ഥനയെ
സകലാധിപതേ! കൈക്കൊണ്ടീടേണമേ
വിക്രമപുരമാകും-നിനുവയ്-
ക്കെന്നോണം ഗതികെട്ടോരാം
ഞങ്ങൾക്കും നീ-ഉത്തരമരുളണമേ
അനുതാപികളെ-കൈക്കൊള്ളും
സത്തമനേ! സർവ്വാധീശാ!
ഹാലേലുയ്യാ കൃപ തോന്നീടേണമേ.

മെന്ഓലം ...

ഏകാത്മജദേവാ! ഞാൻ നിൻ
കൃപയുടെ കടലിൽ നോക്കുന്നേൻ
എൻ കടമേറി-പാപം പെരുതായി.
നിൻ സോപ്പായെന്മേൽ പൂശീ-
ട്ടെൻ മിഴിനീരാൽ വെണ്മയെഴാൻ



കേഴുന്നേൻ നിൻ-ജനകസ്നേഹത്താൽ
എൻ വൈരികൾ മോദിച്ചീടാ-
തനുതാപമെഴും പാതകിയിൽ
ദൂതസമൂഹം-മോദിച്ചോതട്ടെ.
പശ്ചാത്താപമിയന്നോരെ
രാപകൽ വാതിൽ തുറന്നേറ്റും
ഹാലേലുയ്യാ നാഥൻ വാഴ്വുടയോൻ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

നിബി യോനാ തൻ ഘോഷം നിനുവാഭൂപൻ കേട്ടു
നാശത്തിൻ മുന്നറിയിപ്പിങ്കൽ ഞെട്ടീ ഘോരൻ.

ആരാണീ ഭീഷണനീ രാജ്യം നീ വാഴുമ്പോൾ
ഭീകരനാം രാജാവോടേവം ജനമാരാഞ്ഞു.

മന്നനെ മാനിക്കാത്തോരിവനെ വിട്ടോനാരാം
ശാസിക്കുന്നെന്തിനു നമ്മെയിക്കീടപ്രായൻ.

താനോതീടും വചനത്തിനു തെളിവേകീടട്ടെ
നാടിനെതിരാം കോപക്കാര്യം നേരിൽ കേൾക്കാം.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

**ഏവൻഗേലിയോൻ**

**(മോറാൻ യേശുമിശിഹാ! പേജ്...)**

**കൗമാ**

# ബുധനാഴ്ച സൂത്താറാ പ്രാർത്ഥന

**കൗമാ**

**കോലോ**

(ബ്കുൽമേദം)

അഖിലം ഞാനാരാഞ്ഞിട്ടും
ദൈവഭയത്തെ മികച്ചൊന്നും
ഞാൻ ദർശിച്ചില്ല-തൽ സ്നേഹത്താലെ
ധാർമ്മികനാം യൗസേപ്പാർന്നു-മെസ്രേൻ രാജത്വം
മഹിതൻ മോശ വിഭാഗിച്ചാൻ-വടിയാൽ വാരിധിയെ
ഹാനനിയാദ്യന്മാരതിനാൽ
അഗ്നിയിൽ നിന്നും രക്ഷിതരായ്
തങ്കത്തെക്കാളതു കാമ്യം
മധുവിലുമതു മധുരം പാരം
ദൈവാരാധനയെ-സ്നേഹിപ്പോൻ ധന്യൻ.

ബാറെക്മോർ. ശുബഹൊ ... മെനഓലം ...

എൻപേർക്കെഴുതിയ പൗലോസിൻ
ലേഖനമാസ്ഥയൊടയ്യയ്യോ
വായിച്ചപ്പോൾ ഞാൻ-കണ്ണീർ വർഷിച്ചു
വ്യഭിചാരികൾ മുടിയും ലജ്ജിത-രാകും ചോരന്മാർ
വീഴും ദൂഷകരെരിതീയതി-ലെന്നേവം കണ്ടേൻ.
ബാല്യം മുതലിപ്പാപങ്ങൾ
ചെയ്തൊരെനിക്കയ്യോ നാശം
പാപിനി ചുങ്കക്കാരൻ പോൽ
യാചിക്കുന്നേൻ കേഴുന്നേൻ
അൻപുടയോൻ നാഥാ! കനിവുണ്ടാകേണം.

മൊറിയോ...



**ബോവൂസോ**

(മാർ അപ്രേം)

ആർദ്രത തോന്നണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമേ.
മോചനവും കൃപയും വാഴ്വും
നിന്നറയീന്നേകീടണമേ.

വൃത്തികളാൽ കർത്താവേ! ഞാൻ
നിൻ കോപത്തിനു പാത്രമതായ്
കരുണാബ്ധേ! നീ കോപിക്കാ
സുസ്ഥിരമേ നിൻ നിർമ്മലത.

നിബിവാക്യം പോൽ ജനമെല്ലാം
ജലബിന്ദുക്കൾക്കൊപ്പമതാം
നൈർമ്മല്യത്തെ ഭഞ്ജിപ്പാൻ
തിന്മയ്ക്കെങ്ങനെ സാധിക്കും?

പ്രാർത്ഥന കേട്ടിടുന്നോനേ!
യാചന നൽകിടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ.

(പേജ് 18 മുതലുള്ള മാർ അപ്രേമിന്റെ ബോവൂസോ, മസുമൂറാകൾ, കൗമാ, വിശ്വാസപ്രമാണം, കുക്കിലിയോനുകൾ, ഹൂത്തോമോ.)

# ബുധനാഴ്ച രാത്രി

**കൗമാ**

പട്ടക്കാരൻ:- ശുബഹോ ...

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടുലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(സ്ലൂസൊ)**

**(രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ പേജ്...)**

**എനിയോനൊ**

(യോയെ ഉസോദെക്)

ആഴിയിൽ നിന്നേറിയ യോനാ നിനുവയിലേക്കു പുറപ്പെട്ടാൻ.
പശ്ചാത്താപത്താൽ രക്ഷ നേടുവിനെന്നറിയിച്ചീടാൻ.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ!
ദേവേശാ! അൻപുടയോനേ! കൃപ ചെയ്ക.

സ്രഷ്ടാവിൻ കൽപ്പന പോലെ ഉദ്ഘോഷിച്ചാൻ വീഥികളിൽ
ശിക്ഷയുടൻ വരുമെന്നോതി ജനതതിയെ ക്ഷോഭിപ്പിച്ചാൻ.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ!
ദേവേശാ! അൻപുടയോനേ! കൃപ ചെയ്ക.
നിക്ഷേപങ്ങളെ വീക്ഷിച്ച ധനവാന്മാർ നാഥനെ വാഴ്ത്തി.
വിദ്യാമന്ദിരഗാമികളാം വിദ്യാർത്ഥികളും കീർത്തിച്ചു.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ!
ദേവേശാ!അൻപുടയോനേ! കൃപ ചെയ്ക.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...



നാഥാ! നരവർഗ്ഗത്തിന്മേൽ ഒഴുകും നിൻകൃപ സംസ്തുത്യം
നീതിവിഹീനതയാൽ ഞങ്ങൾ നാഥാ! നാശം പൂകരുതേ.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ!
ദേവേശാ! അൻപുടയോനേ! കൃപ ചെയ്ക.

**എക്ക്ബൊ**

(ഹൊക്ത്തീലുബ്മെസ്രേൻ)

തേറിയ നിനുവയരിൽ കനിവാർന്നോനേ
സകലരൊടും കൃപയുള്ളോനേ! സ്തുതി തേ!

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...
ഞങ്ങളുടെ കർത്താവേ! ...

**കോലോ**

(ബ്രംശൊലബൈത്തൊക്ക്)

മീനിന്നുള്ളിൽ യോ-നാ പ്രാർത്ഥിച്ചപ്പോൾ
വേഗം കരയതിലെത്തിച്ച-സർവ്വാധീശാ!
ദുഃഖിതയാം സഭയാൾ-ക്കുത്തരമരുളണമേ
പീഡകളെല്ലാഭാഗത്തും-ചുറ്റീടുന്നു.

ബാറെക്മോർ. ശുബഹൊ ...മെന്ഓലം ...

രക്ഷിതരായ് നിനുവാ-ക്കാരനുതാപത്താൽ
പാപത്തിൻ ദുർമ്മാർഗ്ഗങ്ങൾ-സർവ്വം വിട്ടു
നോമ്പിൽ സ്നേഹത്താ-ലനുതാപത്തോടെ
കണ്ണീർ തൂകുന്നോർ പാരം-നേടും രക്ഷ.

**മദറോശൊ**

(ഹൊക്ത്തീലുബ്മെസ്രേൻ)

***ഊനീസൊ:*** **തേറിയ നിനുവയരിൽ കനിവാർന്നോനേ**
**സകലരൊടും കൃപയുള്ളോനേ! സ്തുതി തേ!**

യോനാ ഘോഷിച്ചാൻ-നിനുവാ പുരിയിൽ
ആ വൻദുർഗ്ഗത്തെ-വിറകൊള്ളിച്ചാൻ.
എബ്രായൻ യോനാ-തൻ ശാസനയാൽ
ബലമേറും നഗരം കിടിലം കൊണ്ടു.

പുരി മറിയും കീഴ്മേ-ലെഴുന്നേൽക്കില്ല
നാശത്താലാർക്കും-ഭ്രമമുണ്ടാക്കും
തീർത്തോതി യോനാ ഉടനീ നഗരം
പാഴ്കുന്നായ്ത്തീരും-നാശം പൂകും.

എബ്രായൻ യോനാ-യുദ്ഘോഷിച്ചാൻ
വമ്പേറും നിനുവാ-വീഴും മുടിയും
വീഴും കോപത്താ-ലെഴുന്നേൽക്കില്ല
തിന്മകളാൽ നാശം പൂകും ജനത.

മൊറിയോ...

**ബോവൂസോ**
(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

വിജ്ഞാനീ! നീ മണിയുടെ ശബ്ദം കേട്ടാൽ വേഗം
സന്തോഷത്താൽ പള്ളിക്കുള്ളിൽ പാഞ്ഞെത്തേണം.
പ്രാർത്ഥിക്കുമ്പോൾ ലക്ഷ്യം തെറ്റിപ്പോകായ്‌വാൻ നിൻ
ചിത്തത്തെ നീ ശ്രദ്ധാപൂർവ്വം നിർത്തീടേണം.

പാവത്തെപ്പോൽ കാരുണ്യം നീ യാചിക്കേണം
കേഴുന്നോനെ കേൾക്കും കരുണാനിധിയാം നാഥൻ.

താതൻ പുത്രൻ റൂഹായിവരെ സ്നേഹിച്ചോരാം
ധർമ്മിഷ്ഠന്മാരൊപ്പം ജീവൻ നീ നേടീടും.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.



**രണ്ടാം കൗമാ**

+ കർത്താവിന്റെ ബഹുമാനം ...

**എക്ക്ബൊ**

സ്തുതി കരുണാബ്ധേ!
നിനുവാപുരത്തിൽ കനിവാർന്നോനേ!
കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...
ഞങ്ങളുടെ കർത്താവേ! ...

**കോലോ**
(ലമറിയം യൊൽദാസാലോഹൊ)

നോമ്പാൽ രക്ഷിതയായ് നിനുവാ കോപത്തീന്നും
ദൈവത്തിൻ തിരുമുമ്പിലവർ-കണ്ണീർ തൂകി
ശാശ്വതജീവൻ നേടാനും-നിർമ്മലരൊപ്പം
മണവറയിൽ മോദിപ്പാനും യത്നിച്ചീടാം.

ബാറെക്മോർ. ശുബഹൊ ...മെന്ഓലം ...

എൻ കർത്താവേ! കോപത്താൽ-ശാസിക്കരുതേ
ശിക്ഷിക്കയുമരുതെന്നേവം കീർത്തിച്ചാൻ ദാവീദ്
തൻ കൈയാൽ നിർമ്മിതരൂപം പാഴായ് പോകാൻ
കൈവെടിയാതെ കനിവെന്നും-ദൈവം കാണിക്കും.

**മദ്റോശൊ**
(ഹോനോവ്യറഹൊ)

***ഊനീസൊ:*** **സ്തുതി കരുണാബ്ധേ!**
**നിനുവാപുരത്തിൽ കനിവാർന്നോനേ!**

നിനുവേ! നാശം-ക്രോധം നിൻസൗന്ദര്യം പോക്കും
നിന്നഴകിരുളിൽ-മുഴുകും നൂനം
യൗനാൻനാദം-നിനുവയർ കേട്ടു
സംഭ്രമമാർന്നു-സന്താപത്തിൽ മുങ്ങിപ്പോയി.

യൗനാൻ നാദം-നിനുവാ കേട്ടു തർക്കിച്ചില്ല
സങ്കടപൂർവ്വം-കണ്ണീർ തൂകി
ദൈവസമക്ഷം-ചെന്നഥ നിന്നാൾ
കോപത്താലെ-നിശ്ചിതമായൊരു നാശം നീങ്ങാൻ.

പ്രാർത്ഥനയാൽ നിനു-വാ രക്ഷിതയായ് പൊന്നാലല്ല-
ദുർഗ്ഗത്തെ പ്രാ-ർത്ഥനയാൽ വാങ്ങി
ചാക്കൊടു ചാരം-കോട്ടയതായി
നോമ്പാൽ രക്ഷിത-രാവാൻ സുതരെ ശീലിപ്പിച്ചു.

എൻപേർക്കായി-തീർച്ച വരുത്തിയ ശിക്ഷാവിധിയെ
നീക്കീടേണമെ-ന്നോതി നിനുവാ
കരുണാനിധിയാം ദൈവത്തോടായ്
പ്രാർത്ഥന കേട്ടോൻ-കർത്താവവളോടാർദ്രത കാട്ടി.

മൊറിയോ...

**ബോവൂസോ**
(മാർ അപ്രേം)

ആർദ്രത തോന്നണമേ നാഥാ
ഇക്കർമ്മം കൈക്കൊള്ളണമേ.
മോചനവും കൃപയും വാഴ്വും
നിന്നറയീന്നേകീടണമേ.

നിര്യാണം ഞങ്ങൾക്കെപ്പോ-
ഴുണ്ടാമെന്നറിയിക്കണമേ.
മാതാവോടും താതനൊടും
ഏങ്ങലൊടർത്ഥിച്ചു മക്കൾ.



താതന്മാരിതു കേട്ടപ്പോൾ
രോദിച്ചു തേങ്ങിത്തേങ്ങി
സന്താപം കേട്ടോൻ നാഥൻ
യാചന കൈക്കൊണ്ടാൻ വേഗം.

പ്രാർത്ഥന കേട്ടീടുന്നോനേ!
യാചന നൽകീടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ.

**മൂന്നാം കൗമാ**

+ കർത്താവിന്റെ ബഹുമാനം ...

**എക്ബൊ**
(കുംപൗലോസ്)

ഉടയോനെ കൈവിട്ടകലത്തായ് പോയേൻ
സ്നേഹിതരേ! ഞാനിന്നോർത്താൽ നിന്ദ്യൻ
പന്തിയിലെൻ പന്തം കെട്ടതിനാൽ പിമ്പിൽ
ഇരുളിൽ കഷ്ടം ഞാനുഴലുന്നു.
ദുർഭഗനാമെന്നെ-വാനോർ നിന്ദിപ്പൂ
പാപത്തിൻ ദാസൻ ഞാൻ സാത്താൻ തൻ കൂട്ടാളി
തേറുന്നില്ലെങ്കിൽ ഭാഗ്യവിഹീനൻ ഞാൻ
ഇരുളിൽ തള്ളപ്പെടുമയ്യോ ഞാനും.
കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

**കോലോ**

(ഏനോനോ നുഹറൊ)

ആഹ്വാനം ചെയ്യും പാപികളിൽ
കൃപയെ വിലക്കാത്തോൻ ദേവാ!
ആർദ്രതതയാൽ കോപത്തിൻ വടിയും
താഡനവും നീക്കീടേണമേ.
ആനന്ദൈശ്വര്യങ്ങളെഴും
മാസാബ്ദങ്ങളെ നൽകണമേ.
സ്ലീബായുടെ വൻ റൂശ്മായാൽ
വിദ്ധ്വംസിക്കുക ദുഷ്ടനെ നിൻ
ആർദ്രതയെ വാഴ്ത്തും ഞങ്ങൾ.

ബാറെക്മോർ. ശുബഹൊ ...മെന്ഓലം ...

വാരിധിയിൽ മത്തായ് നന്ദനനാം
യോനാ തൻ വിളി കേട്ടോനേ!
മത്സ്യത്താലവനെ മൂന്നാം നാൾ
തീരത്തെത്തിച്ചോൻ ദേവാ!
പ്രാർത്ഥനയാൽ നീ സംയോജി-
ച്ചാർദ്രതയാൽ യാചന നൽക
കോപിപ്പിച്ചങ്ങയെ ഞങ്ങൾ
യോജിപ്പിക്കാൻ ഞങ്ങൾക്കു-
ണ്ടത്യുത്തമരാം സഹദേന്മാർ.

മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ-നിൻ വിധിദിവസത്തിൽ
ആ മാതാക്കൾ സ്ത-ന്യത്തെ രോധിച്ചു
ഭർത്താക്കന്മാർ ചാ-ക്കും ചാർത്തിക്കേണു.



വീണു വൃദ്ധന്മാ-രും വെണ്ണീറിന്മേൽ.
എല്ലാ സൃഷ്ടികളും വന്ദിക്കുന്നോനേ!
ആത്മാക്കൾക്കെല്ലാം-സ്രഷ്ടാവായോനേ!
എല്ലാറ്റിൽനിന്നും തേ സ്തോത്രം യോഗ്യം.
വാനവർ തന്നീശാ-മാനവർ തൻഗതിയേ!
ഈ ശുശ്രൂഷയെ ഏറ്റാർദ്രത തോന്നേണം.

**നാലാം കൗമാ**

+ ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ. ദൈവമേ! നിനക്കു സ്തുതി. (മൂന്നു പ്രാവശ്യം)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമേ.

നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ, ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ, കുർബ്ബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ! കൃപ ചെയ്ത് സഹായിക്കണമേ.

**(പൊതു പ്രൊമിയോൻ)**

**മാവൂർബാ**

മറിയാം പറഞ്ഞതെന്തെന്നാൽ: എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു; എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്ചയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും, ഇതുമുതൽ സകല വംശങ്ങളും എനിക്ക് ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും, തന്റെ നാമം പരിശുദ്ധവും ആയിരിക്കുന്നവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജം കൊണ്ട് ജയമുണ്ടാക്കി; തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിച്ചു; അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കുകയും, സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു. അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രാഹാമിനോടും അവന്റെ സന്തതിയോടും സംസാരിച്ചപ്രകാരം എന്നേക്കും തന്റെ കരുണയെ ഓർക്കുകയും ചെയ്തു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

**മാവൂർബാ ശീലുകൾ**

(തുബൈക് മറിയം ബസ് ദാവീദ്)

1. ഹാ! നിൻ ഭാഗ്യം, ദാവീദിൻ-മകൾ മറിയാമേ!
ദൈവം നിന്നിൽ നിന്ന് ശരീരം പൂണ്ടി-
ട്ടാദാ-മ്യരെ അടിമയൊഴി-ച്ചെല്ലാം-വീണ്ടു.
2. നിബി ശ്ലീഹന്മാർ സഹദേന്മാർ-നീതിജ്ഞന്മാർ
ആചാര്യന്മാർ- ലേവിയരായോരേ!
പ്രാർത്ഥി-പ്പിൻ മശിഹാ കൃപ ചെയ്‌വാൻ ഞ-ങ്ങളുടെ മേൽ
3. നിൻ ഗാത്രം ഭക്ഷിച്ചും നിൻ-രക്തം പാനം-
ചെയ്തും ശരണത്താൽ-മൃതരായോർക്കാശ്വാ-
സത്തോ-ടോർമ്മയുമലിവോടുള- വാക്കെൻ നാഥാ!

ബാറെക്മോർ. ശുബഹോ ... മെനഓലം ...



4. മാലാഖാനാഥാ! നിന്നുടെ മാതാ താനും,
പരിശുദ്ധന്മാരുമണയ്ക്കും പ്രാർത്ഥനയാൽ
ശുശ്രൂ-ഷകൾ കൈക്കൊണ്ടരുൾ ചെയ്യേണം. ആമ്മീൻ.

**132-ാം മസുമൂർ**

സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത്, എത്ര നന്മയും, എത്ര സൗന്ദര്യവുമാകുന്നു.

അത് അഹറോന്റെ തലയിന്മേലും, അവന്റെ അങ്കിയുടെ നെഞ്ചിന്മേൽ വീണുകിടക്കുന്ന താടിയായ അവന്റെ താടിയിന്മേലും, ഒലിക്കുന്ന തൈലം പോലെയും, സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞു പോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തെയും ജീവനെയും കല്പിച്ചു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.

**എനിയോനോ**

ദൈവമാതാവിന് ഓർമ്മയും, അവളുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്ക് ഓർമ്മയും, അവരുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടെയും പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

കർത്താവേ! നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കണമേ.

ദയയുള്ളവനും, കരുണ നിറഞ്ഞിരിക്കുന്നവനുമായു ള്ളോവേ! നിന്റെ ന്യായവിസ്താര ദിവസത്തിൽ ഞങ്ങളോട് കരുണ ചെയ്യണമേ.

തന്നെ വിളിക്കുന്ന പാപികളിൽ നിന്ന് തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ.

ശുബഹോ ... കർത്താവേ! വിശ്വാസമുള്ള സഭയുടെ മക്കൾക്ക് നല്ല ഓർമ്മയുണ്ടാക്കണമേ.

മെനഓലം ... നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലതുഭാഗത്ത് നിൽക്കുമാറാകണമേ.

**മറ്റൊരു എനിയോനോ**

കന്യകയായ ദൈവമാതാവേ! എല്ലാ കാലത്തും എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണ മേ.

(കർത്താവേ!) എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണി കൾ വയ്ക്കുന്ന ദുഷ്ടനെ, നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥ നയാൽ ഞങ്ങളിൽ നിന്ന് മായിച്ചുകളയണമേ.

ഞങ്ങളുടെ കർത്താവായ യേശുമശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്ക് കോട്ടയായിരിക്കുകയും, അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.

വചനമായ യേശു തമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുക്കയും, മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും, എല്ലായ്പ്പോഴും പിതാവിനെയും, പുത്രനെയും, വിശുദ്ധറൂഹായെയും സ്തുതിച്ച് വന്ദിച്ച് മഹത്വപ്പെടുത്തണം.



ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്നള്ളുന്ന നിന്റെ ആ വലിയ ദിവസത്തിൽ നിന്റെ വല തുഭാഗത്ത് ഞങ്ങളെ നിറുത്തണമേ.

ഈ സമയത്ത് നിനക്ക് സ്തുതി പാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട് നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ.

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെമേൽ ഉണ്ടായി ഞങ്ങളു ടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും ആത്മാക്കളിന്മേൽ കരുണ ചെയ്യണമേ.

കർത്താവേ! കൃപ ചെയ്ത് സഹായിക്കണമേ.

**(148, 149, 150, മസുമൂറാകൾ)**

**ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ.**

ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്ന തങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവന്റെ സകല ദൂതന്മാരുമേ! അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ! അവനെ സ്തുതിപ്പിൻ.

ആദിത്യചന്ദ്രന്മാരേ! അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ! അവനെ സ്തുതിപ്പിൻ. ആകാശങ്ങ ളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതേയുള്ള വെള്ള ങ്ങളുമേ! അവനെ സ്തുതിപ്പിൻ; അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു; അവ ഉണ്ടായി. അവൻ കല്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേ ക്കുമായി സ്ഥിരപ്പെടുത്തി, നിയമം നിശ്ചയിച്ചു; അത് അഴി യുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ചവെള്ളവും, ഹിമവും, അവന്റെ വചനപ്രവൃത്തിയായ കാറ്റുകളും, കൊടുംകാറ്റുകളുമേ! കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളുമേ! കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും, സകല ന്യായാധിപന്മാരും, ശിശുക്കളും, കന്യകമാരും, വൃദ്ധന്മാരും, യൗവ്വനക്കാരും കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവന്റെ നാമം മാത്രം വലിയതാകുന്നു. അവന്റെ മഹത്ത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തന്റെ ജനത്തിന്റെ കൊമ്പും, തന്റെ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽമക്കൾക്കും മഹത്ത്വവും ഉയർത്തുന്നു.

കർത്താവിന് പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവന്റെ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവനു പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.



നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും; അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്ക് പ്രതിക്രിയയും, ജനത്തിന് ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾകൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾകൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവന്റെ സകല നീതിമാന്മാർക്കും മഹത്ത്വമുണ്ടാക്കുവാനും അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും, വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ ... മെന്ഓലം ...

**ത്രിത്വത്തിന് സ്തുതി. ത്രിത്വത്തിന് സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.**

## ധൂപപ്രാർത്ഥനകൾ

### 1. ദൈവമാതാവ്

### കുക്കിലിയോൻ

നിന്നാൾ സ്തുതിയൊട് രാജമകൾ-ഹാ-ഹാ
നിൻ വലമായ് രാജഭാമിനിയും.
നിന്നഴകരചൻ മോഹിപ്പാൻ-ഹാ-ഹാ
നിൻ ജനമോർക്കായ്ക പിതൃഗൃഹവും.
ബാറെക്മോർ. ശുബഹോ ... മെന്ഓലം ...

**എക്ബോ** (മാർ അപ്രേം)

ഭക്തർ പുകഴ്ചാഭാജനമേ!
നിന്നിലുദിച്ചോരേകസുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.
സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

**കോലോകൾ-**

(ല്മറിയം യൊൽദാസ്)

ദൈവത്തിൻ മാതാ-മറിയാമിന്നും നിബിയ-
ന്മാർക്കും ശ്ലീഹന്മാർക്കും നൽ സഹദേന്മാർക്കും
സഭയിൻ മക്കൾക്കൊ-ക്കെക്കും കാലം തോറും
എന്നേക്കും നല്ലോ-രോർമ്മയതുണ്ടാകട്ടെ.
ബറെക്മോർ. ശുബഹോ ...



തിരുവുള്ളത്താൽ ക-ന്യകയാം മറിയാമിന്നുൾ
ജാതനതായ് ജാതി-ക്കാരെ വഴി നേരാക്കി,
രക്ഷിച്ചവൾ തന്നോർ-മ്മയ്ക്കൌന്നത്യം ചേർത്ത
സുതനായ് സ്തോത്രം, പ്രാർത്ഥിക്കട്ടവൾ ഞങ്ങൾക്കായ്.

### 2. പരിശുദ്ധന്മാർ

### കുക്കിലിയോൻ

നയവാൻ പന പോലെ തളിർത്തിടുമേ-ഹാ
വളരുമവൻ ലെബനോൻ കാരകിൽ പോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ-ഹാ
വർദ്ധിക്കുമവർക്ക് തുഷ്ടി പുഷ്ടികളും.
ബാറെക്മോർ. ശുബഹോ .... മെനഓലം ....

**എക്ബോ** (മാർ അപ്രേം)

ഒരുപോലിങ്ങും (മാർത്തോമ്മാ)
ഉണ്ടേ മേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ-
ഓർമ്മയെ ബഹുമാനിച്ചോർക്കായ്.
സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

**കോലോകൾ**

(ല്മറിയം യൊൽദാസ്)

പ്രാർത്ഥനയിൻ സമയമിതല്ലോ (മാർത്തോമ്മാ)
പതിവിൻപടി നിൻകൂട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപ്പോൽ തൃക്കൈ വാഴ്ത്തേണം.
ബാറെക്മോർ. ശുബഹോ ...

നിന്നെ വരിച്ചൊരു താതന്നും (മാർത്തോമ്മാ)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മുടി ചൂടീടുന്ന റൂഹാ വന്ദ്യൻ;
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും.

**3. പരേതർ**

**കുക്കിലിയോൻ**

മക്കളിലപ്പൻ കൃപ ചെയ്വതു പോലെ-ഹാ-
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും.
പുല്ലിനു തുല്യം നരനുടെ നാൾകളഹോ-ഹാ-
പൂക്കുന്നിതു വയലിൽ പൂച്ചെടി പോലെ.
ബാറെക്മോർ. ശുബഹോ ... മെനഓലം ...

**എക്ബോ**

ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നുദ്യാനത്തിനായ്.
സ്തൗമെൻകാലോസ് ... കുറിയേലായിസ്സോൻ.

**കോലോകൾ**

(ല്മറിയം യൊൽദാസ്)

രക്ഷകനേ! നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാശം നീക്കി ജീവിപ്പി-
ച്ചണിയേണം നിന്നെ നോക്കുന്നവരിൽ കാന്തി.
ബാറെക്മോർ. ശുബഹോ ...



മൃതരെ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ
മുകിലഴകിൻ മേലാഘോഷിതനായീടുന്നു.
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.
മൊറിയോ റാഹേമേലൈനൂ ആദാറൈൻ

**ബോവൂസോ**

(മാർ അപ്രേം)

കർത്താവേ! കൃപ ചെയ്യണമേ
മാതൃ വിശുദ്ധ പ്രാർത്ഥനയാൽ
മറിയാമിന്നായ് ശ്ലോമ്മോ വ-
ന്നറിയിച്ചോരാ മാലാഖ
ദൈവം യോജിപ്പായെന്നായ്
വന്നറിവിങ്ങേകീടേണം.

പനിനീർ ഹാനനിയാദ്യർ മേൽ
വീഴ്ത്തിയൊരാ മാലാഖാ താൻ
മൃതർ തന്നസ്ഥിക്കൂട്ടത്തിൽ
കൃപയാം നീർ വീഴ്ത്തീടേണം.
കർത്താവേ! കൃപ ചെയ്യണമേ
മാതൃ വിശുദ്ധാഭ്യർത്ഥനയാൽ
പുണ്യം ഞങ്ങൾക്കും വാങ്ങി-
പ്പോയോർക്കും നൽകീടേണം.

**(അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ പേജ്..)**
**(മോറാൻ യേശുമിശിഹാ! പേജ്..)**

**കൗമാ**

# ബുധനാഴ്ച പ്രഭാതം

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**സ്ലൂസൊ**

**(ദൈവമേ! നിന്റെ കൃപ പോലെ പേജ്..)**

**(എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു; പേജ്..)**

**എനിയോനൊ**

(അദ്‌ലോനീസുൻ)

ഉത്തമനാഥാ! നിനുവയൊടാർദ്രത കാണിച്ചോനേ!
പ്രാർത്ഥിച്ചിടുമീ ഇടവകയിന്മേൽ കൃപ ചൊരിയണമേ.
ദേവേശാ! കൃപയെന്മേൽ ചെയ്ക.

തരുണികളെല്ലാം തലയിന്മീതേ ചാരം പൂശി
തരുണന്മാർ കണ്ണീരും മണ്ണും കവിളിൽ വീഴ്ത്തി.
ദേവേശാ! കൃപയെന്മേൽ ചെയ്ക.

മകുടം ദൂരത്തെറിയും-മന്നനെ വീക്ഷിച്ചു ജനം
മണവാളന്മാർ മകുടം നീക്കി-കേഴുകയായി.
ദേവേശാ! കൃപയെന്മേൽ ചെയ്ക.

ഘോരവിലാപം കേട്ടു-മേഘം ഗർജ്ജിക്കും പോൽ
മേഘം വർഷത്തിനു പകരം-കണ്ണീർ വർഷിച്ചു.
ദേവേശാ! കൃപയെന്മേൽ ചെയ്ക.



വേദനയിൽ പൈതങ്ങൾ-രോദിക്കുന്നതു കാൺകേ
കണ്ണീരൊടു പാൽ മാതാക്കളിൽ നി-ന്നൊഴുകിപ്പോയി.
ദേവേശാ! കൃപയെന്മേൽ ചെയ്ക.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

എന്നെ ചുറ്റിയൊരഹിത-ന്മാരെ രോധിക്കേണം
വളയും കോട്ടകളെ സുസ്ഥിരമായ്-നിർത്തീടണമേ.
ദേവേശാ! കൃപയെന്മേൽ ചെയ്ക.

കുറിയേലായിസ്സോൻ

**(ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ.... പേജ്..)**

**എനിയോനോ**

(ലെക്ക് നെസ്ക്കാശാപ്പ്)

അനുതാപികൾ തൻ-രക്ഷയിലാഗ്രഹമുള്ളോനാം
പുത്രൻ ദൈവം-പാപത്തിന്ന്
കീഴ്പ്പെട്ടോളം നിനുവാപുരി-അനുതാപത്തിൻ
വചനത്താൽ-തിരികെ വരാൻ
പ്രേഷിപ്പിച്ചാൻ മത്തായ്-സുതനാം യോനായെ.

യജമാനൻതൻ-കൽപ്പന വിട്ടോടാൻ ചെന്നാൻ
കടലിൽ യോനാ-കടൽ ബന്ധിച്ചു
സൂചന നിറവേറ്റാനവനെ-മീനിന്നുള്ളിൽ.
നാഥൻ പ്രാ-ർത്ഥന കേട്ടു
യോനാ കൽപ്പന കാത്തു-സൂചിതമുത്ഥാനം.

വീരന്മാർതൻ പുരിയാം നിനുവയിലുദ്ഘോഷി-
ച്ചേവം യോനാ-കർത്താവിന്റെ
കൽപ്പനയാൽ നിനവാനഗരം-മറിയും കീഴ്മേൽ
നിങ്ങടെ മേൽ കോപം വന്നൊരുപോലെ-
ല്ലാവരെയും നിഹനിക്കും നൂനം.

നാശം പൂകും-പുരിയെന്നേവം കേട്ടപ്പോൾ
ഞെട്ടി മന്നൻ ചൊന്നാനേവം
പ്രജകളെയും നേതാക്കളെയും കൂട്ടംകൂട്ടി
കർത്താവിൻ ശരണത്തിൽ-പ്രാർത്ഥിക്കാം
നമ്മെയവൻ-രക്ഷിപ്പാൻ പ്രാപ്തൻ.

നിനുവാമന്നൻ പൂന്തുകിലും പട്ടാടകളും
വേഗം നീക്കി-ചാലേ ചാക്കിൻ
വസ്ത്രം ചുറ്റി ചാരത്തിൽ-ശയനം ചെയ്താൻ
വിനയം കണ്ടുത്തമനാ-ജനതതിയെ
രക്ഷിച്ചി-ട്ടവനേകി മേന്മ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

കോപത്തീന്നും-നിനുവയരെ കൃപയാൽ രക്ഷി-
ച്ചോനാം നാഥാ! ജീവൻ നൽകും
നിൻ രക്തത്താൽ രക്ഷിതയായ്-നിന്നെ നമ്പു-
ന്നിടവക നി-ന്റേതാവാൻ-പാപത്തിൻ
ദാസ്യത്തീ-ന്നിവളെ രക്ഷിക്ക.

കുറിയേലായിസ്സോൻ.

**(കർത്താവിന് ഒരു പുതിയ പാട്ടും,പേജ്..)**

**എനിയോനൊ**

(ബ്സുൽത്തൊ യെൽദാസ്)

പാരാവാരത്തിൽ നിന്നും
യോനാ പ്രാർത്ഥിക്കേ-കേട്ടോരുത്തമനേ!
പ്രാർത്ഥന കേട്ടുൾകൃപയോടെ
പ്രീതിപ്പെടണേ ഞങ്ങളിൽ നീ
ഞങ്ങടെ ദുർബ്ബലവർഗ്ഗത്തിൻ-രക്ഷാദാതാവല്ലോ നീ.



അനുതാപത്താൽ നിനുവയുടെ
ഭീകരമാം വിധിയെ-നീക്കിയ കരുണാബ്ധേ!
നിണരക്ഷിതരാം ദാസരിൽ നി-
ന്നൊഴിവാക്കണമേ കോപത്തെ
അവനെയെന്നും വാഴ്ത്തുവിനെ-
ന്നവരുദ്ഘോഷിച്ചിടുന്നു.

താപികളാം പാതകികൾക്കായ്
വാതിൽ തുറന്നീടും-കരുണാബ്ധേ
തേറിടുവാൻ കൃപ നൽകണമേ.
പാപം പരിഹൃതമാകണമേ
അവനെ വാഴ്ത്തുവിനെന്നേവം-മോദമൊ
ടാർത്തീടുംഞങ്ങൾ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

കരുണാനിധിയാം കർത്താവേ!
പാപംചെയ്തോരീ ദാസരെ വെടിയരുതേ
ഞങ്ങളിലമരും നിൻ തനുവും
നിണവും മൂലം കനിയണമേ
നിനുവാരക്ഷകനാമീശോ-പ്രീതിപ്പെടണേ ഞങ്ങളിലും.

ആമ്മീൻ.

**(പ്രകാശത്തിന്റെ സ്രഷ്ടാവിന് സ്തുതി; പേജ്..)**

**എക്ക്ബൊ**

(ബസ്സൂസ് യോലേത്തോക് - ദുഷ്ടന്മാരിൽ കാരുണ്യം)

സ്വർഗ്ഗസ്ഥൻ താതാ! പ്രാർത്ഥിക്കുന്നടിയാർ
കൈക്കൊണ്ടിക്കർമ്മം-കാരുണ്യം ചെയ്ക.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**

## കോലോ

(ബ്കൂൽമേദെം എസ്ബാക്കീസ്)

നിയമഗ്രന്ഥത്തിൽ കാണ്മൂ
പാപി തപിക്കേ ധാർമ്മികരും
ദൂതന്മാരും മോദി-ക്കുന്നെന്നേവം.
ഞങ്ങടെ വീഴ്ചയിൽ ദൂതന്മാർ-വിലപിക്കായ്വാനും
ജാതികളുടയോനെങ്ങെന്നായ്-നിന്ദിക്കായ്വാനും
സകലേശാ! കാരുണ്യത്താൽ
നിനുവപുരക്കാർക്കെന്നോണം
ഉത്തരമരുളണമേ നാഥാ! ശിക്ഷകളെ സർവ്വം നീക്കി
നിവസിപ്പിക്കണമേ-തിരുസഭയിൽ ശാന്തി.

ബാറെക്മോർ. ശുബഹൊ ...

സൽക്രിയയാലീ ലോകത്തിൽ
ജീവിത വൈശിഷ്ട്യത്തോടെ
വിമലവിചാരത്താൽ-കപടത തീണ്ടാതെ
ദൈവികമാകും സ്നേഹത്താൽ-നിജമാം ചിത്തത്തെ
നിർമ്മലമായ് കാത്തീടുന്നോൻ ധന്യൻ താനെന്നും
അവനോർത്താൽ ദേവാഗാരം
റൂഹാ അവനിൽ വാഴുന്നു
മശിഹാ ദ്രാക്ഷാത്തോട്ടത്തിൽ നീതിയൊടദ്ധ്വാനിച്ചോർക്കായ്
സജ്ജമതാം രാജ്യം-അവനവകാശിക്കും.

മെന്ഓലം ...

അഖിലം ഞാനാരാഞ്ഞിട്ടും
ദൈവഭയത്തെ മികച്ചൊന്നും
ഞാൻ ദർശിച്ചില്ല-തൽസ്നേഹത്താലെ
ധാർമ്മികനാം യൗസേപ്പാർന്നു-മെസ്രേൻരാജത്വം



മഹിതൻ മോശ വിഭാഗിച്ചാൻ-വടിയാൽ വാരിധിയെ
ഹാനനിയാദ്യന്മാരതിനാൽ
അഗ്നിയിൽ നിന്നും രക്ഷിതരായ്
തങ്കത്തേക്കാളതു കാമ്യം-മധുവിലുമതു മധുരം പാരം
ദൈവാരാധനയെ-സ്നേഹിപ്പോൻ ധന്യൻ.

മൊറിയോ...

## എത്രൊ

## കോലോ

(ലോക്ക് മോറിയോ കോറേനാൻ)

കോപത്തിൻ ശിക്ഷയൊഴിച്ചാൾ-നിനുവാനഗരി
നാൽപ്പതു ദിവസം നിർമ്മലമാം-നോമ്പേറ്റീടുകയാൽ
ചാക്കരയിൽ ചുറ്റി ചാരം-ചാർത്തിയൊരരചൻ
കർത്താവിന്നു സമർപ്പിച്ചാൻ-നോമ്പും പ്രാർത്ഥനയും.
സോദരരേ-നോമ്പാൽ പ്രാർത്ഥനയാൽ
നമ്മൾക്കും-കനിവെഴുമുടയോനേ
പ്രാർത്ഥിച്ചാർദ്രതയൊടു കൃപ ചെയ്വാനർ-ത്ഥിച്ചീടാം.

ബാറെക്മോർ. ശുബഹൊ ...

നിനുവാപുരി ചാരം പൂശി വി-പത്തൊഴിവാക്കി
രട്ടു ധരിച്ചു മഹാകോപത്തിനു ശാ-ന്തത നൽകി
വെണ്ണീറും ചുടുകണ്ണീരും-വഴിപാടാക്കി
സ്വർഗ്ഗകവാടം ഹന്ത തുറന്നാർന്നാൾ-സംപ്രീതി.
വാടി മുഖ-ങ്ങൾ കണ്ണീരൊഴുകി
കൃപയൊഴുകി-മോദിച്ചാത്മാക്കൾ
ആ പ്രാർത്ഥന കൈക്കൊണ്ടോൻ കനിവുടയോൻ
സ്തോത്രാർഹൻ.

മെന്ഓലം ...

ആഹ്വാനംചെയ്യുന്നുതവി-ക്കെത്തുക നാഥാ!
കലഹിപ്പിക്കുന്നുലകത്തെ ദുഷ്ടൻ-വഞ്ചനയാൽ
ഭിന്നത നൃപ വിധികർത്താക്കളി-ലവനുളവാക്കി
ധാർമ്മികരെയും വീഴിപ്പാൻ വഴി നോ-ക്കീടുന്നു
കർത്താവേ! നിൻ കരുണയിലെന്യേ
സങ്കേതം-ഞങ്ങൾക്കാരുള്ളൂ?
ദുഷ്ടനെ ഞങ്ങളിൽ നിന്നോടിക്കുക-നിൻ സ്ലീബായാൽ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

കർത്താവേ! നിന്നാർദ്രത നിറയും വാതിൽ തുറന്നീ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

തന്നാൾപേരാൽ ഭീകരവൃത്താന്തം കേട്ടപ്പോൾ
ഭൂപൻ പേടിച്ചെറിയുകയായി മകുടം മണ്ണിൽ.
ദേഹം ചാക്കിൻതുണിയാൽ മൂടി കണ്ണീർ തൂകി
ചാരം മണ്ണെന്നിവ തലയിന്മേൽ വാരിപ്പൂശി.

ദൈവികകാരുണ്യം നിനുവാക്കാർതന്മേൽ തൂകി
ഈശൻതൻ കോപത്തീന്നതിനെ രക്ഷിച്ചോനേ!
താതൻ സൂനു വിശുദ്ധാത്മാവാം നീയെന്നേക്കും
പൂജ്യൻ സ്തുത്യൻ നിത്യം ത്രിത്വൈകന്നായ് സ്തോത്രം.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

**(പഴയനിയമം, ശ്ലീഹാവായനകൾ ഏവൻഗേലിയോൻ)**
**അഖിലേശാ യോഗ്യത നൽകണമേ ... പേജ് 63)**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



# ബുധനാഴ്ച മൂന്നാംമണി

**കൗമാ**

**കോലോ**

(ഏനോനോ നൂഹറൊ)

മേത്തരമാം മണിയറയും പാരം
മോടിയെഴും മണിമേടകളും
പട്ടാടച്ചമയതും മുടിയും
കൈവിട്ടരചൻ വിലപിച്ചു.
നേതാക്കളുമധികാരികളും
മന്നനോടൊപ്പം പ്രലപിച്ചു
വിനയം കണ്ടപ്പോൾ നാഥൻ
വചനം കേട്ടു ജനത്തീന്നും
തൻകോപത്തെ മായിച്ചാൻ.

ബാറെക്മോർ. ശുബഹൊ ...

ദു:ഖിതരായ് സ്ത്രീജനമുള്ളുരുകി
കുട്ടികളെപ്രതി വിലപിച്ചു
ഭക്ഷണമില്ലാത്തതിനാൽ കേണു
വീട്ടിൽ വളർത്തും ജീവികളും
വൃദ്ധന്മാരും കുട്ടികളും
ധനമുള്ളോരില്ലാത്തോരും
മന്നനുമുന്നതരും കേണു.
പശ്ചാത്താപം കണ്ടപ്പോൾ
നാഥൻ ദുഖം മായിച്ചാൻ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം

രോധിക്കേണം നാശം ചെയ്യുന്നോരേ നാഥാ!
കോട്ടം തട്ടാതെൻ കോട്ടകളെ കാത്തീടേണം.
എൻ കർത്താവേ! എൻ കെട്ടുകളെ പാലിക്കേണം.
കാവൽവാതിൽ സർവ്വം ഭദ്രം നിർത്തീടേണം.

നിനുവാക്കാരോടലിവുണ്ടായൊരു നല്ലോൻ നാഥാ!
ആർദ്രത കാട്ടുക നിൻ രക്തത്താൽ നീ കൊണ്ടോരിൽ.
നിന്നെ താതനെ റൂഹായേയും സ്തോത്രം ചെയ്‌വാൻ
നീക്കീടേണം ഞങ്ങടെ ശിക്ഷകളെല്ലാം തന്നെ.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

**കൗമാ**

## ബുധനാഴ്ച ആറാംമണി

**കൗമാ**

**കോലോ**

(മൊറിയോ മോറാൻ)

സങ്കടകരമാം-ബാഷ്പം പ്രവഹിപ്പിക്കുകയാൽ
വെന്നു നിനുവ-കർക്കശകോപത്തെ
അപരാധത്തിൻ-തിരയിൽ മുങ്ങാറായപ്പോൾ
നോമ്പൊരു രക്ഷാ-നൗക കണക്കായി
ഹാലേലുയ്യാ-പാവനനോമ്പാൽ ധർമ്മത്തിൻ
ഭീകരശിക്ഷാ-വിധിയെ മായിച്ചാൻ.

ബാറെക്മോർ. ശുബഹൊ ...



യേശു നാഥാ! ഞങ്ങൾതൻ കട പാപങ്ങൾ
പോക്കീടണമേ-നിൻ കാരു-ണ്യത്താൽ
നിന്നെ കോപി-പ്പിച്ചോരായ് വിളി കൂട്ടീടും
പാപികളിൽ നീ മടികാട്ടീടല്ലേ.
സ്കീപ്പാ ഏൽപ്പാൻ-പ്രേരണ നൽകിയ കാരുണ്യം
ഞങ്ങൾക്കായ് നി-ന്നോടർത്ഥിക്കണമേ.
ഹാലേലുയ്യാ-നിൻ ഹാശാതൻ പ്രേരണയാൽ
തിന്മകളെല്ലാം-രോധിച്ചീടേണം.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

ആർദ്രത തോന്നേണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമേ.
മോചനവും കൃപയും വാഴ്‌വും
നിന്നറയീന്നേകീടണമേ.

നാൽപ്പതുനാൾക്കകമുണ്ടാകും
കോപത്തിൻ വൃത്താന്തത്തിൽ
സംഭ്രമവും വിറയും നിറയും
ദീനരവം പുരിയിൽ പൊങ്ങി.

അന്യായം ദർശിച്ചപ്പോൾ
ഘോഷകനെ പ്രേഷിപ്പിച്ചാൻ
ദുർമ്മാർഗ്ഗം വിട്ടോർ പാടി
സത്തമനാം ദൈവം സ്തുത്യൻ.

പ്രാർത്ഥന കേട്ടീടുന്നോനേ!
യാചന നൽകീടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ.

## ബുധൻ ഒമ്പതാംമണി

**കൗമാ**

**കോലോ**

(സൊഹദെ ആപ്പീസുനോയ്)

നിനുവാപുരിതന്നനുതാപം
സ്വർഗ്ഗത്തിൻ വാതിൽ തുറന്നു
അവരുടെ കണ്ണീർ കണ്ടപ്പോൾ-നല്ലോൻ കനിവാർന്നു
ജീവനിരിക്കേ ചരമമട-
ഞ്ഞെങ്കിലുമവർ ജീർണ്ണിച്ചില്ല
യാചന കേട്ടപ്പോൾ വിധിയെ-മായിച്ചോൻ ധന്യൻ.

ബാറെക്മോർ. ശുബഹൊ ...

ഇഷ്ടികയെന്യേ വാരിധിയിൽ
കെട്ടിയ പാർപ്പിടമൊന്നിലഹോ!
മത്തായ് പുത്രൻ നീതിപരൻ-യോനാ കുടികൊണ്ടു
എന്നൊടു കൃപ ചെയ്തഖിലേശാ!
പിഴകൾ പൊറുക്കണമെന്നേവം
പാടി തേനിൻ മധുരിമയെ-വെല്ലും സ്വരമൊടവൻ.

മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ-നിൻവിധി ദിവസത്തിൽ.

അയ്യോ! നിൻ കോപം അത്യന്തം ഘോരം
രോഷം വന്നെത്തി പുരി നാശം പൂകും.
അയ്യോ! നിന്റെ വിപത്തിൽ ഖേദിക്കുന്നേൻ.



നിനുവാപുരിയുടെ യാചന കേട്ടോൻ ദേവാ!
ഈ യാചന കേട്ടിട്ടലിവുണ്ടാകേണം.
സ്തുതി തേ! താതനും വിമലാത്മാവിന്നും.

വാനവർതന്നീശാ! മാനവർ തൻ ഗതിയേ
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നേണം.

(മൂന്നു നോമ്പു വീടുന്ന വ്യാഴാഴ്ച ശ്ഹീമാ നമസ്കാരത്തിലെ വ്യാഴാഴ്ചത്തെ നമസ്കാരം ചൊല്ലണം.)

# വലിയ നോമ്പിലെ പ്രാർത്ഥന

## തിങ്കളാഴ്ച സന്ധ്യ

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(സ്ലൂസൊ)**
**(കർത്താവേ! ഞാൻ നിന്നെ വിളിച്ചു പേജ്...)**

എനിയോനോ
(മിശിഹൊ ഏസിലേദ്)

ഞങ്ങളെ രക്ഷിപ്പാൻ-താഴ്മ വരിച്ചോനേ!
മ്ശിഹാ നോമ്പോടെ-ശത്രുപരീക്ഷകളേറ്റോനേ!

പോരാടുന്നോനാം-സാത്താനെ നോമ്പാൽ
പ്രാർത്ഥനയാൽ വെല്ലാൻ-സഭയെ നീ ശീലിപ്പിച്ചു.

ആദാം താതൻതൻ-ഭക്ഷണമോഹത്തെ
വെന്നൊരു നൽ നോമ്പേ-സസമാധാനം വന്നാലും.

രക്ഷകനാം നാഥൻ-ഞങ്ങൾക്കായ് നോറ്റ
നോമ്പേ വന്നാലും-അവനെ വണങ്ങിൻ സാഷ്ടാംഗം.

രക്ഷകനാം നാഥാ!-സ്നേഹാനന്ദത്താൽ
നോമ്പിനെ എതിരേൽപ്പാൻ-യോഗ്യത ഞങ്ങൾക്കേകേണം.

തിരുവിഷ്ടം പോലെ-നോമ്പതു നോൽക്കാനും
പാപം മായാനും-യോഗ്യത ഞങ്ങൾക്കേകേണം.



നോമ്പിൽ നിന്നുയരും-വാസന ഇമ്പകരം
നോമ്പാൽ വാനേറാ-മെന്നോതീടുന്നേലീയാ.

പൂർവ്വികമവകാശം-നാം പ്രാപിച്ചിടുവാൻ
നമ്മുടെ രക്ഷകനീ-നോമ്പിനെ ആയുധമായ് നൽകി.

നാഥാ! നീ വാതിൽ-സത്യമതാം ജീവൻ
നീ വഴി മഹിമയെഴും-നിൻ താതനെ ഞാൻ പ്രാപിപ്പൂ.

വാതിൽ തുറന്നേകി-പാതകളെ കാട്ടി
കാക്കുക ഞങ്ങളെ നിൻ-കൃപയെ സ്തോത്രം ചെയ്തീടാൻ.
ബാറെക്മോർ. ശുബഹോ-മെനഓലം -

കൃപയുള്ളോനേ നിൻ-കൃപയാൽ കൃപ ചെയ്ക
ദോഷം മായിച്ചെൻ-പാപം മോചിച്ചീടേണം.

ശമവും ശാന്തിയതും-നിൻ കൃപയാലരുളി
രണ്ടുലകങ്ങളിലും-ഞങ്ങളൊടാർദ്രത തോന്നേണം.
സ്തൗമെൻകാലോസ്-കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**

**കോലോ**
(കാബേലൊയ് മോറാൻ)

നോമ്പും പ്രാർത്ഥനയും-മഹിമയെഴും തിരുസന്നിധിയിൽ
കൈക്കൊണ്ടീടണമേ-നിർമ്മല പരിമള ധൂപം പോൽ.
ബാറെക്മോർ. ശുബഹോ ...

പരിപാവനമാം നോ-മ്പരിയാം സാത്താനെ നേർക്കും
വിജയക്കൊടിയുമഹോ-തോൽക്കാത്തോരായുധവും താൻ.
മെനഓലം ...

ഇപ്രാർത്ഥനയാൽ സ-ന്തോഷമടഞ്ഞീ യാചനയെ
കൈക്കൊണ്ടീടണമേ-തൂമണമിയലും ധൂപം പോൽ.
മൊറിയോ .....

**എത്രൊ**

**കോലോ**

(ലൊ ലദീനൊ)

മോശ സീനായ് മലയീന്നും-കൊണ്ടിഹ വന്നു
നാൽപ്പതു നാൾ നോമ്പേൽക്കുകയാൽ
ഇസ്രായേലിന്നായ് ദൈവം-എഴുതിയതാകും
കൽപ്പനകൾ തൻ കൽപ്പലക-ഹാലേ ... പ്രാർത്ഥന ശരണം.

ബാറെക്മോർ. ശുബഹോ ...

നാഥൻ നോമ്പേറ്റാൻ മരുവിൽ-നാൽപ്പതു ദിവസം
ഖലനാം സാത്താനെ വെന്നാൻ
ദുഷ്ടൻമേൽ വിജയം നേടാൻ-നോമ്പിനെ ഞങ്ങൾ-
ക്കായുധമായി തന്നോനാം-ഹാലേ ... നാഥൻ ധന്യൻ.

മെനഓലം ...

കർത്താവേ! കൃപ ചെയ്യണമേ-കൈക്കൊള്ളണമേ
ശുശ്രൂഷകളും പ്രാർത്ഥനയും
പോരാട്ടത്തിൽ സഹദേന്മാർക്കധികം വീര്യം
നൽകിയ നിൻകൃപ ഞങ്ങൾക്കും-ഹാലേ ... ബലമേകട്ടെ.

മൊറിയോ......

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാ-ഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റവരിൽ കൃപ തോന്നേണം.
പോരാടീ-ടാനവസരമീശോ സാത്താനേകി
ക്ഷീ-ണിച്ചപ്പോൾ തോൽപ്പിച്ചീടാൻ സാത്താനെത്തി.



ശോധിച്ചീ-ടാൻ പശിയാ ദുഷ്ടനു മാർഗ്ഗം നൽകി
വാ-ട്ടം കണ്ടീടായ്കിൽ പോരിന്നണയാ സാത്താൻ.
രക്ഷിച്ചീടാൻ പുത്രനെ വിട്ടോൻ താതൻ വന്ദ്യൻ
ഹീ-നാത്മാവെ തോൽപ്പിച്ചോനാം പുത്രൻ സ്തുത്യൻ.
സാത്താനെ-തൻ പോരിൽ വെന്നോൻ റൂഹാ സ്തുത്യൻ
മൂ-ന്നായീടും പരനാമേകൻ കൃപ ചെയ്യട്ടെ.
ശാന്തൻ മോ-ശാ നിബിതൻ നോമ്പേറ്റോനാം മ്ശീഹാ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

മോറാൻ യേശൂമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നുവെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ പക്കൽ നിന്നെ ഇറക്കി. ഞങ്ങളോടു കരുണയുണ്ടാകണമേ.

**കൗമ**

## തിങ്കളാഴ്ച സൂത്താറാ

(മൂന്ന് നോമ്പിലെ തിങ്കൾ സൂത്താറാ നമസ്ക്കാരം പേജ്...)

## തിങ്കളാഴ്ച രാത്രി

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ പേജ്..)**

**(രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ പേജ്...)**

എനിയോനോ

(യോയെ ഉസൊദേക്ക്)

നീതിയൊടദ്ധ്വാനിക്കേണ്ടും ദിവസമിതാ വന്നെത്തുന്നു
അദ്ധ്വാനിപ്പാനാശിപ്പോൻ ആത്മീയം ജീവൻ നേടും.
സ്തോത്രം തേ സ്തോത്രം തേ സ്തോത്രം തേ സർവ്വേശാ!
അൻപൊടു കൃപ ചെയ്യുക നാഥാ!

ഉണരുക മടിയാ-പണി ചെയ്‌വാൻ മടി അരുതിപ്പേരാട്ടത്തിൽ
ജാഗ്രത നോമ്പതിലുള്ളോനായ് ശാശ്വത ജീവിതമാർജ്ജിക്ക.
സ്തോത്രം തേ സ്തോത്രം തേ ...

ഉപമകളാലനുതാപത്തി-ന്നേശു നമ്മെ വിളിക്കുന്നു
ഒരു നാഴിക പണി ചെയ്തോരും പ്രാപിച്ചോരോ ദീനോറൊ.
സ്തോത്രം തേ സ്തോത്രം തേ ...

ബാറെക്മോർ. ശുബഹോ ... മെനഓലം ...

മാനവരിൽ ചൊരിയും കൃപയിൻ കടലാകും കർത്താവേ! നിൻ
രുധിരത്താലിത്തിരു സഭയിൻ കടമഖിലം മോചിക്കണമേ.
സ്തോത്രം തേ സ്തോത്രം തേ ...

കുറിയേലായിസ്സോൻ. കുറിയേ ... കുറിയേ ...



**എക്ക്ബൊ**

(ആബൊക്സബ്വൊ)

വിജ്ഞാനത്തെ സ്നേഹിപ്പോൻ കർത്താവിൻ സ്നേഹം നേടും
രാജകുമാരന്മാ-ർക്കവനുപദേഷ്ടാവായ്
നേതാക്കൾക്കും നേതാവായ് പ്രാപിക്കും പ്രമുഖസ്ഥാനം.

കുറിയേലായിസ്സോൻ. കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ...

**കോലോ**

(കൂക്കോയോ)

ദൈവാത്മജനെ നാമിരവിൽ- സ്തോത്രം ചെയ്യേണം
കർത്താവു വരുന്നെന്നരവം-രാത്രിയിലുണ്ടാകും
നീതിപ്രിയരും-നിബി ശ്ലീഹന്മാരും
സഹദേന്മാരും- വന്നിടും എതിരേൽപ്പാൻ
സന്തോഷത്തിൻ മണവറയിൽ-സകലരുമങ്ങേറീ-
ട്ടുയിരും രാജ്യമതും നേടി- സ്തുതി പാടും നൂനം.
ഹാലേലൂയ്യാ കർത്താവേ സ്തോത്രം.

ബാറെക്മോർ. ശുബഹോ ...

ശയ്യയിൽ നിന്നെ ഞാനോർക്കാ-തില്ലൊരു രാവീശാ!
നീയയ്യോ പരമുജ്ജ്വലനെന്നോർത്തേൻ ഞാൻ രാവിൽ.
നിൻ മുമ്പിൽ നി-ന്നെരിതീ പായുന്നെ-
ന്നാ ദാനീയേൽ- ഓതുന്നതു കേട്ടേൻ.
അയ്യോ എൻ പാപം ബഹുലം-നീ തുണ ചെയ്യായ്കിൽ
ഞാനവിടെ തരണം ചെയ്യാൻ- വഴി കാണുന്നില്ല.
ഹാലേലൂയ്യാ നാഥാ! കൃപ ചെയ്ക.

മൊറിയോ....

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

ദൈവത്തിൻ വൻ വിസ്മയചരിതം കീർത്തിച്ചീടാൻ
മന്നൻ ദാവീദന്നടുരാവിൽ ചേലൊടുണർന്നാൻ.
ദാവീദിൻ സങ്കീർത്തനമാത്മപ്രേരിതനായി
ബോധജ്ഞാനീ ഇന്നടുരാവിൽ പാടുക നീയും.

നീ പകൽ നാഥാ! ഞാനതിനാലെ ശോഭിക്കേണം
നിൻ കൃപ കാണാനെന്നുടെ മിഴികൾക്കേകുക ദീപ്തി.
ലൗകികമാർഗ്ഗം കഷ്ടപ്പാടാൽ സങ്കടപൂർണ്ണം
നീ പകലല്ലോ നിന്നിൽ നടപ്പോൻ ഇടറുകയില്ല.

ദേവാ! ദേവാ! ഉത്തരമരുളി കാരുണ്യം ചെയ്-
തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

**രണ്ടാം കൗമാ**

**+ കർത്താവിന്റെ ബഹുമാനം ...**

**എക്ക്ബൊ**

(ആബൊക്സബ്വൊ)

പിൻവാതിൽക്കലിരുന്നേവം ശീമോൻ പാരം കേണോതി
ഗുരുവേ! ഞാൻ ശിഷ്യൻ-വാതിൽ തുറന്നാലും
സ്വർഗ്ഗത്താക്കോൽ കൈവിട്ടേൻ പാരും വാനും കേഴുന്നു.
കുറിയേലായിസ്സോൻ. കുറിയേ ... കുറിയേ ...
ഞങ്ങളുടെ കർത്താവേ ...



**കോലോ**

(കൂക്കോയോ)

രാജാവാം ദാവീദേ! നീ- എന്നോടരുളേണം
രാവും പകലും പാടും നിൻ കീർത്തനമെന്തൊവോ?
ഈറേന്മാരും-മാലാഖമാരും
പാടീടുന്ന- ഹാലൽ സംഗീതം
റൂഹായെന്നെ കേൾപ്പിച്ചു-വൈദികരെ ഞാനും
പള്ളികളും ദയറാകളുമീ-ഹാലേലുയ്യായാൽ
ഹാലേലുയ്യാ വാഴ്ത്തുന്നുടയോനെ.

ബാറെക്മോർ. ശുബഹോ ...

എഴുന്നേറ്റാനന്നടുരാവിൽ-ദാവീദുടയോൻ തൻ
ആശ്ചര്യം നിറയും ന്യായ-ത്തീർപ്പുകളെ വാഴ്ത്താൻ
മീതെ കണ്ടാൻ-അംബര വിരവിങ്കൽ
ഭ്രമണം ചെയ്യും-തേജോഗോളങ്ങൾ
എങ്ങും പരമ സമാധാനം- പാരിൽ കണ്ടപ്പോൾ
ദാവീദത്ഭുത പരതന്ത്രൻ-കർത്താവേ നിന്നെ
ഹാലേലൂയ്യാ സ്തുതിയാൽ കീർത്തിച്ചു.

മൊറിയോ....

**ബോവൂസോ**

(മാർ അപ്രേം)

ആർദ്രത തോന്നണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമേ
മോചനവും കൃപയും വാഴ്വും
നിന്നറയീന്നേകീടണമേ

വൃത്തികളാൽ കർത്താവേ! ഞാൻ
നിൻ കോപത്തിനു പാത്രമതായ്
കരുണാബ്ധേ! നീ കോപിക്കാ
സുസ്ഥിരമേ നിൻ നിർമ്മലത

നിബിവാക്യം പോൽ ജനമെല്ലാം
ജലബിന്ദുക്കൾക്കൊപ്പമതാം
നൈർമ്മല്യത്തെ ഭഞ്ജിപ്പാൻ
തിന്മക്കെങ്ങനെ സാധിക്കും?

പ്രാർത്ഥന കേട്ടീടുന്നോനേ
യാചന നൽകീടുന്നോനേ
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ.

**മൂന്നാം കൗമാ**

**+ കർത്താവിന്റെ ബഹുമാനം ...**

**എക്ക്ബൊ**

(ആബൊക്സബ്‌വൊ)

എന്നെയുണർത്തി ദുർലോകം തൽക്കാര്യം ഭയമോടോതാൻ
മലിനതയും പാരം-ഹീനതയും പാർത്തേൻ
ലോകസ്നേഹത്തിൽ മുങ്ങി വഴിവിട്ടോർക്കയ്യോ നാശം.
കുറിയേലായിസ്സോൻ. കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ...

**കോലോ**

(കൂക്കോയോ)

ആരും കാണാതുടയോനേ! ഞാൻ പാപം ചെയ്‌വൂ
അന്യന്മാർ കണ്ടെന്നാകിൽ- ലജ്ജിച്ചീടും ഞാൻ
എൻ പാപങ്ങൾ-നേരെ കാണ്മോനാം
നിന്നെ അയ്യോ-പേടിക്കുന്നില്ല
വിധിനാഥന്മാർക്കെല്ലാർക്കും-വിധിനാഥാ! ദേവാ!
മൃത്യുവിലും ജീവനിലും ഞാൻ-തൃക്കൈയിൽ തന്നെ
ഹാലേലൂയ്യാ കനിവാൽ കൃപ ചെയ്ക.

ബാറെക്മോർ. ശുബഹോ ...



സ്വർഗ്ഗപിതാവേ! നിൻ മക്കൾ-ക്കുത്തരമരുളേണം
തുണ ചെയ്‌വാൻ പോരുന്നോനായ്-താതൻ മറ്റില്ല.
തിരുവുള്ളത്താൽ- ഞങ്ങളെ നിർമ്മിച്ചു
മായിക്കരുതേ- തിരുവുള്ളക്കേടാൽ
പാലിച്ചങ്ങനെ സൽക്രിയാൽ-തിരുഹിതമാർജ്ജിപ്പാൻ
നിൻ കൽപ്പനകളെ എൻ നാഥാ!- ശീലിപ്പിക്കേണം
ഹാലേലൂയ്യാ കൃപ ചെയ്യുക നാഥാ!

മൊറിയോ.....

**ബോവൂസോ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ- നിൻ വിധി ദിവസത്തിൽ.

ആർത്തന്മാർ വാതിൽ മുട്ടുന്നു കൃപാലോ
കനിവോടർത്ഥനകൾ-ക്കുത്തരമരുളണമേ.

വാനവനാം താതാ! യാചിക്കുന്നടിയാർ
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നണം.

വാനവർ തന്നീശാ! മാനവർ തൻ ഗതിയേ!
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നണം.

**ഹാലേലൂയ്യാ ഉ ഹാലേ ... ഉ ഹാലേ ... ദൈവമേ! നിനക്കു സ്തുതി.**
(മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരയ്ക്കണം)

കരുണയുള്ള ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമേ.

മൊറിയോ...

**(ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ്... പേജ്...)**
**ത്രിത്വത്തിന് സ്തുതി. ത്രിത്വത്തിന് സ്തുതി... പേജ്..)**

**കോലോ**

(കൂക്കോയോ)

ദൈവം സത്കർമ്മങ്ങളിലും- നല്ലൊരു നോമ്പതിലും
സംതൃപ്തിപ്പെടുമെന്നേവം- വേദം ഘോഷിപ്പൂ
ഏലീയായും-നിബി ദാനീയേലും
മോശയുമതിനെ-സാക്ഷിച്ചിടുന്നു
പ്രാർത്ഥന നോമ്പിവയിൽ പാരം-പ്രീതിപ്പെട്ടേവം
കൃപ ചെയ്യുന്നോനാം നാഥൻ- വാഴ്‌വുടയോൻ തന്നെ
ഹാലേലൂയ്യാ കനിവാൽ കൃപ ചെയ്ക.

ബാറെക്മോർ. ശുബഹോ ...

അതിഭീകരമാം പാപത്തിൽ-മേവീടുന്നോരേ!
ദൈവസമക്ഷം പ്രാർത്ഥിപ്പിൻ-നിനുവാക്കാരെപ്പോൽ
നാൽപ്പതു ദിവസം-കഠിന വ്രതമേറ്റാർ
നാൽപ്പതു ദിവസം-രട്ടിൻതുണി ചുറ്റി
നാൽപ്പതു ദിവസം ദൈവത്തിൻ-വാതിൽക്കൽ നിന്നാർ
നാഥൻ പ്രീതിപ്പെട്ടെന്ന്-കേൾക്കും നാളോളം
ഹാലേലൂയ്യാ മായിച്ചാൻ ശിക്ഷ.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

തൻ നോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ! കൃപ ചെയ്യേണം
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശിഹാ! തോന്നണമേ കരുണ.

മോശയുമേല്യായും പോലെ
നോമ്പേറ്റോരത്യുന്നതനേ!
ദൂതസമന്മാരായ് ഞങ്ങൾ
ലോകത്തെ നിരസിക്കണമേ.



ഞങ്ങൾക്കായ് നോമ്പേറ്റോനേ!
മിശിഹാ! രണ്ടുലകങ്ങളിലും
സ്തോത്രം തേ നിൻ പ്രേഷകനാം
താതന്നും കൃപ ചെയ്യണമേ.

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ! കൃപ ചെയ്യണമേ.
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ!

**(അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ.. പേജ് ....)**

**മോറാൻ യേശുമിശിഹാ! ... പേജ് ....)**

**(കൗമാ)**

## തിങ്കളാഴ്ച പ്രഭാതനമസ്കാരം

**കൗമ**

പട്ടക്കാരൻ:- ശുബഹോ ...

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടുലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**സ്ലൂസൊ**

**(ദൈവമേ! നിന്റെ കൃപ പോലെ എന്നോടു.. പേജ്..)**
**(എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു;.. പേജ്..)**

എനിയോനോ
(ഹൌദ്ഉഹദോനൊ)

മശിഹാ ദേവേശാ! ആകൽക്കറുസായെ
തൻ നോമ്പാൽ ലജ്ജിതനാക്കി
തൽ സേനയെ വീഴിച്ചോനേ!
നിൻമുൻ വന്നേൻ- കൃപ ചെയ്കെന്മേൽ.

ഞങ്ങളെ രക്ഷിപ്പാൻ-തൻ പേർക്കെന്നോണം
നോമ്പേറ്റിട്ടാ മൃദുല നുകം
ഞങ്ങൾക്കേകിയ മശിഹായേ
നിൻമുൻ വന്നേൻ- കൃപ ചെയ്കെന്മേൽ.

സാത്താനോടായി-തൻ ഭടരടരാടാൻ
നല്ലൊരു പ്രാർത്ഥനയും നോമ്പും
കാക്കണമെന്നരുളിയ മശിഹാ!
നിൻമുൻ വന്നേൻ- കൃപ ചെയ്കെന്മേൽ.



തൻ നോമ്പതിനാലെ- ഖലനാം ശത്രുവിനെ
വീഴിച്ചോനാം രക്ഷകനേ!
ആ വഞ്ചനയെ വിജയിപ്പാൻ
ഞങ്ങൾക്കേകണമേ വീര്യം.

മാനവ വത്സലനേ-നിർമ്മലമാം നോമ്പാൽ
പാപവിമോചനമാർജ്ജിപ്പാൻ
അർഹത നൽകണമേ നാഥാ!
നിൻമുൻ വന്നേൻ- കൃപ ചെയ്കെന്മേൽ.

ഞാനേറ്റൊരു നോ-മ്പന്യോന്യ സ്നേഹം
നിബിയന്മാർ വഴി റൂഹായാൽ
ഏവം ചൊന്നോനാം നാഥാ!
നിൻമുൻ വന്നേൻ- കൃപ ചെയ്കെന്മേൽ.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

നോമ്പൊരു ധനമായി ഞങ്ങൾക്കൻപാലെ
തന്നോനേ! നോമ്പേറ്റിടുവാൻ
ഞങ്ങൾക്കേകണമേ വീര്യം.
നിൻമുൻ വന്നേൻ- കൃപ ചെയ്കെന്മേൽ.

കുറിയേലായിസ്സോൻ.

**(ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ.. പേജ്..)**

എനിയോനോ
(യൂദന്മാർ കുരിശിൽ ... എന്ന പോലെ)

ഭ്രാതാക്കന്മാരേ വരുവിൻ
നോമ്പിൽ ശരണം പ്രാപിക്കാം
ധർമ്മിഷ്ടന്മാർ നോമ്പാലെ
പ്രീണിപ്പിച്ചു ദൈവത്തെ. ഹാലേ ... ഉ ഹാലേ ...

ഇസ്രായേലിൻ കൽപ്പനകൾ
മേശാ നിബി നോമ്പാൽ വാങ്ങി
സ്വർഗ്ഗം നേടാൻ നമ്മൾക്കും
പരിപാവനമാം നോമ്പൽക്കാം. ഹാലേ ... ഉ ഹാലേ ...

മോശാ നോമ്പാൽ ശോഭിതനായ്
ഏല്യാ നിബി സ്വർഗ്ഗം പൂകി
എരിതീക്കുഴിയിൽ പൈതങ്ങൾ
നോമ്പാൽ ജ്വാലയെ മായിച്ചു. ഹാലേ ... ഉ ഹാലേ ...

നോമ്പാലും സൽക്രിയയാലും
സഭ ഐശ്വര്യം നേടുന്നു
അത്യാസക്തിയെ വർജ്ജിക്കും
നിസ്വാർത്ഥതയെ കൈക്കൊള്ളും. ഹാലേ....ഉ, ഹാലേ

ബാറെക്മോർ. ശുബഹോ ... മെനഓലം ...

മോശാ നോറ്റു നാൽപ്പതു നാൾ
ഏല്യാ നിബിയും നാൽപ്പതു നാൾ
നാഥൻ നോറ്റു നാൽപ്പതു നാൾ
ദുഷ്ടാത്മാവെ തോൽപ്പിച്ചു. ഹാലേ ... ഉ ഹാലേ ...

കുറിയേലായിസ്സോൻ.

**(കർത്താവിന് ഒരു പുതിയ പാട്ടും, ... പേജ്...)**

എനിയോനോ
(ലാലോഹോ ദ്ബാത്തുനൊദ്നൂറൊ)

മശിഹാദൈവം നമ്മൾക്കായ്
മാനവനെപ്പോൽ നോമ്പേറ്റാൻ
നാം തടവന്യേ ചെ-ന്നേദനിലെ ജീവൻ നേടാൻ.
നമ്മൾക്കായ് വഴി കാണിച്ചാൻ.
സൃഷ്ടികളേ! കീർത്തിച്ചീടുവിൻ പാവനമാം തിരുനാമത്തെ
എന്നേക്കും കൂടുതലായ് വാഴ്ത്തിപ്പാടിൻ.



പ്രിയരേ! രക്ഷകനാം നാഥൻ
പരിശീലിപ്പിച്ചതു പോലെ
ശുദ്ധ്യാ നോമ്പേൽക്കാം- ഉടയോനെ കോപിപ്പിച്ച
യൂദന്മാരെപ്പോലരുതേ.

സൃഷ്ടികളേ! ...

നോമ്പും പ്രാർത്ഥനയും ശ്രേഷ്ഠം!
രണ്ടിലുമുൽകൃഷ്ടം സ്നേഹം
ശ്ലീഹാ എഴുതിയ പോൽ-വത്സലരേ! തയ്യാറാവിൻ
സ്നേഹിതരൊടു സംയോജിപ്പാൻ.

സൃഷ്ടികളേ! ...

ബാറെക്മോർ. ശുബഹോ ... മെനഓലം ...

പൂർവ്വികരാം ധാർമ്മികരെല്ലാം
പരിപാവനമാം നോമ്പാലെ
മകുടം പ്രാപിച്ചു- അവരൗന്നത്യം നേടിയിതാ
മണവറയിൽ മോദിക്കുന്നു.

സൃഷ്ടികളേ! ...

ആമ്മീൻ.

**(പ്രകാശത്തിന്റെ സ്രഷ്ടാവിന് സ്തുതി; പേജ്..)**

**എക്ക്ബൊ**
(ലാകോലൊദ്ശുബഹൊ)

നാഥാ! ദൂതസ്തുതിനാദത്താൽ നിൻ സ്തുതി പാടാൻ
പുലരിയിൽ എന്നെ ഉണർത്തേണം
നിന്നെ വാഴ്ത്താൻ എൻ അധരങ്ങളെയങ്ങു തുറന്നേൻ
ചെയ്യുക കൃപ നാഥാ! ദേവാ!

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**

**കോലോ**

(ബ്തറഒക്ക് മോറാൻ)

സകലോന്നതി സന്ദായകമാം-നോമ്പെവ്വണ്ണം
നോൽക്കണമെന്നറിവിൻ
വെടിയണമാത്മശരീരങ്ങൾ- തിന്മകളെല്ലാം
ഞങ്ങടെ നോമ്പുതകീടണമേ- നിൻ പ്രീതിക്കും
പാപവിമുക്തിക്കും.

ബാറെക്മോർ. ശുബഹോ ...

മണ്ണിൻമക്കളെ വിണ്ണേറ്റും- നോമ്പിൻ ചിറകിൻ
വേഗമവർണ്യം താൻ
നിഷ്കപടം നോമ്പേൽക്കുന്നോ-രെല്ലാ പേരും
ആത്മീയന്മാരുടെ നിരയിൽ-പറുദീസായിൽ
പരമാന്ദിക്കും.

മെനഓലം ...

നാഥാ! വാതിലിൽ മുട്ടുന്നേൻ- നിധിനിലയത്തീ-
ന്നൻപർത്ഥിക്കുന്നേൻ.
നെടുനാളായ് ഞാൻ നിൻ വഴി കൈവിട്ടൊരു പാപി
പാപമുപേക്ഷിച്ചങ്ങത്തെ കൃപയിൽ വാഴാൻ
കൃപ ചെയ്തീടണമേ.

മൊറിയോ....

**എത്രൊ**

**കോലോ**

(ലമറിയം യൊൽദാസാലോഹൊ)

വാനിൽ വാഴും നിർമ്മലരാം- ഈറേരെപ്പോൽ
പ്രേഷകനാം താതന്നരികേ- ഇടറാതെത്തി
ആത്മാനന്ദം തിരുമുമ്പിൽ- നാം നേടീടാൻ
രക്ഷകനീ നോമ്പേറ്റുയിരിൻ- മാർഗ്ഗം കാട്ടി.

ബാറെക്മോർ. ശുബഹോ ...



നോമ്പാൽ നിനുവയരാപത്തിൽ-രക്ഷിതരായി
അനുതാപത്താലളവില്ലാ-കണ്ണീരാലും
കർത്താവിൻ കടുകോപത്തെ-പാടേ നീക്കി
തൃപ്തിയടഞ്ഞുടയോനവരോ-ടുത്തരമോതി.

മെന്ഓലം ...

ആത്മാവിൻ നിക്ഷേപത്തെ- ഈ കാലത്തിൽ
പോഷിപ്പിക്കാതാലസ്യം-കാട്ടീടരുതേ.
നമ്മെ വീഴ്ത്താൻ വഴി നോക്കി- സാത്താൻ നിൽപ്പൂ
അവനാത്മാക്കളെ മായത്തിൻ-കെണിയിൽ വീഴ്ത്തും.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശിഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.

വന്നല്ലോ-കണ്ടാലും പുണ്യം ചെയ്യേ-ണ്ടും നാൾ
പാ-യുക പാപീ പശ്ചാത്താപം പ്രാപിച്ചീടാൻ.
നന്നാണേ-റ്റം നോമ്പെന്നാലുൾസ്നേഹം പോക്കി
നോ-മ്പേൽക്കുന്നോൻ പാഴായയ്യോ ക്ലേശിക്കുന്നു.

നോമ്പങ്ങേറ്റം നന്നാണെന്നാലുൾസ്നേഹം കൂടാ-
തീ-നോമ്പേൽപ്പോനരുചി വളർത്തും, യത്നം പാഴാകും
സ്നേഹം കൂ-ടാതർത്ഥനയർപ്പിച്ചെന്നാൽ വാനിൽ
വാഴ്വോ-നെ കാണാൻ ചിറകിനു വീര്യം പ്രാപിക്കില്ല.

ശാന്തൻ മോ-ശാനിബി തൻ നോമ്പേറ്റോനാം മ്ശിഹാ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

**(പഴയനിയമം, ശ്ലീഹാവായനകൾ, ഏവൻഗേലിയോൻ)**

**അഖിലേശാ! യോഗ്യത നൽകണമേ**

**കൗമാ**

## തിങ്കളാഴ്ച മൂന്നാംമണി

**കൗമാ**

**കോലോ**

(ലോക്ക് മൊറിയോ കോറേനാൻ)

ജേതാവാം രാജാവായ് നരവത്സലനായ്
വാണിടുമേശുവിനോടു നൽ നോമ്പാൽ നാം പ്രാർത്ഥിക്ക.
നോമ്പാലും പ്രാർത്ഥനയാലും യാചിച്ചോരാം
നിനുവയരോടെന്നോണം നമ്മോടും കൃപ കാട്ടും
താപത്താൽ-കേണീടുന്നോർക്കായ്
വലതു കരം നീട്ടുന്നോൻ ധന്യൻ
കൃപയുള്ളോനേ! കൃപയാലടിയാരിൽ കൃപ ചെയ്ക.

ബാറെക്മോർ. ശുബഹോ ...മെനഓലം ...

പാവനഹൃദയത്തൊടു തിന്മയെ ദൂരത്താക്കി
പൂർണ്ണവിവേകത്തൊടു നോമ്പേൽക്കുന്നോൻ ഭാഗ്യനിധി
ആ മർത്യൻ പ്രത്യക്ഷത്തിലുമല്ലാതെയും
ദൈവം പൂജിതനാകുന്നൊരു നൽ ദേവാലയമാം.
കർത്താവേ! നോമ്പിൽ കനിയണമേ.
പ്രാർത്ഥന നിൻ പ്രീതിക്കാകണമേ.
നാഥാ! കൃപയാൽ അടിയാരിൽ ദയ ചെയ്തീടണമേ.

മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

നോമ്പാൽ വീഴ്ചയിൽ നിന്നിവരെ രക്ഷിച്ച
മ്ശിഹാ ഈ നോമ്പേറ്റമ്പുണ്ടാകണമേ.
നീങ്ങിപ്പോയീടും ദുർമ്മോഹം നീക്കി



സമ്പൂർണ്ണം നോമ്പേറ്റീടും ധന്യന്മാർ
ഏദൻ മണവറയൊപ്പം രാജ്യം നേടും.
ഏലീയാ നാൽപ്പതു നാൾ-നോമ്പേറ്റന്ത്യം
തീയിൻ തേരേറി സ്വർഗ്ഗം പ്രാപിച്ചു.
നോമ്പേൽപ്പോൻ സ്വർഗ്ഗത്തിൽ വാഴുന്നെന്നും.
നാഥാ! ഈ നോമ്പേറ്റാർദ്രത തോന്നേണമേ.
നീ വാനോർ നാഥൻ മാനവ സങ്കേതം.

**കൗമാ**

## തിങ്കളാഴ്ച ആറാംമണി

**കൗമാ**

**കോലോ**

(ശ്ലോമ്മോദാബോ)

പാരം വീര്യം പൂണ്ടേറ്റം-ഗുണമേലും നോമ്പാസന്നം
സഹജന്മാരേ! കൈക്കൊൾവിൻ
വിധിയിൽ പുനരുത്ഥാനത്തിൽ
നോമ്പാൽ നാമേറ്റം ശോഭി-ച്ചാത്മീയർക്കൊപ്പം നിൽക്കും.

ബാറെക്മോർ. ശുബഹോ ...മെനഓലം ...

പ്രാർത്ഥിപ്പാൻ ഞങ്ങൾക്കൊപ്പം-നിൽക്കുക വന്നിങ്ങെന്നേവം
ഹാനനിയാദ്യന്മാർ ദൗത്യം
ദാനീയേലിന്നായ് നൽകി
ബാബേൽ തീച്ചൂളക്കുണ്ടിൽ-കൂസരുതെന്നാൻ ദാനീയേൽ.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

തൻ നോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ! കൃപ ചെയ്യേണം.

ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മശിഹാ തോന്നണമേ കരുണ.

മോശാതൻ മുഖചർമ്മത്തി-
ന്നുണ്ടായി നോമ്പാൽ ശോഭ.
സൂര്യൻതൻ കതിരെക്കാളും
ആ വദനം ചിന്തി ദീപ്തി.

നാൽപ്പതു നാളിൻ നോമ്പേറ്റാൻ
ഉന്നതമാം സീനായ് ഗിരിയിൽ.
നോമ്പാം വാൾ വിജയായുധമാം
ഈ വാൾ തോറ്റീടാ പാരിൽ.

വിജ്ഞാനീ ഈ വാളേന്തി
പോരാടാൻ പോയീടുക നീ.
ഈ രക്ഷാവാളാൽ തന്നെ
സിദ്ധന്മാർ വിജയം നേടി.

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ! കൃപ ചെയ്യണമേ.
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ!

**മാർ സേവേറിയോസിന്റെ മാനീസാ**
**(കൗമാ, വിശ്വാസപ്രമാണം നാൽപ്പതുകുമ്പീടീൽ)**



## തിങ്കളാഴ്ച ഒമ്പതാംമണി

**കൗമാ**

**കോലോ**

(ഹ്‌വീലോ ലനപ്ശൊ)

നിർമ്മലനോമ്പു വെടിപ്പൊടു നോറ്റും-ചിതമാം ചിത്തമൊടും
ക്ഷുത്തുള്ളോർക്കായ് ഭക്ഷണമേകുന്നോൻ തന്നെ ധന്യൻ.
വാനത്തിലവൻ-പ്രതിഫലമായ് കരുണാനിധിയാം
നാഥനിൽ നി-ന്നാർജ്ജിക്കും സ്വർഗ്ഗം.

ബാറെക്മോർ. ശുബഹോ ...മെനഓലം ...

നിർമ്മലനോമ്പതു നോറ്റൊരു മോശാ-സൂര്യൻ പോൽ മിന്നി
നിബി ഏലീയാ എരിതീത്തേരിൽ-സ്വർഗ്ഗം പ്രാപിച്ചാൻ.
പാവനനോമ്പാ-ലീ ഞങ്ങൾ നിന്നിഷ്ടന്മാരായ്
നാഥാ! നേടേണം സ്വർഗ്ഗം.

മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

നോമ്പാൽ വീഴ്ച്ചയിൽ നിന്നിവരെ രക്ഷിച്ച
മ്ശീഹാ! ഈ നോമ്പേറ്റൻപുണ്ടാകണമേ.

രക്ഷാദാതാവിൻ നോമ്പേറ്റീടുന്നോൻ
ചിന്താമാർഗ്ഗത്തെ ചൊൽപ്പടി നിർത്തേണം.
ദൈവത്തിങ്കലുയർത്തേണം നേത്രങ്ങൾ.

നോമ്പും പ്രാർത്ഥനയും ജാഗ്രതയും നമ്മൾ-
ക്കെന്നും ശുശ്രൂഷകളും കാമ്യം പാരം.
നേടാം തന്മൂലം ശാശ്വതമാം ജീവൻ.

നാഥാ! ഈ നോമ്പേറ്റാർദ്രത തോന്നണമേ.
നീ വാനോർനാഥൻ മാനവസങ്കേതം.

**കൗമാ**

## ചൊവ്വാഴ്ച സന്ധ്യ

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(സ്ലൂസൊ)**

**(കർത്താവേ! ഞാൻ നിന്നെ വിളിച്ചു; പേജ്...)**

എനിയോനോ

(മൊറിയോ ക്രിസോക്ക്)

വിളികൂട്ടു-ന്നടിയാർ നാഥാ!
യാചന കേട്ടിവരിൽ-കൃപ ചെയ്യേണം.

നിൻ കൃപയോടർത്ഥിക്കുന്നു
യാചന കേട്ടിവരിൽ കൃപ ചെയ്യേണം.

നോമ്പും പ്രാർത്ഥനയും കൈക്കൊ-
ണ്ടാർദ്രതയാൽ നാഥാ! പോക്കുക പാപം.

ഉടയോ-നേ നിന്നുൾകൃപയാൽ
യാചന കേട്ടിവരിൽ കൃപ ചെയ്യേണം.

ഞങ്ങളെ ഓ-ർത്തേറ്റൊരു നോമ്പാൽ
യാചന കേട്ടിവരിൽ കൃപ ചെയ്യേണം.

ബാറെക്മോർ. ശുബഹോ ...

സ്തുതി പാടും-മേന്മേലടിയാർ
താതസുതാത്മാവാം-ദൈവത്തിനായ്.

സ്തൗമെൻകാലൊസ് കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**



**കോലോ**

(ലോക്ക്മൊറിയൊ കോറേനാൻ)

പാവനമാമീ നോമ്പെങ്ങനെ നോൽക്കണമെന്നാ
ദർശകനാമേശായാ നമ്മോടുദ്-ഘോഷിപ്പൂ.
ഉൾക്കാമ്പീന്നന്യായത്തിൻ കെട്ടുകൾ നീക്കി
പരവഞ്ചനയുടെ പാശത്തെ മുറ്റും- ഛേദിക്ക.
പാവങ്ങൾ-ക്കപ്പം നൽകിടുക.
പരദേശി-ക്കാശ്രയമേകിടുക.
നാഥൻ നിൻ വിളി കേട്ടീടും-നിന്മേൽ കൃപ ചെയ്യും.

ബാറെക്മോർ. ശുബഹൊ...

നമ്മളിലപ്പീഡനദിവസം ഭ്രമമേറ്റുന്നു
പ്രാർത്ഥന നോമ്പെന്നിവയൊടു ചെന്നീടാം-സോദരരേ!
ധാർമ്മികരും പുണ്യാത്മാക്കളുമീ നോമ്പേറ്റു
തുണയും വിജയത്തിന്റെ കിരീടമതും- പ്രാപിച്ചു.
ധർമ്മപര-ന്മാരിക്ഷിതി നേടി
ശാശ്വതമാം-ലോകത്തെപ്പൊഴുതും
നിവസിച്ചിടുമെന്നീശായ്തൻ തനയൻ സാക്ഷിപ്പൂ.

മെനഓലം ...

ആഹ്വാനം ചെയ്യുന്നുതവി-ക്കെത്തുക നാഥാ!
കലഹിപ്പിക്കുന്നുലകത്തെ ദുഷ്ടൻ-വഞ്ചനയാൽ
ഭിന്നത നൃപ വിധികർത്താക്കളി-ലവനുളവാക്കി
ധാർമ്മികരെയും വീഴിപ്പാൻ വഴി നോ-ക്കീടുന്നു.
കർത്താവേ! നിൻ കരുണയിലെന്യേ
സങ്കേതം-ഞങ്ങൾക്കാരുള്ളൂ?
ദുഷ്ടനെ ഞങ്ങളിൽ നിന്നോടിക്കുക നിൻ-സ്ലീബായാൽ.

മൊറിയോ..

**എത്രോ**

**കോലോ**

(ബാറുബ്ത്തൊ ബ്രീശീസ്)

കർത്താവിനു മനസ്സാ-പശിയുണ്ടായപ്പോൾ
ആഹാരത്താൽ-ആദത്തെ എന്നോണം
തോൽപ്പിച്ചീടാനായ്-ദുഷ്ടൻ വന്നെത്തി
ഹാലേ ... ഉ ഹാലേ ... ജയമാർന്നോൻ ധന്യൻ.

ബാറെക്മോർ. ശുബഹോ ...

ചൊന്നാൻ രക്ഷകനാ-രിപുവാം ദുഷ്ടനൊടായ്
പോവുക സാത്താനേ-സ്രഷ്ടാവാമുടയോൻ
ദൈവത്തെ മാത്രം-നീ വന്ദിക്കേണം
ഹാലേ ... ഉ ഹാലേ ... എന്നല്ലോ ലിഖിതം.

മെനഓലം ...

എൻ തപനം നാളേ-ക്കെന്നോരോ ദിനവും
ഞാൻ തീർപ്പുണ്ടാക്കും-കാലം പോകുന്നു
പിഴ നിലനിൽക്കുന്നു-കൃപ ചെയ്യുക നാഥാ!
ഹാലേ ... ഉ ഹാലേ ... ശരണം നിൻ കൃപ താൻ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്യന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവ ഏറ്റിവരിൽ കൃപ തോന്നേണം.
പാവനമാം നോമ്പെല്ലാ ഭടനും നല്ലൊരു വാളാം
നോമ്പില്ലാതിപ്പോരിൽ വിജയം സിദ്ധിച്ചീടാ.
ജീവൻ നേടാൻ ഓടിപ്പോകും വിജ്ഞാനി നീ
പോരാടീടാൻ നോമ്പാകും വാളേന്തീടേണം.
നോമ്പാൽ നേടും സൗന്ദര്യത്തെ ആർ വർണ്ണിക്കും



നോമ്പിൻ ശ്രേഷ്ഠത വർണ്ണിച്ചീടാൻ ആരാലാവൂ?
വൻ നിക്ഷേപം ശ്രീഭണ്ഡാരം സ്ഥിരമാം ദ്രവ്യം
ശ്രേഷ്ഠത നേടാനീ വാൾ തന്നോൻ മശിഹാ ധന്യൻ.
ശാന്തൻ മോശാനിബി തൻ നോമ്പേറ്റോനാം മശിഹാ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

**ഏവൻഗേലിയോൻ**

**(മോറാൻ യേശൂമിശിഹാ! പേജ് ...........)**

**കൗമാ**

## ചൊവ്വാഴ്ച സൂത്താറാ

**കൗമാ**

**കോലോ**

(ക്ത്തിലൊ ദക്കത്താൽ)

ആദത്തെയഹോ-കൊന്നൊരു ദുഷ്ടൻ മൃതിയിവരെ
തൻകൊലയാലെ-കൊന്നോൻ നാഥാ!
എന്നെയമർത്തിയ പാപത്തെ-കൊന്നീടണമേ
നല്ലൊരിടയാ! വഴി തെറ്റിപ്പോയോ-
രാടിനെയാരാ-ഞ്ഞുഴറിച്ചെന്നോനേ!
എൻ നാശത്തെ-സ്ത്രീയുടെ തങ്കക്കാശതുപോൽ
ആരായണമേ-നീ ഗതരെക്കണ്ടെത്തുന്നോൻ
ദാസന്മാരെ-തിരികെ വരുത്തുന്നോൻ സ്തുത്യൻ
ഹാലേലുയ്യാ-എന്നാർക്കും ഞാൻ.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

നാഥൻതൻ ഹിത-മെന്തെന്നറിയുന്നോൻ ദാസ-
ന്നുണർവ്വില്ലെങ്കിൽ-നീതി കഠോരം
ദണ്ഡിപ്പിച്ചിടുമെന്നേവം-രക്ഷകനരുളി

അറിവില്ലാത്തോൻ-ലഘുദണ്ഡനമേൽക്കും
ഉണ്ടറിവെന്നാ-ലൊന്നും ചെയ്യാത്ത
ഞങ്ങളെ അയ്യോ ലൗകികരാം മന്നവരെക്കാൾ
രൂക്ഷതയോട-ങ്ങേൽപ്പിച്ചു നീ നീതിക്കായ്.
ദാവീദിനെയാ-ശൗലീന്നെന്നോണം കനിവാൽ
ഹാലേലുയ്യാ-സംരക്ഷിക്ക.

മൊറിയോ....

**ബോവൂസോ**

(മാർ യാക്കോബ്)

ഈശോ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

ബാഷ്പം മൂലം മുഖമത്യന്തം പങ്കിലമാക്കി
വിങ്ങിക്കേഴും പാതകി പാർത്താൽ ഹാ! കമനീയൻ.
മൂല്യംകൂടും രത്നത്തെക്കാൾ പാരം കാമ്യം
താപത്താലെ പാതകി തൂകും കണ്ണീർത്തുള്ളി.

നീ അനുതാപം ചിത്രമതാക്കാൻ നോക്കുന്നെങ്കിൽ
വർണ്ണച്ചായം കൈക്കൊള്ളേണ്ടാ കണ്ണീരേൽക്കൂ.
താപത്തിൻ വൻപെരുന്നാളല്ലോ കണ്ണീർവർഷം
കണ്ണീരാലേ മോചനമാർജ്ജിച്ചാനന്ദിക്കൂ.

ദേവാ ദേവാ! ഉത്തരമരുളി കാരുണ്യം ചെയ്-
തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

**(പേജ് 18 മുതലുള്ള മാർ അപ്രേമിന്റെ ബോവൂസോ, മസുമൂറാകൾ, കൗമാ, വിശ്വാസപ്രമാണം, കുക്കിലിയോനുകൾ, ഹൂത്തോമോ.)**



# ചൊവ്വാഴ്ച രാത്രി

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ... പേജ് 39)**

**(രാത്രികാലങ്ങളിൽ ... പേജ് 39)**

**എനിയോനോ**

(യോയെഉസോദേക്ക്)

നേടീടേണം വത്സലരേ പാവനമായിടുമീ നോമ്പിൽ
ഉണർവ്വെഴുമുത്സാഹത്തോടെ പൂർണ്ണമതാം പ്രതിദാനം നാം.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ! സർവ്വേശാ!
അൻപുടയോനേ! കൃപ ചെയ്ക.

ധാർമ്മികകർമ്മം ജാഗരണം പ്രാർത്ഥന നോമ്പെന്നിവയാലെ
ശാശ്വത ജീവിതവും സ്വർഗ്ഗ-രാജ്യവുമാർജ്ജിച്ചീടും നാം.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ! സർവ്വേശാ!
അൻപുടയോനേ! കൃപ ചെയ്ക.

നാഥനുമൊത്തദ്ധ്വാനിക്കേ നാമലസത കാട്ടീടരുതേ.
തൽ പ്രതിദാനം തൻ വരവിൻ നാളിൽ നമ്മൾക്കാർജ്ജിക്കാം.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ! സർവ്വേശാ!
അൻപുടയോനേ! കൃപ ചെയ്ക.

മശിഹായുടെ വൻതോട്ടത്തിൽ ധാർമ്മിക സേവനതൽപ്പരരായ്
ആത്മീയമതാകും ജീവൻ കരഗതമാക്കിയവൻ ധന്യൻ.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ! സർവ്വേശാ!
അൻപുടയോനേ! കൃപ ചെയ്ക.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

പ്രിയരേ! നിങ്ങൾ നിർമ്മലരായ് നോമ്പേറ്റെന്നാൽ ധന്യന്മാർ
അഖിലരുമാഗതരായിടുവിൻ വകതിരിവോടീ നോമ്പേൽക്കാൻ
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ! സർവ്വേശാ!
അൻപുടയോനേ! കൃപ ചെയ്ക.

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

**എക്ബൊ**

(ഹോനാവുയറഹൊ)

അൻപുള്ളോനാം നാഥാ! സർവ്വം നീ അൻപത്രേ
അൻപർത്ഥിപ്പോർക്കാശ്രയമീശോ!
അൻപുറ്റോനേ! അൻപിൻ നേരം
വീഴ്ത്തണമൻപീ അൻപർത്ഥിക്കും പാപിജനത്തിൽ.

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ...

**കോലോ**

(ലോക്ക് മൊറിയോ കോറേനാൻ)

പെത്ഗോമൊ: റൂഹാ തൻ കിന്നരമായോൻ ഹാലേ ...

ദാവീദീശായി സുതൻ സ്തുതിഗീതത്താൽ
എന്നെ ഉണർത്തിയെഴുന്നേൽപ്പി-ച്ചുര ചെയ്താനേവം
മാനവനേ! എന്തിനുറങ്ങു-ന്നെഴുന്നേൽക്കുക നീ.
കാഴ്ച്ചകൊടുപ്പതു വിധിനാഥനു-രാവിൻ നടുവിൽ താൻ
പ്രാർത്ഥനയാൽ മോചനമർത്ഥിക്ക.
നാഥനു കണ്ണീരിൽ പ്രീതി പരം
രാപകൽ വാതിൽ തുറന്നേറ്റീടു-മുടയോൻ ദുഃഖിതരെ.

ബാറെക്മോർ. ശുബഹോ ...



ഞാൻ ശയ്യയിൽ നിന്നെ ഓർത്തേൻ-മനുജസ്നേഹീ
നീ ഏറ്റം ഭീകരനാണെന്നോർത്തേൻ-രാതോറും
എൻ കടമാലിന്യങ്ങളെ ഞാൻ പരിശോധിച്ചേൻ
നിന്നെ വിളിപ്പാൻ ഞാനേറ്റം-ലജ്ജാപരവശനായ്
മോഷ്ടാവും ചുങ്കക്കാരനിവർ
പാപിനിയും കാനാൻകാരിയുമേ
ശമറായയുമോർപ്പിച്ചെന്നെ-നേടീടുക കരുണ.

മൊറിയോ.....

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.
മാലോടാത്മം ചൊല്ലുന്നേവം പാപം ചെയ്യും
മുമ്പുള്ളോരാ സൗന്ദര്യമെനിക്കാരിന്നേകി
അൻപുടയോനാമുടയോനെന്നെ തള്ളുന്നാകിൽ
എൻ സൗന്ദര്യം തിരികെ തരുവാനരുണ്ടാകും?
രാജ്ഞീ രൂപം പൊയ്പ്പോയോളാമാത്മാവേ! വാ
നിൻ സൗന്ദര്യം രക്ഷിതമല്ലോ നിൻ നാഥങ്കൽ.
നീയെത്തുമ്പോൾ വാഗ്ദത്തം പോൽ നൽകും വേഗം
വീണ്ടും നിന്നെ ഭരമേൽപ്പിപ്പാൻ കാക്കുന്നീശൻ.
ദേവാ ദേവാ! ഉത്തരമരുളി കാരുണ്യം ചെയ്-
തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

**രണ്ടാം കൗമാ**

**+ കർത്താവിന്റെ ബഹുമാനം ...**

**എക്ക്ബോ**

(ഹോനാവുയറഹോ)

നീതിപരന്മാർ മദ്ധ്യേ കഷ്ടം ഞാൻ തുണയറ്റോൻ
സന്മാർഗ്ഗം ഞാൻ ശീലിച്ചില്ല
ഹാ! ഞാനന്യൻ തൽപ്പെരുന്നാളിൽ
എൻ ദുഷ്കൃത്യം പായിച്ചീടുന്നവരീന്നെന്നെ.
കുറിയേ ... കുറിയേ ... കുറിയേ ...
ഞങ്ങളുടെ കർത്താവേ ...

**കോലോ**

(ലൊക്ക്മൊറിയോ)

ദൈവത്തിൻ തിരുസന്നിധിയിൽ-ദാവീദിരവിൽ
റൂഹായുടെ ഗീതങ്ങളെ ന-ന്തുനിയാൽ ഘോഷിച്ചു
നാഥാ! നീ ഞങ്ങൾക്കരുളിയ-നന്മയ്ക്കായി
സ്തോത്രം ചെയ്‌വാൻ ഞാൻ രാത്രിയിലുണർവ്വോടെഴുന്നേറ്റു
തിരുവടിവിൽ സൃഷ്ടിച്ചെന്നെ നീ
അണിയിച്ചൂ-ബുദ്ധി സ്വാതന്ത്ര്യം
നിൻ കൈപ്പണിയാമെന്നെ-നല്ലഴകും കാണിച്ചു.
ബാറെക്മോർ. ശുബഹോ ... മെന്ഓലം ...

എൻ ചിന്തയെ രാവിലുണർത്തുക-ദൈവതനൂജാ!
നിൻ കരുണയ്ക്കും പ്രഭുതയ്ക്കും സ്തോത്രം ചെയ്തിടുവാൻ
പാപാബ്ധിയിലെന്നയമർത്താൻ-കരുതും ദുഷ്ടൻ
സ്തുതി പാടായ്‌വാൻ മുക്കുന്നെ-ന്നെയഹോ നിദ്രയതിൽ
ഉത്ഥിതനായ്-സ്തോത്രം ചെയ്തിടുവാൻ
നതിയൊടു നിൻ-കരുണാശരണത്തിൽ
തെളിവൊട് നാഥാ സ്തുതി എന്നാർത്തിടുവാൻ തരിക ബലം.
മൊറിയോ...



**ബോവൂസോ**

(മാർ അപ്രേം)

ആർദ്രത തോന്നണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമേ.
മോചനവും കൃപയും വാഴ്‌വും
നിന്നറയീന്നേകീടണമേ.
മേലുള്ളോരൊന്നിച്ചിരവിൽ
കീഴുള്ളോർ സ്തുതി പാടട്ടെ.
നിദ്രാഹീനതയോടുണർവ്വ-
ങ്ങുള്ളോനെ കീർത്തിക്കട്ടെ.
നിദ്രയിലെന്നോണം പ്രിയരേ
പാപത്തിൽ മുങ്ങീടൊല്ലാ.
കാന്തനുമായ് മണവറയേറാൻ
നോക്കിപ്പാർക്കിൻ വാതിൽക്കൽ.
പ്രാർത്ഥന കേട്ടീടുന്നോനേ!
യാചന നൽകീടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ.

**മൂന്നാം കൗമാ**

\+ കർത്താവിന്റെ ബഹുമാനം ...

**എക്ക്ബോ**

(ഹോനാവുയറഹോ)

വാഴ്‌വിന്നാഴീ നാഥാ! നിന്നെ-നമ്പുന്നോർക്കായ്
ശാന്തിയതിന്റെ-ലക്ഷ്യം നീയാം.
ശീമോനെ എ-ന്നതു പോലെന്നെ
പാപക്കടലീന്നൻപാലീശാ-വീണ്ടീടേണം.
കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...
ഞങ്ങളുടെ കർത്താവേ! ...

**കോലോ**

(ലോക്ക് മൊറിയോ കോറേനാൻ)

ആഹ്വാനം ചെയ്യുന്നുതവി-ക്കെത്തുക നാഥാ!
കലഹിപ്പിക്കുന്നുലകത്തെ ദുഷ്ടൻ വഞ്ചനയാൽ
ഭിന്നത നൃപ വിധികർത്താക്കളി-ലവനുളവാക്കി
ധാർമ്മികരെയും വീഴിപ്പാൻ വഴി നോ-ക്കീടുന്നു.
കർത്താവേ നിൻ കരുണയിലെന്യേ
സങ്കേതം-ഞങ്ങൾക്കാരുള്ളൂ?
ദുഷ്ടനെ ഞങ്ങളിൽ നിന്നോടിക്കുക നിൻ സ്ലീബായാൽ.

ബാറെക്മോർ. ശുബഹോ ...മെനഓലം ...

നാഥാ! മുഖപക്ഷം നിൻ-ന്യായത്തീർപ്പിൽ
കാണാത്തതിനാൽ കുറ്റക്കാരൻ-ഞാൻ കേഴുന്നു
ഭീകരമാമേടു വിടർത്തീ-ട്ടെന്നപരാധം
നിൻ നീതിയഹോ പരിശോധി-ക്കുമ്പോൾ കർത്താവേ!
നിൻ കൃപ നിൻ നീതിയോടർത്ഥിച്ചെൻ
അപരാധം-പരിഹൃതമാക്കണമേ.
കുറ്റമതേറ്റിഹ പറയുന്നേൻ-നാഥാ! കൃപ ചെയ്ക.

മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ- നിൻ വിധി ദിവസത്തിൽ.

ആർത്തന്മാർ വാതിൽ മുട്ടുന്നു കൃപാലോ
കനിവോടർത്ഥനകൾ-ക്കുത്തരമരുളണമേ.

വാനവനാം താതാ! യാചിക്കുന്നടിയാർ
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നണം.

വാനവർ തന്നീശാ! മാനവർ തൻ ഗതിയേ!
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നണം.



**നാലാം കൗമാ**

+ ഹാലേ ... ഉ ഹാലേ ... ഉ ഹാലേ ...ദൈവമേ! നിനക്കു സ്തുതി. (മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരയ്ക്കണം)

കരുണയുള്ള ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമേ......മൊറിയോ......

**(ഉറങ്ങിയവരേ! നിങ്ങൾ ... പേജ് 46)**

**(ത്രിത്വത്തിന് സ്തുതി ... പേജ് 48)**

**കോലോ**

(ലോക്ക് മൊറിയോ കോറേനാൻ)

നോമ്പാൽ സിംഹങ്ങളെ വെന്നാൻ-നിബി ദാനീയേൽ
നോമ്പാലഗ്നിച്ചൂള കെടുത്തി ഹാ-നനിയന്മാർ
നോമ്പാൽ തേരതിലേലീയാ വാനം പൂകി
നോമ്പാൽ യോശ്വാ ചന്ദ്രാർക്കന്മാരെ-രോധിച്ചു
നോമ്പു നമസ്കാരങ്ങളിലേറ്റം
തൽപരനായ് തീരുന്നോൻ ധന്യൻ
നോമ്പേൽക്കുന്നോൻ കയറും സ്വർഗ്ഗത്തിൻ-മണവറയിൽ.

ബാറെക്മോർ. ശുബഹൊ ...

സ്വർഗ്ഗീയ മഹാപുരിയിൽ പാറിക്കേറാൻ
ആത്മാവിനു ചിറകേകും വെണ്മയെഴും-നോമ്പിതു താൻ
സൗമ്യത വിമലതയിവ നേടി-സ്നേഹത്താൽ നിൻ
വായും മനവും പൊളിവചനങ്ങളിൽ നി-ന്നൊഴിയട്ടെ.
സഹജരെയും ശത്രുഗണത്തെയും
നീയൊരുപോൽ സ്നേഹിച്ചീടേണം
കർത്താവപ്പോൾ പ്രാർത്ഥന കേട്ടീടും-കൃപ ചെയ്യും.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

തൻ നോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ! കൃപ ചെയ്യേണം.
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മശിഹാ! തോന്നണമേ കരുണ.

മോശാതൻ മുഖചർമ്മത്തി-
ന്നുണ്ടായി നോമ്പാൽ ശോഭ.
സൂര്യൻ തൻ കതിരെക്കാളും
ആ വദനം ചിന്തി ദീപ്തി.

നാൽപ്പതു നാളിൻ നോമ്പേറ്റാൻ
ഉന്നതമാം സീനായ് ഗിരിയിൽ.
നമ്മെ പുത്രൻ തൻ നോമ്പാൽ
രക്ഷിച്ചോൻ താതൻ സ്തുത്യൻ.

തൻ നോമ്പാൽ വിജയം നമ്മൾ-
ക്കേകിയൊരാ തനയൻ സ്തുത്യൻ
നോമ്പിൽ പ്രീതിപ്പെട്ടീടും
പാവനനാം റൂഹാ വന്ദ്യൻ.

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ! കൃപ ചെയ്യണമേ.
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ!

**(അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ...പേജ് 50)**

**(മോറാൻ യേശൂമിശിഹാ! .....പേജ് 12)**

**കൗമാ**



# ചൊവ്വാഴ്ച പ്രഭാതം

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(സ്ലൂസോ)**

**(ദൈവമേ! നിന്റെ കൃപ പോലെ ... പേജ് 52)**

**(എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു...പേജ് 54)**

**എനിയോനോ**

(ഹൗദ്ഉഹദോനൊ)

പ്രാർത്ഥന നോമ്പിവയാൽ-രിപു സാത്താനെ
വെല്ലാൻ ഞങ്ങൾക്കുപദേശം-നൽകിയ മശിഹായാം നാഥാ!
നിൻ-മുൻ വന്നേൻ-കൃപ ചെയ്കെന്മേൽ.

നോമ്പാൽ പ്രാർത്ഥനയാൽ-അനുതാപത്തിൻ
കണ്ണീരാലും നിനുവയരെ-വീണ്ടൊരു മശിഹായാം നാഥാ!
നിൻ-മുൻ വന്നേൻ-കൃപ ചെയ്കെന്മേൽ.

തൻ നോമ്പാൽ പാപം-സാത്താനിവർ തൻ
വഞ്ചനയിൽ നിന്നടിയാരെ-വീണ്ടൊരു മശിഹായാം നാഥാ!
നിൻ-മുൻ വന്നേൻ-കൃപ ചെയ്കെന്മേൽ.

ഞങ്ങളെ രക്ഷിപ്പാ-നങ്കം പൊരുതി
സാത്താൻ തന്നധികാരത്തെ-നീക്കിയ മശിഹായാം നാഥാ!
നിൻ-മുൻ വന്നേൻ-കൃപ ചെയ്കെന്മേൽ.

ആത്മീയോൽക്കർഷം-തിരുവചനത്താൽ
നേടാൻ നോമ്പാൽ കെൽപ്പെങ്ങൾ-ക്കേകിയ മശിഹായാം നാഥാ!
നിൻ-മുൻ വന്നേൻ-കൃപ ചെയ്കെന്മേൽ.
ബാറെക്മോർ. ശുബഹോ- ... മെന്ഓലം ...

പാതകിയപഥം വി-ട്ടനുതാപത്താൽ
രക്ഷയെ നേടാനല്ലാതെ-തൻ മൃതി ഇച്ഛിക്കാത്തവനേ!
നിൻ-മുൻ വന്നേൻ-കൃപ ചെയ്കെന്മേൽ.
കുറിയേലായിസ്സോൻ.

**(ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ.....പേജ് 56)**

**എനിയോനോ**

(എർബോനോമൊർ)

ജീവപ്രദമാം വഴി വിട്ടഥ മായാമാർഗ്ഗം പിൻപറ്റി
പാഞ്ഞൊരു പള്ളാടാമെന്നെ തിരയാൻ വരണേ-നല്ലിടയാ!
കെടുവാ-നെന്നെ വെടിയരുതേ
ചുങ്ക-ക്കാരും-പാപിനിയും
ധീമതികളുമൊന്നിച്ചെന്നെ നിൻ മണവറയിൽ ചേർക്കണം.

പാപം ചെയ്തെന്നുടയാനേ നിന്നെ ഞാൻ കോപിപ്പിച്ചു
എൻ പിഴയെല്ലാം പോക്കണമേ പാപിനിപോൽ ഞാൻ കേഴുന്നു
നാഥാ!-മാനവ വത്സലനേ!
മഹിമാ-വൊടു നീയെത്തുമ്പോൾ
പരിശുദ്ധന്മാരൊപ്പം നിൻ കൃപയെ ഞാൻ വാഴ്ത്തീടേണം.

ധൂർത്താത്മജനെന്നോണം ഞാൻ വ്യഥയോടേവം-ചൊല്ലുന്നു
കനിയുക താതാ പിഴ ചെയ്തേൻസ്വർഗ്ഗസമക്ഷം-തിര- മുമ്പിൽ
നിർത്തീ-ടണമേ നിൻ ഭവനേ
വേല-ക്കാരൻ പോലെന്നെ
കരുണാനിധിയാമുടയോനേ! പാപമശേഷം മോചിക്ക.



മരണത്തിൽ നിൻസ്മരണയുമപ്പാതാളത്തിൽ സ്തോത്രവുമി-
ല്ലെന്നേവം ഞാൻ കേട്ടതിനാൽ ഭയമൊടു മനസ്സാ കേഴുന്നു
ന്യായ-ത്തീർപ്പിൽ നിന്നെന്നെ
രക്ഷി-ക്കുന്നോൻ നീയല്ലോ
ഉയിരുള്ളപ്പോൾ ഞാൻ നിന്നെ വാഴ്ത്തി സ്തോത്രം പാടട്ടെ.
ബാറെക്മോർ-. ശുബഹോ ... മെന്ഓലം ...

വാതിലിൽ മുട്ടുന്നടിയാർതൻ പ്രാർത്ഥന നാഥാ! കേൾക്കണമേ
അനുതാപമതർപ്പിച്ചോരാം ഞങ്ങടെ വിളി നീ കേൾക്കണമേ
അഹിത-ന്മാരാം നാസ്തികരാൽ
അടിയാ-രെ തള്ളീടരുതേ
ബലമേറും നിൻ കൈ നീട്ടി കൃപയാൽ ഞങ്ങളെ രക്ഷിക്ക.
കുറിയേലായിസ്സോൻ.

**(കർത്താവിന് ഒരു പുതിയ പാട്ടും....പേജ് 58)**

**എനിയോനൊ**

(യാമ്മോദെസ്പാലഗ്)

ഏറീടും മൂഢതയാലും-പാപത്താലും
ദുഷ്ടതയാലും പങ്കിലമാ-മീയാത്മത്തെ
താപം കണ്ണീരെന്നിവയാൽ-കഴുകി നമുക്ക് വെടിപ്പാക്കാം
പാപികളോടലിവുള്ളോനേ-ചെയ്യണമേ കൃ-പയെന്നേവം
ഖേദത്തോടട്ടഹസിക്കാം-മഹിമ നിറഞ്ഞോനല്ലോ നീ.

ഈ നോമ്പിൽ പ്രീതിപ്പെടണേ-മർത്യസ്നേഹീ!
കൈക്കൊള്ളണമേ പ്രാർത്ഥനകൾ-തിരുസന്നിധിയിൽ
താപത്തോടർത്ഥിച്ചോരാം-നിനുവാക്കാരോടെന്നോണം
പ്രീതിപ്പെട്ടീ ഞങ്ങൾതൻ-നോമ്പും പ്രാർത്ഥനയും കൈക്കൊ-
ണ്ടൊഴിവാക്കണമേ പാപങ്ങൾ- മഹിമ നിറഞ്ഞോനല്ലോ നീ.

നോമ്പാം പുൽമാലിയിലാത്മീ-യോന്നതി നേടാം
നിൻ പറ്റത്തിലെ അജവൃന്ദം-മോദിക്കട്ടെ
വെണ്മയിലാനീതന്മാരായ്-ശുചിയിൽ പാലിതരാവട്ടെ
മുടി മുടയും രാജാധീശാ! പരിപാവനമാം നോമ്പാലെ
നീ പട്ടം ലേവ്യർക്കേകി-ശ്ലീഹപദം ശീമോന്യർക്കും.

ബാറെക്മോർ. ശുബഹോ- ... മെനഓലം ...

ബാബേൽ നാട്ടിൽ ദാനീയേൽ-നോറ്റൊരു നോമ്പാൽ
ഹിംസിക്കും സിംഹങ്ങൾ തൻ-വായ് ബന്ധിച്ചു
നോമ്പാലച്ചെറു പൈതങ്ങൾ-തീജ്വാലകളെ മായിച്ചു
സങ്കടപൂർവ്വം നിനുവക്കാർ-ദൈവത്തിന്നർപ്പിച്ചോര-
പ്പശ്ചാത്താപത്തിൻ നോമ്പാൽ കോപത്തീന്നും രക്ഷിതരായ്.

ആമ്മീൻ.

**(പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി ...പേജ് 60)**

**എക്ക്ബൊ**

(ബ്ഹൗനുഹറൊ)

ശുഭതേജസ്സിൽ-മാലാഖമാർ
നി-ന്നെ ശുശ്രൂഷിപ്പൂ
പുലരിയുദിക്കേ സൃഷ്ടികളെല്ലാം
ആദ്യം നിന്നെ വന്ദിപ്പൂ
സ്തൗമെൻകാലൊസ് കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**



**കോലോ**

(കൂക്കോയോ)

സോദരരേ! പോരാടീടാം-നോമ്പാം വാളേന്തി
മശിഹായിൽ സമ്പൂർണ്ണന്മാർ-നോമ്പാൽ ജയമാർന്നു
നോമ്പാൽ മോറാൻ-ദുഷ്ടനൊടടരാടി
നോമ്പാൽ ഗിരിമേൽ-ശോഭിച്ചു മോശാ
നോമ്പാൽ തേരതിലേലീയാ-ഏറി സ്വർഗ്ഗത്തിൽ
നോമ്പാൽ മകുടം സഹദേരും-ധാർമ്മികരും നേടി
ഹാലേലൂയ്യാ-ഇതു തന്നോൻ ധന്യൻ.

ബാറെക്മോർ. ശുബഹോ ...

ഭക്ഷണപാനീയം വെടിയും-നോമ്പോ നിസ്സാരം
ധർമ്മമെഴും നോമ്പുടയോൻ തൻ-മുമ്പിൽ വലുതല്ലോ
ഫലമാർജ്ജിക്കും-ദീനർക്കേകുന്നോൻ
ആ നോമ്പുടയോൻ-കൈക്കൊള്ളും നൂനം
ദാനം ചെയ്‌വാനാകാത്തോൻ-കൂറൊടു നോമ്പേറ്റാൽ
ആത്മീയന്മാരോടൊപ്പം-മണവറ പൂകീടും
ഹാലേലൂയ്യാ-പുനരുത്ഥാനത്തിൽ

മെന്ഓലം ...

നാൽപ്പതുനാൾ ഗിരിസീനായിൽ-മോശാ നോമ്പേറ്റാൻ
തൻ മുഖമുടയോൻ തൻ പ്രഭയാൽ-ഏറ്റം ശോഭിച്ചു
കൽപ്പലകയതിൽ-എഴുതിയതാം പത്ത്
കൽപ്പന മോശാ-നിബി സംപ്രാപിച്ചു
നോമ്പാൽ ജീവനെഴും ബലിയാൽ-തെളിയുക സഭയേ! നീ
വിശ്വസ്തേ ഭാഗ്യം നിന്നെ-വാനിലുമൂഴിയിലും
ഹാലേലൂയ്യാ-ഘോഷിച്ചോൻ ധന്യൻ.

മൊറിയോ...

**എത്രൊ**

**കോലോ**

(ദഹത്തൊ ലൊനെഹത്തെ)

ആകൽക്കറുസായെ-നോമ്പാൽ വെന്നേവം
സ്വർഗ്ഗത്തിൻ മാർഗ്ഗം-കാട്ടിത്തന്നോനേ!
പോരാൽ സ്വർഗ്ഗമതും-ജീവനുമാർജ്ജിപ്പാൻ
നോമ്പാം വാൾ ഞങ്ങൾ-ക്കേകിയ നീ ധന്യൻ
ഹാ-ഹാ-ദുഷ്ടനെ വീഴ്ത്തിയതാം-നിൻ നോമ്പും ധന്യം.

ബാറെക്മോർ. ശുബഹോ ...

ദേഹത്തെ പോറ്റാൻ-കർത്താവേകിയതാം
ഭക്ഷണപാനീയം-ചെയ്യാ ഗുണദോഷം
ദുഷ്ടതയെ മാറ്റി ശിഷ്ടതയെ പോറ്റി
കാക്കും നോമ്പിഷ്ടം-കർത്താവിന്നേറ്റം
ഹാ-ഹാ-രക്ഷകനേ! മോദി-ച്ചീടണമീ നോമ്പിൽ.

മെന്ഓലം ...

സ്വയമേ തെറ്റുന്നേൻ-സ്വയമേ തേറുന്നേൻ
കുറ്റം സാത്താനിൽ-ഞാനാരോപിപ്പൂ
പാതകി ഞാനയ്യോ-തേറുന്നില്ലയ്യോ
ന്യായത്തീർപ്പയ്യോ-വന്നിടുമന്ത്യത്തിൽ
ഹാ-ഹാ-എന്നിൽ കനിയണമേ-വിധിനാളിൽ നാഥാ!

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശിഹാ നാഥാ! ശിഷ്യന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.
ഭോജ്യത്തെ അങ്ങുദരമുപേക്ഷിച്ചീടും നാളിൽ
വായേ മിണ്ടാടുക കേൾവിക്കാർ കേട്ടീടട്ടെ.



ആത്മാവേറ്റം ശ്രീയാർന്നിടുമിക്കാലം തന്നിൽ
പൂരിപ്പിക്കേണം നന്മകളാൽ ഭണ്ഡാരത്തെ.
കൂറുള്ളോർക്കുപകാരം നിറയും നൽ നോമ്പാകും
ശാശ്വത സമ്പത്തെങ്ങൾക്കേകിയ നല്ലോൻ സ്തുത്യൻ
നോമ്പാമീ വൻകൊടി സഭയാൾക്കായ് തന്നോൻ ധന്യൻ
താതൻ പുത്രൻ റൂഹായിവരെ സഭ വാഴ്ത്തുന്നു.
ശാന്തൻ മോശാ നിബിതൻ നോമ്പേറ്റോനാം മ്ശിഹാ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

**(പഴയനിയമം, ശ്ലീഹാവായനകൾ ഏവൻഗേലിയോൻ)**

**(അഖിലേശാ യോഗ്യത നൽകണമേ ... പേജ് 63)**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

## ചൊവ്വാഴ്ച മൂന്നാംമണി

**(കൗമാ)**

**കോലോ**

(ബ്ഏദൊൻസപ്പറൊദ് മെസ്പതഹിൻ)

പ്രിയരേ! നിയമത്തിൻ
നിറവായ് തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ
ചിലരാഹാരം കൈവെടിയും
കരളിൽ പകയും സ്പർദ്ധയുമാം
ചിലർ മദ്യത്തെ ഉപേക്ഷിക്കും
സോദരനെ ഒളിവിൽ കൊല്ലും.

ബാറെക്മോർ. ശുബഹൊ ...

നോമ്പതിനാൽ നിബി ദാനീയേൽ
സിംഹങ്ങൾ തൻ വായ്പൊത്തി
എരിതീച്ചൂളയണച്ചല്ലോ

ഹാനനിയാദ്യർ പൈതങ്ങൾ
ആത്മീയന്മാരോടൊന്നി-
ച്ചാനന്ദിപ്പാൻ നോമ്പേൽപ്പിൻ.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

തൻ നോമ്പാൽ വീടുതൽ തന്നോ-
രാത്മജനേ-കൃപ ചെയ്യേണം
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശീഹാ! തോന്നണമേ കരുണ.

വന്നിടുവിൻ നാഥൻ താതൻ
തൻ മഹിമാവോടെത്തുമ്പോൾ
കാണ്മാൻ യോഗ്യന്മാരാവാൻ
ആ രാജാധീശൻ മുമ്പിൽ.

നിർമ്മലമാം ഹൃദയത്തോടി-
ങ്ങർപ്പിക്കാമുപഹാരങ്ങൾ
നോമ്പേറ്റോരേ! യത്നത്തോ-
ടർപ്പിപ്പിൻ ദൈവസ്തോത്രം.

സത്ക്കർമ്മം വഴിയായ് നിങ്ങൾ
നൽ സ്തുതിയാം ഫലമർപ്പിപ്പിൻ
ദൈവം നിങ്ങളിലാവാസം
ചെയ്‌വാൻ നേടിടുവിൻ ശുദ്ധി.

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ! കൃപ ചെയ്യേണം
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ.



# ചൊവ്വാഴ്ച ആറാംമണി

**(കൗമാ)**

**കോലോ**

(ബ്സപ്പറൊഹസാവുയ്)

നോമ്പേൽക്കുന്നോർ ധന്യന്മാർ
ദീപ്തി ഉദിക്കും പുലർകാലേ
അവർ നീതിപരന്മാരൊപ്പം
സന്തോഷിക്കും സ്വർഗ്ഗത്തിൽ.
കർമ്മത്തിൻ പ്രതിഫലമോർത്ത-
ങ്ങവരുടെ ഹൃദയം മോദിക്കും.

ബാറെക്മോർ. ശുബഹൊ ...

നോമ്പു വെടിപ്പായ് കാപ്പോൻ തൻ
തലമുറ ഈറേരൊടു ചേരും
അവനെ നോമ്പാലൗന്നത്യം
പൂണ്ടോർ തൻ സ്നേഹിതനാക്കും
പാലകനുടയോനായതിനാൽ
തീണ്ടുകയില്ലവനെ ദുഷ്ടൻ.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

തൻ നോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ കൃപ ചെയ്യേണം.
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശീഹാ തോന്നണമേ കരുണ.

തേനിന്നൊത്തൊരു നിൻ നോമ്പിൽ
നാവിനു കൈപ്പുണ്ടെന്നാകിൽ
ആ മധുരം കൈപ്പിൻ രസമായ്
നിശ്ചയമായ് മാറിപ്പോകും.

ഞങ്ങൾക്കായ് നോമ്പേറ്റോനേ!
മശിഹാനാഥാ! സ്താത്രം തേ!
കർത്താവേ! ഇരുലോകത്തും
ചെയ്യണമേ നീ കരുണ്യം.

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ! കൃപ ചെയ്യേണം.
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ.

**(നിൻ മാതാവ് വിശുദ്ധന്മാർ ... പേജ് 69)**
**(കൗമാ, വിശ്വാസപ്രമാണം, നാൽപ്പതുകുമ്പീടീൽ)**

## ചൊവ്വാഴ്ച ഒമ്പതാംമണി

**കൗമാ**

**കോലോ**

(മോറെദ്റംശൊ)

സഹജന്മാരേ! കണ്ണീർ ജാഗരണം
പ്രാർത്ഥന നോമ്പെന്നിവയിൽ-പാടുപെടിൻ
തന്മൂലം നാമീറേ-ദൂതന്മാർ-
ക്കിഷ്ടന്മാരായ് സ്വർഗ്ഗം നേടീടും.

ബറെക്മോർ. ശുബഹൊ ...മെനഓലം ...



നോമ്പേൽക്കുന്നോൻ ഭ്രാതാ-ക്കന്മാരെ
ദ്വേഷിക്കില്ലെന്നുടയോൻ-കൽപ്പിച്ചാൻ
നോമ്പേൽക്കുന്നോൻ സ്നേഹിച്ചീടേണം
ദ്വേഷിപ്പോർ വിമതന്മാ-രെന്നിവരെ.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

തൻ നോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ കൃപ ചെയ്യേണം
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശീഹാ തോന്നണമേ കരുണ.

വീരമഹാപുരിയാ നിനുവ
നോമ്പാലാർജ്ജിച്ചു രക്ഷ
പ്രാർത്ഥന യാചനയെന്നിവയാൽ
സന്താപം നീങ്ങിപ്പോയി.

സോദരരേ! വരുവിൻ നോമ്പാം
ക്ലേശത്തിൽ ശരണം വയ്ക്കാം
നോമ്പേറ്റോനാമേലീയാ
തേരേറി സ്വർഗ്ഗം പൂകി.

തൻ നോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ! കൃപ ചെയ്യേണം
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശീഹാ തോന്നണമേ കരുണ.

**കൗമാ**

## ബുധനാഴ്ച സന്ധ്യ

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(സ്ലൂസൊ)**

**(കർത്താവേ! ഞാൻ നിന്നെ വിളിച്ചു ....പേജ് 7)**

**എനിയോനൊ**

(സ്ലീമൊറിയൊബ്റഹമ്മേ)

സോദരരേ! ധാർമ്മികരെപ്പോൽ
വെണ്മയെഴും പാവനനോമ്പിൽ
സങ്കേതപ്പെട്ടുന്നതനാം
ദൈവത്തെ മോദിപ്പിക്കിൻ.

നോമ്പാൽ ശോഭിതനായ് മോശ
ഏലീയാ നിബി വാനേറി
നോമ്പേറ്റതിനാൽ പൈതങ്ങൾ
ചൂളത്തീയില്ലാതാക്കി.

നോമ്പാൽ നിയമപ്പലകകളെ
മോശ ജനങ്ങൾക്കായ് വാങ്ങി
സ്വർഗ്ഗം നേടാൻ നമ്മൾക്കും
നിർമ്മലമായ് നോമ്പേറ്റീടാം.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

ഭക്ഷണമോഹത്തെ നീക്കി
ധർമ്മം നോമ്പെന്നിവയേന്തി
പരിപാവനസഭ പുണ്യത്താൽ
ഐശ്വര്യം പ്രാപിക്കുന്നു.

സ്തൗമെൻകാലോസ് ...



**പ്രുമിയോൻ, സെദറാ**

**കോലോ**

(കൂക്കോയോ)

കർത്താവിൻ ശുശ്രൂഷ വെടിഞ്ഞൂടാടീടുന്നോൻ
ചെന്നായുടെ പിടിയിൽപ്പെട്ട-കുഞ്ഞാടിന്നൊത്തോൻ
കുഞ്ഞാടുകൾ ജീ-വേശൻ തൻ മക്കൾ
ചെന്നായോർത്താൽ-മോഷ്ടാവാം സാത്താൻ
വരുവിൻ വെളിയിൽ നിൽപ്പോരേ! ഉള്ളിൽ പൂകിടുവിൻ
മണവാളൻ സന്തോഷത്താൽ വാതിൽ തുറന്നേറ്റും
ഹാലേലൂയ്യാ നിങ്ങളെ മണവറയിൽ.

ബറെക്മോർ. ശബോഹൊ ...

ധർമ്മം വാരി വിതച്ചോനീ-ലോകം കൈവിട്ടാൽ
കൊയ്ത്താകും പുനരുത്ഥാനം-ഭാഗ്യമവന്നേറ്റം
സൽക്കർമ്മം നോ-മ്പെന്നിവ കാക്കുന്നോൻ
കർത്താവിന്നായ്-നോക്കിപ്പാർക്കുന്നു
ശ്രുതി ഭാവനകൾക്കപ്പുറമായ്-സ്ഥിതി ചെയ്തീടുന്ന
ഭാഗ്യമവന്നായ് വന്നേകും-മശിഹായാം നാഥൻ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

മെന്ഓലം ...

സ്വർഗ്ഗപിതാവേ! നിൻ മക്കൾ-ക്കുത്തരമരുളേണം
തുണ ചെയ്വാൻ പോരുന്നോനായ്-താതൻ മറ്റില്ല
തിരുവുള്ളത്താൽ-ഞങ്ങളെ നിർമ്മിച്ചു
മായിക്കരുതേ-തിരുവുള്ളക്കേടാൽ
പാലിച്ചങ്ങനെ സൽക്രിയയാൽ-തിരുഹിതമാർജ്ജിപ്പാൻ
നിൻ കൽപ്പനകളെ എൻ നാഥാ! ശീലിപ്പിക്കേണം.
ഹാലേലൂയ്യാ കൃപ ചെയ്യുക നാഥാ!

മൊറിയോ...

**എത്രോ**

**കോലോ**

(ബ്കുൽമേദം)

തൻ പ്രവചനമതിലേശായാ-കീർത്തനമായുദ്ഘോഷിച്ചാൻ
ഉടയോനുൾത്തെളിവേകും-നോമ്പിതു താനേവം
തന്നാഹാരം-പശിയുള്ളോർ-ക്കേകീടുന്നോനും
ദീനന്മാരുടെ നഗ്നതയെ നീക്കീ-ടുന്നോനും
ഏവമനുഷ്ഠിപ്പോ-രെല്ലാ പേരും
സുസ്ഥിരമെന്നേക്കും-വാസം ചെയ്യും
മഴയുള്ളപ്പൊഴുമാ വേനൽ-ച്ചൂടിലുമക്ഷീണം നീരി-
ന്നരികത്തായ് നിലകൊള്ളും-വൃക്ഷത്തിൻ സാമ്യത്തിൽ.

ബാറെക്മോർ. ശുബഹൊ ...

തലമുറ തലമുറയായ് നോമ്പാൽ-ശ്രേഷ്ഠത സിദ്ധന്മാർ നേടി
ദൈവത്തിൻ തിരുവുളമായ്-സ്വർഗ്ഗം പ്രാപിച്ചു
നോമ്പാൽ മോശാനിബി ഗിരിമേ-ലുടയോനെ കണ്ടു
നോമ്പാൽ സിംഹസമൂഹത്തെ-ദാനീയേൽ താഴ്ത്തി
നോമ്പാൽ ഹാനനിയാ-ദ്യന്മാരും
ചൂളത്തീയിൽ ചൂടേറ്റില്ല
ശ്രേഷ്ഠായുധമാമീ നോമ്പാൽ-സോദരരേ! വിജയം നേടി
പാവനമാം നടപടിയാൽ-ദൈവഹിതം പ്രാപിക്കാം.

മെന്ഓലം ...

അഖിലം ഞാനാരാഞ്ഞിട്ടും-ദൈവഭയത്തെ മികച്ചൊന്നും
ഞാൻ ദർശിച്ചില്ല-തൽ സ്നേഹത്താലെ
ധാർമ്മികനാം യൗസേപ്പാർന്നു-മെസ്രേൻ രാജത്വം
മഹിതൻ മോശ വിഭാഗിച്ചാൻ-വടിയാൽ വാരിധിയെ
ഹാനനിയാദ്യന്മാരാ-രതിനാൽ



അഗ്നിയിൽ നിന്നും-രക്ഷിതരായ്
തങ്കത്തെക്കാളതു കാമ്യം-മധുവിലുമതു മധുരം പാരം
ദൈവാരാധനയെ-സ്നേഹിപ്പോൻ ധന്യൻ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പന്നിവയേറ്റിവരിൽ കൃപ ചെയ്യേണം.

നോമ്പിൽ ഭോജ്യം വിട്ടോൻ വാക്കാൽ പാപം ചെയ്താൽ
നേടില്ലൊന്നും പണിതതു പൊളിയും ഫലവും ശൂന്യം.
പുണ്യം നോമ്പാൽ സമ്പാദിച്ചോൻ വമ്പോതീടിൽ
നേട്ടം പട്ടിണി, നോമ്പും കഷ്ടം! തള്ളും ദൈവം.

സ്തോത്രം പാടാൻ മനുജകുലത്തെ നിയമിച്ചേവം
മാഹാത്മ്യത്താൽ ബന്ധിച്ചോനാം നല്ലോൻ സ്തുത്യൻ.
താതൻ റൂഹാ എന്നിവരൊപ്പം നിന്നെ വാഴ്ത്താൻ
നീ നിർമ്മിച്ചോരീ മണ്ണിന്മേൽ-കൃപ ചെയ്യേണം.

ശാന്തൻ മോശാ നിബിതൻ നോമ്പേറ്റോനാം മ്ശിഹാ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

**ഏവൻഗേലിയോൻ**

**(മോറാൻ യേശുമിശിഹാ ... പേജ് 12)**

**കൗമാ**

# ബുധനാഴ്ച സൂത്താറാ പ്രാർത്ഥന

**(കൗമാ)**

**കോലോ**

(ബ്കുൽമേദം)

അഖിലം ഞാനാരാഞ്ഞിട്ടും
ദൈവഭയത്തെ മികച്ചൊന്നും
ഞാൻ ദർശിച്ചില്ല-തൽ സ്നേഹത്താലെ
ധാർമ്മികനാം യൗസേപ്പാർന്നു-മെസ്രേൻ രാജത്വം
മഹിതൻ മോശ വിഭാഗിച്ചാൻ-വടിയാൽ വാരിധിയെ
ഹാനനിയാദ്യന്മാരതിനാൽ
അഗ്നിയിൽ നിന്നും രക്ഷിതരായ്
തങ്കത്തെക്കാളതു കാമ്യം
മധുവിലുമതു മധുരം പാരം
ദൈവാരാധനയെ-സ്നേഹിപ്പോൻ ധന്യൻ.

ബാറെക്മോർ. ശുബഹൊ ... മെനഓലം ...

എൻപേർക്കെഴുതിയ പൗലോസിൻ
ലേഖനമാസ്ഥയൊടയ്യയ്യോ
വായിച്ചപ്പോൾ ഞാൻ-കണ്ണീർ വർഷിച്ചു
വ്യഭിചാരികൾ മുടിയും ലജ്ജിത-രാകും ചോരന്മാർ
വീഴും ദൂഷകരെരിതീയതി-ലെന്നേവം കണ്ടേൻ.
ബാല്യം മുതലിപ്പാപങ്ങൾ
ചെയ്തൊരെനിക്കയ്യോ നാശം
പാപിനി ചുങ്കക്കാരൻ പോൽ
യാചിക്കുന്നേൻ കേഴുന്നേൻ
അൻപുടയോൻ നാഥാ! കനിവുണ്ടാകേണം.

മൊറിയോ...



**ബോവൂസോ**

(മാർ അപ്രേം)

ആർദ്രത തോന്നണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമേ.
മോചനവും കൃപയും വാഴ്‌വും
നിന്നറയീന്നേകീടണമേ.

വൃത്തികളാൽ കർത്താവേ! ഞാൻ
നിൻ കോപത്തിനു പാത്രമതായ്
കരുണാബ്ധേ! നീ കോപിക്കാ
സുസ്ഥിരമേ നിൻ നിർമ്മലത.

നിബിവാക്യം പോൽ ജനമെല്ലാം
ജലബിന്ദുക്കൾക്കൊപ്പമതാം
നൈർമ്മല്യത്തെ ഭഞ്ജിപ്പാൻ
തിന്മയ്ക്കെങ്ങനെ സാധിക്കും?

പ്രാർത്ഥന കേട്ടിടുന്നോനേ!
യാചന നൽകിടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ.

(പേജ് 18 മുതലുള്ള മാർ അപ്രേമിന്റെ ബോവൂസോ, മസുമൂറാകൾ, കൗമാ, വിശ്വാസപ്രമാണം, കുക്കിലിയോനുകൾ, ഹൂത്തോമോ)

# ബുധനാഴ്ച രാത്രി

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ... പേജ് 39)**

**(രാത്രികാലങ്ങളിൽ ... പേജ് 39)**

**എനിയോനൊ**

(യോയെഉസോദെക്)

തിന്മ വെടിഞ്ഞെൻ സോദരരേ! നമ്മെ പ്രതിയുത്സാഹിക്കാം
അനുതാപത്തിനു കാംക്ഷിക്കാം ദുഷ്കർമ്മങ്ങളുപേക്ഷിക്കാം.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ! സർവ്വേശാ!
അൻപൊടു കൃപ ചെയ്യുക നാഥാ!

ദോഷത്താലായുഷ്കാലം കഷ്ടം നാം പാഴിൽ പോക്കി
കാലം നീങ്ങിപ്പോം മുമ്പായ് കർത്താവൊടു കൃപ യാചിക്കാം.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ! സർവ്വേശാ!
അൻപൊടു കൃപ ചെയ്യുക നാഥാ!

വിദ്വേഷത്തെ കൈവെടിയാം നന്മയതിൻ വാൾ പേറീടാം
യോഗ്യത പോലുപഹാരങ്ങൾ രാജാധീശന്നർപ്പിക്കാം.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ! സർവ്വേശാ!
അൻപൊടു കൃപ ചെയ്യുക നാഥാ!

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...



നോമ്പിതു കഴിയും മുമ്പായ് നാം സോദരരേ! യത്നിക്കേണം
വ്യാപാരത്തിൻ തക്കത്തിൽ നിക്ഷേപം സമ്പാദിക്കാം.
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ! സർവ്വേശാ!
അൻപൊടു കൃപ ചെയ്യുക നാഥാ!

കുറിയേ ... കുറിയേ ... കുറിയേ ...

**എക്ക്ബൊ**

(കുംപൗലോസ്)

പാപം ചെയ്തോര-ങ്ങശരണരാകായ്വാൻ
പാപം മോചിപ്പാൻ നിയമിതരായോർ
കരുണയതെൻപേർക്കായ് യാചിപ്പാൻ ഞാനെൻ
പാപങ്ങളെയെല്ലാമവരോടോതും
അവരർത്ഥിച്ചീടും-മോചനമേകീടും
കെട്ടൊഴിവാക്കീടും-ദൈവികമാമധികാരത്താൽ
കാര്യസ്ഥന്മാരെ ധനമേൽപ്പിച്ചീശൻ
ആവശ്യക്കാർക്കായ് വിഭജിച്ചീടാൻ.

കുറിയേ ... കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ! ...

**കോലൊ**

(ബ്കുൽമേദം)

അഖിലം ഞാനാരാഞ്ഞിട്ടും
ദൈവഭയത്തെ മികച്ചൊന്നും
ഞാൻ ദർശിച്ചില്ല-തൽ സ്നേഹത്താലെ.
ധാർമ്മികനാം യൗസേപ്പാർന്നു-മെസ്രേൻ രാജത്വം
മഹിതൻ മോശ വിഭാഗിച്ചാൻ-വടിയാൽ വാരിധിയെ
ഹാനനിയാദ്യന്മാരതിനാൽ
അഗ്നിയിൽ നിന്നും രക്ഷിതരായ്.

തങ്കത്തെക്കാളതു കാമ്യം
മധുവിലുമതു മധുരം പാരം
ദൈവാരാധനയെ-സ്നേഹിപ്പോൻ ധന്യൻ.

ബാറെക്മോർ. ശുബഹൊ ... മെനഓലം ...

എൻപേർക്കെഴുതിയ പൗലോസിൻ
ലേഖനമാസ്ഥയൊടയ്യയ്യോ
വായിച്ചപ്പോൾ ഞാൻ-കണ്ണീർ വർഷിച്ചു
വ്യഭിചാരികൾ മുടിയും ലജ്ജിത-രാകും ചോരന്മാർ
വീഴും ദുഷകരെരിതീയതി-ലെന്നേവം കണ്ടേൻ.
ബാല്യം മുതലിപ്പാപങ്ങൾ
ചെയ്തൊരെനിക്കയ്യോ നാശം
പാപിനി ചുങ്കക്കാരൻ പോൽ
യാചിക്കുന്നേൻ കേഴുന്നേൻ
അൻപുടയോൻ നാഥാ! കനിവുണ്ടാകേണം.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപ ചെയ്യേണം.
വിജ്ഞാനീ നീ മണിയുടെ നാദം കേട്ടാൽ വേഗം
സന്തോഷത്താൽ പള്ളിക്കുള്ളിൽ പാഞ്ഞെത്തേണം.
പ്രാർത്ഥിക്കുമ്പോൾ ലക്ഷ്യം തെറ്റിപ്പോകായ്‌വാൻ നിൻ
ചിത്തത്തെ നീ ശ്രദ്ധാപൂർവ്വം നിർത്തീടേണം.
പാവത്തെപ്പോൽ കാരുണ്യം നീ യാചിക്കേണം
കേഴുന്നോനെ കേൾക്കും കരുണാനിധിയാം നാഥൻ.



താതൻ പുത്രൻ റൂഹായിവരെ സ്നേഹിച്ചോരാം
ധർമ്മിഷ്ടന്മാരൊപ്പം ജീവൻ നീ നേടീടും.
ദേവാ ദേവാ! ഉത്തരമരുളി കാരുണ്യം ചെയ്-
തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

**രണ്ടാം കൗമാ**

\+ കർത്താവിന്റെ ബഹുമാനം ....

**എക്ക്ബൊ**

(കുംപൗലോസ്)

നാഥാ! നിൻ നാമം ഞാൻ കൈവി-ട്ടില്ല
നിന്ദിച്ചീടല്ലേ പരിചിതരെന്നെ.
മാനവർതൻ മുമ്പിൽ നിന്നെ സാക്ഷിച്ചേൻ
പിതൃസവിധം നീ സാക്ഷിക്കണമെന്നെ.
തിരുമെയ് ഭക്ഷിച്ചേൻ നൽകണമേ മോക്ഷം.
നിൻ നിണമുൾക്കൊണ്ടേൻ-എന്നെ മോദിപ്പിക്കേണം.
നീ വാനോരൊന്നിച്ചാഗതനാകുമ്പോൾ
കൃപയാലെൻ പാപം മോചിക്കേണം.

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ! ...

**കോലോ**

(ബ്കുൽമേദം)

അപ്രേം ഞാൻ മൃതി പൂകുന്നു
മൃതിശാസനമെഴുതീടുന്നേൻ
എൻ ശിഷ്യർക്കെല്ലാം-സാക്ഷ്യം നൽകീടാൻ.
രാവും പകലുമനുസ്യൂതം-പ്രാർത്ഥിപ്പിൻ നിങ്ങൾ.
മേന്മേലുഴുകുന്നവർ മേന്മേൽ-ആദായം നേടും.

തൻ വിളവിൽ-കളയേറ്റീടും
മടിയരെപ്പോ-ലായീടരുതേ
ഇടതടവെന്യേ പ്രാർത്ഥിപ്പിൻ
അതിനെ പാരം സ്നേഹിപ്പോൻ
തുണയിരുലോകത്തും-നേടീടും നൂനം.

ബാറെക്മോർ. ശുബഹോ ...മെനഓലം ...

കടലോരം വഴി പോകുമ്പോൾ
അന്യോന്യം വെട്ടിത്തിന്നും
മത്സ്യത്തെ ദർശി-ച്ചാർന്നേനാശ്ചര്യം
വിസ്മയ സഹിതം നിൽക്കുമ്പോൾ ചിന്തിച്ചേവം ഞാൻ
ഭുവനേ തമ്മിൽ വിഴുങ്ങുന്നോരുണ്ടീ മർത്യരിലും
ന്യായവിധിക്കെത്തീടാത്ത
ജീവിയെ എന്തിനു നിന്ദിപ്പൂ
കണ്മുമ്പിൽ വിധി കണ്ടാലും
പരനെ വിഴുങ്ങും മർത്യന്മാർ
കുറ്റക്കാരവരെ-ഏൽക്കുന്നോൻ ധന്യൻ.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

ആർദ്രത തോന്നണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമേ.
മോചനവും കൃപയും വാഴ്വും
നിന്നറയീന്നേകീടണമേ.

നീ കൃപയിൻ കടൽ ഞങ്ങൾ തൻ
പാതകമോ ചെളിയിൽ തുള്ളി.
ഹാ! ചെളി തൻ തുള്ളിക്കാമോ
മാലിന്യം കടലിന്നേകാൻ.



പാപികളിൽ ചൊരിയും നിന്റെ
വൻ സ്നേഹത്തിന്നായ് സ്തോത്രം.
ഇപ്പിഴയാൽ ചെളി തീണ്ടാത്ത
നിൻ പരിശുദ്ധിക്കായ് സ്തോത്രം.

പ്രാർത്ഥന കേട്ടീടുന്നോനേ!
യാചന നൽകീടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ.

**മൂന്നാം കൗമാ**

+ കർത്താവിന്റെ ബഹുമാനം ...

**എക്ക്ബൊ**

(കുംപൗലോസ്)

ഉടയോനെ കൈവിട്ടകലത്തായ് പോയേൻ
സ്നേഹിതരേ! ഞാൻ ഓർത്താൽ നിന്ദ്യൻ
പന്തിയിലെൻ പന്തം കെട്ടതിനാൽ പിമ്പിൽ
ഇരുളിൽ കഷ്ടം ഞാനുഴലുന്നു
ദുർഭഗനാമെന്നെ-വാനോർ നിന്ദിപ്പൂ
പാപത്തിൻ ദാസൻ-ഞാൻ സാത്താൻ തൻ കൂട്ടാളി
തേറുന്നില്ലെങ്കിൽ ഭാഗ്യവിഹീനൻ ഞാൻ
ഇരുളിൽ തള്ളപ്പെടുമയ്യയ്യോ!

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ! ...

**കോലോ**

(ഏനോനുഹറൊ)

ആഹ്വാനം ചെയ്യും പാപികളിൽ
കൃപയെ വിലക്കാത്തോൻ ദേവാ!
ആർദ്രതയാൽ കോപത്തിൻ വടിയും
താഡനവും നീക്കീടണമേ
ആനന്ദൈശ്വര്യങ്ങളെഴും
മാസാബ്ദങ്ങളെ നൽകണമേ
സ്ലീബായുടെ വൻ റൂശ്മായാൽ
വിദ്ധ്വംസിക്കുക ദുഷ്ടനെ നിൻ
ആർദ്രതയെ വാഴ്ത്തും ഞങ്ങൾ.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

വാരിധിയിൽ മത്തായ് നന്ദനനാം
യോനാ തൻ വിളി കേട്ടോനേ!
മത്സ്യത്താ-ലവനെ മൂന്നാം നാൾ
തീരത്തെത്തിച്ചോൻ ദേവാ!
പ്രാർത്ഥനയാൽ നീ സംയോജി-
ച്ചാർദ്രതയാൽ യാചന നൽക
കോപിപ്പിച്ചങ്ങയെ ഞങ്ങൾ
യോജിപ്പിക്കാൻ ഞങ്ങൾക്കു-
ണ്ടത്യുത്തമരാം സഹദേന്മാർ.

മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ- നിൻ വിധി ദിവസത്തിൽ.



ആർത്തന്മാർ വാതിൽ മുട്ടുന്നു കൃപാലോ
കനിവോടർത്ഥനകൾ-ക്കുത്തരമരുളണമേ.

വാനവനാം താതാ! യാചിക്കുന്നടിയാർ
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നണം.

വാനവർ തന്നീശാ! മാനവർ തൻ ഗതിയേ!
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നണം.

**നാലാം കൗമാ**

+ ഹാലേലൂയ്യാ ഉ ഹാലേ ... ഉ ഹാലേ ...ദൈവമേ! നിനക്കു സ്തുതി. (മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരയ്ക്കണം)

കരുണയുള്ള ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമേ. മൊറിയോ ...

**ഉറങ്ങിയവരേ! നിങ്ങൾ ... (പേജ് 46)**

**ത്രിത്വത്തിന് സ്തുതി ... (പേജ് 48)**

**കോലോ**

(ആലേപ്പയിൻ മൊറിയോ)

ഏദൻ തോട്ടത്തിൽ-തെറ്റിയ മാനവ വർഗ്ഗത്തിൻ
കടപാപങ്ങൾ-നോമ്പാൽ മാഞ്ഞീടും.
നോമ്പാൽ പറുദീസിൻ-വാതിൽ തുറന്നുൾപുക്കാദാം
അവകാശിക്കും സ്വർഗ്ഗമഹാരാജ്യം.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

നോമ്പാൽ വിജ്ഞന്മാർ-വാനവ തേജസ്സും വാനിൽ
കേറാനാത്മ-ച്ചിറകും നേടുന്നു.
ശാശ്വതമാം ജീവൻ നേടാനെൻ സോദരരേ നാം
നോമ്പിൻ നാളിൽ-നിർമ്മലരാകേണം.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.

നീ രാജാവിങ്കൽ ദുർഗ്ഗന്ധം വീശീടായ്‌വാൻ
നോമ്പേൽക്കുമ്പോൾ സോദരവൈരം വിട്ടീടേണം.
ദ്വേഷിപ്പോനിൽപ്പോലും ശാപം പാടില്ലേതും
ശാപത്താൽ നിൻ നോമ്പു ദുഷിക്കും ദൈവം തള്ളും.

നോമ്പാൽ കോപം നീങ്ങുന്നോനാം താതൻ സ്തുത്യൻ
പ്രാർത്ഥന മൂലം പിഴ പോക്കീടും പുത്രൻ വന്ദ്യൻ.
നോമ്പാമീ വാൾ സഭയാൾക്കേകിയ റൂഹാ പൂജ്യൻ
മൂന്നാളെന്നാലൊന്നായ് മേവും ദൈവം സ്തുത്യൻ.

ശാന്തൻമോശാ നിബിതൻ നോമ്പേറ്റോനാം മ്ശീഹാ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

**(അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ...പേജ് 50)**

**(മോറാൻ യേശൂമിശിഹാ! ...പേജ് 12)**

**കൗമാ**



# ബുധനാഴ്ച പ്രഭാതം

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**സ്ലൂസൊ**

**(ദൈവമേ! നിന്റെ കൃപ പോലെ ... പേജ് 52)**

**(എന്റെ ദൈവമേ!നീ എന്റെ ദൈവമാകുന്നു...പേജ് 54)**

**എനിയോനൊ**

(ബ്സുൽത്തൊ കാദീശ്ത്തൊ)

മുന്നം വാണോരാം-ധർമ്മിഷ്ടന്മാർ പോൽ
നോമ്പാൽ നാഥനെ നാം-മോദിപ്പിക്കേണം.

മൂശാ തൻ നോമ്പാൽ-മോദിച്ചോൻ ദൈവം
നൽകി നിയമത്തിൻ-ദാനത്താൽ മേന്മ.

നോമ്പാൽ സീനായിൽ-മോശ ദർശിച്ചാൻ
അഗ്നിമയർ കൂട്ടം-വാഴ്ത്തും ദൈവത്തെ.

നോമ്പോടേലീയാ-പ്രാർത്ഥിച്ചതു കേട്ടു
വാനിൽ തീ വന്നാ-യാഗത്തെ ഏറ്റു.

നോമ്പിൻ പ്രാർത്ഥനയാൽ-നിനുവാ രക്ഷിതയായ്
നോമ്പും പ്രാർത്ഥനയും-പാലിപ്പോൻ ധന്യൻ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

രിപുവാം സാത്താനെ-നോമ്പാൽ വെല്ലാമെ-
ന്നുടയോൻ തൻ നോമ്പാൽ-സഭയെ കാണിച്ചു.

കുറിയേലായിസ്സോൻ.

**ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ...പേജ് 56)**

**എനിയൊനോ**

(ലെക്ക്നെസ്ക്കാശാപ്പ്)

ഗിരിസീനായിൽ-നിർമ്മലമായൊരു നോമ്പതിനെ
നോറ്റാൻ മോശ-സ്വജനങ്ങൾക്കായ്
കൽപ്പനയുടെ കൽപ്പലകകളെ-സമ്പാദിച്ചു
തീവിരലിൽ ലിഖിതത്തെ-കൈയിലവൻ
വാങ്ങിയഹോ-ദൈവത്തെ വാഴ്ത്തി.

നിബി ദാനിയേൽ നിർമ്മലനോമ്പാൽ ശ്രേഷ്ഠത്വം
സംപ്രാപിച്ചു-ഹിംസ്ര മൃഗങ്ങൾ-
ക്കിരയാകാതവനുടയോനെ-സ്തോത്രം ചെയ്തു.
ഉലകിതിലെല്ലാടത്തും തൻ ഭക്തർക്കുന്നമനം
നൽകീടും-ദൈവം.

ഏലീ-യാ നോമ്പേറ്റാൻ ഹൊറെബൈത്തും വരെ
നാൽപ്പതു നാളിൽ-പാരും വാനും
നീണാൾ തടയാനാ നോമ്പാൽ-വീര്യം പൂണ്ടാൻ.
സോദരരേ! നശ്വരമാം-മോഹത്തെ
കൈവിടുവിൻ-നിർമ്മലനോമ്പേൽപ്പിൻ.

പോരുള്ളോനാ-മാകൽക്കറുസായെ നോമ്പാൽ
വിജയിച്ചീടാൻ-മാർഗ്ഗം കാട്ടി-
ത്തന്നൊരു തിരുമകനെ സഭയേ-സ്തോത്രം ചെയ്ക.
ആജ്ഞാലംഘനമതിനാ-ലാദത്തെ
വീഴ്ത്തിയതാം-മോഹമഹോ തോറ്റു.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

ഈറേന്മാർക്കും-വർണ്ണിപ്പാനാകാത്തോനാ-
മേകൻ താതാ-തനയൻ നാഥാ!
താതനിൽ നിന്നുളവായോനാം-റൂഹാ സ്തോത്രം.
സ്രഷ്ടാവാം ദൈവത്തെ-സൃഷ്ടികളെല്ലാമൊന്നായ്
വാഴ്ത്തി വണങ്ങുന്നു.

കുറിയേലായിസ്സോൻ.

**(കർത്താവിന് ഒരു പുതിയ പാട്ടും ... പേജ് 58)**



**എനിയൊനൊ**

(ബ്സുൽത്തൊയെൽദാസ് ദുമ്മൊറൊ)

നിർമ്മലനോമ്പാൽ കർത്താവേ!
തിന്മകളെ കൈവെടിയാനും
ദൈവപ്രീതിയെ സമ്പാദി-
ച്ചന്യോന്യം സ്നേഹിപ്പാനും
ക്ഷമയും കനിവും നേടാനും
യോഗ്യത ഞങ്ങൾക്കേകേണം.

നോമ്പാലിസ്രായേലിന്നായ്
മോശാ നിബി കൽപ്പന വാങ്ങി
നിബി ഏലിയാ വാനേറി
ദാനിയേൽ മൃഗജയമാർന്നു
സ്വർഗ്ഗം നേടീടാൻ ഞങ്ങൾ
നോമ്പാൽ പ്രാർത്ഥിച്ചീടട്ടെ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

ധൂർത്തസുതൻ പോൽ കർത്താവേ!
നിന്നൊടു യാചിക്കുന്നേൻ ഞാൻ
വാനിലുമിവിടെയുമപരാധി
ഞാനിനി നിൻ വേലക്കാരൻ
എൻ പാപം മോചിക്കേണം
നിൻ നാമത്തെ ഞാൻ വാഴ്ത്തും.

ആമ്മീൻ.

**(പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി...പേജ് 60)**

**എക്ബൊ**

(ബ്ഏദൊൻസപ്രൊ)

പ്രാതഃകാല-ത്താദ്യം സൃഷ്ടികളന്ധതയെ
മായിച്ചോനെ വന്ദിച്ചേവം കീർത്തിപ്പൂ
സ്തോത്രം തേ! ദേവേശാ!

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

**പ്രൊമിയോൻ, സെദറാ**

**കോലോ**

(മൽക്കസ്റൗമ്മൊ)

ഗാത്രത്തോടൊപ്പം-ചേലോടാത്മാവും
നോമ്പതു നോൽക്കേണം-ഭോജ്യത്തെ മെയ്യെന്നോണം
ദുശ്ചിന്തയെ വെടിയണമാത്മം
ദുഷ്ടവിചാരങ്ങളെയാത്മം
വർജ്ജിക്കുന്നില്ലെന്നാകിൽ
വ്യർത്ഥമഹോ-ഭക്ഷണനോമ്പേറ്റം.

ബാറെക്മോർ. ശുബഹൊ ...

നാല്പതുനാൾ മോശാ-സീനായ് മലയിൽ
നോമ്പതനുഷ്ഠിച്ചു-വർജ്ജിച്ചു തനു ഭോജ്യത്തെ
പങ്കിലചിന്തകളെ മനവും
ഇസ്രായേല്യർക്കെഴുതിയതാം-
കൽപ്പനകൾ തൻ കൽപ്പലക
മേലീന്നും-താഴത്തെത്തിച്ചാൻ.

മെന്ഓലം ...

മന്നവനേ മശിഹാ!-സതതം തവ കരുണാ
വാതിലിൽ മുട്ടുന്നേൻ-ധനികാ! നിൻ നിധിനിലയത്തീ-
ന്നേകണമേ കൃപയും വാഴ്വും.
നിയെൻ ഗതി തുണ ചെയ്യുക നിൻ
സാക്ഷിയെ-ലജ്ജിതനാക്കരുതേ
ശരണവുമെ-ന്നാശ്രയവും നീയേ.

മൊറിയോ...

**എത്രൊ**



**കോലോ**

(കൂക്കോയോ)

ഉന്നതനിബിയും നീതിയെഴും മന്നനുമാം ദാവീ-
ദെന്നതുപോൽ സ്വയമേ നോമ്പാൽ താഴുന്നോൻ ധന്യൻ
    രാവും പകലും-കർത്താവിനെയോർക്കൂ
    അന്യായം വി-ട്ടേൽക്കുക സന്മാർഗ്ഗം
ഭക്ത്യാ സ്വർഗ്ഗത്തിനു നേരെ-പാണികളെ നീട്ടി
സ്തുതി സംഗീതം ദിനരാത്രം-പാടി ധ്യാനിക്കൂ.
    ഹാലേലൂയ്യാ സ്വർഗ്ഗം നേടീടാം.

ബാറെക്മോർ. ശുബഹൊ ...

സ്നേഹത്തൊടു നോമ്പേൽക്കുന്നോൻ-നേടും സൗഭാഗ്യം
ദൂതസമേതം ശാശ്വതമാം ജീവിതമവനേൽക്കും
    നോമ്പിൽ ദാനം-ചെയ്തീടുന്നോൻ തൻ
    പുണ്യം പാരം-മഹനീയം തന്നെ
അവനാത്മീയന്മാരോടൊത്തധിവാസം ചെയ്യും
രാജ്യവുമുയിരും ശാശ്വതമാം ഭാഗ്യമതും നേടി
    ഹാലേലൂയ്യാ നിത്യം സ്തുതി പാടും.

മെന്ഓലം ...

എൻ പാപത്താലെൻ നാഥാ! ഞാൻ ദൂരത്തായി
പേരിനു മാത്രം ഞാൻ നിന്റേതയ്യോ കേഴുന്നേൻ
    എൻ താപത്തെ-ഡംഭം തടയുന്നു
    അറിയാത്തോൻ ഞാ-നറിവോതീടുന്നു.
പരദാഹത്തെ പോക്കിയ ഞാനിന്നും ദാഹിപ്പൂ
ചവളപ്പഴുതിലെ നീരാൽ ഞാൻ ദാഹം തീർക്കട്ടെ.
    ഹാലേലൂയ്യാ കനിവാൽ കൃപ ചെയ്ക.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.

ഭ്രാതൃസ്നേഹം വിട്ടേനെന്തിന്നീ നോമ്പേൽപ്പൂ
കാരുണ്യം താൻ കർത്താവിൻ നോമ്പെന്നോർ-ക്കേണം.
നേടിൻ പാരിൻ കാരുണ്യത്തെ ധനവാന്മാരേ!
ദീനന്മാരേ! നൽകുന്നോരെ നിന്ദിക്കായ്‌വിൻ.

സഹജന്മാരിൽ കാരുണ്യം നാം കാട്ടീടേണം
കാരുണ്യം കാട്ടായ്കിൽ ധർമ്മം ശിക്ഷിച്ചീടും
സമ്പത്താകെ പങ്കിട്ടീടാൻ ദൈവത്താലെ
കാര്യക്കാരായ് നിയമിതരാണീ സമ്പന്നന്മാർ.

ശാന്തൻ മോശ നിബി തൻ നോമ്പേറ്റോനാം മ്ശീഹാ
പ്രാർത്ഥന കേട്ടീയാത്മാക്കളിലൻപുണ്ടാകേണം.

**(പഴയനിയമം, ശ്ലീഹാവായനകൾ ഏവൻഗേലിയോൻ)**

**അഖിലേശാ! യോഗ്യത നൽകണമേ ...പേജ് 63)**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



# ബുധനാഴ്ച മൂന്നാംമണി

**കൗമാ**

**കോലോ**

(ലോക്ക് മൊറിയോ കോറേനാൻ)

അൻപുടയോനുടലാർന്നോനുടയോൻ നാഥൻ
നമ്മുടെ രക്ഷയ്ക്കായ് നിർമ്മലമാം നോമ്പേറ്റെങ്കിൽ
നാം നോമ്പൊടു കാരുണ്യമിരന്നനുതാപികളായ്
പാപവിമോചനമർത്ഥിക്കുവതേറ്റം യോഗ്യം താൻ
തിന്മകളും-ചതിവും കൈതവവും
കൈവെടിയും-നോമ്പേൽക്കാം പ്രിയരേ!
ധീരതയോടുര ചെയ്യാം കനിവുണ്ടായ് കൃപ ചെയ്‌വാൻ.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

വ്യാപാരി ഒരുക്കുന്നു വഴിയാഹാരം
പുരമൊന്നിൽ നിന്നപര പുരത്തിനു പോകുന്നേരം
താത്കാലികനത്താത്കാലിക യാത്രയ്ക്കേവം
താത്കാലികമാമാഹാരം കരുതുന്നുണ്ടെങ്കിൽ
നിത്യതയിൻ-യാത്രയിലാഹാരം
സോദരരേ! നാമും കരുതേണം
കാലാന്ത്യത്തിൽ രാജപുരം തന്നിൽ വാഴും നാം.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

തൻ നോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ കൃപ ചെയ്യേണം
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശീഹാ! തോന്നണമേ കരുണ.

നീ കൃപയിൻ കടൽ ഞങ്ങൾ തൻ
പാതകമോ ചെളിയിൻ തുള്ളി.
ഹാ! ചെളിതൻ തുള്ളിക്കാമോ
മാലിന്യം കടലിന്നേകാൻ.

പാപികളിൽ ചൊരിയും നിന്റെ
വൻ സ്നേഹത്തിന്നായ് സ്തോത്രം
പ്രേഷകനാം താതൻ സ്തുത്യൻ
വാനവനാം റൂഹാ സ്തുത്യൻ.

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ! കൃപ ചെയ്യേണം
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ.

**കൗമാ**

## ബുധനാഴ്ച ആറാംമണി

**കൗമാ**

**കോലോ**

(കൂക്കോയോ)

കൃപയേ! പതിവിൻപടി ഞങ്ങൾക്കൊപ്പം യാചിക്ക
പ്രിയമാതാവേപ്പോൽ നിന്നെ ലോകം നോക്കുന്നു.
ശമമൊടു ശാന്തി-സ്ഥാപിച്ചീടണമേ
കാക്കുക ചിറകാൽ-പാതകി വർഗ്ഗത്തെ
ദൈവികഭവനത്തിൽ താക്കോൽ പേറീടുന്നോളേ
കേഴുന്നോർക്കനുതാപത്തിൻ വാതിൽ തുറന്നാലും
ഹാലേലൂയ്യാ ആശ്വാസം നൽക.
ബാറെക്മോർ. ശുബഹൊ ...മെനഓലം ...

കനിയണമേ എൻ കർത്താവേ! പാപം ചെയ്തോരിൽ
കനിയണമേ ശിശുവൃന്ദത്തിൽ നീ ശിശുവായല്ലോ.
കനിയണമേ നിൻ-പൂജകനിവഹത്തിൽ
കനിയണമേ ഈ-ദുഃഖിതകർഷകരിൽ
കനിയണമേ പീഡകളേറി ക്ലേശിക്കുന്നോരിൽ
കനിയണമേ ആശ്രിതജനതയ്ക്കാശ്വാസം നൽകാൻ
ഹാലേലൂയ്യാ കനിവാൽ കൃപ ചെയ്ക.

മൊറിയോ...



**ബോവൂസോ**

(മാർ അപ്രേം)

തൻനോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ! കൃപ ചെയ്യേണം
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശീഹാ! തോന്നണമേ കരുണ.

സൃഷ്ടിക്കാസ്പദമാം കൃപയാൽ
നൽകുക രക്ഷകനേ! ജീവൻ
ഞങ്ങളെയൻപാൽ സൃഷ്ടിച്ചു
ശിക്ഷിച്ചീടരുതേ നീതി.

പീഡിതർ തൻ വൃണമില്ലെങ്കിൽ
വൈദ്യൻ ശ്രേഷ്ഠത പൂണ്ടീടാ
പാപികൾ തൻ തെറ്റില്ലെങ്കിൽ
എങ്ങനെ കാരുണ്യം തെളിയും?

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ! കൃപ ചെയ്യേണം
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ.

**(നിൻ മാതാവ് വിശുദ്ധന്മാർ ...പേജ് 69)**

**(കൗമാ, വിശ്വാസപ്രമാണം, നാൽപ്പതുകുമ്പിടീൽ)**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

# ബുധനാഴ്ച ഒമ്പതാംമണി

**കൗമാ**

**കോലോ**

(ലോക്ക്മൊറിയൊ കോറേനാൻ)

കൽപ്പിച്ചാൻ കർത്താവേവം സമയമടുത്തു
നല്ലവസരമിതു പാഴാക്കി കളയാതുണർവ്വോടെ
കണ്ണീരൊടുമനുതാപത്തൊടുമഭ്യർത്ഥിച്ചും
വാഴ്വുകളരുളാൻ വിലപിച്ചും നാം പ്രാർത്ഥിക്കേണം
വിളികൂട്ടിൻ-ഞാനുത്തരമേകാം
എന്നരുളി-ചെയ്തോനാം നാഥാ!
നിന്നെ വിളിക്കുന്നാത്മശരീരങ്ങൾ കൃപ ചെയ്ക.
ബാറെക്മോർ. ശുബഹൊ ...മെനഓലം ...
പാപി മനം തിരിയുകിൽ വാനോരാനന്ദിക്കും
ദൈവതനൂജാ! നീ സുവിശേഷത്തിൽ ചൊന്നേവം
നിൻ വാതിലലനുതാപത്താൽ മുട്ടുന്നടിയാർ
മോചനമരുളാൻ നിൻ കൃപയിൻ ചിറകിൽ ചേർക്കണമേ.
അടിയാരെ കൈക്കൊള്ളുക നാഥാ!
വാനവരാ-നന്ദിച്ചീടട്ടെ
ഈറേരും മാനവരും നിൻ കൃപയെ-വാഴ്ത്തട്ടെ.

**ബോവൂസൊ**

(മാർ ബാലായി)

നോമ്പാൽ വീഴ്ചയിൽ നിന്നിവരെ രക്ഷിച്ച
മ്ശീഹാ ഈ നോമ്പേറ്റൻപുണ്ടാ-കണമേ.
ന്യായാധീശന്മാരങ്ങേറീടുമ്പോൾ
പേടിച്ചവർ നിൻ മുമ്പിൽ ലജ്ജി-ക്കുന്നു



കർത്താവേ! നീയാണങ്ങെൻ പ്ര-ത്യാശ.
മുട്ടാടുകളെയിടത്തും കുഞ്ഞാടു-കളെ
പറുദീസയിൽ വലമായും നിർത്തീ-ടുമ്പോൾ
കുഞ്ഞാടിൻ നിരയിൽ ചേരേണം-ഞങ്ങൾ.
നാഥാ! ഈ നോമ്പേറ്റാർദ്രത തോന്നണമേ
നീ വാനോർ നാഥൻ മാനവസങ്കേതം.

**കൗമാ**

# വ്യാഴാഴ്ച സന്ധ്യ

## കൗമാ

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(സ്ലൂസൊ)**

**(കർത്താവേ! ഞാൻ നിന്നെ വിളിച്ചു ...പേജ് 7)**

**എനിയോനൊ**

(സ്ലീമൊറിയോ ബ് റഹമ്മെ)

നോമ്പാൽ ശോഭിതനായ് മോശാ
പരമോന്നതനെ ദർശിച്ചു.
ഇസ്രായേൽ ജനതയ്ക്കേകാൻ
കൽപ്പലകകളെ പ്രാപിച്ചാൻ.

ആഹാരത്തോടൊപ്പം നിൻ
വായ് ദുർവ്വചനം വെടിയേണം
രാജാവേറും വാതിലിലൂ-
ടന്യായം പൂകീടല്ലേ.

ആഹാരവുമന്യായമതും
വായ് കൈവെടിയേണം നോമ്പിൽ.
നോമ്പിതു ശിക്ഷയ്ക്കാകായ്വാൻ
നാവു നിയന്ത്രിതമാകേണം.

സിംഹക്കുഴിയിൽ ദാനിയേൽ
നോറ്റൊരു നോമ്പേറ്റം കാമ്യം
ആ സിംഹങ്ങൾ ധാർമ്മികനോ-
ടൊത്തുപവാസം പാലിച്ചു.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...



നോക്കുക നിനുവാ ധരണീശൻ
രട്ടുമുടുത്തേറ്റുപവാസം
പാപത്താൽ കോപിച്ചോനാം
അഖിലേശൻ പ്രീതിപ്പെട്ടാൻ.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**

**കോലോ**

(കുക്കോയോ)

ന്യായാധിപ നിലയം വഴിയായ്-ഞാൻ പോയീടുമ്പോൾ
കണ്ടേനൊരു പീഡകനെയും-പീഡിതനെയും ഞാൻ
നിന്നാൻ വലമായ്-മർദ്ദനമേൽക്കുന്നോൻ
മറുഭാഗത്തായ്-മർദ്ദിക്കുന്നോനും
പീഡകനാകാതെൻ നാഥാ! ഞാൻ പീഡിതനായി
പീഡകരേൽക്കും വിധിയീന്നും-രക്ഷിതനാകേണമേ.
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

ബാറെക്മോർ. ശുബഹൊ ...

വിധികാര്യം ചിന്തിച്ചയ്യോ-വിറകൊള്ളുക പാപീ!
ഖേദത്തോടു തപിക്കുക നീ-അവസരമുള്ളപ്പോൾ
തത്സമയം നിൻ-പ്രാർത്ഥന കൈക്കൊള്ളും
അങ്ങു സുഖിപ്പാ-നിങ്ങഭ്യർത്ഥിക്ക.
ഹാ നിന്നാത്മത്തെ മരണം-പിടി കൂടുന്നേരം
നിൻ യാചനയും കണ്ണീരും പാഴായ്പോം നൂനം
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

മെന്ഓലം ...

രാവും പകലും ദൈവത്തിൻ-വാതിൽ പാപിക്കും
അനുതാപിക്കും നല്ലവനും-ദുഷ്ടനുമഭിമുഖമായ്
സ്ഥിതിചെയ്യുന്നെ-ന്നേവം പാപിനിയാം
സ്ത്രീയും തന്നെ-തള്ളിയ ശീമോനും
തന്നെപ്രതി മൃതിയേറ്റോരാം-നൽ സഹദേന്മാരും
രാജ്യം നേടിയ മോഷ്ടാവും-സാക്ഷിച്ചീടുന്നു.
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

മൊറിയോ...

**എത്രൊ**

**കോലോ**

(ലോക്ക് മൊറിയോ കോറേനാൻ)

ഈ ലോകം വാരിധിയെക്കാൾ ക്ഷോഭിക്കുന്നു
ലൗകികരയ്യോ തിരമാലകളെക്കാ-ളിളകുന്നു
കർത്താവേ! ലോകത്തിൻ-ശാന്തിപ്രദനേ!
അന്യായത്താലുലകത്തിൽ-കലഹം പെരുകുന്നു.
നീ മാത്രം-സദ്ഗുണ സംപൂർണ്ണൻ
സുതരൊപ്പം-സഭ വിളി കൂട്ടുന്നു.
നാഥാ! നൽകുക ഭൂമിയിലേവർക്കും-നിൻ ശാന്തി.

ബാറെക്മോർ. ശുബഹൊ ...

ഈ ഞങ്ങടെ ജീവിതകാലം-തീരും വേഗം
മനതാരിലിരയ്ക്കും തിര ഓർത്താൽ-ഹാ കഠിനം
ഐഹികമാം ചിന്താഭാരം-നിമിഷം തോറും
തള്ളിക്കയറുന്നൊന്നിനു മേലൊന്നായ്-ഹൃദയത്തിൽ
അകമേ സൽ-ചിന്തകളേറുമ്പോൾ
അവയെ ദുർ-ചിന്തകൾ തടയുന്നു
രക്തത്താൽ രക്ഷിച്ചോനാം മ്ശീഹാ! കൃപ ചെയ്ക.

മെന്ഓലം ...



നാഥാ! മുഖപക്ഷം നിൻ-ന്യായത്തീർപ്പിൽ
കാണാത്തതിനാൽ കുറ്റക്കാരൻ ഞാൻ-കേഴുന്നു
ഭീകരമാമേടു വിടർത്തി-ട്ടെന്നപരാധം
നിൻ നീതിയഹോ പരിശോധിക്കുമ്പോൾ-കർത്താവേ!
നിൻ കൃപ നിൻ നീതിയൊടർത്ഥിച്ചേൻ
അപരാധം-പരിഹൃതമാകണമേ
കുറ്റമതേറ്റിഹ പറയുന്നേൻ നാഥാ! കൃപ ചെയ്ക.

മൊറിയോ...

**ബോവുസൊ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.
സ്തോത്രം പാടി കാലാധിപനെ കീർത്തിച്ചീടാൻ
യാമം സർവ്വം പ്രേരിപ്പിക്കുന്നെന്നെ മേന്മേൽ
എന്നെ കാക്കും പകലിൻ ഗതിയെ വീക്ഷിച്ചീടാൻ
കാലത്തെ ഞാനെൻ കർത്താവിൻ ചാരെ നിന്നു.
വമ്പൻ പാടേ കവരും, ദീനൻ വ്യാജം ചൊല്ലും
ശ്രേഷ്ഠന്മാരെ പുച്ഛിച്ചീടും, ഖലനെ കേൾക്കും
താഴുന്നോനെ താഴ്ത്തും മൗനിയെ നിന്ദിച്ചീടും
ലോകം ക്ഷുബ്ധം, സർവ്വം കപടം, സ്തോത്രം വ്യാജം.
ശാന്തൻ മോശ നിബിതൻ നോമ്പേറ്റോനാം മ്ശീഹാ
പ്രാർത്ഥന കേട്ടീയാത്മാക്കളിലൻപുണ്ടാകേണം.

**ഏവൻഗേലിയോൻ**

**(മോറാൻ യേശൂമിശിഹാ! ... പേജ് 12)**

**കൗമാ**

## വ്യാഴാഴ്ച സൂത്താറാ

**കൗമാ**

**കോലൊ**

(മൊറിയൊലോ ബ്രുഗ്സോക്ക്)

എൻ കർത്താവേ! കോപത്താൽ ശാസിക്കരുതേ
ശിക്ഷിക്കയുമരുതെന്നേവം കീർത്തിച്ചാൻ ദാവീദ്
തൻ കൈയാൽ നിർമ്മിതരൂപം പാഴായ് പോകാൻ
കൈവെടിയാതെ കനിവെന്നും ദൈവം കാണിക്കും.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

പ്രാർത്ഥിപ്പാൻ ആലയമാർന്നോൻ ദോഷം നീക്കി
തൻ ദേഹത്തൊടു ദേഹിയെയും സംരക്ഷിച്ചെന്നാൽ
തൽ പ്രാർത്ഥനയും യാചനയും നാഥൻ കേൾക്കും
ന്യായത്തീർപ്പിൻ നാളിങ്കൽ ചെയ്യും കാരുണ്യം.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ! നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

ദൈവസുതൻ ശീലിപ്പിച്ചോരാ പ്രാർത്ഥന രമ്യം

ഉള്ളിലതേറ്റി ധ്യാനിക്കുന്നോൻ ധന്യൻ തന്നെ.

താൽപ്പര്യത്തോടാ പ്രാർത്ഥനയിൽ മുഴുകീടുന്നോൻ

കണ്ടെത്തീടും സമ്പൂർണ്ണത തൻ ഭംഗികളെല്ലാം.

പാപമശേഷം പോക്കണമെന്നാ താതനൊടോതാൻ
ദിവ്യരഹസ്യത്തിൻ സുതരെ താൻ ശീലിപ്പിച്ചു.



തന്റെ കടക്കാരോട് പൊറുക്കാൻ ധൈര്യം നൽകി
മുക്തിക്കായിട്ടർത്ഥിച്ചീടാനുപദേശിച്ചു.

സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ!

പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപ ചെയ്യേണം.

(പേജ് 18 മുതലുള്ള മാർ അപ്രേമിന്റെ ബോവൂസോ, മസുമൂറാകൾ, കൗമാ, വിശ്വാസപ്രമാണം, കുക്കിലിയോനുകൾ, ഹൂത്തൊമൊ.)

## വ്യാഴാഴ്ച രാത്രി

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ... പേജ് 39)**

**(രാത്രികാലങ്ങളിൽ ... പേജ് 39)**

**എനിയോനൊ**

(എത്തഇർ ഹാത്തോയൊ)

പാപീ! ഉണരുക നീ-അനുതാപത്തിന്നായ്
തരമുള്ളപ്പോൾ-കണ്ണീരാൽ നെടുവീർപ്പാൽ നീ
മാലിന്യങ്ങളെ മായിക്ക.

നീതിയെഴും വിധിയിൽ-നീചന്മാർക്കെതിരായ്
തീ കാളുമ്പോൾ-യേശു മഹോന്നത രാജാവേ!
നിൻ കൃപ ഞാൻ നേടീടേണം.

ഈശോയാം നാഥാ! തിരുസന്നിധിയിൽ കേ-
ണർത്ഥിക്കുന്നേൻ-എന്നെയെൻ പിഴകൾക്കൊപ്പം
കരുണാബ്ധേ! ശിക്ഷിക്കല്ലേ.

ഉചിതപ്രാർത്ഥനയാൽ-തസ്കരനെന്നോണം
കടുപാപത്തിൽ-പഴകിയ ഭാഗ്യം കെട്ടോനും
പ്രാപിച്ചീടാമാശ്വാസം.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

അതിരില്ലാതീ ഞാൻ-ചെയ്തൊരു പാപത്തിൻ
തിരകൾക്കുള്ളിൽ താഴുന്നേൻ ശുഭമാലുമിയേ!
എന്നെ രക്ഷിച്ചീടേണം.

കുറിയേ ... കുറിയേ ... കുറിയേ ...

**എക്ക്ബൊ**

(പർദൈസൊ)

യേശൂ പിതൃസുതനേ!-നിന്നെ നമ്പുന്നേൻ
നീ മറിയാംസുതനെ-ന്നുദ്ഘോഷിക്കുന്നേൻ
ഞാൻ കൈക്കൊണ്ടൊരു നിൻ-തനുവും രക്തമതും
ഞങ്ങൾക്കേകണമേ മോചനമന്ത്യത്തിൽ
മകുടം പോയോരായ്-മന്നവർ നിൽക്കേ നിൻ
നിത്യതയെ വാഴ്ത്തിടു-മെന്നിൽ കനിയണമേ.

കുറിയേ ... കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ...

**കോലോ**

(മൊറിയോമോറാൻ)

ഉടയോൻ നാഥാ! നിന്നെ വിട്ടെങ്ങെത്തും ഞാൻ
നിൻ മഹിമയിൽ ഞാനെങ്ങമരും ഗൂഢം



വാനിൽ ചെന്നാൽ-നീയങ്ങുണ്ടാദ്യന്തം, ഞാൻ
ശീയോളാർന്നാ-ലങ്ങും നിൻ കോയ്മ
നിന്തിരുമുമ്പിൽ-കുറ്റം തീർന്നോനില്ലല്ലോ
കൃപയാലെന്നെ-വലമായ് നിർത്തണമേ.

ബാറെക്മോർ. ശുബഹൊ ...

വഞ്ചകവീരാ! ബാല്യത്തിൽ ഞാൻ നിന്നെ സേ-
വിച്ചേനെന്നെ-നീ പീഡിപ്പിച്ചു
വാർദ്ധക്യത്തിൽ-തൃപ്തിപ്പെട്ടിടാത്തോൻ നീ
യുവദോഷങ്ങൾ-ക്കെന്നെ ഹേമിപ്പൂ
ഞാനുടയോനെ-കാണും നിന്നെ ചോദ്യം ചെ-
യ്യും നിന്നിൽ നി-ന്നെന്നെ വേറാക്കും.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

കാംക്ഷിക്കുന്നേൻ കന്മഷമുക്തിക്കെൻ കർത്താവേ!
കാലത്തിന്നൊത്തൻപർത്ഥിപ്പാൻ നൽകുക കണ്ണീർ
ദാഹിക്കുന്നേനേകാശ്രയമാം നിൻ കരുണയ്ക്കായ്
വർഷിക്കെന്മേൽ കരുണക്കടലേ! കരുണാപൂരം

കാലം പോക്കി പാഴായവയെ സേവിച്ചീ ഞാൻ
ജീവാന്ത്യത്തിൽ കൈക്കൊൾകെന്നെ ഞാൻ നിന്റേതാം
മായാരാജാവെന്നെ വധിപ്പാനെയ്തു ബാണം
സേനാധീശാ! സൗഖ്യം നേടാനൗഷധമേകൂ.

ദേവാ ദേവാ! ഉത്തരമരുളി കാരുണ്യം ചെയ്-
തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

**രണ്ടാം കൗമാ**

**+ കർത്താവിന്റെ ബഹുമാനം ...**

**എക്ബൊ**

(പർദൈസൊ)

യേശൂ താതസുതാ!-താങ്ങായ് നിൽക്കണമേ
യേശൂ മറിയസുതാ!-ശരണം നൽകണമേ.
യേശൂ! ബലമേകി-പാലിച്ചീടണമേ.
യേശൂ! സാത്താനെ മായിച്ചീടണമേ.
യേശൂ പോക്കണമേ കടവും പാപമതും.
യേശൂ! വിധിനാളിൽ-കനിവുണ്ടാകണമേ.

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ...

**കോലോ**

(മൊറിയൊമോറാൻ)

ഉടയോൻനാഥാ! പൊന്നിലുമോർത്താൽ വെള്ളിയിലും
മേലാകും സൽ-പ്പേരുള്ളോൻ ധന്യൻ
ലോകം മായും-നല്ലൊരു നാമം മാഞ്ഞീടാ
തൽ സമ്പാദ്യം-കൈവന്നോൻ ധന്യൻ
ഹാലേ ... ഇങ്ങവനാർജ്ജിക്കും മാനം
പരലോകത്തിൽ-നേടീടും രാജ്യം.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

തന്നുള്ളത്തെ-ലോകവുമായ് ചേർത്തോൻ നിന്ദ്യൻ
പൊട്ടാത്തോരാ-ലാത്താണീ ലോകം
നോക്കുന്നോരെ-വഞ്ചിച്ചീടും, ലോകത്തെ
സ്നേഹിക്കുന്നോൻ-ജേതാവാകില്ല.
ഉത്സാഹിക്കും-വാണിജനെപ്പോൽ വാഗ്ദത്ത
ജീവൻ സമ്പാ-ദിക്കുന്നോൻ ധന്യൻ.

മൊറിയോ...



**ബോവൂസോ**

(മാർ അപ്രേം)

ആർദ്രത തോന്നേണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമേ
മോചനവും കൃപയും വാഴ്‌വും
നിന്നറയീന്നേകീടണമേ

പ്രാർത്ഥിപ്പാൻ നീ നിൽക്കുമ്പോൾ
സന്താപത്തോടേകാഗ്രം
ചിന്തകളെ കടിഞ്ഞാണിട്ട്
ചിത്തത്തിൽ നിർത്തീടേണം.

നിൻ വായ് ധൂപത്തിൻ കലശം
നിന്നധരം ധൂപം ഹൃദ്യം
ദൈവത്തെ പ്രീണിപ്പിക്കും
നാവോ ശുശ്രൂഷക്കാരൻ.

പ്രാർത്ഥന കേട്ടീടുന്നോനേ!
യാചന നൽകീടുന്നോനേ!
പ്രാർത്ഥന കേട്ടു നിരന്നൻപാൽ
യാചനയെ നൽകീടണമേ.

**മൂന്നാം കൗമാ**

**+ കർത്താവിന്റെ ബഹുമാനം ...**

**എക്ക്ബൊ**

(പർദൈസാ)

ഞാൻ വൃദ്ധൻ രിപുവാം-സാത്താനോ തരുണൻ
ബാലകനായെന്നെ അവനെണ്ണീടുന്നു.
പ്രേരിപ്പിക്കുന്നു-പാപം ചെയ്തീടാൻ
സകലവുമോർത്താൽ ഞാൻ മനസ്സാ ചെയ്യുന്നു

എന്നിൽ വില്ലുകുല-ച്ചസ്ത്രം വർഷിപ്പൂ
കെണികളിൽ നിന്നെന്നെ-നാഥാ! രക്ഷിക്ക

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ....

**കോലോ**

(ലമറിയം യൊൽദാസാലോഹൊ)

പെത്ഗോമൊ: നാഥനഴിക്കും ബന്ധിതരെ ഹാലേ ...

രാവിൽ കീപ്പാ തടവീന്നും വിടുതൽ-പ്രാപിച്ചു
രാവിൽ പൗലോസ് ശ്ലീഹായുടെ കൈച്ച-ങ്ങല വീണു
രാവിൽതന്നെ പാപത്തിൻ-ബന്ധനവും ഛേദിക്കേണം.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

രാവിൽ വനത്തിൽ യാക്കോബിനു താരം-ദ്യുതി ചിതറി
രാവിൽ തീത്തൂണിസ്രായേലിന്നായ്-പ്രഭ ചിന്തി
നിന്നെ ആരാധിപ്പോരിൽ-രാവിൽ തൻപ്രഭ ചിന്തേണം.

മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ-നിൻവിധി ദിവസത്തിൽ.

ആർത്തന്മാർ വാതിൽ-മുട്ടുന്നു കൃപാലോ
കനിവോടർത്ഥനകൾ-ക്കുത്തരമരുളണമേ.
വാനവനാം താതാ! യാചിക്കുന്നടിയാർ
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നേണം.

വാനവർ തന്നീശാ! മാനവർ തൻ ഗതിയേ!
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നേണം.

മൊറിയോ...



+ ഹാലേലൂയ്യാ ഉ ഹാലേ ... ഉ ഹാലേ ... ദൈവമേ! നിനക്കു സ്തുതി. (മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരയ്ക്കണം)

കരുണയുള്ള ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമേ...മൊറിയോ...

**(ഉറങ്ങിയവരേ! നിങ്ങൾ ... പേജ് 46)**

**(ത്രിത്വത്തിന് സ്തുതി ... പേജ് 48)**

**കോലോ**

(കുക്കോയോ)

മണ്ണാൽ മനയപ്പെട്ടവനേ!-നീ നിഗളിക്കേണ്ട
മണ്ണേ! നാളെ ചേരും നീ-മാതാവാം മന്നിൽ
എങ്ങനെ വലിയോർ-ഭീകരരായ്ത്തീർന്നു
കബറിനുള്ളിൽ-കയറി കാണുക നീ
ഉന്നതരെ താഴ്ത്തും ദൈവം-താഴ്മ വരിക്കുക നീ
ഉന്നതിയേകും വിനയത്തെ-കൈക്കൊണ്ടെന്നാകിൽ
ഹാലേലൂയ്യാ നീ പുകഴാർന്നീടും.

ബാറെക്മോർ. ശുബഹൊ ...

വെള്ളിക്കും കനകത്തിനും-വായുണ്ടെന്നാകിൽ
സമ്പാദകരാം മാനവരോ-ടവയേവം ചൊല്ലും
എന്നെ നിങ്ങൾ-സാധുക്കളിൽ നിന്നും
കവരുകയുണ്ടായ്-നിൽപ്പിൻ ദൂരത്തായ്
മരണം കൊണ്ടിഹ പോകുമ്പോൾ-നിങ്ങൾക്കയ്യയ്യോ!
ഞാനിങ്ങവശേഷിച്ചീടും-നിങ്ങൾ വിധിയിങ്കൽ
ഹാലേലൂയ്യാ നേടും നിത്യാഗ്നി.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർതൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.

ലേശം ലാഭം നേടാതേറ്റം ക്ലേശിപ്പാനായ്
മാമോൻ നിന്നെ എന്തിനു മേന്മേൽ തെറ്റിക്കുന്നു
നേട്ടം കൂട്ടാൻ നാൾ തോറും നീ പാഞ്ഞീടുന്നു
ഹാ! നിന്നീടും നാഴിക മാത്രം നിൻ സമ്പാദ്യം.

കാഞ്ചനമാം നിൻ സമ്പാദ്യത്തെ കൂട്ടിക്കൊള്ളൂ
നീ രക്ഷിക്കപ്പെട്ടാൽ സർവ്വം നിന്റേതാകും
ഒരു പ-നി മാറ്റാൻ നിന്റെ ധനത്തിനു കെൽപ്പില്ലെങ്കിൽ
നേടീടാമെന്തതിനാലെന്തിന്നീ സമ്പാദ്യം.

ശാന്തൻ മോശാ നിബിതൻ നോമ്പേറ്റോനാം മ്ശീഹാ
പ്രാർത്ഥന കേട്ടീയാത്മാക്കളിലൻപുണ്ടാകേണം.

**അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ ... (പേജ് 50)**

**മോറാൻ യേശൂമിശിഹാ! ... (പേജ് 12)**

**കൗമാ**



# വ്യാഴാഴ്ച പ്രഭാതം

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(സ്ലൂസോ)**

**(ദൈവമേ! നിന്റെ കൃപ പോലെ ... പേജ് 52)**

**(എന്റെ ദൈവമേ!നീഎന്റെ ദൈവമാകുന്നു പേജ് 54)**

**എനിയോനൊ**

(ലോതേഉൽലദീനോ)

നോമ്പേൽപ്പോർ ധന്യർ-പുനരുത്ഥാനത്തിൽ
അവരന്നാൾ നേടും-പ്രഭയും തേജസ്സും.

സൈന്യത്തോടൊപ്പം-ദുഷ്ടനെ വീഴ്ത്തീടാൻ
സഭയെ തൻ നോമ്പാൽ-ശീലിപ്പിച്ചീശൻ.

പ്രാർത്ഥനയിൽ നോമ്പിൽ-നാഥൻ സംപ്രീതൻ
അവയിൽ കൂറുള്ളോൻ-റൂഹാതൻ ഗേഹം.

പാവനമാകും നോ-മ്പേറ്റു നിനുവാക്കാർ
ചാക്കാൽ ചാരത്താൽ-പ്രീതിപ്പെട്ടീശൻ.

മാമലയിൽ മോശ-പാവന നോമ്പേറ്റാൻ
തൻമുഖമത്യന്തം-മേഘത്തിൽ മിന്നി.

തനയനെ വിട്ടോനാം-താതന്നായ് സ്തോത്രം
നമ്മൾക്കായ് നോറ്റാൻ-നോമ്പേൽപ്പാൻ ചൊന്നാൻ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

നീതിപരന്മാർക്കും-നോമ്പേൽക്കുന്നോർക്കും
പ്രതിഫലമേകീടും-നല്ലോൻ സംസ്തുത്യൻ.

കുറിയേലായിസ്സോൻ.

**(ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ...പേജ് 56)**

**എനിയോനോ**
(ഹൗദത്തഇൻ)

നോമ്പു നിമിത്തം മോശാതൻ
മുഖമത്യന്തം ശോഭിച്ചു.
കൊണ്ടിഹ വന്നാൻ മലയീന്നും
കൽപ്പനകൾ തൻ കൽപ്പലക.
രവി സന്നിഭനായ് ദൈവത്തെ
കാണ്മാനർഹതയാർജ്ജിച്ചു.
പ്രിയരേ നോമ്പാൽ നമ്മൾക്കും
ശാശ്വത ജീവൻ നേടീടാം.
നോമ്പേൽപ്പോരേ! വന്നിടുവിൻ
തീഷ്ണതയോടു നോമ്പേറ്റിടുവാൻ
ജാഗരണം പ്രാർത്ഥന കണ്ണീർ
നെടുവീർപ്പിവയാലർത്ഥിക്കാം
കടപാപങ്ങൾ പോക്കിടുവാൻ.
മശിഹാ നാഥൻ തൻ മുമ്പിൽ
സമയമഹോ പൊയ്പ്പോകുന്നു
ലോകാന്ത്യമിതാ വാതിൽക്കൽ.
ബാബേൽ നാട്ടിൽ ദാനീയേൽ
നോറ്റൊരു പരിപാവന നോമ്പാൽ
പ്രാപിച്ചാൻ പടുകുഴി തന്നിൽ
സിംഹങ്ങളെ വെല്ലാൻ വീര്യം
നാഥാ! പ്രാർത്ഥന നോമ്പിവയാൽ
ശരണം പ്രാപിക്കുന്നെങ്ങൾ
അനുതാപികളിൽ തൽപ്പരനേ
നിൻകൃപ കാണണമേ ഞങ്ങൾ.



നീതിപരന്മാർക്കൗന്നത്യം
നൽകിയതാം നോമ്പിതു തന്നെ
മണ്മയരുടെ ഗണമീ നോമ്പാൽ
വിണ്ണവരൊടു സമ്മേളിച്ചു
നോമ്പോ-തോൽക്കാത്തായുധവും
വീഴാ-ത്തൊരു വൻദുർഗ്ഗവുമാം
കൊള്ള നടത്താൻ കള്ളന്മാർ-
ക്കെളുതല്ലാത്തൊരു വൻകോട്ട.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

വിനയം യാതന നോമ്പിവയാൽ
രക്ഷകനെല്ലാം നിറവേറ്റി
കൂനു നിവർത്തെഴുന്നേൽപ്പിച്ചാൻ
തന്നുടെ നോമ്പാൽ നമ്മെയവൻ
കടമെല്ലാം-യാതന വീട്ടി
ധന്യം-തദ്വിനയം പാരം
ഏവം യാതന മരണമെഴും
നമ്മൾക്കായേറ്റോൻ സ്തുത്യൻ.

കുറിയേലായിസ്സോൻ

**(കർത്താവിന് ഒരു പുതിയ പാട്ടും...പേജ് 58)**

**എനിയോനൊ**
(മ്ശിഹോദമ്ലാക്ക്)

വാഗ്ദത്തമതാമീ നോമ്പിൽ
ദൈവികശാന്ത്യാ വാണിടുവാൻ
സാമോദം കീർത്തിച്ചീടാം
ഏകദ്ധ്വനിയോടർത്ഥിക്കാം.

നോമ്പാൽ നാഥൻ പ്രീണിതനായ്
ശാന്തി നമുക്കുണ്ടായീടാൻ
ശുദ്ധ്യാ നോമ്പേറ്റേകീടാം
ആവശ്യക്കാർക്കാലംബം.

നാവിലധർമ്മം കാണരുതേ.
സഹജവ്യണത്തിൽ കുത്തരുതേ.
പരനിൽ കുറ്റം ചാർത്തരുതേ.
കുറ്റക്കാരായ്ത്തീരല്ലേ.

നോമ്പിൽ നിൻ വായ് ഭക്ഷ്യം പോൽ
അന്യായമതും വെടിയേണം.
നോമ്പിനു കുറ്റം പറ്റായ്വാൻ
നാവിനെയും നീ ബന്ധിക്ക.

ബാറെക്മോർ. ശുബഹൊ ... മെനൊലം ...

നൃപസേവകരേ! യജമാനൻ
നൽകിയ നോമ്പിൽ മോദിപ്പിൻ
അതു തോൽക്കാത്തോരായുധമെ-
ന്നോതിയ നാഥൻ വാഴ്വുള്ളോൻ.

ആമ്മീൻ

**(പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി...പേജ് 60)**

**എക്ബൊ**

(ആലോഹൊ ആദാറൈൻ)

ഉടയോനേ! തുണ ചെയ്ക-പാപത്തിൻ വീചികളും
ചുഴലികളും ചൂഴുന്നീയെന്നെ
ശാന്തിത്തുറമുഖമാവുക നീ
മുങ്ങായ്വാൻ ഞാനീ വാരിധിയിൽ
കാത്തീടുന്നേനനുതാപത്തിന്നായ്
പത്രോസിന്നെന്നോണം തൃക്കൈ നീട്ടി
ചെയ്യുക കാരുണ്യം.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.



**പ്രുമിയോൻ, സെദറാ**

**കോലോ**

(ബ്ഹൗസപ്പറൊക്ക് റാബൊ)

എൻ പാപം ബഹുലം-ഹാ കഠിനം കാലം
ശിക്ഷയഹോ കഠിനം-കോപിപ്പൂ നീതി
ലോകസ്നേഹത്താൽ-കാരുണ്യം കാട്ടാൻ
നന്മകളാൽ പ്രീണി-പ്പിക്കാം ദൈവത്തെ.
ഹാലേ ... കാരുണ്യാധിക്യത്താൽ-നാഥാ! കൃപ ചെയ്ക.

ബാറെക്മോർ. ശുബഹൊ ...

പാപികളേ! തേറിൻ-ഘോഷിപ്പൂ നീതി
കോപത്തിൻ ദണ്ഡം വിധിനാഥൻ നീട്ടി
വാളാലൊന്നാകെ-നമ്മെ കൊല്ലായ്വാൻ
ക്ഷമയാൽ ദൈവത്തെ-പ്രീണിപ്പിച്ചീടാം
ഹാലേ ... നീതിയിൽ വിധി ചെയ്യും-നാഥാ! കൃപ ചെയ്ക.

മെനൊലം ...

നിൻ വിധി അതിഘോരം-ഞങ്ങടെ പിഴ പാരം
നീതി കയർക്കുന്നു-ഓടാൻ തരമില്ല
വിധിയേൽപ്പാൻ നിന്നെ-വശമാക്കിയൊരൻപാൽ
വിധിയതിലേറ്ററുതേ-തെറ്റുകളോർക്കല്ലേ
ഹാലേ ... നീതിയെഴും ന്യായാധീശാ! കൃപ ചെയ്ക.

മൊറിയോ...

**എത്രൊ**

**കോലോ**

(കൂക്കോയൊ)

ഡംഭം ഡംഭികളെ വീഴ്ത്തി-പദവികളിൽ നിന്നും
സൗമ്യത സൗമ്യന്മാർക്കേകി-മന്നിതിലൗന്നത്യം
ഫറവോൻ രാജാ-വിനെ ഡംഭം വീഴ്ത്തി
ആഴിയിൽ മുക്കി-സൈന്യസമൂഹത്തെ
സൗമ്യൻ മോശ വിഭാഗിച്ചാൻ-ആഴിയെ ദണ്ഡതിനാൽ
നാഥാ! തേ സ്തുതി എന്നാർപ്പി-ട്ടാ ജനതതി നീങ്ങി
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

ബാറെക്മോർ. ശുബഹൊ ...

മശിഹായാം രാജാവേ! നീ-വെളിവാകും നാളിൽ
മാനവ തലമുറകൾ സർവ്വം-വന്നു കണക്കേകും
ദുഷ്ടരിൽ നിന്നും-തിരിയും നല്ലവരെ
അഗ്നി സമുദ്രം-ഘോരം ഗർജ്ജിക്കും
അന്നേരത്തെൻ കർത്താവേ! കൃപ തോന്നീടണമേ
കാരുണ്യത്താലുടയോനേ! കനിവുണ്ടാകേണം.
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

മെന്ഓലം ...

പാപീ! നിന്നുടയോൻ നാഥൻ-ബലിയായ്ത്തീരുമ്പോൾ
ബെസ്ക്കുദിശായീന്നെന്തിനു നീ-പിൻവാങ്ങീടുന്നു
പാപങ്ങൾക്കായ്-യാചിച്ചീടാതെ
പാഴ്കാര്യങ്ങൾ-ക്കെന്തിനു പോകുന്നു
ദൈവത്തീന്നും കൃപ യാചി-ച്ചേവം ഘോഷിക്ക
നീ പരിശുദ്ധൻ പരിശുദ്ധൻ-പരിശുദ്ധൻ തന്നെ
ഹാലേ ... വാനിലുമൂഴിയിലും.

മൊറിയോ...

**ബൊവൂസോ**
(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം
തന്നധികാരത്താൽ വിധിനാഥസ്ഥാനം ശ്രേഷ്ഠം
മാനം മഹിതം കൽപ്പനയുഗ്രം വാക്യം പ്രൗഢം
വാഴും കാലത്തവനെ സൈന്യം കേട്ടീടുന്നു
മാറ്റം നേരിടുകില്ലെന്നോണം നിഗളിക്കുന്നു.
ഓ! പകലേ നിൻ ശോഭനഗാത്രം പാരം ശ്രേഷ്ഠം
ഭാസുരമാം നീ സമ്പത്തുള്ളോൻ തേജോരൂപൻ



മങ്ങിയ സായംസന്ധ്യയിൽ നിന്നെ മായിച്ചീടും
കൂരിരുൾ കൂടും മറയാൽ നീക്കും നിൻ ചൈതന്യം.
ശാന്തൻ മോശ നിബിതൻ നോമ്പേറ്റോനാം മ്ശീഹാ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

**(പഴയനിയമം, ശ്ലീഹാവായനകൾ ഏവൻഗേലിയോൻ)**
**അഖിലേശാ! യോഗ്യത നൽകണമേ ...പേജ് 63)**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

## വ്യാഴാഴ്ച മൂന്നാംമണി
**(കൗമാ)**

**കോലോ**
(സൊഹദെആപ്പീസുനോയ്)

വഴിയാഹാരം വശമാക്കി-ഭീകരമാം ദിവസത്തിന്നായ്
മഹിമാവസനം കരുതിയവൻ-പാർത്താൽ ഭാഗ്യനിധി
ക്ഷണിതാക്കളെ സന്ദർശിപ്പാൻ-മണവാളനെഴുന്നള്ളുമ്പോൾ
അവനുൾപ്പൂകി പന്തിയതിൽ സ്തോത്രം പാടീടും.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

ഞാൻ പശിയാർന്നു തീനരുളി-ഞാൻ ദാഹിച്ചു ജലമരുളി
വന്നെന്നെ തടവിൽ കണ്ടു എന്നെ സ്നേഹിച്ചു
നിങ്ങളിഹത്തെ ദ്വേഷിച്ചു വന്നുൾപ്പൂകുവിനെന്നുടയോൻ
വലമാർന്നോരോടോതിയതായ്-സുവിശേഷം ചൊൽവൂ.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

തൻ നോമ്പാൽ വിടുതൽ തന്നോ-
രാത്മജനേ കൃപ ചെയ്യേണം.
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശീഹാ തോന്നണമേ കരുണ.

ശ്രീമാനേ! മതിമാന്മാർ തൻ
യാചന നീ നിരസിക്കില്ല
നിൻ വാതിൽ കേഴുന്നോർക്കാം
നിൻ കോശം സാധുക്കൾക്കാം.

അൻപുടയോൻ താതൻ സ്തുത്യൻ
രക്ഷകനാം പുത്രൻ വന്ദ്യൻ
പാവനനാം റൂഹാ സ്തുത്യൻ
നമ്മുടെ മേൽ കൃപ തോന്നട്ടെ.

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ! കൃപ ചെയ്യേണം
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ.

**കൗമാ**

## വ്യാഴാഴ്ച ആറാംമണി

**കൗമാ**

**കോലോ**

(സൊഹദൗ ആത്തൂൻ)

നോമ്പു വിശിഷ്ടം-ജാഗ്രത ദിവ്യം
യാചനയും പ്രാ-ർത്ഥനയും കാമ്യം താൻ
കോപത്തെ അവ-നേരിട്ടാത്മം മെയ്യിന്നിവയെ
പാവനമാക്കുന്നു-നാഥാ! സ്തോത്രം
നോമ്പാലും പ്രാർത്ഥനയാലും പ്രീതിപ്പെട്ടീടുന്നോനേ.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...



തിരുവിഷ്ടം പോൽ-തന്നരുളണമേ
നാഥാ! കൃപയും പാപവിമോചനവും
നവജീവിതവും-സ്വർഗ്ഗമതാകും രാജ്യവുമേറിയ
കൃപയും നൽകണമേ-മർമ്മം സർവ്വം
വെളിവാകും വിധിദിവസത്തിൽ-രാജ്യം ഞങ്ങൾക്കേകണമേ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാനാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം

സംഘത്തീന്നുണ്ടാകും പുണ്യം പാരം കാമ്യം
യാചിപ്പെല്ലാം നേടാനതിനുണ്ടേറ്റം വീര്യം
അതിനിസ്സാരം താൻ വർഷത്തിൻ വെള്ളത്തുള്ളി
കൂടിച്ചേർന്നാലവ ദുസ്തരമാം തോടായ് തീരും.

ഓരോന്നായമ്മഞ്ഞിൻതുള്ളികൾ കൂടിച്ചേർന്നാൽ
ഏവന്നും ദുസ്തരമാം തോടായ് തീർന്നീടും പോൽ.
ഏറും വായ്കൾ തൻ യാചനയങ്ങൊന്നായ് കൂടി
ന്യായാധീശൻ തള്ളാത്തവിധം മുന്നേറീടും.

ശാന്തൻ മോശാനിബി തൻ നോമ്പേറ്റോനാം മ്ശീഹാ
പ്രാർത്ഥന കേട്ടീ ആത്മാക്കളിലൻപുണ്ടാകേണം.

**(നിൻ മാതാവ് വിശുദ്ധന്മാർ ...പേജ് 69)**

**(കൗമ, വിശ്വാസപ്രമാണം, നാൽപ്പതുകുമ്പിടീൽ)**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

## വ്യാഴാഴ്ച ഒമ്പതാംമണി

**കൗമാ**

**കോലോ**

(മൽക്കൂസ് റൗമ്മൊ)

പാവനപുണ്യനിധേ! കരുണാബഹുലതയാൽ
പൊറുതി കടങ്ങൾക്കും-ദോഷങ്ങൾക്കും നൽകണമേ
നിൻപ്രിയരാം ധാർമ്മികരോടും
വത്സലരാം നിർമ്മലരോടും
തെളിവൊടു ഭാസുരമണവറയിൽ
ഞാൻ നിന്നെ കീർത്തിച്ചീടണമേ.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

പാവനമാം നോമ്പിൻ-വാതിലിടുങ്ങിയതും
വഴി ദുർഗ്ഗമവും താൻ-ഭോജ്യത്തെ മെയ്യെന്നോണം
ദുശ്ചിന്തയെ വെടിയണമാത്മം
ദുഷ്ടവിചാരങ്ങളെയാത്മം
വർജ്ജിക്കുന്നില്ലെന്നാകിൽ
വ്യർത്ഥമഹോ-ഭക്ഷണനോമ്പേറ്റം.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം

നോമ്പേൽപ്പോനേ! ദീനന്നു വിളിച്ചന്നം നൽകൂ
പോറ്റൂ പിൻചെന്നിങ്ങുവരാനായ് കാത്തീടാതെ



പോയീടാ കർഷകരുടെ പിമ്പേയാ കേദാരം
പ്രാപിക്കുന്നു വിത്തു വിതപ്പോർ കേദാരത്തെ.

ഗതിയില്ലാത്തോർ മുട്ടുന്നേരം നാഥൻ നിന്നെ
കാത്തിടുമെന്നുള്ളൊരു പാഴ്മൊഴിയാൽ പുണ്യം നേടാ.
നൽകീട്ടേവം ചൊന്നാൻ നിന്നെ നിന്ദിച്ചീടാ
പാലിപ്പോനാരെന്നവനറിയാം നിന്നെക്കാളും.

ശാന്തൻ മോശാ നിബി തൻ നോമ്പേറ്റോനാ മ്ശീഹാ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

**കൗമാ**

# വെള്ളിയാഴ്ച സന്ധ്യ

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(സ്ലൂസൊ)**

**(കർത്താവേ! ഞാൻ നിന്നെ വിളിച്ചു ... പേജ് 7)**

**എനിയോനൊ**

(യൗമ്മോനോ)

നോമ്പേറ്റാനീ നമ്മൾക്കായ്
നമ്മുടെ രക്ഷകനിന്നാ-ൾ മരുഭൂവിൽ
ആദാമ്യഗണം ജീവൻ നിറയും ജീവൻ നേടാൻ
വചനം നമ്മൾക്കപ്പത്തിനു പകരം-തന്നരുളി.

നിർമ്മലമാം നൽ നോമ്പാലെ
നിബി മോശയിൽ ദൈവം-പ്രീതനതായ്
ഏലിയാ നിബി ചുഴലിക്കാറ്റിൽ സ്വർഗ്ഗം പൂകി
തെറ്റൊഴിവാകാൻ-നോമ്പതു നോറ്റീടാം നമ്മൾക്കും.

വിശ്വാസം-പാലിപ്പോനീ
നോമ്പും പ്രാർത്ഥനയും-രത്നം താൻ
ജീവൻ തൻ നിധി കൊള്ളയടിപ്പാൻ പറ്റാത്ത ധനം
നോമ്പിൻ വഴിയേ-നിത്യമതാം ജീവൻ നേടുമവൻ.

ജ്ഞാനികളേ!-ആഗതരാവിൻ
സകലഫലപ്രദമാം-നോമ്പേൽക്കാം
അതിനാൽ നമ്മുടെ പിഴകൾക്കെല്ലാം മാപ്പരുളീടും
പ്രീതിയൊടുടയോൻ-നമ്മൊടു കാട്ടീടും കാരുണ്യം.



നിബിമോശാ! ദാവീദരചൻ
ഹാനോക്കോടേല്യാ-ദാനീയേൽ
എന്നിവർ നോമ്പാൽ ദൈവപ്രീത്യാ ശ്രേഷ്ഠന്മാരായ്
വിധിയേൽക്കായ്‌വാൻ-നമ്മൾക്കും നോമ്പിൽ പ്രാർത്ഥിക്കാം.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

യാചിപ്പു മനുജസ്നേഹീ!
കൃപയുള്ളോനേ! നിൻ-കൃപയൊടു ഞാൻ
എൻ പിഴ കഴുകി, ചോരൻ സൈ്വരിണി എന്നിവരൊപ്പം
നേടണമേ ഞാൻ സ്വർഗ്ഗമഹാരാജ്യം സർവ്വേശാ!

സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**

**കോലോ**

(കൂക്കോയൊ)

വഞ്ചനയറ്റൊരു ഹൃദയത്തിൽ ദൈവം വാഴുന്നു
പാവനറൂഹാ പാവനമാം മനമതിൽ വാഴുന്നു.
നോമ്പുത്തമമാം-പ്രാർത്ഥനയുൽകൃഷ്ടം
നിർമ്മലഹൃദയം-രണ്ടിനെയും വെല്ലും
നീതിപരന്മാർ നിർമ്മലരായ് വയലിൽ പണി ചെയ്തു
ദുഷ്ടനെ ദൂരെ പായിക്കാൻ നമ്മൾക്കെപ്പോഴും
ഹാലേലൂയ്യാ തൽ പ്രാർത്ഥന കോട്ട.

ബാറെക്മോർ. ശുബഹൊ ...

എവിടെ ഒളിക്കും ദൈവസുതാ തിരുമുമ്പീന്നും ഞാൻ
നിൻ വചനത്തിൽ നീങ്ങിപ്പോം ഇക്ഷിതിയും വാനും
സൗഖ്യം വസന-സ്പർശത്താലാർന്ന
രോഗിണിയെ പോൽ-നിന്നെ നമ്പുന്നേൻ
നിൻ പാവനമെയ് രുധിരങ്ങൾ ഞാൻ കൈക്കൊണ്ടല്ലോ
വൻകൃപയാൽ പോക്കീടണമേ എൻ കടപാപങ്ങൾ
ഹാലേലൂയ്യാ കനിവുണ്ടാകണമേ.

മെന്ഓലം ...

കർത്താവുര ചെയ്താൻ നിങ്ങൾ ഉണർവ്വൊടു പ്രാർത്ഥിപ്പിൻ
അര കെട്ടിൻ വഴിയാഹാരം കരുതിൻ സോത്സാഹം
വീടിന്നുടയോൻ-നാഴികയേതൊന്നിൽ
ആഗതനാമെന്നറിയുന്നില്ലല്ലോ.
തൈലമെഴും ദീപിക ഏന്തീട്ടെതിരേൽപ്പാൻ ചെല്ലിൻ
വാതിൽ തുറന്നാ മണവാളൻ നിങ്ങളെയേറ്റീടും
ഹാലേലൂയ്യാ മണവറയിൽ മോദാൽ.

മൊറിയോ...

**എത്രൊ**

**കോലോ**

(ബാറൂബ്ത്തൊബ്രീശിസ്)

ഭക്ഷ്യത്തിൽ മാത്രം-നോമ്പുള്ളോൻ നേരായ്
നോമ്പേൽപ്പോനല്ല-നിഷ്ഫലമായിടുമീ
ഭക്ഷണനോമ്പതിനെ-ദ്വേഷിപ്പൂ ദൈവം
ഹാലേ ... ഉ ഹാലേ ... അന്യായം വിടുവിൻ.

ബാറെക്മോർ. ശുബഹൊ ...

കർത്താവാം ദൈവം-പ്രാർത്ഥന നോമ്പിവയിൽ
സന്തോഷിക്കുന്നു-നോമ്പേൽപ്പോൻ ദൈവാ-
ഗാരം റൂഹാ തൻ-ഗേഹം മോദിക്കും
ഹാലേ ... ഉ ഹാലേ ... ഏദൻ തോപ്പിലവൻ.

മെന്ഓലം ...

പൈതങ്ങളെ എരിയും-തീയീന്നും രക്ഷി-
ച്ചാ ബാബേൽക്കാരെ-ലജ്ജിപ്പിച്ചോണം
ഞങ്ങളെ രക്ഷിക്കുക-തീക്കടലിൽ നാഥാ!
ഹാലേ ... ഉ ഹാലേ ... ഭയമേറ്റും കടവിൽ.

മൊറിയോ...



**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.
അയ്യോ! തീയിൽ കടുവേദനയൊടാ സമ്പന്നൻ
വീർപ്പോടേറ്റം നിലവിളികൂട്ടി ചൊന്നാനേവം
ഞാൻ കണ്ടോണം മാമോനെ കാണാത്തോൻ ധന്യൻ
പാരം നേടിയ ഞാനെരിതീയിൽ വെന്തീടുന്നു.
നീങ്ങിപ്പോമീ വാഴ്‌വിൻ നിഗളം ബാധിക്കാതെ
ഭൂവിൽ ലാസറിനെ പോൽ ജീവിക്കുന്നോൻ ധന്യൻ
കാലം ദാരിദ്ര്യത്തിൽ പോക്കി കിട്ടീടാത്ത
നീർത്തുള്ളിക്കഭ്യർത്ഥിക്കാത്തോൻ ധന്യൻ നൂനം.
ശാന്തൻ മോശാ നിബി തൻ നോമ്പേറ്റോനാം മ്ശീഹാ!
പ്രാർത്ഥന കേട്ടീയാത്മാക്കളിലൻപുണ്ടാകേണം.

**ഏവൻഗേലിയോൻ**

**(മോറാൻ യേശൂമിശിഹാ! .....പേജ് 12)**

**കൗമാ**

# വെള്ളിയാഴ്ച സൂത്താറാ

**(കൗമാ)**

**കോലൊ**

(യൊദഈനൻ മോർ)

നിന്നൊടു പാപം ചെയ്തുടയോനേ!
കോപിപ്പിച്ചു-മലിനതയാൽ ഞങ്ങൾ
നീതിയഹോ വാളൂരുന്നാകിൽ
ഞങ്ങൾക്കായ് നിൻ-കൃപ നിലകൊള്ളട്ടെ.
കാലം തീരാ-റായെങ്കിൽ ഞങ്ങടെയന്ത്യം
നിന്നാർദ്രതയതിലാകേണമേ.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

ദാസൻ കുറ്റം ചെയ്തോനുടയോൻ
തൻ സ്നേഹിതരെ-അഭയം പ്രാപിച്ചാൽ
അഭ്യർത്ഥനയും യാചനയും കൊ-
ണ്ടവനുടയോൻ മാ-പ്പേകിടുമെന്നാകിൽ
നിൻ സ്ലീബായെ-അഭയം സംപ്രാപിച്ചോരാം
ഞങ്ങളൊടലിവുണ്ടാകണമേ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബിന്റെ)

ഈശാ! നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപ ചെയ്യേണം.
താൻ പറുദീസിൻ വെളിയിൽ പോവാൻ കാരണമെന്തെ-
ന്നാദാംതാതൻ മക്കളെ നന്നായ് ബോധിപ്പിച്ചു.മുന്നധികാരം



നാണംകേടാൽ വന്നൊരു വീഴ്ച
തോട്ടത്തീന്നുള്ളുച്ചാടനമെന്നിവ വർണ്ണിച്ചു.
പാഞ്ഞു മരത്തെ പ്രാപിച്ചോരാപ്പാഴ്പാദങ്ങൾ-
ക്കില്ലവകാശം ദിവ്യപദത്തെ സ്പർശിച്ചീടാൻ.
ഏദൻ തോട്ടക്കനിയേന്തിയൊരാ കൈകൾക്കേതും
യോഗ്യതയില്ലത്തിരുബലിയിന്മേലർപ്പിച്ചീടാൻ.
സഞ്ചാരത്താൽ മശിഹാ മന്നിൻ മുള്ളുകൾ നീക്കി
തള്ളപ്പെട്ടോനാദം വീണ്ടും പറുദീസാർന്നു.

(പേജ് 18 മുതലുള്ള മാർ അപ്രേമിന്റെ ബോവൂസോ, മസുമൂറാകൾ, കൗമാ, വിശ്വാസപ്രമാണം, കുക്കിലിയോനുകൾ, ഹൂത്തോമോ.)

## വെള്ളിയാഴ്ച രാത്രി

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ.... പേജ് 39)**

**(രാത്രികാലങ്ങളിൽ .....പേജ് 39)**

**എനിയോനോ**

(അൽമോനൊറൊഹമത്ത്)

ഏകസുതൻ ഭൂവിൽ വന്നു
നോമ്പാൽ ദുഷ്ടനൊടടരാടി
നമ്മളെയെല്ലാം തൻ നോമ്പാൽ
വിജയത്തോടെഴുന്നേൽപ്പിച്ചു.
അവകാശമതാമേദനിലേ-
ക്കാദാമിനെ രക്ഷിച്ചേറ്റി.

നോമ്പാൽ കടമെല്ലാം വീടും
നോമ്പാൽ കഴുകാം പാപത്തെ
നോമ്പാൽ നീങ്ങും മാലിന്യം
നോമ്പാൽ നിർമ്മലമാകുമകം
ആത്മീയച്ചിറകുണ്ടാകും
നോമ്പിൽ പ്രീതൻ വാഴ്വുടയോൻ.

നോമ്പാൽ ജ്ഞാനിക്കായ്
സജ്ജം-ക്ലേശങ്ങൾ സൗഭാഗ്യങ്ങൾ
നോമ്പേൽക്കുമ്പോഴുള്ളത്തിൽ
ചതിവുള്ളവനയ്യോ കഷ്ടം.
നോമ്പേൽക്കുമ്പോൾ ശുദ്ധിയെഴും
സ്നേഹവുമുള്ളോനതി ധന്യൻ.



ഉള്ളിൽ ദോഷം തീണ്ടാതെ
നോമ്പേറ്റീടുന്നോൻ ധന്യൻ
ദ്വേഷം ഭക്ഷ്യത്തോടൊപ്പം
വിട്ടോൻ തേജോഗേഹത്തിൽ
മോദിച്ചിടുമെന്നുണ്ടല്ലൊ
ദൈവം നൽകിയ വാഗ്ദാനം.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

ഈറയ വന്ദിതനേ സ്തോത്രം
മാനവ പൂജിതനേ സ്തോത്രം
ഈറേ ദൂതർക്കധിനാഥാ!
കൈക്കൊള്ളണമേ ശുശ്രൂഷ
നിന്നെ കോപിപ്പിച്ചോരാം
ഞങ്ങളിലാർദ്രത തോന്നണമേ.

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

**എക്ക്ബൊ**

(കുംപൗലോസ്)

ഞാൻ തേറീടായ്കിൽ-നിലവിളി കൂട്ടീടും
മാമലയും മേടും-പള്ളവുമെന്നെ ചൊല്ലി.
കുന്നുകളെൻപേർക്കായ്-വലിയ വിലാപത്താൽ
കണ്ണീർ തൂകിക്കൊ-ണ്ടത്യന്തം രോദിപ്പൂ
സ്നേഹിതരെയെല്ലാം സംഘത്തിൽ കൂട്ടി
ദുർഭഗനാമെൻ പേർക്കേറ്റം കയ്പ്പൊടു കേഴുന്നു
പാപങ്ങൾക്കെല്ലാം-പൊറുതി ലഭിച്ചീടാൻ
നാഥനൊടെൻപേർക്കായ്-കാരുണ്യം യാചിപ്പൂ.

കുറിയേലായിസ്സോൻ കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ...

**കോലോ**

(ലമറിയം യൊൽദാസാലോഹൊ)

ഉയിരിൻചിഹ്നം വച്ചു നമ്മിൽ-രാജസുതൻ യേശു
അതു നമ്മിൽ കണ്ടാൽ-ദുഷ്ടൻ മാറിപ്പോയീടും
നൽകി തൻ മെയ് രക്തങ്ങൾ-പാപം പോക്കീടാൻ
തൻ കൃപയെ കീർത്തിച്ചീടാം-തൻ കൃപ ധന്യം താൻ.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

എൻ കർത്താവെ! കോപത്താൽ ശാസിക്കരുതേ
ശിക്ഷിക്കയുമരുതെന്നേവം-കീർത്തിച്ചാൻ ദാവീദ്
തൻ കൈയാൽ നിർമ്മിതരൂപം-പാഴായ് പോവാൻ
കൈവെടിയാതെ കനിവെന്നും-ദൈവം കാണിക്കും.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

പ്രാർത്ഥനയാം വാൾ ധീരന്മാർക്കൗന്നത്യം നൽകി
പോരാട്ടത്തിൽ ശ്രേഷ്ഠന്മാർക്കീ വാളാവശ്യം.
ദൈവകുമാരൻ നിർമ്മിച്ചേറ്റം മൂർച്ച വരുത്തി
പോരാടീടാൻ രാജഭടന്മാർക്കീ വാളേകി.

പ്രാർത്ഥിച്ചീടുന്നാത്മാവേ! നീ കൊള്ളുക ധൈര്യം
നിൻ പേർക്കെന്നും പ്രാർത്ഥിക്കുന്നു ദൈവതനൂജൻ.
ആ പ്രാർത്ഥനയിൽ നിൻ പ്രാർത്ഥനയും ചേർത്തീടേണം
തൽ പ്രാർത്ഥനയാൽ നിൻ പ്രാർത്ഥനയും കൈക്കൊണ്ടീടും.

ദേവാ! ദേവാ! ഉത്തമരുളി കാരുണ്യം ചെയ്-
തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ.

**രണ്ടാം കൗമാ**



**+ കർത്താവിന്റെ ബഹുമാനം ...**

**എക്ബൊ**

(കുംപൗലോസ്)

എൻ പശ്ചാത്താപം-എന്നെ കൊല്ലുന്നു
എൻ തലയെ ഹാ! ഹാ!-കവിയുന്നെൻ പാപങ്ങൾ
എൻ സഹജന്മാരേ!-എന്തിഹ ചെയ്യേണ്ടു
കാത്തമരുന്നെന്നെ-എൻപാപം വിധിഗേഹേ
എൻപാപങ്ങൾക്കായ്-കഠിനവിഷാദത്താൽ
ബാഷ്പജലം തൂകി-കരയാനാരുണ്ടയ്യോ.
അവിടനുതാപം കൈ-ക്കൊണ്ടീടാ തീരെ
പാപം ചെയ്തോനാം-ഞാൻ ഭാഗ്യം കെട്ടോൻ താൻ.

കുറിയേ ... കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ....

**കോലോ**

(ലമറിയം യൊൽദാസാലോഹൊ)

വരുവിൻ മാലൊടു ദൈവത്തോ-ടർത്ഥിച്ചീടാം
തിരുസന്നിധിയിൽ യാചിക്കാ-മഭ്യർത്ഥിക്കാം
തന്നെ വിളിക്കുന്നോർക്കരികത്തുള്ളോൻ ദൈവം
ഉത്തരമരുളും കൃപയാലെ-കൃപ ചെയ്തീടും.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

വെണ്മ വരുത്തിൻ വസ്ത്രങ്ങൾ-ക്കെല്ലാപേരും
കണ്ണീരാൽ, ദൈവസുതൻ തൻ-വരവാസന്നം
ലോകാന്ത്യം വാതിക്കൽ താ-നെന്നാൻ ശ്ലീഹാ
ധന്യൻ വിധിയിൽ കാരുണ്യം-കണ്ടെത്തുന്നോൻ.

മൊറിയോ...

**ബോവൂസോ**

(മാർ അപ്രേം)

ആർദ്രത തോന്നണമേ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമേ
മോചനവും കൃപയും വാഴ്വും
നിന്നരയീന്നേകീടണമേ.

നിൻ ഗാത്രം നിൽക്കുന്നേരം
നിൻ ഹൃദയം പതറീടൊല്ലാ
നിൻ ഗാത്രം ദേവാലയമാം
നിൻ ചിത്തം ധന്യാലയമാം.

സർവ്വേശാ! നിൻ മാഹാത്മ്യം
സ്തോത്രത്തെക്കാളും ശ്രേഷ്ഠം
ഞങ്ങളെ നീ സ്നേഹം മൂലം
രക്ഷിച്ചെന്നതിനാൽ സ്തോത്രം.

പ്രാർത്ഥന കേട്ടീടുന്നോനേ!
യാചന നൽകീടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ സദയം
യാചനയെ നൽകീടണമേ.

**മൂന്നാം കൗമാ**

**+ കർത്താവിന്റെ ബഹുമാനം ...**

**എക്ക്ബോ**

(കുംപൗലോസ്)

എൻപേർക്കായ് നാഥാ!-നിൻ കാരുണ്യത്തിൻ
വാതിൽ തുറക്കേണം-പാപിനിയാൾക്കെന്നോണം.
ഞാനർപ്പിച്ചീടും-കണ്ണീർ കൈക്കൊണ്ടി-
ട്ടെന്റെ കടങ്ങൾക്കായ്-നൽകണമേ പരിഹാരം.
ആ ധനവാൻ തന്റെ-ഉപമയിലെന്നോണം
അബ്രാഹത്തോടായ്-വിരലിൻ തുമ്പിൽ തങ്ങീടും



ജലമർത്ഥിക്കായ്വാൻ ഞാൻ-വഴിയിൽ നീയാം
ജീവജലം പേറി-യാത്രയിലെൻ കൂട്ടാകാൻ.
കുറിയേലായിസ്സോൻ ... കുറിയേ ... കുറിയേ ...
ഞങ്ങളുടെ കർത്താവേ ...

**കോലോ**

(ല്മറിയം യൊൽദാസാലോഹൊ)

പെത്ഗോമൊ: ഏകുക തുണ രക്ഷകനാം നാഥാ! ഹാലേലുയ്യാ.

ആദം ചൊന്നാനെന്നെ പരി-രക്ഷിക്കേണം
ഹവ്വായും സർപ്പവുമെന്നെ-പോരിൽ വീഴ്ത്തി
കനി തിന്നുകയാലപരാധം-ചെയ്തോനാമെൻ
മഹിമാവിൻ വസനവുമയ്യോ-പൊയ്പ്പോയല്ലോ.
ബാറെക്മോർ. ശുബഹൊ ...മെനഓലം ...

സഭ വാതിൽക്കൽ നിന്നഭ്യ-ർത്ഥിച്ചീടുന്നു
തരുവിന്മീതേ നീയേറ്റൊരു-പീഡകളോർത്ത്
സഭയോടും തൽ സുതരോടും-നിൻ സ്ലീബാതൻ
റൂശ്മായാൽ കൃപ ചെയ്തീടണ-മെന്നങ്ങേവം.
മൊറിയോ...

**ബോവൂസോ**

(മാർ ബാലായി)

പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമേ-നിൻ വിധിദിവസത്തിൽ.

ആർത്തന്മാർ വാതിൽ-മുട്ടുന്നു കൃപാലോ
കനിവോടർത്ഥനകൾ-ക്കുത്തരമരുളണമേ.

വാനവനാം താതാ-യാചിക്കുന്നടിയാർ
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നേണം.

വാനവർ തന്നീശാ! മാനവർ തൻ ഗതിയേ!
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നേണം.

+ ഹാലേ ... ഉ ഹാലേ ... ഉ ഹാലേ ... ദൈവമേ! നിനക്കു സ്തുതി. (മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരയ്ക്കണം)

കരുണയുള്ള ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമേ. മൊറിയോ

**(ഉറങ്ങിയവരേ! നിങ്ങൾ ...പേജ് 46)**

**(ത്രിത്വത്തിന് സ്തുതി ... പേജ് 48)**

**കോലോ**

(ഏനോനൊനുഹറൊ)

പറുദീസിൽ ഭക്ഷണമോഹത്താൽ
കനി തിന്നീടുകയാലാദാം
ലജ്ജിതനായ് ഏദൻതോട്ടത്തീ-
ന്നയ്യോ നിഷ്കാസിതനായി
നമ്മുടെ രക്ഷയ്ക്കാഗതനായ്
നിർമ്മല നോമ്പാൽ കീഴാക്കി-
ത്തീർത്താൻ ഭക്ഷണമോഹത്തെ
ആദത്തെ വഞ്ചിച്ചോനാം
ദുഷ്ടനെ നാഥൻ തോൽപ്പിച്ചു.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

ഉത്ക്കർഷം മതിമാന്മാർക്കേകും
നിർമ്മലമാം നോമ്പിതു തന്നെ
വത്സലരേ! പൂർവ്വികസിദ്ധന്മാ-
രെന്നതുപോലീ നമ്മൾക്കും
നോമ്പിൻ ശരണം കണ്ടെത്തി
വിജയകിരീടം പ്രാപിക്കാം
ദുഷ്ടപ്പടയെ തോൽപ്പിക്കാൻ
നോമ്പാമായുധമണിയിച്ചോൻ
വാഴ്വുടയോനെന്നാർത്തീടാം.

മൊറിയോ...



**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റവരിൽ കൃപ തോന്നേണം.

ഇന്നെങ്ങാണെൻ വിഭവം നിറയും ഭോജ്യം സർവ്വം
ആരും നീരിൻതുള്ളിയെനിക്കായ് നൽകുന്നില്ല.
ഞാൻ സമ്പാദിച്ചോരു സമ്പത്തിന്നെങ്ങാണാവോ
പോകട്ടെല്ലാം തുള്ളിത്തണ്ണീർ കൈവന്നെങ്കിൽ.

നൽപ്പനിനീരാ ചൂളക്കുഴിയിൽ വർഷിച്ചോനേ
നാഥാ! ഞങ്ങളെ നിൻ വരവിങ്കൽ തള്ളീടല്ലേ.
കൂരിരുൾ നീങ്ങി ദീപ്തിയിൽ നിന്നെ കീർത്തിച്ചീടാൻ
ഏകണമേ മുഖകാന്തിയോടൊപ്പം തേജോവസ്ത്രം.

ശാന്തൻ മോശാ നിബി തൻ നോമ്പേറ്റോനാം മ്ശീഹാ
പ്രാർത്ഥന കേട്ടീ ആത്മാക്കളിലൻപുണ്ടാകേണം.

**(അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ ... പേജ് 50)**

**(മോറാൻ യേശൂമിശിഹാ! ... പേജ് 12)**

**കൗമാ**

# വെള്ളിയാഴ്ച പ്രഭാതം

**കൗമാ**

**പട്ടക്കാരൻ:- ശുബഹോ ...**

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

**(ദൈവമേ! നിന്റെ കൃപ പോലെ ... പേജ് 52)**
**(എന്റെ ദൈവമേ! നീ എന്റെ ... പേജ് 54)**

**എനിയോനൊ**

(ലഹൗദത്തഇൻ)

തൻ ദുഷ്കൃതികളെ നോക്കുമ്പോൾ
നിന്ദിക്കുന്നു തന്നെത്താൻ
തെറ്റിൻ ബഹുലത കാണുമ്പോൾ
സ്വയമേ കുറ്റം ചാർത്തുന്നു
മറവിൽ-പെട്ടവ വെളിവാകും
പ്രിയരേ! നീതിയെഴും വിധിയിൽ
കർമ്മാനുസൃത ഫലമരുളും
നാഴിക ഭീകരമാണേറ്റം.
മാതൃക കണ്ടിട്ടും കഷ്ടം
ഞങ്ങളിരിപ്പൂ നിഷ്ക്രിയരായ്
അലസത മൂലം പറുദീസാ
നഷ്ടമതാക്കി ഹാ കഷ്ടം!
ലോകം-സംഭ്രമമിയലുന്നു
സൂര്യൻ-മായുന്നന്ധതയിൽ
കതിരുകൾ നിറയും ചന്ദ്രനിതാ
മങ്ങലൊടിരുളിൽ മായുന്നു.



അണയാത്തോരു മഹാ ദീപ്തിയെ
നീതിപരന്മാരണിയുന്നു
സൂര്യനെ വെന്നിടുമത്തേജ-
സ്സെല്ലാറ്റിലുമത്യുൽകൃഷ്ടം
ചാർത്തീടു-ന്നന്യായക്കാ-
രന്യാ-യത്തിൻ കുപ്പായം
അവരുടെ വേദന വർണ്ണിപ്പാ-
നില്ലെൻ നാവിനു സാമർത്ഥ്യം.
ആത്മീയന്മാരീറേന്മാർ
നിമിഷത്തിനകം പാറി വരും
കളയാകും ദുഷ്ടന്മാരെ
ഒന്നായ് കൂട്ടി തീയിലിടും
ഭീതി-പ്രദമാം നീതിയെഴും
വിധിയിൽ-ഉയരും പല്ലുകടി.
അവരന്ധതയിൽ ക്ലേശിക്കും
നരകത്തിൽ വെണ്ണീറാകും.
എരിതീക്കുഴിയിൽ ദുഷ്ടന്മാർ
ധനവാനെപ്പോൽ കേഴുന്നു
നീർത്തുള്ളിക്കവർ യാചിപ്പൂ
യാചന കേൾപ്പാനില്ലാരും
ശ്രേഷ്ഠം-നിൻ കൃപ നല്ലവനേ!
ഞങ്ങൾ-തൻ പിഴയെക്കാളും
നാഥാ നിൻ പ്രതിരൂപത്തെ
നിത്യാഗ്നിക്കായ് വെടിയരുതേ.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

രക്ഷിതരേറാൻ രാജ്യത്തിൻ
വാതിൽ തുറക്കേണം നാഥാ!
അടിമയിൽ നിന്നും വീണ്ടോരെ
നിന്റെ തൊഴുത്തിൽ ചേർക്കണമേ
നിന്നെ-അന്വേഷിച്ചതിനാൽ
അവരെ-മോദിപ്പിക്കണമേ.
അവർ നിൻ മേശയതിൽ പാനം
ചെയ്യട്ടെ നിൻ നീർച്ചാലിൽ.

കുറിയേലായിസ്സോൻ...

**(ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ ...പേജ് 56)**

**എനിയോനൊ**

(മ്ശീഹൊദമ് ലാക്ക്)

ദുരിതം നിറയും കാലത്തിൽ
നിൻ കരുണയ്ക്കായ് കർത്താവേ!
പാവങ്ങൾ തൻ യാചനകൾ
ധനവാനാം നീ തള്ളരുതേ.
ഇടതടവില്ലാതിടവകയും
നിന്നെ വിളിപ്പൂ തിരുസഭയും
വാഗ്ദാനത്തിന്നനുസൃതമായ്
തുണ ചെയ്വാനായ് വന്നാലും.
കരുണാനിധിയാം കർത്താവേ!
യാചന കൈക്കൊണ്ടീടണമേ
മടി കൂടാതീ യാചനയും
പ്രാർത്ഥനയും കേട്ടീടേണം.
കരുണക്കടലേ! സൃഷ്ടികൾ തൻ
നാഥാ! ദേവാധീശ്വരനേ!
യാചനകൾക്കുത്തരമരുളി
ആത്മാക്കളെ നീ കാക്കേണം.



തിരുവിഷ്ടത്താൽ ഞങ്ങൾക്കായ്
മദ്ധ്യസ്ഥതയിൽ നിൽക്കണമേ.
മിഴികളെ നിങ്കലുയർത്തുന്നു
ഞങ്ങളിലാർദ്രത തോന്നേണം.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

ക്ഷമ നേടിടുവാനുടയോനേ
നിന്നൊടപേക്ഷിക്കുന്നെങ്ങൾ
മാപ്പരുളീടാനർത്ഥിപ്പൂ
മാനസവേദനയോടെങ്ങൾ.

കുറിയേലായിസ്സോൻ.

**(കർത്താവിന് ഒരു പുതിയ പാട്ടും ...പേജ് 58)**

**എനിയോനൊ**

(യൗമ്മോനൊ)

ഭിന്നതയും-വ്യാജവുമെന്യേ
നിർമ്മലമാകും നോമ്പുൽകൃഷ്ടം
പരമുൽകൃഷ്ടം ചതിവില്ലാത്തൊരു-വിമലസ്നേഹം
നോമ്പിതു കൈക്കൊ-ണ്ടീടാനന്യോന്യം സ്നേഹിക്കാം.
സോദരരേ! നിൻ മണവറയിൽ
രാജാത്മജസഹിതം മോദിപ്പാൻ
നോമ്പേറ്റീടാം-വഞ്ചന ദുഷ്ടത എന്നിവ തള്ളി
സങ്കടപൂർവ്വം കണ്ണീർ തൂകീടാം-പ്രാർത്ഥിക്കാം.
രക്ഷകനേ! പാപങ്ങൾ തൻ
ബാഹുല്യത്താൽ ഹാ! ഞാൻ മലിനൻ
ധൈര്യമെനിക്കി-ല്ലുയരങ്ങളിലേ-ക്കീക്ഷിച്ചിടുവാൻ
മനുജസ്നേഹീ!-നിൻ നിരുപമ കൃപയാൽ കൃപ ചെയ്ക.

ആദത്തെ സ്പർദ്ധ നിമിത്തം
വീഴ്ത്തിയ ദുഷ്ടനു ഹാ! ബഹുകഷ്ടം
കണ്ടാലുമവ-ന്നുണ്ടായല്ലോ-സ്ഥാനഭ്രംശം
നരകമവന്നും-പറുദീസാദമിനും സജ്ജമതാം.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

പിതൃസുത പാവനറൂഹായാം
ത്രിത്വരഹസ്യം നീ സ്തുത്യൻ താൻ
ക്നൂമാ മൂന്നായ്-പെരുളൊന്നാകും
സത്യൈകേശൻ-നീ സകലത്തീന്നും സ്തുതി യോഗ്യൻ.

ആമ്മീൻ

**(പ്രകാശത്തിന്റെ സ്രഷ്ടാവിന് ...പേജ് 60)**

**എക്ക്ബൊ**

(ആബൂൻ ദ്ബശ്മായൊ)

വാനവനാം താതാ! യാചിക്കുന്നടിയാർ
ഈ ശുശ്രൂഷയെ ഏ-റ്റാർദ്രത തോന്നേണം.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

**പ്രുമിയോൻ, സെദറാ**

**കോലോ**

(പ്തഹ്ലീ തറഎ ദഹനോനോക്ക്)

നാം ദൈവത്തിൻ ഭവനങ്ങൾ
വാഴുന്നു നാഥാത്മം നമ്മിൽ
അരചൻ വാണിടുമരമനയെ
നമ്മൾ മലീമസമാക്കരുതേ
നമ്മൾക്കായ് താണിക്ഷിതിയിൽ
വന്നോനെ പ്രീണിപ്പിക്കാൻ



ചിത്തത്തിൽ നിന്നും
മാലിന്യങ്ങളെ മായിക്കാം.

ബാറെക്മോർ. ശുബഹൊ ...

വേദന വന്നാൽ നാം കരയും
നിന്നാൽ വൈദ്യൻ വിസ്മൃതനാകും
കാലം തീരാറായെന്നു-
ള്ളോർമ്മയൊരുത്തനുമില്ലയ്യോ
ആദത്തെ സൃഷ്ടിച്ചോനേ!
കൈവെടിയരുതേ ഞങ്ങളെ നീ
നിൻ മെയ് രക്തങ്ങൾ
തന്നല്ലോ നീ ഞങ്ങൾക്കായ്.

മെന്ഓലം ...

നിത്യകുബേരാ! നിൽക്കുന്നു
ആവശ്യക്കാർ നിൻ വാതിൽക്കൽ
ധനികാ! നിൻ നിധിനിലയത്തീ-
ന്നാവശ്യം നിറവേറ്റണമേ
എന്നെ വിളിപ്പിൻ വിളി കേൾക്കാം
മുട്ടിൻ വാതിൽ തുറന്നു തരാം
എന്നങ്ങരുളിയതാം
വചനം നിറവേറ്റീടണമേ.

മൊറിയോ...

**എത്രൊ**

**കോലോ**

(ലോക്ക് മൊറിയോ കോറേനാൻ)

പാപികളെന്നറിയുന്നതിനാൽ-മർത്യസ്നേഹീ!
ധൈര്യം ഞങ്ങൾക്കില്ലുയരങ്ങളിലേ-ക്കീക്ഷിപ്പാൻ

നാണം പൂണ്ടയ്യോ ഞങ്ങൾ-നിന്നെ വിളിപ്പൂ
നിന്നുടെ നീതിയോടർത്ഥിച്ചീടണമേ-നിന്റെ കൃപ
കേൾക്കണമേ-സങ്കടമുടയോനേ!
വചനങ്ങൾ-കൈക്കൊണ്ടീടണമേ
പതിവിൻപടി അൻപുടയോനേ-അൻപുണ്ടാകണമേ.

ബാറെക്മോർ. ശുബഹൊ ...

നാഥാ! നിൻ ഭീതിപ്രദമാം-വിധിദിവസത്തെ
ഓർത്തു മഹാപാതകിയാം ഞാൻ-കണ്ണീർ തൂകുന്നു
ക്ഷീണിച്ചേൻ നിൻ തോട്ടത്തിലെ-അദ്ധ്വാനത്താൽ
ദുഷ്ടൻ വന്നു കവർന്നാൻ ചതിയാലെൻ സമ്പാദ്യം
ഇടതുവശ-ത്താകാതെന്നെയഹോ
കർത്താവേ കൈ വിട്ടീടരുതേ
എൻ സഹയാത്രികനാകണമേ-നിൻമെയ് രക്തങ്ങൾ.

മെന്ഓലം ...

കൈക്കൂലിയിൽ വിമുഖതയുള്ളൊരു വിധികർത്താവേ!
എന്താകും സംപ്രീതി നിനക്കേകും-കൈക്കൂലി
പാവനമാം കനകം രത്നക്കല്ലിവയെക്കാൾ
നിൻ പ്രീതിക്കു വിധേയം ക-ണ്ണീരെന്നറിയുന്നേൻ
കർത്താവേ! എൻ കണ്ണീർ കൈക്കൊ-
ണ്ടെൻ കട പാ-പങ്ങൾ പോക്കണമേ
നിൻ പതിവിൻപടി ദയ തോന്നി-കൃപ ചെയ്തീടണമേ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം



നേടുന്നോർക്കീ സ്വർണ്ണം ഭാരം പാശം നൂനം
ദൈവികബന്ധം തന്നെ നേരാം നൽസമ്പാദ്യം
ദൈവത്തെ നമ്പുന്നോരുടെ സമ്പത്തിൻ മുമ്പിൽ
രാജാക്കന്മാർ തൻ നിക്ഷേപം നിസ്സാരം താൻ.

ലൗകികനേട്ടം മാരകമാകും കനി താനല്ലോ
ലേശം പോലും നേടാത്തോൻ ക്ലേശിക്കുന്നില്ല.
ഒരുവന്നോർത്താലൊരു നാൾ നേട്ടം ദോഷം ചെയ്കേ
നേടാതെല്ലാ നാളുമമർന്നോനേറ്റം യോഗ്യൻ.
ശാന്തൻ മോശാ നിബി തൻ നോമ്പേറ്റോനാം മ്ശീഹാ
പ്രാർത്ഥന കേട്ടീ ആത്മാക്കളിലൻപുണ്ടാകേണം.

**(പഴയനിയമം, ശ്ലീഹാവായനകൾ, ഏവൻഗേലിയോൻ)**

**(അഖിലേശാ യോഗ്യത നൽകണമേ ... പേജ് 63)**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

## വെള്ളിയാഴ്ച മൂന്നാംമണി

**കൗമാ**

**കോലോ**

(കൂക്കോയൊ)

ഞാൻ വഴി തെറ്റിച്ചതിനാൽ നീ-നരകത്തിൽ വന്നെ-
ന്നെന്നെ സാത്താൻ നിന്ദിപ്പാ-നിടയാക്കീടല്ലേ
രക്ഷിക്കണമേ-കൃപ നിറയും മശിഹാ
തിരുവിഷ്ടം പോ-ലെന്നെ നയിക്കണമേ.
ഭീകരമാം കടവിൽ നാഥാ!-നിൻ സ്കീപ്പായാകും
ആയുധമേന്തിയ ഞാൻ വൈരി-പ്പടയൊടു പോരാടി
ഹാലേലൂയ്യാ വിജയം നേടണമേ.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

അപരാധക്കടലാമുലകേ-നിന്നിൽ പിഴ പെട്ടേൻ
എന്നെ അപഥത്തിൽ വീഴ്ത്തി-പങ്കിലമാമുള്ളം
വിധിയിൽ നാളും എരിതീയാളുന്ന
നദിയും കരളിൻ-ഭ്രമമേറ്റീടുന്നു
നാഥാ! നിൻ ജീവസ്ലീബാ-തന്നടയാളത്താൽ
വഴി കാട്ടിത്തരണേ എരിതീ-ക്കടൽ ഞാൻ താണ്ടീടാൻ.
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.
ഓ! ധനവാനേ നീ ഡംഭുള്ളോൻ പാരം രമ്യൻ
ഭാസുരവേഷൻ സ്വാദേറും ഭക്ഷ്യം ഭക്ഷിപ്പോൻ
മേളിച്ചീടും നിന്നെ ഭക്ത്യാ ചുറ്റീടുന്നു
വാഴ്ത്തുന്നോരും കപടതയോടാരാധിപ്പോരും.
അഴകുള്ളോനേ! പകലത്യന്തം ശോഭാപൂർണ്ണം
തേജോമയമായ് മാഹാത്മ്യത്താൽ രാജിക്കുന്നു
സായംകാലം വന്നാലാപ്പകൽ മങ്ങീടുന്നു
രാവിങ്ങെത്തി പകലിൻ പ്രഭയെ മായിക്കുന്നു
ശാന്തൻ മോശ നിബി തൻ നോമ്പേറ്റോനാം മ്ശീഹാ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

**കൗമാ**



# വെള്ളി ആറാംമണി

**കൗമാ**

**കോലോ**

(പ്തഹ്-ലീതറഏ)

കടുതരവഞ്ചനയാലെന്നെ
തോൽപ്പിച്ചോനാം ദുഷ്ടാത്മാവിൻ
ദാസ്യത്തിൽ പാഴായ് ഞാനെൻ
കാലം മുഴുവൻ പിന്നിട്ടു
രക്ഷകനേ! വൻ പാതകിയാം
നിൻ രൂപത്തിൽ കനിയണമേ
നിന്നുടെ സൃഷ്ടിയെ നീ
നാശത്തിനു കൈ വെടിയരുതേ.

ബാറെക്മോർ. ശുബഹൊ ...മെനഓലം ...

എന്നുടെ പിഴകൾക്കുന്നതമാം
കൊടുമുടി പോലും കിട നിൽക്കാ നിൻ
കരുണാവാരിധി ബിന്ദുവിനാൽ
ഞാൻ നേടണമേ നിർമ്മലത
ഞങ്ങളെ നിർമ്മിച്ചൊരു കൃപയാൽ
ജീവൻ നൽകി കരുണാബ്ധേ
ഇക്ഷിതിയിൽ നിന്നും
ശിക്ഷകളെല്ലാം നീക്കണമേ.

മൊറിയോ...

**ബോവൂസോ**

(മാർ യാക്കോബ്)

മ്ശീഹാ നാഥാ ശിഷ്ടന്മാർതൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.

ജീവസ്നേഹം പാരം വഷളായ് തീരാറായി
ലോകസ്നേഹം തീ പോലാളി കത്തീടുന്നു
ലൗകികമാം സമ്പാദ്യം തേടാനോടീടുന്നോൻ
ലേശം കൂട്ടാക്കീടുന്നില്ലുപദേശം കേൾപ്പാൻ.

ജാതികൾ കീർത്തിച്ചീടട്ടെ നിൻ പ്രാബല്യത്തെ
നീ കാട്ടുന്നു ഗർവ്വിഷ്ഠന്മാരിൽ ക്ഷമയേറ്റം
മാർഗ്ഗം പാർത്താലെന്തായാലും നിൻ സ്നേഹത്താൽ
നീ കാംക്ഷിപ്പൂ തിരികെ വരാനായ് ഗർവ്വിഷ്ഠന്മാർ.

ശാന്തൻ മോശാ നിബി തൻ നോമ്പേറ്റോനാം മ്ശീഹാ!
പ്രാർത്ഥന കേട്ടീ ആത്മാക്കളിലൻപുണ്ടാകേണം.

**നിൻ മാതാവ് വിശുദ്ധന്മാർ ... (പേജ് 69)**

**(കൗമാ, വിശ്വാസപ്രമാണം, നാൽപ്പതുകുമ്പിടീൽ)**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



# വെള്ളി ഒമ്പതാംമണി

**കൗമാ**

**കോലോ**

(തൂബൈക്ക് ഈത്തൊ)

ഉത്ഥാനത്തിൻ വലിയ ദിനം-പാരം-ശ്രേഷ്ഠം
അന്നാൾ മർത്യശരീരങ്ങൾ
വിസ്മയകരമായെഴുന്നേൽക്കും
സൗമ്യന്മാരും ജാഗരണം
ചെയ്തോരും നോമ്പേറ്റോരും
അദ്ധ്വാനത്തിൻ ശ്രേഷ്ഠഫലം
സ്വർഗ്ഗത്തിൽ പ്രാപിച്ചീടും
കർത്താവിൻ വാഗ്ദാനം പോൽ
പന്തിയിലവരാനന്ദിക്കും.

ബാറെക്മോർ. ശുബഹൊ ... മെന്ഓലം ...

പൂജിക്കുന്നു പതിനായിരമാ-മീറേന്മാർ
നിന്നെ ആയിരമായിരമായ്
മാലാഖകളും രക്ഷകനേ!
മർത്യസ്തുതി കൈക്കൊണ്ടീടാൻ
സ്നേഹത്താൽ നീ താണെത്തി
വാനോരുദ്ഘോഷിപ്പൂ നീ
ശുദ്ധൻ ശുദ്ധൻ പരിശുദ്ധൻ
നിൻ തനുവും രക്തവുമേൽപ്പൂ
മണ്മയരാമാദാമ്യന്മാർ.

മൊറിയോ...

## ബോവൂസോ

(മാർ യാക്കോബ്)

മ്ശീഹാ നാഥാ! ശിഷ്ടന്മാർ തൻ നോമ്പേറ്റോനേ!
പ്രാർത്ഥന നോമ്പെന്നിവയേറ്റിവരിൽ കൃപ തോന്നേണം.

മൃതിയാൻ ജീവൻ മാഞ്ഞിടുമെന്നാർക്കറിയാൻ വയ്യാ
മീതേ മരണം കെണിയെന്നോണം നിന്നീടുന്നു
അയ്യോ! പാർത്താൽ നിഴലും സ്വപ്നവുമാം ലോകത്തെ
കീഴാക്കാനൊക്കില്ലെന്നേവന്നറിയാൻ വയ്യാ.

മൃതി വന്നീടുമ്പോൾ ധനമെല്ലാം കൈക്കൂലിക്കായ്
കൈ വിട്ടാലും കൈക്കൊൾകില്ലെന്നറിയാത്തോനാർ?
ശ്രീയിൽ സൂര്യന്നൊത്തോൻ പോലും നിര്യാണത്തിൽ
പാടേ സർവ്വം വെടിയണമിവിടെന്നറിയാത്തോനാർ?

ശാന്തൻ മോശാ നിബി തൻ നോമ്പേറ്റോനാം മ്ശീഹാ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

(വലിയ നോമ്പിലെ പ്രാർത്ഥന അവസാനിച്ചു.)



# അനുബന്ധം

### (140, 141,118, 116-ാം മസുമൂറാകൾ)

കർത്താവേ! ഞാൻ നിന്നെ വിളിച്ചു; എന്നോട് നീ ഉത്തരമരുളിച്ചെയ്ത് എന്റെ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമേ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും എന്റെ കൈകളിലെ കാഴ്ച വൈകുന്നേരത്തെ കാഴ്ചപോലെയും കൈക്കൊള്ളണമേ. എന്റെ ഹൃദയം ദുഷ്കാര്യത്തിനു ചായുകയും, ഞാൻ അന്യായക്രിയകൾ പ്രവർത്തിക്കുകയും ചെയ്യാതിരിപ്പാൻ, എന്റെ വായ്ക്ക് കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പുകാരനെയും നിയമിക്കണമേ.

ദുഷ്ടമനുഷ്യരോടുകൂടി ഞാൻ അപ്പം ഭക്ഷിക്കുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പിക്കരുതേ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷം നിമിത്തമാകുന്നു. അവരുടെ ന്യായാധിപതിമാർ പാറയാൽ തടയപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴു പിളർന്നു ചിതറിക്കുന്നതുപോലെ പാതാളവാതിൽക്കൽ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവേ! എന്റെ കണ്ണുകൾ നിങ്കലേക്ക് ഞാൻ ഉയർത്തി; നിന്നിൽ ശരണപ്പെട്ടു,എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികൾ മറച്ചു വച്ചിട്ടുള്ള പ്രശംസക്കാരുടെ കൈയിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നുപോകുമ്പോൾ അന്യായക്കാർ ഒരുമിച്ച് തങ്ങളുടെ വലയിൽ വീഴുമാറാകണമേ.